**ധനകാര്യം**

## 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,00,63,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

| ക്രമ നം. | വകുപ്പുമന്ത്രി | ധനാഭ്യർത്ഥനയുടെ നമ്പരും പേരും | | തുക (രൂപയിൽ) |
|---|---|---|---|---|
| (1) | (2) | (3) | | (4) |
| 1 | മുഖ്യമന്ത്രി | 2 | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 1,000/- |

| | | | | |
|---|---|---|---|---|
| | | 4 | തെരഞ്ഞെടുപ്പുകൾ | 24,00,63,000/- |
| 2 | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | 18 | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 3,000/- |
| 3 | സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | 27 | സഹകരണം | 1,000/- |
| 4 | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | 37 | വ്യവസായങ്ങൾ | 5,00,00,000/- |
| 5 | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | 42 | വിനോദസഞ്ചാരം | 1,000/- |

**ചർച്ച**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കോവിഡ് പ്രതിസന്ധിക്കുശേഷം കരകയറുന്നതിന് വേണ്ടിയിട്ടുള്ള ആത്മാർത്ഥമായ പരിശ്രമമാണ് നമ്മുടെ സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട ധനവിഹിതങ്ങൾ നിഷേധിക്കുകയും സംസ്ഥാനത്തെ സാമ്പത്തികമായി തകർക്കാൻ കേന്ദ്രഗവൺമെന്റ് നടപടികളെടുക്കുകയും ചെയ്യുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. റവന്യൂ, തനതുനികുതി, നികുതിയിതര വരുമാനങ്ങളെല്ലാം ഉയർത്തിയും അനാവശ്യ ചെലവുകൾ

നിയന്ത്രിച്ചും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ സുസ്ഥിരതയ്ക്കുള്ള ശ്രമങ്ങളെയെല്ലാം തകിടം മറിക്കുന്നതാണ് കേന്ദ്രം ഇന്ന് സ്വീകരിച്ചിരിക്കുന്ന ഏകപക്ഷീയമായ നിലപാട്. കഴിഞ്ഞ സാമ്പത്തിക വർഷം നമ്മുടെ സംസ്ഥാനത്തിന്റെ നികുതി വരുമാനം 18.5% വർദ്ധിക്കുകയായിരുന്നു. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 3% അധിക വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. തനതുനികുതിയുടെ പങ്ക് 54.2%-ൽ നിന്ന് 58.2% ആയി ഉയരുന്ന സാഹചര്യമാണ് ഈ ഒരു വർഷക്കാലത്തിനകത്ത് ഉണ്ടായത്. തനതുനികുതിയുടെ വരുമാനത്തിൽ 4% വളർച്ചയുണ്ടായി എന്നുള്ള യാഥാർത്ഥ്യം നാം കാണണം. തനതുനികുതിയിലെ 22.11% വളർച്ചാനിരക്ക് ദേശീയ ശ്രദ്ധ നേടിയതാണ്. 2021-22-ലെ 63,000 കോടി രൂപ കഴിഞ്ഞ വർഷമായപ്പോൾ 77,000 കോടി രൂപയായി ഉയർന്നുവെന്നുള്ള കാര്യം നമ്മൾ കാണേണ്ടതുണ്ട്. ഈ നേട്ടത്തിൽ നമ്മുടെ മുന്നിൽ നിൽക്കാൻ രണ്ട് സംസ്ഥാനങ്ങളെയുള്ളൂ. ഒന്ന്, മഹാരാഷ്ട്രയും മറ്റൊന്ന്, ഗുജറാത്തുമാണ്. ശക്തമായ ഉൽപ്പാദനമേഖലകളാണ് ഇരുസംസ്ഥാനങ്ങളുടെയും നേട്ടത്തിന് കാരണമെന്നത് നമുക്കെല്ലാവർക്കും അറിയാം. സമാനമായ സമ്പദ്ഘടനയല്ലെങ്കിലും കേരളം മൂന്നാംസ്ഥാനത്തെത്തി എന്നത് നാം

ശ്രദ്ധിക്കേണ്ടതാണ്. തനതുനികുതിയിതര വരുമാനത്തിൽ 44.83% വളർച്ച കൈവരിക്കാൻ നമുക്ക് സാധിച്ചു. അതായത് പതിനായിരം കോടി രൂപയിൽനിന്ന് പതിനയ്യായിരം കോടി രൂപയുടെ വർദ്ധനവുണ്ടായി. കഴിഞ്ഞ വർഷം റവന്യൂ ചെലവ് നിയന്ത്രണത്തിൽ വിജയിച്ച ഏക സംസ്ഥാനം കേരളമാണ്. ഇതൊന്നും പരിഗണിക്കാതെയാണ് കേരളത്തിന്റെ കടമെടുപ്പ് അവകാശങ്ങൾ 47% വെട്ടിക്കുറയ്ക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറായത്. ഏകപക്ഷീയമായ നിബന്ധനകളാണ് അവർ അടിച്ചേൽപ്പിക്കുന്നത്. കിഫ്ബിക്കുവേണ്ടിയും ക്ഷേമപെൻഷനുകളുടെ വിതരണത്തിനുമായി എടുത്ത വായ്പകളെല്ലാം സർക്കാർ വായ്പകളായി കണക്കാക്കി സംസ്ഥാനത്തിന്റെ കടമെടുപ്പ് അനുപാതത്തിൽ തട്ടിക്കിഴിക്കുന്നൊരു കാഴ്ചയാണ് ഇപ്പോൾ കാണുന്നത്. ധന ഉത്തരവാദിത്വ നിയമമനുസരിച്ച് കേരളത്തിന് മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3% കടമെടുക്കാമെന്നിരിക്കെ, കോവിഡ് സാഹചര്യത്തിൽ അത് പടിപടിയായി ഉയർന്ന് 5% വരെ കടമെടുക്കാമെന്ന നിലയിലേയ്ക്ക് വന്നു. കേന്ദ്ര പദ്ധതികൾക്ക് ലഭിച്ചിരുന്ന 80% കേന്ദ്രവിഹിതം 60%-ൽ താഴെയായി ഈ കാലയളവിൽ വെട്ടിച്ചുരുക്കി. വിവിധ കേന്ദ്രസഹായങ്ങളിലെ 3

വർഷംവരെയായ കുടിശ്ശികകൾ അകാരണമായി തടഞ്ഞുവയ്ക്കുകയാണ്. ഇവ ലഭ്യമാക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെടുമ്പോൾ നുണപ്രചരണങ്ങൾവഴി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. നമ്മുടെ സംസ്ഥാനം കേന്ദ്രവിഹിതത്തിൽ വലിയ വിവേചനമാണ് നേരിടുന്നത്. 1971-ൽനിന്നും 2011 ആയപ്പോൾ സെൻസസിനെ അടിസ്ഥാനമാക്കി ലഭിച്ചുകൊണ്ടിരുന്ന നികുതിവിഹിതത്തിൽ വലിയ തോതിലുള്ള വ്യത്യാസമാണുണ്ടായത്. കേന്ദ്രഗവൺമെന്റ് പറഞ്ഞതനുസരിച്ച് ജനസംഖ്യ കുറയ്ക്കുന്നതിനുള്ള തീവ്രമായ നടപടികൾ 1971 മുതൽ 2011 വരെയുള്ള കാലയളവിൽ നമ്മൾ സ്വീകരിച്ചു. എന്നാൽ അതിപ്പോൾ നമ്മുടെ സംസ്ഥാനത്തിന് തിരിച്ചടിയായി മാറുകയാണുണ്ടായത്. ജനസംഖ്യ കൂടുതലുള്ള സംസ്ഥാനങ്ങൾക്ക് കേന്ദ്രവിഹിതം കൂടുതൽ ലഭിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. കേന്ദ്ര വിഹിതത്തിന്റെ കാര്യത്തിൽ കേരളത്തിന് ഭീമമായ നഷ്ടമാണ് സംഭവിക്കുന്നത്. കേരളം കൈവരിച്ച ഒന്നാം തലമുറ നേട്ടങ്ങളും നമ്മുടെ അയോഗ്യതയായി കേന്ദ്രഗവൺമെന്റ് കാണുന്ന സ്ഥിതിയാണുള്ളത്. ഇതുപോലെ GST വരുത്തുന്ന പ്രശ്നം; ഞാനത് വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. GST വഴി സംസ്ഥാനത്തിനുണ്ടാകുന്ന

നഷ്ടം വളരെ വലുതാണ്. സംസ്ഥാനത്തിന്റെ നികുതി അധികാരം ഇല്ലാതാകുന്ന സാഹചര്യമുണ്ടായി. മദ്യം, പെട്രോളിയം ഉൽപ്പന്നങ്ങളൊഴികെ ഒന്നിനും നികുതി ചുമത്താൻ കഴിയാത്ത സ്ഥിതിയാണ് ഇന്നുള്ളത്. GST നഷ്ടപരിഹാരം അവസാനിപ്പിച്ചുകൊണ്ടുള്ള തീരുമാനം കേന്ദ്രം സ്വീകരിച്ചു. അത് യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ വലിയ ബുദ്ധിമുട്ടാണ് ഉണ്ടാക്കിയിട്ടുള്ളത്. GST നഷ്ടപരിഹാരം അവസാനിപ്പിച്ചതുമൂലം കേരളത്തിന് പന്ത്രണ്ടായിരം കോടി രൂപയുടെ കുറവാണ് ഈ വർഷം ഉണ്ടായത്. റവന്യൂ കമ്മി ഗ്രാന്റ് വെട്ടിക്കുറയ്ക്കുന്നതാണ് ഏറ്റവും ഒടുവിൽ കേന്ദ്രം സ്വീകരിച്ച നടപടി. ഇതുവഴി സംസ്ഥാനത്തിന് കഴിഞ്ഞ വർഷത്തേക്കാൾ 8425 കോടി രൂപയുടെ കുറവ് ഈ വർഷമുണ്ടായി. കിഫ്ബി, സാമൂഹ്യ സുരക്ഷാപെൻഷൻ കമ്പനികളെടുക്കുന്ന കടം എന്നിവ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. സംസ്ഥാന സർക്കാരിന് നേരിട്ട് കടമെടുക്കാൻ കഴിയാത്ത അവസ്ഥയിലാണ് കേന്ദ്രമുൾപ്പെടെ ചെയ്യുന്നതുപോലെ ആന്വിറ്റി മോഡൽ ബോഡി കോർപ്പറേറ്റുകളിലൂടെ കേരളം ബദൽ വികസന മാർഗ്ഗങ്ങൾ

ആരായാൻവേണ്ടി പരിശ്രമിച്ചത്. കേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് യഥാർത്ഥത്തിൽ കിഫ്ബിയാണ് ഊർജ്ജമേകിയത്. എന്നാൽ കിഫ്ബിയും സാമൂഹ്യ സുരക്ഷാപെൻഷൻ കമ്പനിയും കടമെടുക്കുന്ന തുക ഓഫ് ബഡ്ജറ്റ് ബോറോയിംഗായി പരിഗണിക്കുമെന്നും അത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പായി കണക്കാക്കുമെന്നുമാണ് കേന്ദ്രഗവൺമെന്റിന്റെ നിലപാട്. ആന്വിറ്റി മോഡൽ ബോഡി കോർപ്പറേറ്റുകളുടെ വായ്പ കേന്ദ്രസർക്കാരിന്റെ അക്കൗണ്ടിൽപ്പെടുത്താത്തപ്പോഴാണ് സംസ്ഥാനങ്ങൾക്കെതിരെ ഇങ്ങനെയൊരു നിലപാട് കേന്ദ്രം സ്വീകരിക്കുന്നത്. കിഫ്ബി, സാമൂഹ്യ സുരക്ഷാപെൻഷൻ കമ്പനി തുടങ്ങിയവവഴി കടമെടുക്കുന്നതും സംസ്ഥാന സർക്കാരിന്റെ 3.5% വായ്പാപരിധിയിലുൾപ്പെടുത്തുമെന്ന നിലയാണ് ഇപ്പോഴുള്ളത്. കിഫ്ബിയുടെ മസാല ബോണ്ടിനെതിരെയും കേന്ദ്രത്തിന്റെ ഇണ്ടാസുകൾ വന്നതും ഈ സന്ദർഭത്തിൽ ഓർക്കേണ്ടതായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി; അതുപോലെയാണ് കിഫ്ബി പ്രവർത്തിക്കുന്നത്. മസാല ബോണ്ടുവഴി 5,000 കോടി രൂപ സമാഹരിക്കാൻ NHAI-ക്ക് Reserve Bank of India അനുമതി നൽകുകയും അവർ ബോണ്ട് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

എന്നാൽ കിഫ്ബിയുടെ മസാല ബോണ്ട് FEMA ലംഘനവും കള്ളപ്പണവുമാകുകയും NHAI-യുടെ മസാല ബോണ്ട് പരിശുദ്ധമാകുകയും ചെയ്യുന്ന വിചിത്രമായിട്ടുള്ള ലോജിക്കാണ് കേന്ദ്രഗവൺമെന്റ് രാജ്യത്തിനുമുന്നിൽ വയ്ക്കുന്നത്. കിഫ്ബി, പെൻഷൻ കമ്പനി എന്നിവയുടെ വായ്പായിനത്തിൽ 14000 കോടി രൂപയാണ് കേരളത്തിന് അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്ന് കേന്ദ്രം ഇപ്പോൾ വെട്ടിക്കുറച്ചിട്ടുള്ളത്. ലൈഫ് മിഷൻ പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സി. 6000 കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പയെടുക്കുകയുണ്ടായി. കിഫ്ബിയും പെൻഷൻ കമ്പനിയും ചേർന്ന് വായ്പയെടുത്ത 14000 കോടി രൂപയോടൊപ്പം ഈ 6000 കോടി രൂപകൂടി ആകുമ്പോൾ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് തുകയിൽ വീണ്ടും കുറവുവരുത്തേണ്ടി വരുന്ന അവസ്ഥയിലാണ് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി. ഉച്ചക്കഞ്ഞിയുടെ കാര്യത്തിൽ സമീപകാലത്ത് വലിയതോതിലുള്ള പ്രചാരം ചില മാധ്യമങ്ങൾ നടത്തുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും; നിങ്ങൾ എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ഇതിൽ 60 ശതമാനം അരിയും കേന്ദ്രം

അനുവദിക്കേണ്ടതാണ്. 2021-22 മുതൽ ആ സഹായം ബോധപൂർവ്വം വൈകിപ്പിച്ച് ബാധ്യതയിൽ നിന്നും ഒളിച്ചോടുകയാണ് കേന്ദ്രം ചെയ്തത്. ഇതിന്റെ ഭാഗമായി പദ്ധതിച്ചെലവ്, പാചകതൊഴിലാളികളുടെ ഓണറേറിയം തുടങ്ങിയവ കൃത്യമായി നൽകാൻ സംസ്ഥാന ഗവൺമെന്റ് ബുദ്ധിമുട്ടുകയാണ്. ഉച്ചഭക്ഷണത്തിന് 10,000 കോടി രൂപ നീക്കിവച്ചെങ്കിലും ആദ്യഗഡു ബി.ജെ.പി. ഭരിക്കുന്ന മദ്ധ്യപ്രദേശിന് മാത്രമാണ് കേന്ദ്രം നൽകിയത്. കേരളത്തിന് കേന്ദ്രം അനുവദിക്കേണ്ടത് കേവലം 284.31 കോടി രൂപയാണ്. സംസ്ഥാന വിഹിതം 163.15 കോടി രൂപയാണ്. ഇതു രണ്ടും കൂടി ചേരുമ്പോൾ 447.46 കോടി രൂപയാണ് ഉച്ചക്കഞ്ഞിക്ക് നമ്മൾ നീക്കി വയ്ക്കുന്നത്. അതിൽ ആദ്യഗഡുവായ 170.59 കോടി രൂപയാണ് കേന്ദ്രം അനുവദിക്കേണ്ടത്. അത് ലഭിച്ചാൽ അതിന് ആനുപാതിക സംസ്ഥാന വിഹിതമായി 97.89 കോടി രൂപ ഉൾപ്പെടെ സംസ്ഥാനത്തിന് അനുവദിക്കാൻ സാധിക്കും. ഇതാണ് അവസ്ഥയെന്നിരിക്കെ അത് തുറന്നുകാട്ടുന്നതിനുപകരം കഴിഞ്ഞ കൊല്ലത്തെ രേഖകൾ യഥാസമയം സമർപ്പിച്ചില്ലെന്ന കള്ളം പറഞ്ഞുകൊണ്ടാണ് തുക അനുവദിക്കാത്തതെന്ന് ചില മാധ്യമങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. രേഖയെല്ലാം നേരത്തെ

സമർപ്പിച്ചതാണ്. ജൂലൈ മാസത്തിൽ ആദ്യ ഗഡുവിനുള്ള സമഗ്ര നിർദ്ദേശം നമ്മൾ നൽകിയിട്ടുള്ളതാണ്. പക്ഷെ അങ്ങനെ നൽകിയില്ല, അതുകൊണ്ടാണ് കേന്ദ്രം നൽകാത്തതെന്ന ന്യായമാണ് ചില മാധ്യമങ്ങൾ ഉച്ചക്കഞ്ഞിയുടെ കാര്യത്തിൽ ഉയർത്തിപ്പിടിച്ചത്. നമ്മുടെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധികളും വിഷമങ്ങളുമെല്ലാം അനുഭവിക്കേണ്ടിവരുന്ന ഘട്ടത്തിലും ഈ ഓണക്കാലത്ത് 18000 കോടി രൂപ വിവിധ വിഭാഗം ജനങ്ങൾക്ക് സഹായധനമായി പല രൂപത്തിൽ അനുവദിച്ചുകൊണ്ട് ഓണം ആഘോഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. പ്രതിപക്ഷം ഈ കാര്യങ്ങളിൽ സ്വീകരിക്കുന്ന നിലപാടുകളുണ്ട്, കേരളത്തിലെ എം.പി.-മാർ കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നീചമായ നിലപാടുകളോടെടുക്കുന്ന സമീപനം നമ്മൾ കണ്ടതാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ താൽപ്പര്യമനുസരിച്ച് ഒരു നിവേദനം കൊടുക്കുന്നതിന് പോകാനുള്ള താൽപ്പര്യംപോലും അവർ കാണിച്ചില്ലായെന്നുള്ളത് വേദനാജനകമല്ല, പ്രതിഷേധാർഹമാണെന്ന കാര്യം നമ്മൾ കാണേണ്ടതുണ്ട്. പുതുപ്പള്ളിയിലുണ്ടായ വിജയത്തിൽ കോൺഗ്രസ്സ് ആഹ്ലാദതിമിർപ്പിലാണ്. പുതുപ്പള്ളിയിൽ ഒരു വിജയം കൈവരിച്ചത് വലിയ മഹത്തായ കാര്യമായി

അവർ കാണുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായി വലിയ വികാരമുണ്ടായിപ്പോയിയെന്ന മട്ടിലാണ് കോൺഗ്രസ്സുകാർ. 60000 വോട്ടിന്റെ ഭൂരിപക്ഷത്തിന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മണ്ഡലം പിടിച്ച മട്ടിലാണ് കോൺഗ്രസ്സുകാരുടെ പുതുപ്പള്ളി മണ്ഡലത്തിലെ വിജയാഘോഷം കാണുമ്പോൾ തോന്നുന്നത്. അവിടെ രാഷ്ട്രീയ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കോൺഗ്രസ്സ് തയ്യാറായോ; യു.ഡി.എഫ്. തയ്യാറായോ; വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ തയ്യാറായോ? കേവലം ഉമ്മൻ ചാണ്ടിയോടുള്ള ആദരവും സ്നേഹവും മാത്രം ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു തെരഞ്ഞെടുപ്പിനെ നേരിട്ട യു.ഡി.എഫ്. വലിയവായിൽ വർത്തമാനം പറയുകയാണ്. ഇപ്പോൾ ജയിച്ച ശ്രീ. ചാണ്ടി ഉമ്മനെ ഞങ്ങൾ അനുമോദിക്കുകയാണ്. അപ്പയുടെ പതിമൂന്നാമത് വിജയമാണ് ഈ ഉപതെരഞ്ഞെടുപ്പിൽ ഉണ്ടായതെന്ന് ശ്രീ. ചാണ്ടി ഉമ്മൻ പറഞ്ഞത് വാസ്തവമാണ്. ഇതാണ് വാസ്തവമെന്നിരിക്കെ ആ വിജയത്തിൽ വല്ലാതെ അഭിരമിച്ച്, എന്തോ വലിയ നേട്ടം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് നേടിയെടുത്തുവെന്ന മട്ടിലുള്ള നീക്കത്തിൽ നിന്ന് നിങ്ങൾ മാറണം. യാഥാർത്ഥ്യത്തെ യാഥാർത്ഥ്യബോധത്തോടുകൂടി

കാണുന്നതിനുവേണ്ടി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആദ്യമായി യു.ഡി.എഫ്.-ന് ചരിത്ര വിജയം സമ്മാനിച്ച പുതുപ്പള്ളിയിലെ ജനതയെ അഭിവാദ്യം ചെയ്യുകയാണ്. നിയമസഭാ ചരിത്രത്തിലെ ഉജ്ജ്വല ഭൂരിപക്ഷത്തിൽ പുതുപ്പള്ളിയിൽ നിന്ന് വിജയിച്ച് ഉമ്മൻ ചാണ്ടി സാറിന്റെ പിൻഗാമിയായി സഭയിൽ കടന്നുവന്ന ശ്രീ. ചാണ്ടി ഉമ്മനെ അഭിനന്ദിക്കുകയാണ്. പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിനെക്കുറിച്ച് ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇപ്പോൾ പറയുകയുണ്ടായി. ഈ ഉപതെരഞ്ഞെടുപ്പിൽ ഞങ്ങൾ അവിടെ രാഷ്ട്രീയം പറഞ്ഞിട്ടുണ്ട്, വിലക്കയറ്റം പറഞ്ഞിട്ടുണ്ട്, ക്രമസമാധാനത്തകർച്ച പറഞ്ഞിട്ടുണ്ട്, അഴിമതി പറഞ്ഞിട്ടുണ്ട്, ഈ സംസ്ഥാനത്തിന്റെ വികസന മുരടിപ്പ് പറഞ്ഞിട്ടുണ്ട്, എല്ലാം ചർച്ച ചെയ്തിട്ടുണ്ട്. ഉമ്മൻ ചാണ്ടിയെന്ന ജനകീയനായ നേതാവിന് കേരളം നൽകിയ യാത്രയയപ്പ് നമ്മൾ കണ്ടതാണ്. ഈ ഉപതെരഞ്ഞെടുപ്പിലൂടെ പുതുപ്പള്ളിയിലെ ജനത അദ്ദേഹത്തോടുള്ള ആദരവും സ്നേഹവും ഒരിക്കൽക്കൂടി

പ്രകടിപ്പിക്കുകയുണ്ടായി. പക്ഷെ നിങ്ങൾ, ജീവിതകാലം മുഴുവൻ ഉമ്മൻ ചാണ്ടിയെ വേട്ടയാടിയവർ ഈ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷവും ഏറ്റവും നിന്ദ്യമായ, ഹീനമായ പ്രചാരണം അവിടെ നടത്തി. തെരഞ്ഞെടുപ്പുദിവസം അദ്ദേഹത്തെ അപമാനിച്ചു, അദ്ദേഹത്തിന്റെ കുടുംബത്തെ അപമാനിച്ചു, പെൺമക്കളെ അപമാനിച്ചു, സ്ഥാനാർത്ഥിയെ അപമാനിച്ചു, അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന കല്ലറയെവരെ അപമാനിച്ചു. എന്നിട്ടും ജനങ്ങൾ അതിനോട് നിശബ്ദമായി പ്രതികരിച്ചു. ഈ സർക്കാരിനോടുള്ള കേരളത്തിന്റെ പ്രതിഷേധം രേഖപ്പെടുത്താനുള്ള ഉത്തരവാദിത്വം പുതുപ്പള്ളിയിലെ ജനത ഏറ്റെടുത്തു. അതാണ് ഈ തെരഞ്ഞെടുപ്പിൽ കണ്ട ഉജ്ജ്വല ഭൂരിപക്ഷം. സഹതാപമാണെന്നാണ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞുവച്ചത്. ഈ സെപ്റ്റംബർ 5-ാം തീയതി ഉപതെരഞ്ഞെടുപ്പ് നടന്ന ത്രിപുരയിലെ ബോക്സാനഗറിൽ, അവിടെ സംസുൽ ഹഖ് എന്നു പറഞ്ഞ സി.പി.ഐ.(എം)-ന്റെ സിറ്റിംഗ് എം.എൽ.എ. മരണപ്പെട്ടു. അദ്ദേഹത്തിന്റെ മകനെത്തന്നെ സി.പി.ഐ.(എം) സ്ഥാനാർത്ഥിയാക്കി. അദ്ദേഹത്തിന്റെ മകന് 3309 വോട്ടാണ് ആകെ ലഭിച്ചത്. 20 കൊല്ലമായി സി.പി.ഐ.(എം) തുടർച്ചയായി വിജയിക്കുന്ന

ത്രിപുരയിലെ ബോക്സാനഗറിൽ, സി.പി.ഐ.(എം)-ന് അവിടെ കെട്ടിവച്ച കാശുപോയില്ലേ; ഇവർ പറയുന്ന സഹതാപ തരംഗം, വൈകാരിക പരിസരം പുതുപ്പള്ളിയിൽ ഉണ്ടായിയെന്ന്. കമ്മ്യൂണിസ്റ്റുകാർ മരിക്കുന്ന സ്ഥലത്തൊന്നും വൈകാരിക പരിസരം ഉണ്ടാകാത്ത സവിശേഷകരമായ സാഹചര്യത്തെ പഠിക്കേണ്ടതല്ലേ? അവിടെ കെട്ടിവച്ച കാശുപോയി, ബി.ജെ.പി.ക്ക് ആ സീറ്റ് സമ്മാനിച്ചിട്ട് ഉളുപ്പുണ്ടോ ഇവിടെ വന്ന് പുതുപ്പള്ളിയിൽ ഞങ്ങൾ ജയിച്ചത് സഹതാപം കൊണ്ടാണ് എന്ന് പറയാൻ. ഈ സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി തകർച്ചയിലേക്ക് തള്ളിവിട്ടു. എന്റെ കയ്യിലൊരു കത്തുണ്ട്. വിദ്യാധിരാജാ എൽ.പി.എസ്. കരകുളം, അവിടുത്തെ അദ്ധ്യാപകൻ എ.ഇ.ഒ.യ്ക്ക് അയച്ച കത്താണ്. ഉച്ചഭക്ഷണത്തിന് കാശ് കയ്യിൽ നിന്നും കൊടുക്കുകയാണ്, രണ്ട് ലക്ഷം രൂപ വായ്പയെടുത്തു. ഇനി വായ്പയെടുക്കാൻ കഴിയുന്നില്ല. കയ്യിൽ കാശില്ല. എന്റെ കുട്ടികളുടെ ഉച്ചഭക്ഷണം മുടങ്ങാൻ പോകുകയാണ് എന്നായിരുന്നു കത്ത്. ഇവിടെ ഒരു ആശുപത്രിയുടെ മുൻപിൽ, കാസ്പിന്റെ പദ്ധതി സർക്കാർ കുടിശ്ശികയായതുകാരണം ആനുകൂല്യം ലഭിക്കില്ല, ഇവിടെ ആരും അത് ചോദിച്ചുവരേണ്ടെന്ന് ആശുപത്രിയുടെ മുൻപിൽ ആളുകൾ ബോർഡുകൾ

വയ്ക്കുകയാണ്. ജനകീയ ഹോട്ടലുകളൊക്കെ പൂട്ടിപോകുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ ജീവനക്കാരും പെൻഷൻകാരും ഉമ്മൻ ചാണ്ടിയുടെ കബറിൽ അപേക്ഷകൊണ്ടുവച്ചിട്ട് ഞങ്ങൾക്ക് ശമ്പളം കിട്ടാൻ പ്രാർത്ഥിക്കണേ, സഹായിക്കണേയെന്നു പറയുന്നത് പുതുപ്പള്ളിയിൽ നമ്മൾ കണ്ടതാണ്. ഇങ്ങനെയൊരു അവസ്ഥയുണ്ടോ? മെഡിക്കൽ കോളേജിൽ രോഗികൾക്കുള്ള ബ്രെഡ് നിർത്തലാക്കിയെന്നതും വിദ്യാവാഹിനി പദ്ധതി വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയെന്നതും പത്രവാർത്തയാണ്. ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട്, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട്, കേന്ദ്രസർക്കാരിന്റെ സമീപനവും ശരിയല്ല. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ഈ കാര്യത്തിൽ ജനങ്ങൾക്കെതിരായുള്ള യുദ്ധപ്രഖ്യാപനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ അഴിമതിക്ക് എന്തെങ്കിലും കുറവുണ്ടോ? ഞാൻ വ്യവസായ വകുപ്പിനെതിരെ എഴുതിക്കൊടുത്ത ഒരു അഴിമതി ആരോപണമുന്നയിക്കാൻ അനുവാദം ചോദിച്ചിട്ടുണ്ട്. സംസ്ഥാനം കണ്ട ഏറ്റവും വലിയൊരു അഴിമതിയാണ് സംസ്ഥാനത്തെ നിരത്തുകളിൽ എ.ഐ. ക്യാമറ സ്ഥാപിക്കുന്നതിനുവേണ്ടി ആരംഭിച്ച പദ്ധതി. വീടുകളുടേയും സ്ഥാപനങ്ങളുടേയും മുൻപിൽ മോഷണം തടയാൻ വേണ്ടി ക്യാമറ വയ്ക്കാറുണ്ട്.

മോഷ്ടിക്കാൻ വേണ്ടി ക്യാമറ വച്ച ലോകത്തെ ആദ്യത്തെ സർക്കാരാണ് ഈ പിണറായി സർക്കാർ. സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറ സ്ഥാപിക്കുന്നതിനുവേണ്ടി കെൽട്രോണിനെ ചുമതലപ്പെടുത്തി. കെൽട്രോണിനെ ചുമതലപ്പെടുത്തുമ്പോൾ തന്നെ ധനകാര്യവകുപ്പിന്റെ ജി.ഒ. (പി.)നമ്പർ 77/2019 പ്രകാരം Non-PMC works for IT/IT enabled services, traffic signaling system. ഈ Non-PMC work ആണ് ഇവർക്ക് ചെയ്യാൻ അനുവാദമുള്ളത്. കെൽട്രോണിനെ ഏൽപ്പിച്ചിരിക്കുന്നത് പി.എം.സി. വർക്കാണ്. അപ്പോൾ ധനകാര്യ വകുപ്പിറക്കിയ ഉത്തരവിന് വിരുദ്ധമായിട്ടാണ് കെൽട്രോണിന് ഈ പദ്ധതിയുടെ ചുമതല കൊടുത്തിരിക്കുന്നത്. ഇങ്ങനെയൊരു പദ്ധതി നടപ്പിലാക്കിയ അനുഭവസമ്പത്തില്ലാത്ത കെൽട്രോൺ 70 മുതൽ 80 കോടി രൂപ ചെലവുള്ള ഈ പദ്ധതിക്കുവേണ്ടി 232 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. കെൽട്രോൺ തയ്യാറാക്കിയ 232 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഈ അഴിമതിയുടെ പ്രഭവ കേന്ദ്രം. അതിനായി പദ്ധതിയുടെ ക്യാമറകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചു. ആ ടെണ്ടർ ഡോക്യുമെന്റ് പ്രകാരം സാങ്കേതികമായും സാമ്പത്തികമായും യോഗ്യതയുള്ള ഒറിജിനൽ

എക്യുപ്മെന്റ് മാനുഫാക്ചർക്കും ആതറൈസ്ഡ് വെണ്ടർക്കും മാത്രമേ ഈ ടെണ്ടറിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇതുസംബന്ധിച്ച് ആതറൈസ്ഡ് വെണ്ടർ അല്ലാത്ത സാങ്കേതിക പരിജ്ഞാനമില്ലാത്ത എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം അവരുമായി ചേർന്ന് നിൽക്കുന്ന അശോകാ ബിൽക്കോൺ, അക്ഷര എന്നീ കമ്പനികളുമായി ചേർന്ന് കാർട്ടൽ രൂപീകരിച്ചുകൊണ്ട് ടെണ്ടർ വ്യവസ്ഥകൾക്ക് വിരുദ്ധമായി അവർ കരാർ നേടിയെടുത്തു. ടെണ്ടർ ഡോക്യുമെന്റ് പ്രകാരം ഡേറ്റാ സെക്യൂരിറ്റി, ഡേറ്റാ ഇന്റഗ്രിറ്റി, കോൺഫിഗറേഷൻ ഓഫ് എക്യുപ്മെന്റ്, ഫെസിലിറ്റി മാനേജ്മെന്റ് അടങ്ങുന്ന സുപ്രധാനമായ കരാറുകളൊന്നും ഉപകരാറുകൾ നൽകാൻ പാടില്ലായെന്ന വ്യവസ്ഥ ലംഘിച്ചുകൊണ്ട് എസ്.ആർ.ഐ.ടി. എല്ലാ കരാറുകളും ഉപകരാർ കൊടുത്തു. അങ്ങനെ ഉപകരാർ ലഭിച്ച അൽഹിന്ദ്, പ്രസാഡിയോ കമ്പനി അവരുമായി കരാറിൽ ഒപ്പിട്ടു. പിന്നീട് ഇത് ദുരൂഹമാണെന്ന് കണ്ടപ്പോൾ അൽഹിന്ദ് ഈ കരാറിൽ നിന്നും പിൻമാറി. ശേഷം എല്ലാ ജോലികളും പൂർണ്ണമായി ഉപകരാർ വ്യവസ്ഥകളിൽ ലൈറ്റ് മാസ്റ്റർ, പ്രസാഡിയോ എന്നീ സ്ഥാപനങ്ങൾക്ക് നൽകാൻ തീരുമാനിച്ചു. അതിന്റെയടിസ്ഥാനത്തിൽ മൊത്തം തുകയുടെ 6

ശതമാനം ഏതാണ്ട് 9 കോടി രൂപ കമ്മീഷനായി ഈ പ്രസാഡിയോക്ക് ലഭിക്കുന്നു. പണം മുടക്കുന്ന ലൈറ്റ് മാസ്റ്റർ കമ്പനിക്ക് 40 ശതമാനം ലാഭവും ഒരു പണവും മുടക്കാത്ത പ്രസാഡിയോ കമ്പനിക്ക് 60 ശതമാനം ലാഭവും ലഭിക്കുന്നു. അതായത് നോക്കുകൂലി 60 ശതമാനം, കേട്ടുകേൾവിയുണ്ടോ? ********+സമയം അനുവദിക്കാത്തതുകൊണ്ടാണ് അത് എടുക്കാത്തത്. ഇവിടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ദുരൂഹത, ധനകാര്യവകുപ്പിന്റെ ഓർഡർ ലംഘിച്ചതിൽ നിയമലംഘനം, ഉപകരാർ കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞതിൽ അഴിമതി, 60 ശതമാനം നോക്കുകൂലി അഴിമതിപണമായി വാങ്ങുന്നു. അതുകൊണ്ട് കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ അഴിമതികളിൽ ഒന്നായ എ.ഐ. ക്യാമറയുമായി ബന്ധപ്പെട്ട ഈ അഴിമതി സമഗ്ര അന്വേഷണത്തിന് വിധേയമാക്കണം. സമഗ്രമായൊരു അന്വേഷണത്തിന് സർക്കാർ ഉത്തരവിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) : സർ, ബഹുമാനപ്പെട്ട അംഗം എഴുതിത്തന്നിരിക്കുന്നത് വ്യവസായ വകുപ്പിനെക്കുറിച്ച് സംസാരിക്കുമെന്നാണ്. റൂൾ 285 അനുസരിച്ച്

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവുപ്രകാരം (ഫയൽ നം.15331/ഇ.ബി/2023/നി.സെ. തീയതി 12-9-2023) രേഖയിൽനിന്നും നീക്കം ചെയ്തു.

ഒരാൾക്കെതിരെ ആരോപണം ഉന്നയിക്കുമ്പോൾ മുൻകൂട്ടി എഴുതിത്തരാതെ ആരോപണം ഉന്നയിക്കരുതെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകനെതിരെയടക്കം എഴുതിത്തരാതെ കാര്യങ്ങൾ പറഞ്ഞിരിക്കുകയാണ്. അക്കാര്യം രേഖയിലുണ്ടാകുമോയെന്ന റൂളിംഗ് ചെയർ പിന്നീട് നൽകണം.

മി. ചെയർമാൻ:എഴുതിത്തന്ന കാര്യങ്ങൾ മാത്രമേ ആരോപണമായി ഉന്നയിക്കാവൂ. സഭയിൽ ഉന്നയിച്ച കാര്യങ്ങൾ സംബന്ധിച്ച റൂളിംഗ് പിന്നീട് നൽകുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. യു.ഡി.എഫ്. അഴിമതി ആരോപണങ്ങൾ പലതും ഉന്നയിക്കുന്നത് എഴുതിക്കൊടുക്കാതെയാണ്. എന്തിനും ഏതിനും അഴിമതി ആരോപണങ്ങൾ ഉന്നയിക്കുകയാണ്, ഇത് ഇവർ സ്ഥിരമായി വെറുതേ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഷാർജ സുൽത്താനുപോലും മുഖ്യമന്ത്രി കൈക്കൂലി കൊടുത്തുവെന്ന് പറഞ്ഞവരാണ് യു.ഡി.എഫ്.-ലുള്ളവർ, അവർക്ക് പറയുന്നതിന് ഒരു ലൈസൻസും ഇല്ല. എന്തായിരുന്നാലും എ.ഐ. ക്യാമറ വന്നതുകൊണ്ട് അപകടങ്ങളും അപകടമരണ നിരക്കും വളരെയേറെ കുറഞ്ഞുവെന്ന് പറയുന്നുണ്ട്. ഇത് നമ്മുടെ നാടിനെ

സംബന്ധിച്ച് വളരെ ഗുണമുള്ള കാര്യമാണ്. യഥാർത്ഥത്തിൽ സാധാരണ നടത്തുന്ന വാഹനപരിശോധന ഒഴിവാക്കി എ.ഐ. ക്യാമറകൾ വയ്ക്കുന്നതാണ് കൂടുതൽ നല്ലതെന്നാണ് ഇതുകൊണ്ട് മനസിലാകുന്നത്. എന്തിനെയും അടച്ചാക്ഷേപിക്കുന്നത് ശരിയല്ലെന്നുകൂടി പറയുകയാണ്. നമ്മൾ ഇവിടെ പരീക്ഷിച്ച എ.ഐ. ക്യാമറാ സംവിധാനത്തെക്കുറിച്ചും ഇതുമൂലം അപകടങ്ങൾ കുറഞ്ഞതിനെക്കുറിച്ചും പഠിക്കുന്നതിനായി കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിൽനിന്നുപോലും ആളുകൾ എത്തിയെന്നത് നിങ്ങൾ മനസിലാക്കണം, അങ്ങനെ ചെയ്യാതെ അഴിമതി ആരോപണം നടത്തിയതുകൊണ്ടുമാത്രം യാതൊരു കാര്യവുമില്ല. സാമ്പത്തിക ഞെരുക്കത്തിനിടയിലും നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്നിരിക്കുന്നത്. കേരളത്തിന്റെ മാത്രമല്ല, സംസ്ഥാനങ്ങളുടെ പല അവകാശങ്ങളും കേന്ദ്രം കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാർ ഇഷ്ടംപോലെ കടമെടുക്കുകയും എന്നാൽ സംസ്ഥാനങ്ങളുടെ കടമെടുക്കാനുള്ള പരിധി വെട്ടിക്കുറയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ മൊത്തം

വരുമാനത്തിന്റെ 62.7 ശതമാനം ലഭിക്കുന്നത് കേന്ദ്രത്തിനാണെങ്കിലും ഏറ്റെടുക്കേണ്ട ആകെ ചെലവിന്റെ 62.4 ശതമാനവും വഹിക്കേണ്ടത് സംസ്ഥാനങ്ങളാണെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാം. ഇതുതന്നെ വലിയൊരു അന്തരമാണ്. ജി.എസ്.ടി. വരുമാനത്തിന്റെ അൻപത് ശതമാനത്തിലധികം കേന്ദ്രസർക്കാർ ഏറ്റെടുക്കുകയും സംസ്ഥാനങ്ങൾക്ക് തനതായി നികുതി ചുമത്താൻ കഴിയാത്ത അവസ്ഥ ഉണ്ടാക്കുകയും ചെയ്തിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് തനതായി നികുതി ചുമത്താൻ കഴിയുന്നത് മദ്യത്തിലും പെട്രോളിലുമാണ്. എന്നാൽ പെട്രോളിൽ അടക്കം സെസ് കൊണ്ടുവന്ന് നികുതി കേന്ദ്രം പിരിച്ചെടുക്കുന്ന കാഴ്ചയാണ് കാണുന്നത്. കേരളമടക്കമുള്ള സംസ്ഥാനങ്ങളുടെ വരുമാനത്തിൽനിന്നും പരമാവധി കൈയ്യിട്ട് വാരുകയും എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് നൽകാതിരിക്കുകയും ചെയ്യുന്ന കാഴ്ച നാം കാണുകയാണ്. ഉച്ചക്കഞ്ഞിക്ക് കൈയിൽനിന്ന് വീണ്ടും കാശ് കൊടുക്കാനില്ലെന്ന് പറഞ്ഞുകൊണ്ട് ഒരു അദ്ധ്യാപകൻ എഴുതിയ കത്ത് പുറത്തുവിട്ടുകൊണ്ട് ബഹുമാനപ്പെട്ട കുണ്ടറ അംഗം പി. സി. വിഷ്ണുനാഥ് ഇവിടെ സംസാരിച്ചു, വസ്തുതാവിരുദ്ധമായ

പല കാര്യങ്ങളും സംസാരിക്കുന്നത് കേൾക്കുമ്പോൾ വേദന തോന്നുകയാണ്. ഈ പ്രശ്നം എന്റെ മണ്ഡലത്തിലടക്കം എല്ലായിടത്തുമുണ്ട്, അതുകൊണ്ടാണ് വേദന തോന്നുന്നത്. കോൺഗ്രസിന് കേന്ദ്രത്തിൽ കേരളത്തിൽനിന്ന് 18 എം.പി.മാരുണ്ട്. കേരളത്തിന് രണ്ടുവർഷമായി ഉച്ചക്കഞ്ഞിക്കുള്ള വിഹിതം നൽകാതിരിക്കുമ്പോൾ കേരളത്തിലെ കുട്ടികൾ പട്ടിണികിടക്കാതിരിക്കാനായി ഉച്ചഭക്ഷണം നൽകുന്നതിന് ഈ സാമ്പത്തിക ഞെരുക്കത്തിനിടയിലും ഫണ്ട് നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ നിലകൊള്ളുമ്പോൾ കേന്ദ്രം നൽകാത്ത വിഹിതത്തിനെതിരായി ശക്തമായി ശബ്ദിക്കേണ്ട 18 എം.പി.മാരും എന്തു ചെയ്യുകയായിരുന്നു? കോൺഗ്രസിന്റെ പ്രസിഡന്റ് കിളയ്ക്കാൻ പോകുകയാണോയെന്ന് ചോദിച്ചു, കേന്ദ്രം വിഹിതം നൽകാത്തതിനെതിരെ ശബ്ദിക്കാത്തവരോട് കിളയ്ക്കാൻ പോകുകയാണോയെന്ന് ചോദിക്കേണ്ടത് ഞങ്ങളാണ്. കേന്ദ്രം ഉച്ചക്കഞ്ഞിക്കുള്ള ഫണ്ട് വിഹിതം നൽകണ്ടേ; അതിനെതിരായി എം.പി.മാർ ശബ്ദിക്കണ്ടേ? എന്നിട്ടും കുട്ടികൾ പട്ടിണി കിടക്കാതിരിക്കാനായി കഴിഞ്ഞ രണ്ട് വർഷമായി ഉച്ചക്കഞ്ഞിക്ക് ഫണ്ട് നൽകിയ സംസ്ഥാന ഗവൺമെന്റിനെതിരെയാണ് പറയുന്നത്. ഉച്ചക്കഞ്ഞി

വിതരണത്തിനാവശ്യമായ ഫണ്ടിന്റെ 60 ശതമാനം കേന്ദ്രം വിഹിതമായി നൽകേണ്ടതാണ്. ആ വിഹിതം കേന്ദ്രം ഇതുവരെ നൽകിയിട്ടില്ല, 130 കോടി രൂപയിൽ കൂടുതൽ തുക ഈ വകയിൽ ലഭ്യമാകാനുണ്ട്. കോൺഗ്രസിന് 18 എം.പി.മാർ ഉണ്ടല്ലോ, അവർ ഇതിനെതിരെ എന്തെങ്കിലും ശബ്ദിച്ചോ; ഒരു സമരമെങ്കിലും ചെയ്തോ? പറയുമ്പോൾ വസ്തുത വളച്ചൊടിച്ചുകൊണ്ട് ഏതുകാര്യവും കേരളത്തിലെ ഗവൺമെന്റിന് എതിരായി തിരിക്കുക എന്നുള്ളത് കേവല രാഷ്ട്രീയം മാത്രമായി മാറുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആശുപത്രികളുടെ മുമ്പിൽ വെറും ബോർഡ് മാത്രമാണുള്ളതെന്ന് ബഹുമാനപ്പെട്ട കുണ്ടറ എം.എൽ.എ. ഇവിടെ പറയുകയുണ്ടായി. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പോലെതന്നെ ആരോഗ്യ മേഖലയിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. പ്രസ്തുത ഉദ്യമത്തിനുള്ള പുരസ്കാരം കേരളത്തിന് നൽകിയത് കേന്ദ്രസർക്കാരാണ്, വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ ഡൽഹിയിൽ പോയി ആ പുരസ്കാരം ഏറ്റുവാങ്ങിയതുമാണ്. സൗജന്യ ചികിത്സാ പദ്ധതിക്കായി കേന്ദ്രം നൽകുന്നത് 138 കോടി രൂപയാണ്,

എന്നാൽ കേരളം ഈ രംഗത്ത് ഒരു വർഷം നൽകുന്നത് 1800 കോടി രൂപയാണ്. അതായത്, കേരളം നൽകുന്ന തുകയുടെ 8 ശതമാനത്തിൽ താഴെ മാത്രമാണ് കേന്ദ്രം ഈ രംഗത്ത് ചെലവഴിക്കുന്നത്. എന്നിട്ടും കേന്ദ്ര സർക്കാരിനെതിരെ സംസാരിക്കാൻ ഇവിടുത്തെ പ്രതിപക്ഷം തയ്യാറാകുന്നില്ലെന്നത് വളരെ നിർഭാഗ്യകരമാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, നെല്ല് സംഭരണം സംബന്ധിച്ചുള്ളതും ഇതേപോലെതന്നെയുള്ള മറ്റൊരാക്ഷേപമാണ്. നെല്ല് സംഭരണത്തിനായി നൽകേണ്ട തുകയിലെ കേന്ദ്രവിഹിതം 6 മാസംവരെ വൈകിയാണ് ലഭ്യമാകുന്നത്. കേന്ദ്ര വിഹിതം ലഭ്യമാകുന്നതിന് മുമ്പുതന്നെ സംഭരിച്ച നെല്ലിന്റെ തുക സംസ്ഥാനം കടമെടുത്ത് നൽകുന്ന പതിവാണുള്ളത്. എന്നാൽ നമുക്ക് ലഭ്യമാകേണ്ട കേന്ദ്രവിഹിതത്തെക്കുറിച്ച് ആരും ശബ്ദിക്കാറില്ല. കണക്ക് കൊടുത്തില്ല, മറ്റ് പലതും കൊടുത്തില്ല എന്നൊക്കെ ബി.ജെ.പി. പറയുന്ന കാര്യങ്ങൾ ഏറ്റുപിടിക്കുന്ന തരത്തിലേയ്ക്ക് കേരളത്തിലെ കോൺഗ്രസ് തരം താഴ്ന്നുവെന്നത് വളരെയധികം വിഷമമുള്ള കാര്യമാണ്. നമ്മളെല്ലാവരും ഒരു മുന്നണിയായി ഫാസിസത്തിനെതിരായി പ്രതിരോധം തീർക്കേണ്ടവരാണ്, എന്നാൽ ഇത്തരത്തിൽ ബി.ജെ.പി.ക്കാർ

അഴിച്ചുവിടുന്ന നുണകൾ ഏറ്റുപിടിക്കുന്ന സാഹചര്യത്തിലേയ്ക്ക് പ്രിയപ്പെട്ട യു.ഡി.എഫ്. മെമ്പർമാർ പോകരുത്. ഈ ഉപതെരഞ്ഞെടുപ്പിൽ നല്ലരീതിയിലുള്ള വിജയം യു.ഡി.എഫ്-ന് ഉണ്ടായിട്ടുണ്ട്, ശ്രീ. ചാണ്ടി ഉമ്മനെ അഭിനന്ദിക്കുകയാണ്. ഉമ്മൻ ചാണ്ടിക്കുണ്ടായിരുന്ന വ്യക്തിപരമായ പ്രഭാവവും അദ്ദേഹം മരണപ്പെട്ടപ്പോഴുണ്ടായ സഹതാപവും ആ തെരഞ്ഞെടുപ്പിലെ വിജയത്തിലേയ്ക്ക് ചേർന്നിട്ടുണ്ട്. ഉമ്മൻ ചാണ്ടിയെ ജീവിതകാലം മുഴുവൻ വേട്ടയാടുകയായിരുന്നുവെന്ന് ഇവിടെ സംസാരിച്ചവരിൽ ചിലർ പറഞ്ഞു, ആരാണ് വേട്ടയാടിയത്? അടിയന്തിരപ്രമേയം ഇവിടെ ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. മരണശേഷവും ഉമ്മൻ ചാണ്ടിയെക്കുറിച്ചുള്ള കാര്യങ്ങൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കണമെന്ന് ആഗ്രഹമുള്ള ചിലയാളുകളാണ് ഇതിനുപിന്നിലുള്ളത്. ഉമ്മൻ ചാണ്ടിയെക്കുറിച്ച് പരസ്യമായി പ്രസംഗിക്കുകയും വ്യക്തിപരമായി ഏറ്റവും മോശം പരാമർശം നടത്തുകയും ചെയ്തത് എൽ.ഡി.എഫ്-ന്റെ നേതാക്കളല്ല, അവരുടെ പേരെടുത്ത് ഞാൻ പറയുന്നില്ല. പേര് പറയണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ട്. അത് നിങ്ങൾ തമ്മിലുള്ള പ്രശ്നമാണ്, അത് ഞങ്ങൾക്ക് പറയേണ്ട കാര്യമില്ല. അദ്ദേഹത്തെ

വ്യക്തിപരമായി ആക്രമിച്ചുകൊണ്ട് സംസാരിച്ചത് ആ കൂട്ടത്തിലുള്ള ആളുകളാണ്. നിങ്ങൾ പേര് പറയണമെന്ന് പറയുന്നത് നിങ്ങളുടെ കൂട്ടത്തിലുള്ള ആളുടേതല്ലേ, ഞാൻ നിങ്ങളുടെ ഗ്രൂപ്പിസത്തിന്റെ ഭാഗമാകുന്നില്ല. അദ്ദേഹത്തെ പല തരത്തിൽ വേട്ടയാടി. അന്വേഷണ കമ്മീഷൻ പ്രഖ്യാപിച്ചത് അദ്ദേഹത്തിന്റെ സർക്കാരിന്റെ കാലത്താണ്, അതിന്റെ റിപ്പോർട്ട് വന്നതും അന്നാണ്, എന്തായാലും അത് ചർച്ചയ്ക്ക് വരും. അദ്ദേഹത്തെ ജീവിതകാലം മുഴുവനും വേട്ടയാടിയത് സ്വന്തം പാളയത്തിലുള്ള ആളുകളാണ്. ഇപ്പോഴും മരണപ്പെട്ടതിനുശേഷവും  ചർച്ചയിൽ വീണ്ടും ഈ വിഷയങ്ങളും വസ്തുതകളുമൊക്കെ വരില്ലേ? അപ്പോൾ കാര്യങ്ങൾ ആ തരത്തിലേയ്ക്ക് പോകുകയാണ്, ഓരോരുത്തരെയും ഞാൻ എടുത്തുപറയുന്നില്ല. അദ്ദേഹത്തിന്റെ മരണത്തിന് മുമ്പുതന്നെ പ്രതീകാത്മകമായി അദ്ദേഹത്തെ മരിപ്പിച്ചത് നിങ്ങളാണ്. എന്തായിരുന്നാലും അതൊന്നും ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. ഒരു കാര്യം മാത്രം പറയാം, യു.ഡി.എഫ്.-ന്റെ കാലത്ത് നമ്മൾ വ്യക്തിപരമായി ഏറെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്ത ആളാണ് ഉമ്മൻ ചാണ്ടി. പക്ഷെ അദ്ദേഹത്തിന്റെ സർക്കാർ ഒരു പരാജയപ്പെട്ട സർക്കാരായിരുന്നുവെന്ന കാര്യത്തിൽ യതൊരു

സംശയവുമില്ല. അന്ന് ക്ഷേമ പെൻഷൻ മാസം 600 രൂപയായിരുന്നു, 30 ലക്ഷത്തോളം വരുന്ന ആളുകൾക്ക് മാത്രം കൊടുത്തിരുന്ന ആ പെൻഷൻ തുക 18 മാസം തടഞ്ഞുവച്ചു. അതൊരു പരാജയമായിരുന്നില്ലേ? എന്നാൽ ഇന്നത് 1600 രൂപയായി ഉയർത്തുകയും 68 ലക്ഷത്തോളം ആളുകൾക്ക് ഇപ്പോൾ മുടങ്ങുമെന്ന് നിങ്ങൾ പ്രചരിപ്പിച്ചിട്ടും ഒരിക്കൽപ്പോലും മുടങ്ങാതെ കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്ന സർക്കാരിന്റെ പേരാണ് എൽ.ഡി.എഫ്. സർക്കാർ, ഇതാണ് മാറ്റം. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് പല പദ്ധതികളും നിർത്തിവച്ചുപോയി. നാഷണൽ ഹൈവേയുടെ പ്രവർത്തനം ഇവിടെ ഇനി നടക്കില്ലെന്നുപറഞ്ഞുകൊണ്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അവരുടെ ഓഫീസ് പൂട്ടിപ്പോയതാണ്. വൈദ്യുതിയുമായി ബന്ധപ്പെട്ട് ഇടമൺ- കൊച്ചി പവർ ഹൈവേയുടെ ഓഫീസും പൂട്ടിപ്പോയതാണ്. അതോടൊപ്പം ഗെയിൽ പൈപ്പ്ലൈനും നിർത്തി പോയതാണ്, അല്ലെങ്കിൽ നിർത്തിപ്പോകാൻ തീരുമാനിച്ചതാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം ഇവയെല്ലാം പുനരുജ്ജീവിപ്പിച്ചു. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം കേന്ദ്രസർക്കാർ ഒരു ഡിമാന്റ് കൂടി വച്ചു. മറ്റ് സംസ്ഥാനങ്ങൾക്കില്ലാത്ത

വിധത്തിൽ സംസ്ഥാനവിഹിതംകൂടി കൊടുത്തുകൊണ്ട് നാഷണൽ ഹൈവേ ഇന്ന് യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുകയാണ്. അതിനുപുറമേ ഇടമൺ-കൊച്ചി പവർ ഹൈവേ യാഥാർത്ഥ്യമായിക്കഴിഞ്ഞു. ഇത്തരത്തിലുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ട സർക്കാരായിരുന്നു യു.ഡി.എഫ്. സർക്കാരെങ്കിൽ ഇന്ന് എൽ.ഡി.എഫ്. സർക്കാർ ഇതെല്ലാം പ്രാവർത്തികമാക്കി മുന്നോട്ടുപോകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കേരളത്തിൽ 68 ലക്ഷത്തോളം ആളുകൾക്ക് 1600 രൂപ പെൻഷൻ കിട്ടുന്നുണ്ടോ? യു.ഡി.എഫ്.-ന്റെ കാലത്ത് 18 മാസം കിട്ടിയിട്ടില്ലല്ലോ. ഇതൊരു യാഥാർത്ഥ്യമല്ലേ? നുണ പറഞ്ഞിട്ട് കാര്യമില്ലല്ലോ. ഇതൊരു യാഥാർത്ഥ്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്........ പ്ലീസ്........

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വിലക്കയറ്റത്തിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. രാജ്യത്ത് വിലക്കയറ്റം അതിരൂക്ഷമായി മുന്നോട്ടുപോകുന്ന സമയത്താണ് ഓണം വന്നത്. ഇത്തവണത്തെ ഓണത്തിന് സാധാരണ ആളുകൾക്ക് ഉണ്ണാൻ കഴിയില്ലെന്നാണ് പറഞ്ഞത്.

ഇക്കാര്യത്തിൽ സർക്കാർ വളരെ ശക്തമായ ഇടപെടലാണ് നടത്തിയത്. സപ്ലൈകോയുടെയും കൺസ്യൂമർ ഫെഡിന്റെയും ഇടപെടലിന്റെ ഭാഗമായി ആളുകൾക്ക് നന്നായി ഓണം ഉണ്ണാനുള്ള സാഹചര്യമൊരുങ്ങിയില്ലേ? യു.ഡി.എഫുകാർ അതൊന്നും മറക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.........

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. ഏതാണ്ട് നാല് ലക്ഷത്തോളം ആളുകൾക്ക് വീട് നൽകുമെന്ന് വെറുതെ പ്രഖ്യാപിച്ചത് മാത്രമാണോ; ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുകയല്ലേ? 24 വീടുകൾ ഒരു കോമ്പൗണ്ടിൽ എന്ന നിലയ്ക്ക് ഓരോ മണ്ഡലത്തിലെയും കാര്യങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. വിദ്യാഭ്യാസ മേഖലയിൽ......... (........മൈക്ക് ഓഫ്.......)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ, പ്ലീസ്....... കൺക്ലൂഡ്......(........മൈക്ക് ഓഫ്.......)

ക്രമപ്രശ്നം

പരാമർശം നീക്കം ചെയ്യുന്നത് സംബന്ധിച്ച്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ചട്ടം 303 പ്രകാരം ഒരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 285-ൽ ഒരാൾക്കെതിരെയുള്ള ആരോപണം സംബന്ധിച്ച നടപടിക്രമത്തെക്കുറിച്ച് പറയുന്നുണ്ട്. ആ നടപടിക്രമപ്രകാരം ബഹുമാനപ്പെട്ട ചെയറിന് മുൻകൂട്ടി എഴുതി നൽകിയശേഷമായിരിക്കണം ഒരാൾക്കെതിരെ ആരോപണം ഉന്നയിക്കേണ്ടതെന്നും അല്ലാത്തപക്ഷം സഭ മുമ്പാകെ ആരോപണം കൊണ്ടുവരരുതെന്നുമാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇവിടെ നേരത്തെ സംസാരിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് യഥാർത്ഥത്തിൽ സഭയെയും ചെയറിനെയും കബളിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

(……ബഹളം…….)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്……. മിനിസ്റ്റർ പറയട്ടെ.

ശ്രീ. എം. ബി. രാജേഷ്: സർ, ചെയറിന്റെ അനുവാദത്തോടുകൂടിയാണ് ഞാൻ സംസാരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്……. ബഹുമാനപ്പെട്ട അംഗം അവിടെ ഇരിക്കൂ…..

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട ചെയറിന്റെ അനുവാദത്തോടുകൂടി ചട്ടപ്രകാരമാണ് ഞാൻ ക്രമപ്രശ്നം ഉന്നയിച്ചത്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട അംഗം നൽകിയ നോട്ടീസിന് വിരുദ്ധമായ, അതിൽ പറയാത്ത കാര്യമാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ആരോപണമായി ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അത് ഇപ്പോൾത്തന്നെ സഭാരേഖകളിൽനിന്ന് നീക്കം ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട ചെയറിനേയും ഈ സഭയെയും കബളിപ്പിക്കുകയും വഞ്ചിക്കുകയുമാണ് ഇതിലൂടെ ബഹുമാനപ്പെട്ട അംഗം ചെയ്തിട്ടുള്ളത്. നോട്ടീസിന് വിപരീതമായിട്ടുള്ള ആരോപണമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. യു.ഡി.എഫ്. പൊതുവിൽ സ്വീകരിച്ചുവരുന്ന വഞ്ചനാപരമായ സമീപനത്തിന്റെ ഉദാഹരണമാണ് ഇന്ന് സഭയിൽ കണ്ടത്. ഇപ്പോൾത്തന്നെ പ്രസ്തുത പരാമർശങ്ങൾ രേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ പ്രൊസീജ്വയർ വളരെ ക്ലിയറാണ്. ബന്ധപ്പെട്ട മന്ത്രിക്ക് ഈ വിഷയത്തെ സംബന്ധിച്ച് മറുപടി പറയാൻ അവസരം കൊടുക്കുന്നതിനുവേണ്ടിയാണ്

മുൻകൂട്ടി നോട്ടീസ് നൽകുന്നത്. ആ നോട്ടീസിൽ ഒരംഗം പറയാൻ പോകുന്ന മുഴുവൻ കാര്യങ്ങളും ഈ സഭയുടെ ചരിത്രത്തിൽ ഒരു കാലത്തും ആരും എഴുതിക്കൊടുത്തിട്ടില്ല. അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്ന സമയത്ത് ഏത് വിഷയത്തെ സംബന്ധിച്ചാണ് ആരോപണം ഉന്നയിക്കുന്നത്, ആ വിഷയത്തിന് മറുപടി പറയാൻ ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് അവസരം കൊടുക്കുകയെന്നത് മാത്രമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. അല്ലാതെ ഇവിടെ വന്ന് പ്രസംഗിക്കാൻ പോകുന്ന, ഉന്നയിക്കുന്ന ആരോപണങ്ങൾ ഒന്നൊന്നായി എഴുതി നോട്ടീസ് രൂപത്തിൽ കൊടുക്കുകയെന്നത് ഈ സഭയുടെ ചരിത്രത്തിലുണ്ടായിട്ടില്ല. അതുകൊണ്ട് ഒരു കാരണവശാലും ഈ പോയിന്റ് ഓഫ് ഓർഡർ നിലനിൽക്കുന്നതല്ലെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. ബി. രാജേഷ്: സർ, പ്രതിപക്ഷനേതാവ് കാര്യങ്ങൾ വളച്ചൊടിക്കുകയാണ്. മുഖ്യമന്ത്രിക്കെതിരായി അഴിമതി ആരോപണമെന്ന് നോട്ടീസിൽ പറഞ്ഞിട്ടേയില്ല. എന്നിട്ടും മുഖ്യമന്ത്രിക്കെതിരായി അഴിമതി ആരോപണമുന്നയിക്കുന്നത് അങ്ങേയറ്റം വക്രമായിട്ടുള്ള രീതിയാണ്. പ്രതിപക്ഷം വക്രമായ രീതികളിൽ വിദഗ്ദ്ധരാണെന്നറിയാം. അതിന് ബഹുമാനപ്പെട്ട ചെയറിനെയും സഭയെയും കരുവാക്കി മാറ്റരുത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇവിടെ അഴിമതി ആരോപണം ഉന്നയിക്കുന്നതുസംബന്ധിച്ച് ബന്ധപ്പെട്ട അംഗം ചെയറിന് നോട്ടീസ് നൽകിയിട്ടുണ്ട്. അതിന് വിപരീതമായി എന്തെങ്കിലും കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, പിന്നീട് ഇക്കാര്യത്തിൽ അങ്ങ് തീരുമാനമെടുക്കുകയും നീക്കം ചെയ്യുകയും ചെയ്യും. അങ്ങനെയാണെങ്കിൽ നോട്ടീസിൽ പറയാത്ത കാര്യങ്ങൾ ഇവിടെ ഉന്നയിച്ചത് മാധ്യമങ്ങളിൽ വാർത്ത വരാൻ ഇടയാക്കും. മാധ്യമങ്ങളിൽ വാർത്ത വരുത്തുകയെന്നത് മാത്രമാണ് പ്രതിപക്ഷത്തിന്റെ ഉദ്ദേശ്യം. മാധ്യമങ്ങൾക്കുവേണ്ടിയാണ് വസ്തുതാവിരുദ്ധമായ കാര്യങ്ങൾ സഭയെ ദുരുപയോഗപ്പെടുത്തി പ്രതിപക്ഷാംഗങ്ങൾ ഇവിടെ പറയുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട വിഷയത്തെപ്പറ്റി അഴിമതി ആരോപണം ഉന്നയിച്ചുകൊണ്ട് നോട്ടീസ് നൽകിയതുപ്രകാരമാണ് ആയതിന്

അവതരണാനുമതി നൽകിയത്. അതിന് വിപരീതമായി വന്നിട്ടുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്+.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജീവിച്ചിരുന്നപ്പോഴും മരണശേഷവും നിങ്ങൾ വേട്ടയാടിയ ഉമ്മൻചാണ്ടിയെന്ന ആ മഹാമനുഷ്യൻ അനുഭവിച്ച വേദനകൾക്ക് പകരമാണ് ശ്രീ. ചാണ്ടി ഉമ്മന് ഈ റെക്കോർഡ് ഭൂരിപക്ഷം ലഭിച്ചത്. 38,000 വോട്ടിന്റെ ലീഡാണ് ശ്രീ. ചാണ്ടി ഉമ്മന് ലഭിച്ചതെങ്കിൽ; നിങ്ങൾക്ക് കിട്ടിയത് 12,000 വോട്ടിന്റെ കുറവാണ്. എൽ.ഡി.എഫ്. എങ്ങനെയൊക്കെ സമർത്ഥിച്ചാലും പുതുപ്പള്ളി തെരഞ്ഞെടുപ്പോടെ നിങ്ങളുടെ കൗണ്ട്ഡൗൺ ആരംഭിക്കുകയും ആണിക്കല്ലിളകുകയും ചെയ്തു. ഇതാണ് തുടർഭരണത്തിന്റെ ആകെ സംഭാവന. ജനങ്ങൾ മുഴുവനും നിങ്ങൾക്കെതിരായി. ബംഗാളിലെയും ത്രിപുരയിലെയും അവസ്ഥ വരും തെരഞ്ഞെടുപ്പിൽ ഇവിടെയും ആവർത്തിക്കും. ഈ തെരഞ്ഞെടുപ്പിൽ എന്തൊക്കെയാണ് നിങ്ങൾ അവകാശപ്പെട്ടിരുന്നത്; എന്തെല്ലാം വ്യാജപ്രചരണങ്ങൾ നടത്തി. ജനത്തിന്റെ കയ്യിൽനിന്ന് കരണക്കുറ്റിക്ക് കിട്ടിയ അടിയാണ് ഈ റെക്കോർഡ് ഭൂരിപക്ഷം. ഇന്ന് കാണുന്ന പല

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവുപ്രകാരം (ഫയൽ നം.15331/ഇ.ബി/2023/നി.സെ. തീയതി 12.09.2023) രേഖയിൽനിന്നും നീക്കം ചെയ്തു.

അടിസ്ഥാനസൗകര്യ വികസനങ്ങളിലും ഏറ്റവും നിർണ്ണായക പങ്കുവഹിച്ച നിരവധി ജനക്ഷേമപദ്ധതികൾ നടപ്പിലാക്കിയ തങ്ങളുടെ പ്രിയപ്പെട്ട നേതാവിനെ മരണശേഷം അപകീർത്തിപ്പെടുത്തിക്കൊണ്ടുള്ള നിങ്ങളുടെ പ്രചരണത്തിന് ജനം ശരിക്കും കണക്ക് തീർത്തു. വിഴിഞ്ഞം പദ്ധതി, കൊച്ചി മെട്രോ, സർക്കാർ മെഡിക്കൽ കോളേജുകൾ, എല്ലാ മണ്ഡലങ്ങളിലും കോളേജുകൾ, കണ്ണൂർ വിമാനത്താവളം, ദീർഘകാലം മുടങ്ങിക്കിടന്ന കേരളത്തിലെ ദേശീയപാത, ബൈപ്പാസുകളുടെ നിർമ്മാണം, സ്മാർട്ട് സിറ്റി പദ്ധതി തുടങ്ങി കേരളം കണ്ട ഏറ്റവും വലിയ വികസന പദ്ധതികളുടെയെല്ലാം അമരക്കാരനായിരുന്ന പ്രിയങ്കരനായ ഉമ്മൻചാണ്ടി. ഐക്യരാഷ്ട്രസഭ അംഗീകരിച്ച ജനസമ്പർക്ക പരിപാടി, ചുമട്ടുതൊഴിലാളി ക്ഷേമനിധി നിയമം മുതൽ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി രൂപവത്ക്കരിച്ച സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി വരെയും യുവാക്കൾക്ക് തൊഴിലില്ലായ്മ വേതനം, ആരോഗ്യ ഇൻഷ്വറൻസ്, ഒരു രൂപയ്ക്ക് അരി തുടങ്ങി എത്രയെത്ര ക്ഷേമപദ്ധതികളാണ് അദ്ദേഹം നടപ്പിലാക്കിയത്. മറ്റൊന്നും പറയാനില്ലാത്തതിനാൽ വികസനം നടന്നില്ലെന്ന പേര് പറഞ്ഞ് വോട്ട് പിടിക്കാൻ ചെന്നാൽ പുതുപ്പള്ളിയിലെ

പ്രബുദ്ധരായ ജനം വെറുതെ വിടുമെന്ന് നിങ്ങൾ കരുതിയോ? നിങ്ങൾക്ക് തെറ്റുപറ്റി. ഉമ്മൻചാണ്ടിയെന്ന വ്യക്തി പുതുപ്പള്ളിയിൽ മാത്രം ഒതുങ്ങിനിന്ന ഒരു മനുഷ്യനായിരുന്നില്ല. അദ്ദേഹം കേരളത്തെ മുഴുവൻ തന്റെ കർമ്മമണ്ഡലമായി കണ്ടു. കേരളത്തിലെ ജനങ്ങളൊന്നാകെ ഒഴുകിയെത്തി അദ്ദേഹത്തിന് നൽകിയ യാത്രയയപ്പ് നിങ്ങൾ കണ്ടതല്ലേ? എന്നിട്ട് വീണ്ടും അദ്ദേഹത്തെ അപമാനിക്കാൻ ചെന്നാൽ കേരളത്തിലെ ജനങ്ങൾ പ്രത്യേകിച്ച് അദ്ദേഹത്തിന്റെ സ്വന്തം പുതുപ്പള്ളിക്കാർ നിങ്ങളെ വെറുതെ വിടുമെന്ന് കരുതിയോ? സപ്ലിമെന്ററി ഡിമാന്റിലേയ്ക്ക് വരികയാണെങ്കിൽ സംസ്ഥാനത്ത് ഇപ്പോൾ അപ്രഖ്യാപിത സാമ്പത്തിക അടിയന്തരാവസ്ഥയാണെന്ന് പറയേണ്ടിവരും. നികുതിപിരിവിലെ കെടുകാര്യസ്ഥതയും ധൂർത്തും അനാവശ്യച്ചെലവുകളും സംസ്ഥാനത്തുണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധിയുടെ ഭാരം ജനങ്ങളുടെ തലയിലേയ്ക്ക് നേരിട്ട് അടിച്ചേൽപ്പിക്കുന്ന നികുതിക്കൊള്ളയാണ് ഇപ്പോൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനുവേണ്ടി ജനത്തിന്റെ ചോരയും നീരും ഊറ്റി കുടിക്കുകയാണ്. സംസ്ഥാനത്തിന് ഉയർത്താൻ സാധിക്കുന്ന എല്ലാ നികുതികളും കഴിഞ്ഞ ബഡ്ജറ്റിന്റെ ഭാഗമായി ഉയർത്തി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയടക്കം നാലായിരം കോടി രൂപയുടെ അധികബാധ്യത  പൊതുജനങ്ങളുടെമേൽ കഴിഞ്ഞ തവണ അടിച്ചേൽപ്പിച്ചു. വെള്ളക്കരവും വൈദ്യുതി ചാർജ്ജും വർദ്ധിപ്പിക്കുകയും വീട് വയ്ക്കുന്നതിന് പെർമിറ്റ് ഫീ ഭീകരമായി കൂട്ടുകയും കെട്ടിടങ്ങൾക്കുള്ള നികുതി ഇരട്ടിയാക്കുകയും ഭൂമിയുടെ ന്യായവില 30 ശതമാനം വർദ്ധിപ്പിക്കുകയും രണ്ട് ലക്ഷം രൂപ വരെയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി രണ്ട് ശതമാനമായി ഉയർത്തുകയും ഇന്ധന സെസ്സ് ഏർപ്പെടുത്തുകയും ചെയ്തു. ജനങ്ങൾക്ക് ഈ വർദ്ധനവിന്റെ എന്തെങ്കിലുമൊരു പ്രയോജനം ലഭിച്ചോ; ഇല്ല. എന്നിട്ടും സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്.

ഈ പണമെല്ലാം എങ്ങോട്ടാണ് ഒഴുകിപ്പോയത്? സാമൂഹ്യസുരക്ഷാ പെൻഷൻ നൽകാമെന്ന പേര് പറഞ്ഞ് സംസ്ഥാന സർക്കാർ രണ്ട് രൂപ ഇന്ധന സെസ്സ് ഏർപ്പെടുത്തിയിട്ടും മുടങ്ങാതെ പെൻഷൻ കൊടുക്കാൻ കഴിഞ്ഞോ; കഴിഞ്ഞില്ല. ഭരണസംവിധാനത്തെ വിമർശിച്ച് നിങ്ങളുടെ സ്വന്തം

ഡോ. തോമസ് ഐസക് എഴുതിയ ലേഖനത്തിൽ വൻകിട പദ്ധതികൾ നടപ്പിലാക്കാൻ ഭരണകൂടം പ്രാപ്തമല്ലെന്നാണ് അദ്ദേഹം പറയുന്നത്. ഏതെങ്കിലും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാകുന്നുണ്ടോ; ഇല്ല. കോർപ്പറേറ്റ് മൂലധനത്തെ ആകർഷിക്കാൻ സർക്കാരിന് കഴിയുന്നില്ലെന്ന് മാത്രമല്ല, അതിനുള്ള കാര്യക്ഷമതയുമില്ല. വ്യവസായപ്രോൽസാഹന ഏജൻസികളുടെ പ്രവർത്തനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിന്നിലാണ്. കാർഷികമേഖലയിലെ വളർച്ചാമുരടിപ്പ് ഇപ്പോഴും തുടരുന്നു. ഉല്പാദനക്ഷമതയും ഉല്പാദനമുയർത്താനുമുള്ള പാക്കേജ് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ല. ഭരണയന്ത്രം തുരുമ്പിച്ചുവെന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ ലേഖനം സർക്കാരിനുള്ള സർട്ടിഫിക്കറ്റാണ്. രണ്ടുതവണ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. എം. തോമസ് ഐസക്കിന്റെ മുൻകൂർ ജാമ്യമാണത്. സേവനമേഖലയിൽ പദ്ധതികൾ ഏറെയാണെന്നും അദ്ദേഹം പറയുന്നത്. പരാതികൾ ധാരാളമുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, ഐ.ടി, ടൂറിസം എന്നീ വകുപ്പുകൾ കുത്തഴിഞ്ഞു. മിക്ക

സർവ്വകാലശാലകളിലും വൈസ് ചാൻസലർമാരില്ല. അതുകൂടാതെ പിൻവാതിൽ നിയമനം സർവത്ര നടക്കുകയാണ്.

42 ലക്ഷം ജനങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി മുടങ്ങിയിരിക്കുകയാണ്. ചികിത്സ നൽകാൻ കഴിയില്ലെന്ന് പല ആശുപത്രികളുടെയും മുന്നിൽ ബോർഡ് വച്ചു. എന്റെ മണ്ഡലത്തിലെ എം.ഇ.എസ്. മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികൾ ഇതുപോലുള്ള ബോർഡുവച്ചിട്ടുണ്ട്. ഈയിനത്തിൽ 600 കോടിയോളം രൂപ കുടിശ്ശികയുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മാനസികമായും ശാരീരികമായും വെല്ലുവിളി നേരിടുന്നവരെ ശുശ്രൂഷിക്കുന്നതിനുള്ള ആശ്വാസകിരണം പദ്ധതി, ഭിന്നശേഷിക്കാർക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതി, കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാഫണ്ട്, രോഗികൾക്കുള്ള സഹായം എത്തിക്കുന്ന സമാശ്വാസ പദ്ധതി, എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം, ഹീമോഫീലിയ ബാധിച്ച കുട്ടികൾക്കുള്ള തലോലം പദ്ധതി തുടങ്ങിയ എത്രയെത്ര സാമൂഹിക പദ്ധതികളാണ് നിലച്ചുപോയത്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം ഫണ്ട്

ലഭിക്കാത്തതാണ് ഇത്തരം പദ്ധതികൾ നിലച്ചുപോകാൻ കാരണമെന്ന് ഇവ കൈകാര്യം ചെയ്യുന്ന വകുപ്പുദ്യോഗസ്ഥർ പറയുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളാണ് പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നതെന്ന് ധനകാര്യ വകുപ്പ് കുറ്റപ്പെടുത്തുന്നു. ഇതിന്റെ സത്യാവസ്ഥയെന്താണ്? സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്തതിലൂടെ പ്രധാന അധ്യാപകർക്ക് 130 കോടിയോളം രൂപ കൊടുക്കാനുണ്ട്. പല അധ്യാപകരും പലിശയ്ക്കെടുത്തും പണയം വച്ചുമാണ് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നത്. പാവങ്ങളായ അധ്യാപകർ എന്താണ് ചെയ്യേണ്ടത്? ഇതിനൊക്കെയുള്ള തുക കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. അല്ലാതെ കേന്ദ്രസർക്കാർ ഇങ്ങോട്ട് കൊണ്ട് തരില്ല. സംസ്ഥാന സർക്കാർ അവരോട് റിക്വസ്റ്റ് ചെയ്യണം; അത് നിങ്ങൾ ചെയ്തില്ല. എല്ലാ കാര്യങ്ങളിലും നിങ്ങൾ വളരെ പിന്നിലാണ്. ഓണക്കിറ്റ് വിതരണം പേരിന് മാത്രമാക്കി ചുരുക്കി. സപ്ലൈകോയിൽ സാധനങ്ങളില്ലെന്ന് ആരെങ്കിലും ബോർഡ് വച്ചാൽ ബോർഡ് വയ്ക്കുന്ന ആളിന് അപ്പോൾത്തന്നെ സസ്പെൻഷൻ. ഈയിനത്തിൽ 4 ലക്ഷം കോടി രൂപയാണ് സഞ്ചിതകടമായി നിൽക്കുന്നത്. ട്രഷറിയിൽനിന്ന് പണം പിൻവലിക്കുന്നതിനുള്ള നിയന്ത്രണം കാരണം 5 ലക്ഷത്തിന് മുകളിലുള്ള

ബില്ലുകൾ മാറുന്നില്ല. ഒരിടത്തുനിന്നും കടം കിട്ടാനില്ല. ഇങ്ങനെപോയാൽ സെക്രട്ടറിയേറ്റ് തന്നെ പണയം വയ്ക്കേണ്ടി വരും. ട്രഷറി നിക്ഷേപത്തിൽ നിന്നും അതായത്, പാവപ്പെട്ട തൊഴിലാളികൾ അംശദായം അടച്ച തുകയായ ക്ഷേമനിധികളിൽനിന്ന് ഇപ്പോൾ പണം കടമെടുക്കാൻ പോവുകയാണ്. സർക്കാരിന് ഇത് തിരിച്ചുകൊടുക്കാൻ കഴിയുമോ? കഴിഞ്ഞ രണ്ടര വർഷമായി ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്നില്ല. ഇപ്പോൾത്തന്നെ പതിനെട്ട് ശതമാനത്തിലധികം കുടിശ്ശികയായി. രാജ്യത്ത് ഏറ്റവുമധികം ക്ഷാമബത്ത കുടിശ്ശികയുള്ള സംസ്ഥാനമായി കേരളം മാറി. വിലക്കയറ്റം രൂക്ഷമായ സംസ്ഥാനത്ത് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുൾപ്പെടെയുള്ളവർ കടുത്ത പ്രയാസത്തിലാണ്. ഇത് ഒന്നോ, രണ്ടോ വർഷത്തെ സാമ്പത്തിക കെടുകാര്യസ്ഥതയുടെ കാര്യമല്ല. സർക്കാരിന്റെ ദൂർത്തിന്റെ ഫലമാണ് ജനങ്ങൾ ഇന്ന് അനുഭവിക്കുന്നത്. ദൂർത്തിന്റെ കാര്യങ്ങൾ പറയുകയാണെങ്കിൽ ധാരാളമുണ്ട്; ഡൽഹിയിലെ പ്രത്യേക പ്രതിനിധിയായി യുവജ നകമ്മീഷൻ ചെയർപേഴ്സൺ, അതുപോലെതന്നെ കോടികൾ മുടക്കി പുറത്തുനിന്ന് അഭിഭാഷകരെ കൊണ്ടുവരുന്നത്, മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിദേശയാത്രകൾ, കൃഷിയെപ്പറ്റി

പഠിക്കാൻ ഇസ്രായേലിൽ പോകുന്നത്, ഖാദി ബോർഡ് സാമ്പത്തിക പ്രതിസന്ധി, 32 ലക്ഷം രൂപയുടെ വലിയ കാർ എന്നിവയാണ്. അതുപോലെ, 80 ലക്ഷം രൂപയുടെ ഹെലികോപ്റ്റർ ഈ സമയത്ത് വാടയ്ക്കെടുക്കേണ്ടതുണ്ടോ; സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് മനസ്സിലാക്കേണ്ടേ? എനിക്കനുവദിച്ച സമയം അവസാനിക്കുന്നതിനാൽ കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എനിക്ക് സൂചിപ്പിക്കാനുള്ളത് "കോൺഗ്രസ് മുക്ത്ദ ഭാരത്" എന്ന് ബി.ജെ.പി പറയുന്നുണ്ട്. ഇവിടെ ജനങ്ങൾ പറയുന്നത് "നയാ സി.പി.എം. മുക്ത് ഭാരത്" എന്നാണ്. ജനങ്ങൾ പുതിയ സി.പി.ഐ.(എം)-നെ അംഗീകരിക്കുന്നില്ല. ഇവിടെ സി.പി.ഐ.(എം)-നെ ഇല്ലാതാക്കണമെന്ന് ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് എനിക്ക് വളരെ വലിയൊരപേക്ഷയുള്ളത്; പഴയ സി.പി.ഐ. (എം) - ആയി നിങ്ങൾ മാറണം. ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. എം. എ. ബേബി, ശ്രീ. കെ. സച്ചിദാനന്ദൻ തുടങ്ങിയ ബുദ്ധിജീവികളും ശ്രീ. ജോയ് മാത്യു, ശ്രീ. ജയസൂര്യ തുടങ്ങിയ ചലച്ചിത്ര താരങ്ങളും ചെറിയ രീതിയിലെങ്കിലും ഇത് തുറന്നുപറയാൻ തുടങ്ങിയത് മാറ്റത്തിന്റെ ലക്ഷണമായി ഞങ്ങൾ കാണുന്നു.

മാറിയാൽ നിങ്ങൾക്ക് നല്ലത്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, 2023-24-ലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി കൊല്ലാൻ ശ്രമിക്കുന്നതിനിടയിലാണ് ഈ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ കേരളത്തിനെതിരായി സാമ്പത്തിക ഉപരോധമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതത്തിൽ നാൽപ്പതിനായിരത്തോളം കോടി രൂപയുടെ കുറവാണ് വന്നിരിക്കുന്നത്. കേന്ദ്ര വിഹിതം 44 ശതമാനത്തിൽനിന്ന് 25 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. റവന്യൂ ഗ്രാന്റ് ഇനത്തിൽ 8400 കോടി രൂപയുടെയും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തിയതിന്റെ ഫലമായി പന്ത്രണ്ടായിരം കോടി രൂപയുടെയും കിഫ്ബി സോഷ്യൽ സെക്യൂരിറ്റി കടങ്ങളിലൂടെ 6000 കോടി രൂപയുടെയും പബ്ലിക് അക്കൗണ്ട്സിലുള്ള പണം പൊതുകടത്തിൽ ഉൾപ്പെടുത്തിയതിലൂടെ പന്ത്രണ്ടായിരം കോടി രൂപയുടെയും കുറവാണ് ഉണ്ടായിട്ടുള്ളത്.

പൊതുകടമെടുക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തുകയും ഉപരോധമേർപ്പെടുത്തുകയും ചെയ്യുമ്പോൾ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് മെച്ചപ്പെട്ട രീതിയിലുള്ള ഇടപെടലാണ് സർക്കാർ നടത്തിയിട്ടുള്ളത്. കേന്ദ്ര വിഹിതത്തിൽ നാൽപ്പതിനായിരം കോടി രൂപയുടെ കുറവ് വന്നപ്പോൾ കഴിഞ്ഞ രണ്ട് വർഷത്തിനകം 24000 കോടി രൂപയുടെ വരുമാന വർദ്ധനവുണ്ടാക്കാൻ സംസ്ഥാനത്തിന് സാധിച്ചു. 2020-21-ൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിൽ 44 ശതമാനം കേന്ദ്ര വിഹിതമായിരുന്നു. അത് 30 ശതമാനമായി കുറഞ്ഞു. മറ്റു സംസ്ഥാനങ്ങളിൽ ശരാശരി 50 ശതമാനം ലഭിക്കുമ്പോൾ കേരളത്തിൽ 30 ശതമാനം മാത്രമാണ് ലഭിക്കുന്നത്. കേന്ദ്രത്തിന്റെ കേരളത്തോടുള്ള ഈ അക്രമത്തിൽ ഇവിടത്തെ പ്രതിപക്ഷത്തിനോ എന്റെ സുഹൃത്തായ ശ്രീ. മഞ്ഞളാംകുഴി അലിക്കുപോലും യാതൊരു പ്രതിഷേധവുമില്ല. കേരളത്തിൽ പ്രതിപക്ഷം സ്വീകരിച്ച നടപടി തങ്ങളോടൊപ്പം നിൽക്കുന്ന ജനങ്ങൾക്കുകൂടി എതിരാണെന്ന് കാണാൻ നിങ്ങൾ തയ്യാറാണോ? ജനങ്ങൾ ദുരതത്തിലായാലും സംസ്ഥാന സർക്കാർ വിഷമിക്കുന്നത്

കാണാനാണ് നിങ്ങൾക്ക് ആഗ്രഹം; ഇതൊരു സാഡിസ്റ്റ് സ്വഭാവമാണ്. കേരളത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പ്രതിപക്ഷം തയ്യാറല്ല. വികസനകാര്യങ്ങളും കേന്ദ്ര അവഗണനയും ചർച്ച ചെയ്യാതെ സംസ്ഥാന സർക്കാരിനെ പ്രതിയാക്കാൻ മാത്രമാണ് പ്രതിപക്ഷം ആഗ്രഹിക്കുന്നത്.

കഴിഞ്ഞ നാല് വർഷമായി ഗവൺമെന്റ് വിളിച്ച ഒരു യോഗത്തിൽപോലും പങ്കെടുക്കാത്ത ഒരു എം.പി. നയിക്കുന്ന പ്രതിപക്ഷത്തുനിന്ന് മറ്റൊന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. പ്രതിസന്ധികൾക്കിടയിലും സംസ്ഥാനം പിടിച്ചുനിൽക്കുന്നത് വരുമാന വർദ്ധനവിലൂടെയാണെന്ന് ആഗോള ക്രെഡിറ്റ് റേറ്റ് ഏജൻസിയായ Hitech പോലും പറയുകയുണ്ടായി. കേരളത്തിന്റെ ധനദൃഢീകരണ പ്രവർത്തനങ്ങളെ അവലംബിച്ചിരിക്കുകയാണ് Hitech. സർക്കാർ ചെലവുകൾക്ക് ഗണ്യമായ വിഹിതം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഉത്തരവാദിത്തപരമായ ഇടംനൽകൽ, ബഡ്ജറ്റ് കമ്മി കൈകാര്യം ചെയ്യൽ എന്നിവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് Hitech റേറ്റിംഗ് നിശ്ചയിക്കുന്നത്. രാജ്യത്തിന്റെ ആഭ്യന്തര കടം, ആഭ്യന്തര ഉല്പാദനം എന്നിവയുടെ

വളർച്ചയിൽ നിർണ്ണായ പങ്ക് വഹിക്കുന്ന സംസ്ഥാനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. പ്രതിപക്ഷം ഇതൊന്നും കാണുന്നില്ല. അവർക്ക് സംസ്ഥാന സർക്കാരിനോട് അന്ധമായ വിരോധം മാത്രമാണുള്ളത്.

കേരളജനത ഓണം നന്നായി ആഘോഷിച്ചതിനുശേഷമാണ് ഈ സഭ ചേരുന്നത്. സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും ഓണം നന്നായി ആഘോഷിക്കാൻ സംസ്ഥാന സർക്കാർ ഖജനാവിൽനിന്ന് 18000 കോടി രൂപയാണ് കൊടുത്തതെന്നുള്ള കാര്യം പ്രതിപക്ഷം കാണണം. 64 ലക്ഷം പേർക്ക് ക്ഷേമപെൻഷനും 6 ലക്ഷം കുടുംബങ്ങൾക്ക് ഓണക്കിറ്റും നൽകാൻ സാധിച്ചു. വിലക്കയറ്റം പിടിച്ചുനിർത്താൻ കൺസ്യൂമർഫെഡും സിവിൽസപ്ലൈസ് കോർപ്പറേഷനും നടത്തിയ ഇടപെടൽ പ്രതിപക്ഷത്തിന് സഹിക്കാൻ കഴിയുന്നില്ല. ഓണക്കാലത്ത് കേരള ജനത ദുരിതം അനുഭവിക്കുമെന്നും അതുകണ്ട് ആനന്ദസ്മൃതിയിൽ ആറാടാമെന്നുമാണ് പ്രതിപക്ഷം അന്ന് സ്വപ്നം കണ്ടത്. ആ രൂപത്തിലൊക്കെ അന്ന് പത്രവാർത്തയും വന്നതാണ്. ഈയൊരു സാഡിസ്റ്റ് സ്വഭാവത്തിനുള്ള മരുന്ന് എന്താണെന്നുള്ളത് അറിയില്ല.

ആർ.ബി.ഐ കണക്കുപ്രകാരം രാജ്യത്തിൽ വിലക്കയറ്റം ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. അതിനുകാരണം പൊതുവിതരണ ശൃംഖലയിലെ ഇടപെടലാണ്. കേന്ദ്രസർക്കാർ വിലക്കയറ്റം തടയാൻ ഒരുകാര്യവും ചെയ്യുന്നില്ലെന്നുമാത്രമല്ല ഭക്ഷ്യ സംഭരണ-വിതരണ മേഖലകളെ കോർപ്പറേറ്റുകൾക്ക് ഏൽപ്പിച്ചുകൊടുത്തിരിക്കുകയുമാണ്. ഭക്ഷ്യധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ തുടങ്ങിവയുടെ വിതരണശൃംഖല കൈകാര്യം ചെയ്യുന്നതും കോർപ്പറേറ്റുകളാണ്. പഴവർഗ്ഗങ്ങൾ, മുട്ട, മാംസം, പച്ചക്കറി എന്നീ മേഖലകളിലും റീട്ടെയിൽ മേഖലയിലും കോർപ്പറേറ്റുകൾ പിടിമുറുക്കിയിരിക്കുകയാണ്. ഇവരാണ് ഓണക്കാലത്ത് വറ്റൽമുളകിനും പയറുവർഗ്ഗങ്ങൾക്കും ക്രമാധീതമായി വില വർദ്ധിപ്പിച്ചത്. ഈ നയത്തിന് തുടക്കം കുറിച്ചതിന് ഉത്തരവാദി ആരാണ്. കോൺഗ്രസല്ലേ; വരം കൊടുത്തവർ ഖേദം പ്രകടിപ്പിക്കാതെ ഇവിടെ വന്ന് വിലപിക്കുകയാണ്. ഇപ്പോഴത്തെ ഭരണകർത്താക്കളായ ബി.ജെ.പി.-യെപ്പറ്റി ഒരക്ഷരം പറയാൻ അവർ തയ്യാറല്ല. ഓണക്കാലത്ത് വിപണയിൽ വലിയ രീതിയിൽ ഇടപെടൽ നടത്തിയ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ഹോർട്ടികോർപ്പ്, കൺസ്യൂമർഫെഡ് തുടങ്ങിയവയുടെ പ്രവർത്തനം

ഫലത്തിൽ നേട്ടങ്ങളുണ്ടാക്കിയെന്ന് മാത്രമല്ല, അതിന്റെയൊക്കെ ഗുണഫലമനുഭവിച്ച യു.ഡി.എഫ്.പാർട്ടിയിലുൾപ്പെടെയുള്ള സാധാരണക്കാരുടെ മുഖത്തുനോക്കിയാണ് കേരളത്തിൽ വിലക്കയറ്റമാണെന്ന് അവർ പറയുന്നത്. പാവപ്പെട്ട കുട്ടികളുടെ ഉച്ചക്കഞ്ഞിയിൽ പൂഴി വാരിയിട്ട കേന്ദ്ര സർക്കാരിനെതിരായി ഒരക്ഷരം മിണ്ടാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. സംസ്ഥാന സർക്കാരിനെ എതിർക്കാനുള്ള വടിയായി അവർ ഇതിനെയും കാണുകയാണ്. ഉച്ചക്കഞ്ഞിവിതരണവും ആനുകൂല്യങ്ങളും നിർത്തലാക്കാൻ കേരള സംസ്ഥാനം തയ്യാറല്ലെന്ന് അസന്നിഗ്ധമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്.

ഈ സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയെ അട്ടിമറിക്കുകയാണെന്ന് പറയുന്ന പ്രതിപക്ഷം പഴയ കാര്യങ്ങൾ മറക്കരുത്. കേരളത്തിലെ ജനത ഓർത്തല്ല. ആരാണ് പൊതുവിദ്യാഭ്യാസ മേഖലയെ തകർത്തത്; നഷ്ടത്തിന്റെ പേരിൽ ഡസൻ കണക്കിന് എൽ.പി./യു.പി. സ്കൂളുകൾ പൂട്ടാൻ നിശ്ചയിച്ചത് ആരാണ്? അന്ന് പൂട്ടാൻ നിശ്ചയിച്ച സ്കൂളുകൾ പ്രതിപക്ഷ മണ്ഡലങ്ങളിൽപ്പോലും ഇന്ന് മികവിന്റെ കേന്ദ്രങ്ങളായി തലയുയർത്തി

നിൽക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമല്ല, പൊതു വ്യവസായ സ്ഥാപനങ്ങളും പൂട്ടാൻ തീരുമാനിച്ചില്ലേ? ചൗധരി കമ്മീഷൻ റിപ്പോർട്ട് ഓർമ്മപ്പെടുത്തണോ? എന്നിട്ട് ഇവിടെ വന്ന് പുരപ്പുറത്ത് കയറി പ്രസംഗിക്കുകയാണ്. കള്ളപ്രചാരവേല ഇവരുടെ ജന്മസിദ്ധമായ കഴിവാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ഇവരുടെ കള്ളപ്രചാരവേലയെക്കുറിച്ച് പറഞ്ഞു. ഇവരിൽനിന്ന് മറ്റൊന്നും പ്രതീക്ഷിക്കേണ്ടതില്ല. ഇവിടത്തെ പ്രതിപക്ഷത്തിന് എൽ.ഡി.എഫ്. വിരോധവും മാർക്സിസ്റ്റ് വിരുദ്ധതയും മാത്രമാണ് കൈമുതലായുള്ളത്. കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരായി രാഷ്ട്രീയം ശക്തമായി ഉയർത്താൻ നിങ്ങൾ തയ്യാറുണ്ടോ? പുതുപ്പള്ളിയിൽ ഞങ്ങൾ പറഞ്ഞത് അതുതന്നെയാണ് നടന്നത്. അവിടത്തെ വികസനകാര്യങ്ങൾ ചർച്ച ചെയ്യാൻ നിങ്ങൾ തയ്യാറാണോ? പുതുപ്പള്ളിയിൽ എൽ.ഡി.എഫ്.-ന് ഒരു വോട്ടും കുറഞ്ഞിട്ടില്ല. എന്തുകൊണ്ട് രാഷ്ട്രീയം ചർച്ച ചെയ്യാൻ നിങ്ങൾ തയ്യാറായില്ലെന്ന പ്രസക്തമായ ചോദ്യത്തിന് ഉത്തരം പാപ്പരത്തമാണ് നിങ്ങളുടെ രാഷ്ട്രീയം എന്നതുതന്നെയാണ്. നിങ്ങൾക്ക് വടക്കേ ഇന്ത്യയിൽ ഒരു നയവും കേരളത്തിൽ മറ്റൊരു നയവുമല്ലേ. ഉദാഹരണമായി, നിങ്ങളുടെ സമുന്നത

നേതാവായ ശ്രീ. കമൽനാഥ് റായ്പൂരിൽ ഒരു പൊതുപരിപാടിയിൽ പങ്കെടുത്തത് ധീരേന്ദ്ര കൃഷ്ണശാസ്ത്രി എന്ന ഒരു ഹിന്ദു ആചാര്യനോടൊപ്പമാണ്. അദ്ദേഹം ആരാണെന്ന് അറിയാമല്ലോ? അദ്ദേഹം പറഞ്ഞ ഒരു വാചകം ഇവിടെ വായിക്കാം - 'addressing his followers the preacher said that; "India was already a Hindu nation and its announcement would be made soon." ഇങ്ങനെ പറഞ്ഞ ആളെ കെട്ടിപ്പിടിച്ചുകൊണ്ട് ശ്രീ. കമൽനാഥ് നിൽക്കുന്ന ഫോട്ടോയാണ് 'ദ ഹിന്ദു' പത്രം പ്രസിദ്ധീകരിച്ചത്; ഇതാണ് നിങ്ങളുടെ നയം. ഈ നയവുമായി നിങ്ങൾക്ക് മുന്നോട്ട് പോകാൻ കഴിയുമോ; നിങ്ങൾക്ക് മതനിരപേക്ഷതയെപ്പറ്റി പ്രസംഗിക്കാൻ കഴിയുന്നത് എങ്ങനെയാണ്? ഈ വർഗ്ഗീയവാദികളുമായി കൂട്ടുചേർന്ന് വടക്കേ ഇന്ത്യയിൽ പ്രചരണം നടത്തുകയും ഇവിടെ വന്ന് മറ്റൊന്ന് പറയുകയെന്നതാണ് നിങ്ങളുടെ നയം. ഇതേ നയംതന്നെയാണ് നിങ്ങൾ സാമ്പത്തികമേഖലയിലും സ്വീകരിച്ചിരിക്കുന്നത്. ഈ നയം തിരുത്താതെ നിങ്ങൾക്ക് മുന്നോട്ട് പോകാൻ സാധിക്കില്ല. അങ്ങനെ ചെയ്തില്ലെങ്കിൽ നിങ്ങൾ നശിച്ചുപോകും. ഇവിടെ കോൺഗ്രസിനെക്കുറിച്ചും പുതുപ്പള്ളിയിലെ നേട്ടം സംബന്ധിച്ചും പറഞ്ഞു. മലമ്പുഴ മണ്ഡലത്തിലോ ഇടക്കാട്

മണ്ഡലത്തിലോ മത്സരിച്ച് ജയിച്ചതുപോലെയാണ് ഇവിടെ സംസാരിക്കുന്നത്. നിങ്ങളുടെ മണ്ഡലമായ പുതുപ്പള്ളിയിൽ നിങ്ങൾ ജയിച്ചുവെന്നത് ശരിയാണ്. നിങ്ങളവിടെ ജയിക്കുന്നതിന് പ്രധാനമായും ഉപയോഗിച്ച ആയുധമെന്താണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഉമ്മൻചാണ്ടിയുടെ മഹത്വവും അദ്ദേഹത്തിന്റെ വേർപാടിലുള്ള ദുഃഖവും മറ്റും പ്രചരിപ്പിച്ച് അവിടെ വോട്ട് നേടിയിട്ടുണ്ടാകാം. രാഷ്ട്രീയ ചർച്ചയ്ക്ക് നിങ്ങൾ തയ്യാറാകാത്തത് അതുകൊണ്ടുതന്നെയാണ്. ഈ നയം തിരുത്താൻ തയ്യാറാകണം. നിങ്ങൾ മൃദുഹിന്ദുത്വ സമീപനം അവസാനിപ്പിക്കാൻ തയ്യാറാകണം. എനിക്ക് മുസ്ലീം ലീഗിനോട് ഒരു കാര്യം മാത്രമേ പറയാനുള്ളൂ; "എള്ളുണങ്ങുന്നത് എണ്ണയ്ക്കാണ്; കുറുഞ്ചാത്തനുണങ്ങുന്നത് എന്തിനാണ്" എന്ന് നിങ്ങൾ ആലോചിക്കണം ശ്രീ. കമൽനാഥിനോടൊപ്പം നിൽക്കുന്ന തീവ്രഹിന്ദുത്വവാദിയുടെ ഫോട്ടോ മുസ്ലീം ലീഗ് ഇടയ്ക്കിടയ്ക്ക് നോക്കണം. ഇതാണ് കോൺഗ്രസ്; ഈ നയം തിരുത്താതെ നിങ്ങൾക്ക് രക്ഷയില്ല. ഈ സാമ്പത്തികനയവും മൃദുഹിന്ദുത്വവാദവും നിങ്ങൾ തിരുത്തണം. നിങ്ങൾ ജനങ്ങൾക്കൊപ്പം

നിൽക്കണമെന്നും അന്ധമായ ഇടതുപക്ഷ വിരോധം ഉപേക്ഷിക്കണമെന്നും സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച പ്രതിപക്ഷത്തെ പ്രമുഖരായ രണ്ട് എം.എൽ.എ.-മാരുടെ പ്രസംഗത്തിൽ ശ്രദ്ധിച്ച ഒരു കാര്യം, കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ധനകാര്യ നയങ്ങൾക്കെതിരെ എന്തെങ്കിലും സംസാരിക്കുമോ എന്നതാണ്; അങ്ങനെയുണ്ടായില്ല. എനിക്കുശേഷം സംസാരിക്കുന്നത് ബഹുമാന്യനായ അംഗം മോൻസ് ജോസഫാണ്. കേരള കോൺഗ്രസ് പാർട്ടി രണ്ടായി പിരിഞ്ഞെങ്കിലും ഞങ്ങൾ എക്കാലത്തും ഉയർത്തുന്ന ഒരു പ്രധാനപ്പെട്ട മുദ്രാവാക്യം, സംസ്ഥാനങ്ങളുടെ സാമ്പത്തിക അടിത്തറ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ 'ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും' എന്ന നിലപാടാണ്. ആ നിലപാടുകളിൽനിന്ന് പുറകിലേയ്ക്ക് പോയോ എന്നുള്ള കാര്യം അദ്ദേഹം സംസാരിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും. വളരെ പ്രധാനപ്പെട്ട വകുപ്പുകളുമായി ബന്ധപ്പെട്ട ഉപധനാഭ്യർത്ഥനകളാണ് ഇന്നിവിടെ ചർച്ച ചെയ്യപ്പെടുന്നത്. ഇവിടെ കഴിഞ്ഞ കാലങ്ങളിൽ ഈ

വകുപ്പുകൾ ചെയ്ത മികച്ച സേവനങ്ങൾ നമുക്കൊരിക്കലും കാണാതിരിക്കാൻ കഴിയില്ല. ഇത്തരത്തിൽ മികച്ച സേവനങ്ങൾ ചെയ്യുമ്പോഴുമുള്ള പ്രധാനപ്പെട്ട വിഷയം, കേന്ദ്ര ഗവൺമെന്റിന്റെ നയത്തെക്കുറിച്ച് ആരും ഒന്നും പറയുന്നില്ലെന്നതാണ്. കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ കുറച്ചു കാലങ്ങളായി സ്വീകരിക്കുന്ന നിലപാടുകളെപ്പറ്റി പറയാൻ ആരും തയ്യാറാകുന്നില്ല. ഇവിടെ 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന രീതിയിലേയ്ക്ക് വരികയാണ്. ഇങ്ങനെ വികേന്ദ്രീകൃത പ്രക്രിയയിൽനിന്ന് കേന്ദ്രീകൃത സ്വഭാവത്തിലേയ്ക്ക് വരുന്നത് അപകടകരമായ ഒരവസ്ഥയാണ്. ഇത്തരത്തിൽ ഫെഡറൽ സംവിധാനത്തെത്തന്നെ അട്ടിമറിക്കുന്ന നിലപാടുകളുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ നിലപാടെന്താണ് എന്നറിയുന്നത് സന്തോഷമുള്ള ഒരു കാര്യമാണ്. ഇന്ത്യയിലെ പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം, പ്രാദേശിക വിഷയങ്ങൾ ഉയർത്തിക്കാണിക്കുന്ന കാര്യത്തിൽ കേരളം പോലുള്ള സംസ്ഥാനത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എക്കാലത്തും മുൻപന്തിയിൽ നിന്നിട്ടുണ്ട്. 1964-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ പിളർപ്പുണ്ടായശേഷം പിന്നീടുള്ള എല്ലാ കാലഘട്ടങ്ങളിലും പല

സംസ്ഥാനങ്ങളിലും കോൺഗ്രസ് പല ഘടകങ്ങളായി വിട്ടുമാറി. അവിടെയൊക്കെ പ്രാദേശിക വിഷയങ്ങൾ ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയം മുന്നോട്ടുവയ്ക്കുമ്പോൾ, ഇത്തരം വിഷയങ്ങൾ ഉയർത്തിപ്പിടിക്കാൻ പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് കഴിയാതെ പോകുമോയെന്നുള്ള ഒരു ആശങ്ക ഈ വിഷയത്തിൽ പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. അക്കാര്യത്തിൽ എന്താണ് നിലപാട് എന്നുള്ളത് അദ്ദേഹവും അതിനുശേഷം സംസാരിക്കുന്നവരും വ്യക്തമാക്കട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തിന്റെ പൊതുധനകാര്യ സ്ഥിതിയിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകൾ ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തതാണ്. സംസ്ഥാനത്തിന്റെ വായ്പാ പരിധി കുറേക്കാലമായി വെട്ടിക്കുറയ്ക്കുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം ഇതിലുണ്ട്. രാജ്യത്തെ ചെലവിന്റെ വലിയൊരു ഭാഗം അതായത്, ഏകദേശം 63 ശതമാനവും വഹിക്കുന്നത് സംസ്ഥാനങ്ങളാണ്. എന്നാൽ വരുമാനത്തിന്റെ വലിയൊരു പങ്ക് കേന്ദ്രമാണ് കൊണ്ടുപോകുന്നത്. ഈ രീതിയിലുള്ള അന്തരം ഒരു ഫെഡറൽ

സംവിധാനത്തിൽ ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തതാണ്. അടുത്ത വിഷയം കേന്ദ്ര പൂളിൽനിന്ന് ലഭിക്കേണ്ട പണം സംബന്ധിച്ചുള്ളതാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നയമെന്താണ്? കേന്ദ്ര ഗവൺമെന്റ് നികുതി ഈടാക്കുന്നില്ല, എല്ലാം സെസിലേയ്ക്ക് കൊണ്ടുവരികയാണ്. ഒരിക്കലും കേന്ദ്ര പൂളിൽനിന്ന് കൈമാറേണ്ട കാര്യമില്ല എന്നതാണ് സെസിന്റെ ഏറ്റവും വലിയ ഗുണം. ഈ രീതിയിലുള്ള ഒരു സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിനിടയിലാണ് ക്ഷേമപെൻഷനുകളുടെ കാര്യം വരുന്നത്. 1600 രൂപയാണ് ക്ഷേമപെൻഷനായി നൽകുന്നത്. ആരോഗ്യ രംഗത്തെ കാര്യങ്ങളെപ്പറ്റി ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ആരോഗ്യ സുരക്ഷ പദ്ധതികളുൾപ്പെടെ ഒട്ടനവധി പദ്ധതികൾ കേരളം നടപ്പാക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന് രണ്ട് ഉദ്ദേശമാണുള്ളത്; നേരത്തെ കടത്തിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിൽ രണ്ട് പ്രധാനപ്പെട്ട ഇനങ്ങൾ മാത്രമേ കണക്കാക്കുമായിരുന്നുള്ളൂ. ഓഫ് ബഡ്ജറ്റ് ഒരിക്കലും അതിന്റെ ഭാഗമല്ലായിരുന്നു. ഇപ്പോൾ സ്വീകരിക്കുന്ന നിലപാട് ഓഫ് ബഡ്ജറ്റിൽനിന്നെടുക്കുന്ന പണം, കിഫ്ബി ഉൾപ്പെടെയുള്ള സംവിധാനത്തെ തകർക്കണമെന്നതാണ്. രണ്ടാമത്തെ കാര്യം, സംസ്ഥാന

ഗവൺമെന്റ് പെൻഷൻ കൊടുക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതികൾ, ക്ഷേമ പെൻഷനുകൾക്ക് കൊടുക്കുന്ന പണവും രണ്ടാമത്തെ ഘട്ടത്തിൽ കട്ട് ചെയ്യുകയാണവർ. ഈ രണ്ട് ഘടകങ്ങൾ ഇല്ലാതാക്കുകയെന്നുള്ള ബോധപൂർവമായ ശ്രമമാണ് നടക്കുന്നത്. ഇക്കാര്യത്തിൽ രാഷ്ട്രീയത്തിനപ്പുറത്തേയ്ക്ക് കാര്യങ്ങളെ കാണാനും ഒരുമിച്ച് നിൽക്കാനും പ്രതിപക്ഷംകൂടി തയ്യാറാകണമെന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയം. കാരണം, പൊതുവിൽ നമ്മളെ ബാധിക്കുന്ന ഒരു വിഷയമാണിത്. ഇന്ന് ഭരിക്കുന്നോ നാളെ ഭരിക്കുന്നോ എന്നുള്ളതല്ല, ഭരണത്തിനപ്പുറത്തേയ്ക്ക് കാര്യങ്ങൾ കാണണം. വർഷങ്ങളായി സംസ്ഥാന ഗവൺമെന്റുകൾ ഓരോ കാലത്തും കൊടുത്തുവരുന്ന ക്ഷേമപെൻഷനുകൾ ഇല്ലാതാകുന്ന അവസ്ഥയാണുള്ളത്. അൻപതിനായിരം കോടി രൂപയിൽ ആരംഭിച്ച കിഫ്ബി പ്രോജക്റ്റുകൾ ഇപ്പോൾ എൺപതിനായിരം കോടി രൂപയിലേയ്ക്കെത്തിയിരിക്കുന്നു. അതിന്റെ ഗുണപരമായ നേട്ടങ്ങളുണ്ടാകേണ്ടതുണ്ട്. ഇന്നൊരു പാലം പണിതാൽ വരുന്ന ചെലവിനേക്കാൾ എത്രയോ കൂടുതലാണ് പതിനഞ്ച് വർഷം കഴിഞ്ഞ് പാലം പണിയുമ്പോഴുണ്ടാകുന്നത്. അതുകൊണ്ട് ആ ഇൻവെസ്റ്റ്മെന്റ് ഒരിക്കലും

നഷ്ടമാണെന്ന് കണക്കാക്കാൻ കഴിയില്ല. ഹറോഡ് ഡോമർ എന്ന പ്രശസ്തരായ ശാസ്ത്രജ്ഞരാണ് പൊതുകടത്തെക്കുറിച്ചുള്ള ഏറ്റവും പ്രധാനമായ കണ്ടെത്തൽ നടത്തിയത്. സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ വർദ്ധനവിനനുസരിച്ച് അതിനാനുപാതികമായി വരുമ്പോൾ കടമെന്നത് ഒരു പ്രധാനപ്പെട്ട വിഷയമല്ല എന്നതാണ് അദ്ദേഹം പറയുന്ന ഒരു കാര്യം. പലപ്പോഴും സംസ്ഥാനം വലിയ കടക്കെണിയിലാണ് എന്ന് പറയുമ്പോൾ, അടിസ്ഥാനപരമായി കേന്ദ്ര ഗവൺമെന്റ് ഇത്തരം നയങ്ങൾ... അതായത്, പരമ്പരാഗതമായ ചില സാമ്പത്തിക നയങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും പിന്തുടരുന്നത്. ആ നയങ്ങളോടുള്ള സമീപനമാണോ പ്രതിപക്ഷത്തിന് ഇക്കാര്യത്തിലുള്ളത് എന്നുള്ള വിവരം കൃത്യമായി അവർ ഇവിടെ വ്യക്തമാക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഒരു കാര്യംകൂടി പറയാതിരിക്കാൻ കഴിയില്ല. ഈ പ്രതിസന്ധികൾക്കിടയിൽ നിൽക്കുമ്പോഴാണ് കേന്ദ്ര സർക്കാർ റേഷൻ കൊടുത്തതിന്റെ കണക്കുപോലും ചോദിച്ചുവെന്നുള്ളതാണ് ഏറ്റവും കഷ്ടമായ കാര്യം. അതിന്റെ പേരിൽ സംസ്ഥാനത്തിന് കിട്ടേണ്ട വിഹിതം, ജി.എസ്.ടി.-യിൽനിന്ന് ലഭിക്കേണ്ട കോമ്പൻസേഷൻ ഉൾപ്പെടെയുള്ള

കാര്യങ്ങൾ വെട്ടിക്കുറയ്ക്കാനും പിടിച്ചുവയ്ക്കാനും തയ്യാറായി. ഇത്തരം സമീപനങ്ങൾ ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. കേരളത്തിന്റെ പൊതുവികസനവുമായി ബന്ധപ്പെട്ട് ഈ പറഞ്ഞ മേഖലകളിലെല്ലാം ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ആ പ്രവർത്തനങ്ങളുമായി വളരെ ക്രിയാത്മകമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുമ്പോൾ തീർച്ചയായും അവയെ ഒരിക്കൽക്കൂടി ഊർജ്ജസ്വലമായി കണ്ടുകൊണ്ട് കൂടുതൽ പിന്തുണ നൽകുകയെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. കേന്ദ്ര ഗവൺമെന്റ് നയങ്ങളെ ഇക്കാര്യത്തിൽ വളരെ വ്യക്തമായി എതിർക്കുന്നു. ധനകാര്യ മാനേജ്മെന്റിൽ വളരെ കൃത്യമായ ഇടപെടൽ നടത്തിക്കൊണ്ടാണ് സംസ്ഥാന ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ മുന്നോട്ടുപോകുന്നത്. പരിമിതികൾ തീർച്ചയായുമുണ്ട്, ഇല്ലെന്നുപറയുന്നില്ല. ആ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് ഏതെങ്കിലുമൊരു കാര്യത്തിൽ കുറവ് വരുത്താൻ തയ്യാറാകുന്നില്ല. ഏതെങ്കിലും എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ പൊതുവായ വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ കുറവ് വന്നതായി മനസ്സിലാക്കാൻ കഴിയുന്നില്ല. അത്തരത്തിൽ നല്ല ധനകാര്യ മാനേജ്മെന്റാണ് കേരളത്തിൽ ഇപ്പോഴുള്ളത് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട്, ഒരിക്കൽക്കൂടി ഈ

ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിന്റെ വിജയംതന്നെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ജനദ്രോഹ ഭരണത്തിനെതിരെയുള്ള കേരള ജനതയുടെ ശക്തമായ പ്രതിഷേധ പ്രകടനമായിരുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ ഭരണപക്ഷ മുന്നണിയിൽനിന്നും സംസാരിച്ച ബഹുമാനപ്പെട്ട നേതാക്കളെല്ലാം ഉമ്മൻചാണ്ടി സാറിനെ അനുസ്മരിച്ചുവെന്നുള്ളത് നിങ്ങൾ ചെയ്ത നന്മയായി ഞാൻ കരുതുകയാണ്. പക്ഷെ പുതുപ്പള്ളിയിൽ നിങ്ങൾ അതല്ല പറഞ്ഞത്. അവിടെ ഒരു സഹതാപ തരംഗവുമില്ല, മൂന്ന് തവണ തോറ്റുപോയതുകൊണ്ട് ശ്രീ. ജെയ്ക്ക് സി. തോമസിനോടാണ് സഹതാപം, ആ സഹതാപം വോട്ടാകുമെന്നാണ് നിങ്ങൾ എല്ലായിടത്തും പ്രസംഗിച്ചത്, പക്ഷെ ഇപ്പോൾ അത് തിരുത്തിപ്പറഞ്ഞതിൽ നിങ്ങളോട് പ്രത്യേകം നന്ദിയുണ്ട്. പ്രിയപ്പെട്ട ഉമ്മൻചാണ്ടി സാറിനോടുള്ള ആദരവാണ് പുതുപ്പള്ളിയിലെ ജനങ്ങൾ പ്രകടിപ്പിച്ചത് എന്ന ഒന്നാമത്തെ കാര്യം ഞങ്ങൾ അംഗീകരിക്കുന്നു.

വിജയശ്രീലാളിതനായ പ്രിയപ്പെട്ട ചാണ്ടി ഉമ്മനെ പ്രത്യേകമായി ഞാനും ഈ അവസരത്തിൽ അനുമോദിക്കുന്നു. അദ്ദേഹത്തിന് എല്ലാവിധ നന്മകളും നേരുകയാണ്. രണ്ടാമത്തെ കാര്യം, സി.പി.ഐ.(എം) പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി, എൽ.ഡി.എഫ്.-ന്റെ സമുന്നത നേതാവ് എന്നീ നിലകളിലുള്ള ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പുതുപ്പള്ളിയിൽ വന്നുപറഞ്ഞത് സംസ്ഥാന ഗവൺമെന്റിനെ വിലയിരുത്താനുള്ള തെരഞ്ഞെടുപ്പാണ് പുതുപ്പള്ളിയിൽ നടക്കാൻ പോകുന്നത് എന്നാണ്. ഞങ്ങൾക്ക് അദ്ദേഹം പറഞ്ഞത് കേൾക്കാതിരിക്കാൻ സാധിക്കുമോ, പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനടക്കം എല്ലാ പ്രതിപക്ഷ നേതാക്കളും അതിനെ സ്വാഗതം ചെയ്തു. നേരത്തെ തൃക്കാക്കരയിൽ വിലയിരുത്തിയതുപോലെ ജനങ്ങൾ വിലയിരുത്തട്ടെ എന്നുപറഞ്ഞു. തൃക്കാക്കരയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും എം.എൽ.എ.മാരും മുഴുവൻ ക്യാമ്പ് ചെയ്ത് വർക്ക് ചെയ്തിരുന്നു. പുതുപ്പള്ളിയിൽ ക്യാമ്പ് ചെയ്യുന്നത് ഒഴിവാക്കി എല്ലാവരും വർക്ക് ചെയ്തു. രണ്ടിടത്തും ശക്തമായ തിരിച്ചടിയാണ് നേരിട്ടത്. കേരള ജനതയുടെ വികാരമെന്താണെന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് കണ്ണുതുറന്ന് കാണണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്.

യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചുകൊണ്ട് ഇനിയും മുന്നോട്ടുപോകാൻ ശ്രമിച്ചാൽ തീർച്ചയായും ഇതിനേക്കാൾ വലിയ തിരിച്ചടി കേരള ജനത എൽ.ഡി.എഫ്.-ന് നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് തെറ്റുതിരുത്താനുള്ള നയങ്ങൾ സ്വീകരിക്കേണ്ടതുണ്ട്, ജനങ്ങളാകെ വിഷമിക്കുകയാണ്. പുതുപ്പള്ളി ബൂത്തുകളിൽ ചെന്ന എൽ.ഡി.എഫ്.-ലും യു.ഡി.എഫ്.-ലുംപ്പെട്ടവർക്കറിയാം, ഈ ഗവൺമെന്റ് ആനുകൂല്യങ്ങളും സഹായങ്ങളും നൽകേണ്ട സമയത്ത് അത് ചെയ്യാൻ തയ്യാറാകുന്നതിനുപകരം ഉപദ്രവിക്കാവുന്നതിന്റെ പരമാവധി ഉപദ്രവിക്കുകയാണെന്ന് ജനങ്ങൾ ഒരുപോലെ പറയുകയാണ്. സംസ്ഥാനത്ത് ഏതെങ്കിലും സാധനത്തിന് വില കൂട്ടാനുണ്ടോ? ഇപ്പോൾ ഉപധനാഭ്യർത്ഥന വരികയാണ്, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ ബജറ്റിലൂടെ 5,000 കോടി രൂപയാണ് പാവങ്ങളുടെ പോക്കറ്റടിച്ച് ഞെക്കിപ്പിഴിഞ്ഞത് എന്നുപറഞ്ഞാൽ ഒരു ഗവൺമെന്റ് ജനങ്ങളെ എന്തുമാത്രം ഉപദ്രവിക്കുന്നുവെന്ന് കാണാൻ സാധിക്കും. എല്ലാ സാധനങ്ങൾക്കും വിലകൂട്ടി. നെൽകർഷകന്റെ അവസ്ഥയെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു, സാമ്പത്തിക വിദഗ്ദ്ധൻ കൂടിയായ ഡോ. എൻ. ജയരാജ്

ഇത്തരം വിഷയങ്ങൾ പറയുന്നത് സ്വാഗതാർഹമായ കാര്യമാണ്. അദ്ദേഹം പറഞ്ഞ ഒരു കാര്യത്തിൽ ഞാൻ യോജിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കേരള കോൺഗ്രസ്സ് കർഷകന്റെ പാർട്ടി എന്നാണല്ലോ വയ്പ്. ഫെർട്ടിലൈസറിന്റെ സബ്സിഡി 2022-23-ൽ രണ്ട് ലക്ഷത്തി ഇരുപത്തയ്യായിരം കോടി രൂപയായിരുന്നത് ഇപ്പോൾ ഒരു ലക്ഷത്തി എഴുപതിനായിരം കോടി രൂപയാണ്. അൻപതിനായിരം കോടി രൂപ കമ്മിയാക്കിയതിനെക്കുറിച്ച് ശ്രീ. മോൻസ് ജോസഫ് ഒരക്ഷരം മിണ്ടിയില്ലല്ലോ; ഒരു കാര്യംകൂടി പറയട്ടെ, ഇന്തോ-പസഫിക് വ്യാപാര കരാർ സംബന്ധിച്ച് ഇപ്പോൾ ചർച്ച നടക്കുകയാണ്, ആ കരാറിൽ രണ്ടാഴ്ചക്കകം ഒപ്പുവയ്ക്കും. അപ്പോൾ എന്താകും സ്ഥിതി? ഇന്തോനേഷ്യയിൽനിന്നും നാളികേരം വരും, വിയറ്റ്നാമിൽനിന്നും കുരുമുളക് വരും, ഇതൊക്കെ സംഭവിക്കാൻ പോകുകയാണ്. ഒരെതിർപ്പും നിങ്ങളാരും പറയുന്നത് കേട്ടില്ല. അതുകൊണ്ടാണ് ചോദിച്ചത്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞത് ഞാൻ തിരുത്തുകയാണ്, അദ്ദേഹം പറഞ്ഞ ഇന്തോ-പസഫിക് വ്യാപാര കരാർ വരുന്നതിന്റെ ഭാഗമായി ആദ്യത്തെ ശ്രദ്ധക്ഷണിക്കൽ

പ്രമേയം കേരള കോൺഗ്രസിന്റെ പ്രതിനിധി എന്ന നിലയിൽ ഈ നിയമസഭയിൽ കൊണ്ടുവന്നത് ഞാൻ തന്നെയാണ്. സമയപരിമിതികൊണ്ട് അതെല്ലാം പറയാൻ കഴിയാത്തതാണ്. രണ്ടാമത്തെ കാര്യം, ബഹുമാനപ്പെട്ട മന്ത്രി സബ്സിഡിയെക്കുറിച്ച് പറഞ്ഞു. കേരളത്തിലെ കർഷകരെ ദ്രോഹിക്കുന്നത് സബ്സിഡി വെട്ടിക്കുറച്ചുകൊണ്ട് മാത്രമല്ല, കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന പുതിയ നയങ്ങളടക്കം കേരളത്തിലെ കർഷകരെ മാത്രമല്ല, രാജ്യത്തെ മുഴുവൻ കർഷകരെയും പരിപൂർണ്ണമായും തകർക്കുന്നതാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഞങ്ങളത് പറയാൻ തയ്യാറാണ്. ഇവിടെ ആകെ അഞ്ച് മിനിറ്റ് സമയം മാത്രമേ അനുവദിച്ചിട്ടുള്ളൂ, പത്ത് മിനിറ്റ് ലഭിച്ചിരുന്നെങ്കിൽ പത്തുതവണ പറയും, സമയകുറവുള്ളതുകൊണ്ടാണ് പറയാത്തത്. ബഹുമാനപ്പെട്ട മന്ത്രിയോട് തിരിച്ച് ചോദിക്കട്ടെ, കേരളത്തിലെ കർഷകരെ ഇതുപോലെ സ്നേഹിക്കുന്ന, ഉത്തമനായ ഒരു കർഷകനും കർഷകസ്നേഹിയുമായിട്ടും അങ്ങ് ഭരണമുന്നണിയിലിരിക്കുമ്പോൾ പാലക്കാട് നെൽകർഷകനുപോലും ഈ ഗവൺമെന്റ് സമയത്ത് തുക നൽകിയില്ലെന്ന കാര്യമുണ്ട്. ഓണത്തിനുമുൻപ് കൊടുക്കുമെന്നുപറഞ്ഞു, കൊടുത്തില്ല. ഇന്നും പാലക്കാട്ടും തൃശ്ശൂരും

കോട്ടയത്തും നെൽകർഷകർ സമരം ചെയ്യുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ആദരവും ബഹുമാനവുമുണ്ട്, പക്ഷെ...,

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, താങ്ങുവിലയ്ക്കുള്ള സബ്സിഡിയിൽ മുപ്പത് ശതമാനം കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചു, അതിലുണ്ടായ സംസ്ഥാനത്തിന്റെ ബുദ്ധിമുട്ട് ഇപ്പോഴാണ് തരണം ചെയ്തത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഒരക്ഷരം പറയുന്നില്ലല്ലോ.

ശ്രീ. മോൻസ് ജോസഫ്: സർ, കേന്ദ്രം സബ്സിഡി വെട്ടിക്കുറച്ചതിനെതിരെ ശക്തമായ പ്രതിഷേധവുമായി പ്രതിപക്ഷം ഉറച്ചുനിൽക്കുകയാണ്, അക്കാര്യത്തിൽ ഒരു സംശയവുമില്ല. അക്കാര്യത്തിൽ വീണ്ടും അടിയന്തരപ്രമേയമോ യോജിച്ച പ്രമേയമോ എന്തിനും ഒറ്റക്കെട്ടായി നിൽക്കാൻ യു.ഡി.എഫ്. തയ്യാറാണെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ കേരള ഗവൺമെന്റ് നൽകാനുള്ള ആനുകൂല്യങ്ങൾ നൽകണ്ടേ? പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് ഉച്ചഭക്ഷണം ലഭിക്കുന്ന കാര്യത്തെക്കുറിച്ച് പറയുമ്പോൾ കേന്ദ്രം ഫണ്ട് നൽകുന്നില്ലെന്നാണ് പറയുന്നത്. ശരിയാണ്, നമ്മൾ ശക്തമായി അതിനെ എതിർക്കുന്നു. പക്ഷെ സംസ്ഥാന ഗവൺമെന്റ് നൽകാനുള്ള തുക നമ്മുടെ ഹെഡ്മാസ്റ്റർമാർക്ക് നൽകിയാൽ തൽക്കാലം

ഈ പ്രശ്നം പരിഹരിക്കാമല്ലോ? അത് ചെയ്യുന്നില്ലല്ലോ; രണ്ട്, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ നെൽകർഷകന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ കാര്യം പറയുന്നത് ശരിയാണ്, അതിനെ ഞങ്ങൾ ശക്തമായി എതിർക്കുകയാണ്. പക്ഷെ സംസ്ഥാന ഗവൺമെന്റ് നെൽകർഷകന് നൽകാനുള്ള തുക നൽകണ്ടേ? അതിനുവേണ്ടി കേരള ബാങ്കിനെ ഏർപ്പെടുത്തി പരിപൂർണ്ണമായി പരാജയപ്പെട്ടപ്പോൾ മറ്റ് ബാങ്കുകൾക്ക് നൽകി. എന്നിട്ട് എത്ര മാസം കാത്തിരുന്നു, ഇപ്പോഴും അതങ്ങനെ കിട്ടാക്കടംപോലെ കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയെങ്കിലും ഈ മന്ത്രിസഭയിൽ കർഷകനുവേണ്ടി ഇടപെടണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, തുക കൊടുത്തുവെന്നുള്ളത് ബഹുമാനപ്പെട്ട അംഗത്തിന് അറിയാത്തതുകൊണ്ടല്ല. കേന്ദ്രത്തിൽനിന്നും വരാനുള്ള തുകയുണ്ടെന്ന് വളരെ വിശദമായി കേന്ദ്ര മന്ത്രിമാരുൾപ്പെടെ പറഞ്ഞു. അപ്പോൾ അവർ കണക്കിന്റെ കാര്യം പറയുന്നു, സാധാരണ അഡ്വാൻസ് ചെയ്ത് നൽകുന്നതാണ്, കേന്ദ്രത്തിൽ നിന്നും തുക നൽകുന്നതാണ്. അക്കാര്യം അറിഞ്ഞിട്ടും പിന്നെയും ഈ സഭയിൽ ബഹുമാനപ്പെട്ട അംഗം പറയുമ്പോൾ അതിന്റെ impact എന്താണെന്ന്

മനസ്സിലാക്കണം. കേരളത്തിലെ നെൽകർഷകർക്ക് കേന്ദ്രം നൽകാനുള്ള തുക അവർ നൽകുന്നില്ലെന്നുള്ള വിമർശനത്തിൽപ്പോലും കേരളത്തിലെ പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും യോജിപ്പില്ല. രാഷ്ട്രീയമൊക്കെ നിങ്ങൾ പറഞ്ഞോളൂ, പക്ഷെ കേന്ദ്രം നൽകാനുള്ള തുക നൽകണമെന്ന് ഇവിടെ പറയണ്ടേ? കേന്ദ്രം എന്താണ് പറയുന്നത്, കേരളത്തിന് നൽകിയില്ലെങ്കിലും കുഴപ്പമില്ല ഇവിടത്തെ യു.ഡി.എഫ്.-കാർ കേന്ദ്രം ചെയ്യുന്നതിന് അനുകൂലമാണ് എന്നല്ലേ വരിക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഒരിക്കലുമില്ല. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. കേന്ദ്രം കേരളത്തെ സഹായിക്കാത്ത നിലപാടിനോട് ശക്തമായ പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തുന്നു. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾക്കെതിരെ ഒന്നിച്ചുനിൽക്കാൻ ഞങ്ങൾ തയ്യാറാണ്. അതിന്റെ കൂടെ ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള കാര്യത്തിൽ കൃഷിക്കാരെ സഹായിക്കാൻ മനസ്സുകാണിക്കണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്. റോഡ് അറ്റകുറ്റപ്പണി ചെയ്യാനുള്ള തുകയില്ലാത്തതിന്റെ പേരിൽ 20000 കിലോമീറ്റർ റോഡ് റണ്ണിംഗ് കോൺട്രാക്ടിൽ എടുത്തുവെന്ന് ബഹുമാനപ്പെട്ട

പൊതുമരാമത്ത് വകുപ്പുമന്ത്രി രാവിലെ പറഞ്ഞു. അദ്ദേഹത്തിന്റെ പ്രഖ്യാപനവും ആശയവും നല്ലതാണ്. പക്ഷെ റോഡിലെ കുഴി നികത്തപ്പെടുന്നില്ല എന്നതാണ് വിഷയം. വർക്ക് എടുത്ത കോൺട്രാക്ടർമാർക്ക് വർക്ക് ചെയ്യാൻ സാധിക്കുന്നില്ല. അതുകൊണ്ട് പ്രധാനപ്പെട്ട കോൺട്രാക്ടർമാരുൾപ്പെടെ കേരളത്തിൽ പല സ്ഥലത്തും വർക്ക് നിർത്തിവച്ചിരിക്കുകയാണ്. അത് ചെയ്യാൻ സാധിക്കണമെങ്കിൽ ധനകാര്യവകുപ്പ് സമയത്ത് തുക നൽകാൻ തയ്യാറാകണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... കൺക്ലൂഡ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഒറ്റകാര്യം പറഞ്ഞ് അവസാനിപ്പിക്കാം, കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് പറഞ്ഞു. കേരള കോൺഗ്രസ്സ് രൂപീകൃതമായ കാലം മുതൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് വേണമെന്നത് കെ. എം. മാണി സാറും ശ്രീ. പി. ജെ. ജോസഫ് സാറുമടക്കം എല്ലാവരും ഒരുപോലെ പറഞ്ഞിട്ടുള്ള കാര്യമാണ്. സംസ്ഥാനങ്ങളെ സാമ്പത്തികമായി ഞെരുക്കുന്ന നിലപാട് കേന്ദ്രം തിരുത്തണം. സംസ്ഥാനങ്ങൾക്ക് പരിപൂർണ്ണമായ പരിഗണന ലഭിക്കണം. ആ അഭിപ്രായത്തിൽ ഡോ. എൻ.

ജയരാജിനോട് ഞങ്ങൾ യോജിക്കുന്നു. പക്ഷെ പുതുപ്പള്ളിയിൽ അദ്ദേഹത്തിന്റെ പാർട്ടി എടുത്ത നിലപാട് അവിടത്തെ ജനങ്ങൾ തള്ളിക്കളഞ്ഞുവെന്നുള്ള കാര്യംകൂടി ഇതിന്റെ കൂടെ കൂട്ടിച്ചേർത്തുകൊണ്ട് ഗവൺമെന്റിന്റെ ധനപരമായ കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ട സാഹചര്യത്തിൽ ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾക്കുവേണ്ടി സഭയിൽ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

വികസന പ്രവർത്തനങ്ങളിൽ ഇന്ത്യയിൽതന്നെ ശ്രദ്ധേയമായ ബദൽ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോകുകയാണ്. എന്നാൽ കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് കേന്ദ്ര സർക്കാർ അവലംബിക്കുന്നത്. സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള പരിധി അടുത്ത കാലത്ത് വെട്ടിക്കുറയ്ക്കുകയുണ്ടായി. കിഫ്ബിയുടെയും കൺസോർഷ്യത്തിന്റെയും നിക്ഷേപത്തെപ്പോലും സംസ്ഥാന സർക്കാരിന്റെ

കടത്തിന്റെ പരിധിയിൽപ്പെടുത്തി കേരളത്തെ പ്രയാസത്തിലാക്കിയിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ കടത്തെ നിയന്ത്രിക്കുന്ന കേന്ദ്ര സർക്കാരിന്റെ സ്ഥിതിയെന്താണ്? കേന്ദ്രത്തിന്റെ കടം ഭീമമാണ്. ബജറ്റ് വഴി ചെലവഴിക്കുന്ന തുകയുടെ 40 ശതമാനത്തിലധികം കേന്ദ്രം കടമെടുക്കുകയാണ്. 2023-24-ലെ ബജറ്റിൽ 45 ലക്ഷം കോടി രൂപയിൽ 17.99 ലക്ഷം കോടി രൂപയും കടമാണ്. കേരളത്തിന്റെ കടത്തിന്റെ പരിധിയിൽ കിഫ്ബിയെയും മറ്റും ഉൾപ്പെടുത്തുമ്പോൾ നാഷണൽ ഹൈവേ, എഫ്.സി.ഐ. തുടങ്ങിയ സ്ഥാപനങ്ങൾ എടുക്കുന്ന കടം കേന്ദ്ര സർക്കാരിന്റെ കടത്തിന്റെ പരിധിയിൽ വരുന്നില്ല. എന്തൊരു വിരോധാഭാസമാണിത്. കേരളത്തിന്റെ കടം ജി.എസ്.ഡി.പി.-യുടെ 3 ശതമാനം മാത്രമായിരിക്കണമെന്നാണ് കേന്ദ്രം പറഞ്ഞിരിക്കുന്നത്. എന്നാൽ കേന്ദ്രത്തിന്റെ കമ്മിയായി വിഭാവന ചെയ്തിരിക്കുന്നത് 6.4 ശതമാനമാണ്. എഫ്.ആർ.ബി.എം. (ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ്) ആക്ട് പ്രകാരം കേന്ദ്രത്തിന്റെ കമ്മി 3 ശതമാനമായിരിക്കണമെന്ന് നിബന്ധനയുള്ളപ്പോഴാണ് ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ 2020-21-ലെ

വരുമാനത്തിൽ 44 ശതമാനം കുറവായിരുന്നു കേന്ദ്രത്തിന്റെ വിഹിതം. 2021-22 ആയപ്പോൾ അത് 41 ശതമാനമായി. ഈ സാമ്പത്തിക വർഷം 2023-24-ൽ കേന്ദ്ര വിഹിതം 29 ശതമാനമായി കുറയുമെന്നാണ് കണക്കാക്കപ്പെടുന്നത്. ബീഹാർ പോലുള്ള സംസ്ഥാനങ്ങൾക്ക് 77 ശതമാനം ലഭിക്കുമ്പോഴാണ് കേരളത്തിൽ ഇത്തരത്തിലൊരു സ്ഥിതിവിശേഷമുള്ളത്. രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 62.7 ശതമാനം കേന്ദ്രത്തിന് ലഭിക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത് 37 ശതമാനം മാത്രമാണ്. രാജ്യത്തിന്റെ മൊത്തം ചെലവിന്റെ 62.4 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുമ്പോഴാണ് ഈ അവസ്ഥ. കേരളത്തോട് കേന്ദ്ര സർക്കാർ എത്രമാത്രം ക്രൂരതയും അവഗണനയും കാണിക്കുന്നുവെന്നതിന്റെ തെളിവാണിത്. ഇതിനെതിരെ കേരളം ഒറ്റക്കെട്ടായി നിന്ന് പൊരുതേണ്ടതുണ്ട്. എന്നാൽ കേരളത്തിൽനിന്നുള്ള യു.ഡി.എഫ്. എം.പി.-മാർ ഇക്കാര്യത്തിൽ മൗനം പാലിക്കുകയാണ്. കേന്ദ്ര സർക്കാരിനോട് ഇത് കൂട്ടായി ആവശ്യപ്പെടുന്ന സന്ദർഭത്തിൽ യു.ഡി.എഫ്. എം.പി.-മാർ വിട്ടുനിന്നത് തെറ്റായിപ്പോയി. ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടുക്കഴിഞ്ഞാൽ തങ്ങൾ നാടിന്റെ പ്രതിനിധികളാണെന്ന

കാര്യം ഈ കോൺഗ്രസ്സ് എം.പി.-മാർ മറക്കുകയുണ്ടായി. കേരളത്തിൽ കണ്ണുനീർ പുഴകൾ സൃഷ്ടിക്കാനും യാതനകളുടെ കാട്ടുതീ പടർത്താനും അതുകണ്ട് ആനന്ദിക്കാനുമാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരുപോലെ ആഗ്രഹിക്കുന്നത്. എന്നാൽ യാതൊരു പക്ഷപാതപരമായ പരിഗണനയുമില്ലാതെ നാടിനെ ഒന്നായിക്കണ്ട് എല്ലാവരും സുഖത്തിലും ക്ഷേമത്തിലും തൃപ്തിയിലും സമത്വത്തിലും കഴിയുന്ന അവസ്ഥ സൃഷ്ടിക്കാനാണ് ഏഴുവർഷമായി എൽ.ഡി.എഫ്. ഭരണം പരിശ്രമിക്കുന്നത്. ജനങ്ങളുടെ ക്ഷേമവും സർവ്വതല സ്പർശിയായ സമഗ്രവികസനവും ലക്ഷ്യംവച്ച് എൽ.ഡി.എഫ്. ഭരണം മുന്നേറുകയാണ്. ഈ ഓണക്കാലത്ത് 60 ലക്ഷത്തോളം പേർക്ക് ക്ഷേമപെൻഷനുകളും ആറ് ലക്ഷത്തിലേറെ കുടുംബങ്ങൾക്ക് സൗജന്യ കിറ്റുമുൾപ്പെടെ നൽകി സർക്കാർ ഒരു കൈത്താങ്ങായി പ്രവർത്തിച്ചു. ഭക്ഷ്യസുരക്ഷയ്ക്കും സാമൂഹ്യ സുരക്ഷയ്ക്കുമായി 19,000 കോടി രൂപയാണ് സർക്കാർ നൽകിയത്. ഈ നിലയിൽ കേരളത്തിന്റെ താല്പര്യങ്ങൾ ഉയർത്തിപ്പിടിച്ച് നാം പ്രവർത്തിക്കുമ്പോൾ കേന്ദ്രത്തിന്റെ അവഗണനയ്ക്കെതിരെ ശക്തമായ സമരം ഉയർത്തേണ്ടതാണ്. ഇക്കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന

നിലപാടുകൾ അങ്ങേയറ്റം ജനവിരുദ്ധവും രാജ്യവിരുദ്ധവുമാണ്. കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്ന സമീപനം ഒരു ഭാഗത്ത് കേന്ദ്രസർക്കാർ സ്വീകരിക്കുമ്പോൾ, സാമ്പത്തിക വളർച്ച ലക്ഷ്യം വച്ചുകൊണ്ടെന്ന വ്യാജേന അതിന്റെ മറവിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയെ വിശ്വഗുരുവായി വാഴ്ത്താൻ ഇപ്പോൾ ജി 20 മാമാങ്കം അരങ്ങേറി സമാപിച്ച പശ്ചാത്തലത്തിലാണ് ഈ സഭ ചേരുന്നത്. ജി 20-യുടെ അദ്ധ്യക്ഷ സ്ഥാനം ഇന്ത്യൻ പ്രധാനമന്ത്രിയുടെ വ്യക്തിപ്രഭാവം കാരണം ലോകജനത നൽകിയ അംഗീകാരമാണെന്ന നിലയിലുള്ള പ്രചരണമാണ് ഇവിടെ നടക്കുന്നത്. എല്ലാ വർഷവും വച്ചുമാറുന്ന ഒരു അലങ്കാര പദവി മാത്രമാണിത്. കഴിഞ്ഞ വർഷം ഇന്തോനേഷ്യയ്ക്ക് ഉണ്ടായിരുന്ന ഈ സ്ഥാനം അടുത്ത വർഷം ബ്രസീലിന് കൈമാറാനുള്ളതാണ്. ജി 20-യുടെ പിറവി സംബന്ധിച്ചും ആരുടെ സാമ്പത്തിക താല്പര്യമാണ് സംരക്ഷിക്കുന്നതെന്നും അറിയാതെ ഇന്ത്യൻ ജനത അന്ധാളിച്ച് നിൽക്കുകയാണ്. ജി 20-യിൽ അണിനിരന്നിട്ടുള്ള രാജ്യങ്ങളുടെ താല്പര്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്ഥാപനങ്ങൾക്കും കുത്തക കമ്പനികൾക്കും വിശ്വാസ്യത

ചാർത്തിക്കൊടുക്കുന്നതിനും അവർക്ക് ഇണങ്ങിയ തരത്തിൽ ദേശരാഷ്ട്രങ്ങളുടെ നിയമ നിർമ്മാണത്തിൽപ്പോലും ഇടപെടുന്നതിനുള്ള വേദിയായാണ് ജി 20-യെ അണിയിച്ചൊരുക്കിയിട്ടുള്ളത്. വിദേശ നിക്ഷേപം ആകർഷിക്കുക, അതുവഴി അടിസ്ഥാന സൗകര്യങ്ങളായ നിർമ്മാണം, സാങ്കേതിക വിദ്യ എന്നിവയിൽ ഗണ്യമായ മാറ്റം സൃഷ്ടിക്കുക, ലോജിസ്റ്റിക്സ്, ടൂറിസം എന്നീ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയെന്നെല്ലാമുള്ള ലക്ഷ്യങ്ങളാണ് ജി 20 ലക്ഷ്യം വയ്ക്കുന്നത്. ഒരു ബിസിനസ് സൗഹൃദ ലക്ഷ്യസ്ഥാനമെന്ന നിലയിൽ ഇന്ത്യയുടെ പ്രതിച്ഛായ മെച്ചപ്പെടുമ്പോൾ അതുവഴി നിക്ഷേപവും തൊഴിലസരങ്ങളും ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുമെന്നാണ് കേന്ദ്ര സർക്കാർ കണക്കുകൂട്ടുന്നത്. നികുതി വരുമാനവും ചെലവും വർദ്ധിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ വികസിക്കുമെന്നാണ് കേന്ദ്രം അവകാശപ്പെടുന്നത്. ഇതുവഴി കേരളത്തിനും ചില അവസരങ്ങൾ കേന്ദ്രം സൃഷ്ടിക്കേണ്ടതാണ്. എന്നാൽ ജി 20-ക്ക് ചില പ്രതികൂല വശങ്ങളുണ്ടെന്ന കാര്യം നാം മറക്കരുത്. യഥാർത്ഥത്തിൽ ജി 20

ആഗോള സമ്പദ് വ്യവസ്ഥയെ പ്രതിനിധീകരിക്കുന്നില്ല. ജി 20 രാജ്യങ്ങൾ ലോക ജി.ഡി.പി.-യുടെ 80 ശതമാനം വരും. എന്നാലവ ആഗോള സമ്പദ് വ്യവസ്ഥയുടെ വൈവിദ്ധ്യത്തെ പ്രതിനിധീകരിക്കുന്നില്ല. അമേരിക്ക, ചൈന, യൂറോപ്യൻ യൂണിയൻ എന്നീ രാജ്യങ്ങളുൾപ്പെടെയുള്ള കുറച്ച് ശക്തമായ രാജ്യങ്ങളാണ് ജി 20-യിൽ ആധിപത്യം പുലർത്തുന്നത്. അതുകൊണ്ടുതന്നെ എല്ലാ രാജ്യങ്ങളുടെയും മികച്ച താല്പര്യങ്ങൾക്ക് നിരക്കാത്ത തീരുമാനങ്ങളിലേയ്ക്ക് നയിച്ചേയ്ക്കാമെന്ന് നാം സംശയിക്കുകയാണ്. കാലാവസ്ഥ വ്യതിയാനം, തീവ്രവാദം തുടങ്ങിയ ആഗോള പ്രശ്നങ്ങളിൽ മറ്റുരാജ്യങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനും ഇന്ത്യയിലെ തൊഴിലാളികളോടും കൃഷിക്കാരോടുമൊപ്പം നിന്നുകൊണ്ട് കൂടുതൽ സുസ്ഥിരവും സമൃദ്ധവുമായ ഒരു ലോകം സൃഷ്ടിക്കാനും ഇന്ത്യയുടെ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനും കഴിയട്ടെയെന്ന് നമുക്ക് ആശിക്കാം. കേന്ദ്ര ഗവൺമെന്റിൽനിന്നും നീതി ലഭിക്കുമെന്ന് നാം ഒരിക്കലും ആഗ്രഹിക്കരുത്. ഇന്നിപ്പോൾ വളരെ പ്രധാനപ്പെട്ട ഒരു തീരുമാനം വരികയുണ്ടായി. അമേരിക്കൻ യുദ്ധക്കപ്പലുകൾക്കും വിമാനവാഹിനികൾക്കും തന്ത്രപ്രധാനമായ മുംബൈയിലുൾപ്പെടെ അറ്റകുറ്റപ്പണികളുടെ പേരിൽ

താവളമടിക്കാൻ അനുമതി നൽകിയിരിക്കുകയാണ്. ഇത് നമ്മുടെ രാജ്യം സ്വാതന്ത്ര്യാനന്തരം ഉയർത്തിപ്പിടിച്ച, നെഹ്റുവിന്റെ കാലം മുതൽ ഉയർത്തിപ്പിടിച്ച വിദേശ നയത്തിൽനിന്നുള്ള വ്യതിചലനമാണ്. നമുക്ക് ചേരി ചേരായ്മയിൽ അധിഷ്ഠിതമായ വിദേശനയമുണ്ടായിരുന്നു. സാമ്രാജ്യത്വ വിരുദ്ധ ഉള്ളടക്കമുള്ളതും പുരോഗമന സ്വഭാവമുള്ളതും സോഷ്യലിസത്തോട് ആഭിമുഖ്യമുള്ളതുമായ ആ ചേരിചേരാ നയത്തിൽ നിന്നുള്ള വ്യതിയാനമാണ്. ലോക മേധാവിത്വത്തിനുവേണ്ടിയുള്ള അമേരിക്കയുടെ തന്ത്രപരമായ പങ്കാളിയാക്കുന്നതിനുള്ള നീക്കത്തിന്റെ ഭാഗമായ കെണിയിലാണ് ഇന്ത്യ അകപ്പെട്ടിരിക്കുന്നത്. ഇതിനോട് പ്രതിപക്ഷത്തിന്റെ സമീപനം എന്താണ്? അതുപോലെ, ഇന്ത്യ എന്ന മഹത്തായ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തിലൂടെ നാം രൂപപ്പെടുത്തിയ ഇന്ത്യയെന്ന ദേശീയതയും ഇന്ത്യയുടെ നാമകരണവും തിരുത്തി ഭാരതമെന്ന പേരാക്കി മാറ്റുന്നതിനുള്ള നിഗൂഢമായ നീക്കങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇത് ആർ.എസ്.എസ്.-ന്റെ അജണ്ടയാണ്. നമ്മുടെ ഭരണഘടനയുടെ കരട് 1949 നവംബർ മാസത്തിൽ പാസ്സായ ഘട്ടത്തിൽത്തന്നെ ആർ.എസ്.എസ്.-ന്റെ മാസികയായ 'ഓർഗനൈസർ'-ൽ വന്ന മുഖപ്രസംഗത്തിൽ ഇന്ത്യൻ

ഭരണഘടനയെ നിശിതമായി വിമർശിച്ചുകൊണ്ട് ഭാരതമെന്ന പൗരാണികമായ പേരിനുപകരം ഇന്ത്യയെന്ന പേര് നാം സ്വീകരിച്ചതിനെതിരെ ആർ.എസ്.എസ്. പ്രതികരിക്കുകയുണ്ടായി. ഈ കാര്യങ്ങളിൽ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമെല്ലാം അവലംബിക്കുന്ന സമീപനത്തിനെതിരെയും ദേശവിരുദ്ധമായ രാജ്യതാല്പര്യങ്ങൾക്കെതിരായ നിലപാടുകൾക്കെതിരെയും നാം ശബ്ദമുയർത്തേണ്ടതാണ്. ഇക്കാര്യങ്ങളിൽ കേരളത്തിലെ എം.പി.-മാരും പ്രതിപക്ഷവുമെല്ലാം എന്ത് നിലപാട് സ്വീകരിക്കും? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കാനും കേരളത്തെ അവഗണിക്കുന്ന കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരായി ശക്തമായ പ്രതിരോധം ഉയരണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തെ സാമ്പത്തിക ഉപരോധത്തിലേയ്ക്ക് നയിക്കാനും സാമ്പത്തികമായി തകർക്കാനും കേന്ദ്ര ഗവൺമെന്റ് ശ്രമം തുടർന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലും

ശക്തമായ പ്രതിസന്ധിക്കിടയിലും നവകേരളമെന്ന ലക്ഷ്യവുമായി പിണറായി സർക്കാർ കുതിക്കുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും അടിസ്ഥാനസൗകര്യ വികസന മേഖലയിലുമെല്ലാം ആ കുതിച്ചുച്ചാട്ടം നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. വികസനത്തിന്റെ ഒരു ബദൽ മഴയാണ് സംസ്ഥാനത്ത് കാണാൻ സാധിക്കുന്നത്. സംസ്ഥാനത്തെ തുടർച്ചയായി അവഗണിക്കുന്ന ഒരു സമീപനം കേന്ദ്ര ഗവൺമെന്റിന്റെ സമീപനങ്ങളിൽ നാം കാണുന്നു. കേന്ദ്ര സർക്കാർ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് മുതൽ ബാങ്കിംഗ് റിക്രൂട്ട്മെന്റ് ബോർഡുവരെയും യു.പി.എസ്.സി.-യുമുൾപ്പെടെ എല്ലാ സംവിധാനങ്ങളെയും തകർത്തുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. പത്ത് ലക്ഷത്തിലധികം ഒഴിവുകളാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ളത്. തൊഴിലില്ലായ്മ നിരക്ക് 7.14 ശതമാനത്തിൽ നിന്ന് 7.45 ശതമാനമായി മാറി. 'അഗ്നിപഥ് ' പദ്ധതിയിലൂടെ സൈന്യത്തെപ്പോലും കരാർവത്ക്കരിക്കാനും കാവിവത്ക്കരിക്കാനും കേന്ദ്ര ഗവൺമെന്റ് തയ്യാറായി. എന്നാൽ കേരളത്തിൽ അതേഘട്ടത്തിൽ 2.15 ലക്ഷം ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി. മുഖേന ഏഴ് വർഷംകൊണ്ട്

നിയമനം നൽകിയത്. ഇത് കേരളത്തിന്റെ ചരിത്രത്തിൽതന്നെ ഏറ്റവും മികച്ച (പി.എസ്.സി. മുഖേന ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയ) തൊഴിൽ നിയമനമാണെന്ന് കാണാൻ സാധിക്കും. നാൽപ്പതിനായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ബി.ജെ.പി.-യും കോൺഗ്രസ്സും ഭരിക്കുന്ന സംസ്ഥാനങ്ങളിലെ നിയമനങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ എത്രമടങ്ങാണ് പി.എസ്.സി. വഴി കേരളം നടപ്പാക്കിയതെന്ന് മനസ്സിലാക്കാൻ സാധിക്കും. പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം കേന്ദ്ര ഗവൺമെന്റ് വിറ്റഴിക്കുമ്പോൾ, സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം ലാഭത്തിലാക്കി 387 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് അടയ്ക്കുന്ന നിലയാണുണ്ടായത്. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുകയും പത്ത് ലക്ഷത്തിലധികം കുട്ടികൾ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് അധികമായി കടന്നുവരുകയും ചെയ്തു. ഇതൊന്നും കാണാതെ കണ്ണടച്ചുകൊണ്ട് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല തകർച്ചയിലാണെന്നെല്ലാമുള്ള ചില വസ്തുതകൾക്ക് നിരക്കാത്ത കാര്യങ്ങൾ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും നിയമസഭയിൽ വന്ന്

പറയുമ്പോൾ..., 2015-ലുൾപ്പെടെ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലുണ്ടായ അവസ്ഥയെ സംബന്ധിച്ച് ഞാൻ ഇവിടെ പറയുന്നില്ല. അക്കാര്യം നേരത്തെ ചില അംഗങ്ങൾ പ്രസംഗത്തിൽ സൂചിപ്പിച്ചു. പൊതുവിദ്യാഭ്യാസ മേഖലയെ അടച്ചുപൂട്ടാനും പാഠപുസ്തകങ്ങൾപ്പോലും നൽകാതെ തകർക്കാനും ശ്രമം നടത്തിയവരാണ്, ഇത്രയും മാതൃകാപരമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാഭ്യാസ മേഖലയെ പിണറായി സർക്കാർ കരുത്തുറ്റതാക്കി മാറ്റിയത് എന്നത് കണ്ടില്ലെന്ന് നടിച്ചുകൊണ്ടുള്ള പ്രസംഗം നടത്തുന്നത്. കേരളത്തിൽ പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു. കേന്ദ്ര അവഗണനയ്ക്കിടയിലും ഉച്ചഭക്ഷണ വിതരണം മുടങ്ങാതെ നടത്തി. ഇവിടെ പ്രതിപക്ഷ നിരയിൽനിന്നും പ്രസംഗിക്കുമ്പോൾ ഉച്ചഭക്ഷണ പദ്ധതി ലഭിച്ചില്ലായെന്ന് ഒരദ്ധ്യാപകന്റെ പത്രകട്ടിംഗുമെടുത്ത് പറയുകയാണ്. എന്നാലതിന്റെ യാഥാർത്ഥ്യം എന്താണെന്ന് പറയാൻപോലും കേരളത്തിലെ പ്രതിപക്ഷം തയ്യാറാകുന്നില്ല. കേന്ദ്രവിഹിതം നമുക്ക് ഇതുവരെയും ലഭിച്ചിട്ടില്ല. ചെലവിന്റെ 60 ശതമാനവും ഇതിനാവശ്യമായ അരിയും കേന്ദ്ര ഗവൺമെന്റാണ് അനുവദിക്കേണ്ടത്. 2021-22 മുതൽ ആ സഹായം ബോധപൂർവ്വമായി വൈകിപ്പിച്ച് ആ

ബാധ്യതയിൽനിന്നും ഒളിച്ചോടുന്ന സമീപനമാണ് കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും കാണാൻ സാധിക്കുന്നത്. കേന്ദ്ര ബഡ്ജറ്റിൽ പതിനായിരം കോടി രൂപ നീക്കിവച്ചെങ്കിലും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് മാത്രമാണ് ആദ്യഗഡു നൽകിയത്. കേന്ദ്രത്തിന്റെ ഈ അവഗണന തുറന്നുകാട്ടുന്നതിനുപകരം ഇവിടത്തെ പ്രതിപക്ഷവും ചില മാധ്യമങ്ങളും ചെയ്യുന്നത് എന്താണ്? രേഖകൾ യഥാസമയം നൽകിയില്ലെന്ന കള്ളപ്രചരണം നടത്തുന്നതിനാണ് ഇവർ ശ്രമിക്കുന്നത്. ജൂലൈ മാസം 4-ാം തീയതി വളരെ കൃത്യമായി രേഖകളെല്ലാം നൽകിയിട്ടും കേരളത്തിന്റെ ഉച്ചഭക്ഷണ പദ്ധതിയെ അട്ടിമറിക്കാൻ കേന്ദ്ര സർക്കാർ നടത്തുന്ന നീക്കങ്ങളെ വിമർശിക്കുന്നതിനുപകരം ഇവിടെ രാഷ്ട്രീയ ലാഭത്തിന് നിയമസഭയിലുൾപ്പെടെ ചില അദ്ധ്യാപകരുടെ പത്രക്കുറിപ്പുകൾ കൊണ്ടുവന്ന് വായിച്ച് നാടകം കളിക്കുന്നൊരു സാഹചര്യമാണ് കാണാൻ സാധിക്കുന്നത്. 60 ലക്ഷത്തോളം ആളുകൾക്ക് 1,600 രൂപ നിരക്കിൽ ക്ഷേമ പെൻഷൻ കൃത്യമായി നൽകുന്ന സംസ്ഥാനമല്ലേ കേരളം. 18 മാസം കുടിശ്ശികയുണ്ടായില്ലേ; 3,200 രൂപ ഓണ സമ്മാനമായി നൽകി. തൊഴിലുറപ്പ് ജീവനക്കാർക്ക് 1,000 രൂപ ഓണ സമ്മാനമായി നൽകിയ

സർക്കാരാണ് പിണറായി സർക്കാർ. സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും 11,000 കോടി രൂപ സാമൂഹിക പെൻഷൻ നൽകാൻ വിനിയോഗിച്ചു. തീർച്ചയായും ഈ നാട്ടിലെ പാവങ്ങളെ ചേർത്തുപിടിക്കാൻ ഈ സർക്കാർ നൽകുന്ന കരുതലിനെ നാം എടുത്തുകാണേണ്ടതായിട്ടില്ലേ; രാജ്യത്തെമ്പാടും വിലക്കയറ്റമാണ്, ആ വിലക്കയറ്റത്തെ സംസ്ഥാന സർക്കാർ പിടിച്ചുനിർത്തുന്നു. 2016 മുതൽ 13 നിത്യോപയോഗ സാധനങ്ങൾക്ക് നയാപൈസ ഈ കേരളത്തിൽ വർദ്ധിപ്പിച്ചില്ലെന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്. 42 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപ ലഭ്യമാക്കുന്ന ചികിത്സാ പദ്ധതിയുണ്ട്. അതുകൂടാതെ MEDISEP പദ്ധതി പ്രത്യേകം നടപ്പിലാക്കുന്നു. ചികിത്സാപദ്ധതിക്ക് 1,400 കോടി രൂപ പ്രതിവർഷം പ്രത്യേകമായി ഗവൺമെന്റ് നൽകുന്നു. ഇന്റർനെറ്റ് അവകാശമാക്കിയ ആദ്യ സംസ്ഥാനമായി കേരളം മാറിയില്ലേ; അഭിമാനകരമായ നേട്ടമല്ലേ കെ-ഫോണിലൂടെ നാം നേടിയെടുത്തത്. ദേശീയപാതാ വികസനം മറ്റ് സംസ്ഥാനങ്ങളിലെല്ലാം സൗജന്യമായി നിർവ്വഹിച്ചപ്പോൾ കേരളത്തോട് അവഗണന കാണിക്കുകയും സ്ഥലം ഏറ്റെടുക്കലിന് 25 ശതമാനം വഹിക്കാൻ കേരളം തയ്യാറാകുകയും

6,000 കോടി രൂപ ഇതിനായി പ്രത്യേകം ചെലവാക്കുകയും ചെയ്തുകൊണ്ട് നാഷണൽ ഹൈവേ യാഥാർത്ഥ്യമാക്കിയ സർക്കാരല്ലേ പിണറായി സർക്കാർ. ലൈഫ് മിഷനിലൂടെ 4 ലക്ഷം വീടുകളാണ് പാവപ്പെട്ടവർക്ക് നൽകിയത്. 'നോളജ് എക്കണോമി മിഷൻ' തുടങ്ങിയവയിലൂടെയെല്ലാം പുതിയ സംരംഭങ്ങളാരംഭിക്കുന്നു. അതോടൊപ്പം തൊഴിൽ സാദ്ധ്യതയെ ശക്തിപ്പെടുത്തി യുവതയുടെ തൊഴിൽ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ഏറ്റവും ശക്തമായി ഇടപെടുകയാണ് പിണറായി സർക്കാർ. ഇവിടെ നാം കാണേണ്ടത്, നികുതി വിഹിതത്തിലെ കുറവ്, റവന്യൂ കമ്മി ഗ്രാന്റിൽ വന്ന കുറവ്, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയത്, കടമെടുപ്പ് പരിധി കുറച്ചത് എന്നിവയെല്ലാമാണ്. അതിന് പുതിയ മാനദണ്ഡം കൊണ്ടുവന്നതിൽ 40000 കോടി രൂപയോളം കുറവാണ് കേരളത്തിന് അർഹമായ വരുമാനത്തിലുണ്ടായത്. ഇത് കേരളത്തിലെ എല്ലാ ജനങ്ങളെയും ബാധിക്കുന്നതല്ലേ; ആരോഗ്യമേഖലയിൽ, വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ കുട്ടികളെയുൾപ്പെടെ ബാധിക്കുന്നതല്ലേ; ആ വിഷയത്തിൽ കേരളം ഒറ്റക്കെട്ടായി നിൽക്കണ്ടേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കേരളത്തിലെ എം.പി.-മാരെ വിളിച്ച് വളരെ ഗൗരവപൂർവ്വം

ഈ വിഷയങ്ങൾ അവതരിപ്പിച്ചു. ഇന്ത്യൻ പാർലമെന്റിൽ ഇത് ശക്തമായി ചർച്ച ചെയ്യണമെന്ന് എല്ലാ എം.പി.-മാരോടും ആവശ്യപ്പെട്ടു. ആ യോഗത്തിൽ എല്ലാവരും സമ്മതിച്ച് പുറത്തിറങ്ങി. എന്നാൽ ലോകസഭയിൽ ഇവിടത്തെ യു.ഡി.എഫ്.-ന്റെ 18 എം.പി.-മാർ ബി.ജെ.പി.-യുടെ താൽപ്പര്യങ്ങൾക്കനുകൂലമായിട്ടല്ലേ പാർലമെന്റിലെത്തിയപ്പോൾ നിലപാട് സ്വീകരിച്ചത്. കേരളം നശിക്കാൻ, കേരളത്തിനെതിരായി ചർച്ച നടത്താൻ, യു.ഡി.എഫ്.-ന്റെ എം.പി.-മാർ ഇന്ത്യൻ പാർലമെന്റിനെ ഉപയോഗിക്കുന്ന കാഴ്ചയല്ലേ നാം കാണുന്നത്; ഇതാണോ കോൺഗ്രസ്സിന്റെ സമീപനം. കേരളത്തെ രക്ഷിക്കാൻ, കേരളം ബി.ജെ.പി.-യുടെ രാഷ്ട്രീയ ഉപകരണമായി മാറുമ്പോൾ അതിനെതിരെ ഒരക്ഷരം മിണ്ടാൻ യു.ഡി.എഫ്. തയ്യാറാകുന്നില്ലെന്ന ഗൗരവ്വകരമായ തലം നാം കാണേണ്ടതായിട്ടില്ലേ;

ഉമ്മൻ ചാണ്ടിയെ വേട്ടയാടിയത് ഇവിടത്തെ ഭരണപക്ഷമാണെന്ന് ഇവിടെ പ്രതിപക്ഷനിരയിൽനിന്ന് പ്രസംഗിക്കുമ്പോൾ ചില അംഗങ്ങൾ സൂചിപ്പിച്ചു. ആരാണ് ഉമ്മൻ ചാണ്ടിയെ വേട്ടയാടിയത്; സോളാർ കേസ് ആദ്യമായി പുറത്തുകൊണ്ടുവന്നത് കെ.പി.സി.സി. അംഗമായിരുന്ന മല്ലേലി ശ്രീധരൻ നായരാണ്, അല്ലാതെ ഞങ്ങളല്ല. ഉമ്മൻ ചാണ്ടി മദ്യമാഫിയയുടെ

ഏജന്റാണെന്നും കള്ളപ്പണക്കാരുടെ ഏജന്റാണെന്നും വിദ്യാർത്ഥികളെ കണ്ണീരുകുടിപ്പിച്ചയാളാണെന്നും കേരളത്തോട് പ്രഖ്യാപിച്ചതാരാണ്; അവർ നിങ്ങളുടെ നേതാക്കന്മാരാണ്. ഉമ്മൻ ചാണ്ടിയുടെ ഭരണം തീവെട്ടികൊള്ളയാണെന്ന് ഈ കേരളത്തിൽ പ്രഖ്യാപിച്ചതും നിങ്ങൾ തന്നെയാണ്. അതോടൊപ്പം സോളാർ കേസ് വന്നപ്പോൾ അദ്ദേഹത്തിന്റെ ഗൺമാനെ അറസ്റ്റ് ചെയ്ത ആഭ്യന്തര വകുപ്പുമന്ത്രി നിങ്ങളുടെ കൂട്ടത്തിലുള്ളയാളാണ്. ഉമ്മൻ ചാണ്ടി ജീവിച്ചിരിക്കുന്ന കാലഘട്ടങ്ങളിലെല്ലാം അദ്ദേഹത്തെ വേട്ടയാടിയവരും മുന്നിൽനിന്നും പിന്നിൽനിന്നും കുത്തിയവരുമെല്ലാം കോൺഗ്രസ്സുകാർ തന്നെയാണ്. എന്നിട്ട് സഭയിൽ പറയുകയാണ്, ഭരണപക്ഷം ഉമ്മൻ ചാണ്ടിയെ വേട്ടയാടുന്നുവെന്ന്; പുതുപ്പള്ളി തെരഞ്ഞെടുപ്പിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. പുതുപ്പള്ളി തെരഞ്ഞെടുപ്പിലുണ്ടായ വിജയത്തിന്റെ കാരണമെന്താണ്; 53 വർഷമായി അത് യു.ഡി.എഫ്.-നോട് ചേർന്നുനിൽക്കുന്ന മണ്ഡലമാണ്. അതോടൊപ്പം മരണാനന്തര ചടങ്ങുകളുടെ വൈകാരികതയുടെ അങ്ങേയറ്റം പൊലിപ്പിച്ചുനിർത്തിയ ഒരു സഹതാപതരംഗത്തിലുണ്ടായ മുന്നേറ്റത്തിനപ്പുറമാണോ, ഏതെങ്കിലും തരത്തിൽ ഒരു വികസന

വിഷയത്തിന്റെ അടിസ്ഥാനത്തിലാണോ പുതുപ്പള്ളിയിൽ യു.ഡി.എഫ്.-ന്റെ വിജയമുണ്ടായത്. വികസനത്തിൽനിന്നും, ചർച്ചയിൽനിന്നും ഒളിച്ചോടിയില്ലേ; സഹതാപതരംഗം മാത്രം പുതുപ്പള്ളിയിലുണ്ടാകണമെന്ന് നിങ്ങൾ ആഗ്രഹിച്ചില്ലേ; വികസനത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥി ആവശ്യപ്പെട്ടപ്പോൾ നാലാംതരക്കാരനായി പ്രഖ്യാപിച്ച് നിങ്ങൾ ഒളിച്ചോടിയില്ലേ; വികസനം ചർച്ച ചെയ്യാതെ കേവലം സഹതാപത്തിന്റെയടിസ്ഥാനത്തിൽ കിടങ്ങൂർ പഞ്ചായത്തിലുൾപ്പെടെ നിങ്ങൾ നടത്തിയ ബി.ജെ.പി.-യുടെ അലയൻസ് പൂർണ്ണമായും പുതുപ്പള്ളിയിലുണ്ടായി. എവിടെ ബി.ജെ.പി.-യുടെ വോട്ട്; അതെല്ലാം നിങ്ങളുടെ പാളയത്തിലേയ്ക്ക് ചേർന്നുകൊണ്ട് സഹതാപതരംഗത്തിന്റെയും ബി.ജെ.പി. വോട്ടുകൾ ശേഖരിച്ചുകൊണ്ടും 53 വർഷമായി നിങ്ങൾ കയ്യിൽവച്ച ഒരു വിജയം മാത്രമാണ് പുതുപ്പള്ളിയിലുണ്ടായത്. എന്നാൽ ഇലക്ഷന്റെ ഘട്ടംവരെ വികസനം ചർച്ച ചെയ്യാത്തവർ, ഇലക്ഷൻ കഴിഞ്ഞ നിമിഷം മുതൽ വികസനത്തെക്കുറിച്ചും ഭരണത്തെക്കുറിച്ചും ചർച്ച ചെയ്യാൻ കടന്നുവരുന്നതൊക്കെ കേരളത്തിലെ ജനങ്ങൾ നന്നായി തിരിച്ചറിയുന്നുണ്ട്. 2005-ൽ കേരളത്തിൽ അഴീക്കോടും

കുത്തുപറമ്പിലും ഒരു ഉപതെരഞ്ഞെടുപ്പ് വിജയത്തിനുശേഷം നിങ്ങൾക്കുവേണ്ടി വാർത്തകളെഴുതുന്ന മാധ്യമങ്ങൾപോലും ഒരു തലത്തിന്റെ ഭാഗമായി ഭരണവിരുദ്ധ വികാരത്തിന്റെ ഭാഗമായെന്നല്ല അതിന് മറുപടി പറഞ്ഞത്.

മി. സ്പീക്കർ: പ്ലീസ്....കൺക്ലൂഡ്....

ശ്രീ. എം. വിജിൻ: സർ, ഏതെങ്കിലുമൊരു ഘട്ടത്തിൽ നിങ്ങളുടെ മണ്ഡലത്തിലുണ്ടായ ഒരു വിജയത്തെ ഭരണപക്ഷത്തിന് മുകളിലേയ്ക്ക് അടിച്ചേൽപ്പിക്കാനുള്ള നീക്കം, അത് അതിനെ പ്രതിരോധിച്ചുതന്നെ പോകും.......(മൈക്ക് ഓഫ്)

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആദ്യമായി പുതുപ്പള്ളിയിലെ ജനങ്ങളോടുള്ള നന്ദിയും കടപ്പാടും അറിയിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. കാരണം മൺമറഞ്ഞുപോയ ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സാറിന് നൽകാൻ കഴിയുന്ന ഏറ്റവും അവസാനത്തേതും ഒരുപക്ഷേ ഏറ്റവും വലുതുമായ ആദരവാണ് ജനസമൂഹം നൽകിയത്. അതിനായി ഈ

നിയമസഭയിലേയ്ക്ക് വിജയിപ്പിച്ചയച്ച അദ്ദേഹത്തിന്റെ പ്രിയപുത്രൻ ചാണ്ടി ഉമ്മനെ ഞാൻ സാന്ദർഭികമായി സ്വാഗതം ചെയ്യുകയാണ്.

ഞാൻ ഇവിടെ സൂചിപ്പിക്കാനാഗ്രഹിക്കുന്നത്, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പല ആവർത്തി ഇവിടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പിരിമുറുക്കങ്ങളെക്കുറിച്ചും ബുദ്ധിമുട്ടിനെക്കുറിച്ചും പ്രയാസങ്ങളെക്കുറിച്ചുമൊക്കെ പറയുകയുണ്ടായി. എന്നാലും മറുവശത്ത് നമ്മുടെ സംസ്ഥാനത്ത് അതിവ്യാപകമായിക്കൊണ്ടിരിക്കുന്ന അഴിമതി വളരെ ഇൻസ്റ്റിറ്റ്യൂഷണലൈസ് ചെയ്ത് മുന്നോട്ടുപോകുന്ന ഒരു കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇതുപോലുള്ള വിഷയങ്ങൾ ഈ സഭയിൽ ഉന്നയിക്കാൻ അങ്ങടക്കമുള്ളവർ ചേർന്ന് അനുവദിക്കുന്നില്ലെന്നുള്ള ദയനീയമായ ഒരു ജനാധിപത്യവിരുദ്ധ സമീപനമാണ് കഴിഞ്ഞനാളുകളിൽ നാം കണ്ടത്. ഇതിനുമുമ്പ് എന്റെ പ്രസംഗത്തെ ഇവിടെ മൈക്ക് ഓഫ് ചെയ്ത് തടസ്സപ്പെടുത്തി അവസാനിപ്പിക്കുകയായിരുന്നുവെന്നത് അങ്ങേയ്ക്ക് ഓർമ്മയുണ്ടല്ലോ; പക്ഷേ അങ്ങനെ ആരുടെയെങ്കിലും വായടച്ചതുകൊണ്ട് സത്യങ്ങൾ ഇല്ലാതാകുന്നില്ല. ഞാനിവിടെ പറയാനാഗ്രഹിക്കുന്നത്, ഈ നിയമസഭ എന്തിനാണ് ചർച്ച ചെയ്യാൻ മടിക്കുന്നത്. 12-06-2023-ന്

നമ്മുടെ രാജ്യത്ത് വളരെ സുപ്രധാനമായ ഒരു ക്വാസി ജൂഡീഷ്യൽ ബോഡിയുടെ ഒരു ഫൈൻഡിംഗ് അല്ലെങ്കിൽ ഒരു ഓർഡർ പുറത്തുവരികയുണ്ടായി. അതിൽ കേരളത്തെ സംബന്ധിച്ച്, കേരളത്തിന്റെ അഭിമാനം ചോദ്യം ചെയ്യുന്ന നിലയിലുള്ള ധാരാളം പരാമർശങ്ങൾ വന്നിട്ട് നാളിതുവരെ ഉത്തരവാദപ്പെട്ടവർ അതുസംബന്ധിച്ച് ഒരുവാക്കിലൊരു മറുപടി കേരളത്തിന്റെ പൊതുസമൂഹത്തോട് പറയണ്ടേ; എന്താണ് ഇത്ര മൗനം, എന്താണീ മൗനത്തിന്റെ അർത്ഥം. എനിക്ക് ഓർമ്മ വരുന്നത്, 2022 ജൂൺ 28-ന് ഞാനിവിടെ നിന്ന് ഒരു അടിയന്തര പ്രമേയം അവതരിപ്പിച്ച് പ്രസംഗിച്ചു. അതിനുശേഷം മുഖ്യമന്ത്രി മറുപടി പറഞ്ഞു. അതിനുശേഷം ധാരാളംപേർ പ്രസംഗിച്ചു. അതിനുശേഷം മുഖ്യമന്ത്രിയുടെ സുദീർഘമായ മറുപടിയുടെ അവസാനം നമ്മളാരും പ്രതീക്ഷിക്കാതെ അദ്ദേഹം പെട്ടെന്ന് പറയുകയാണ്. ഡോ. മാത്യു കുഴൽനാടൻ, എന്തും തട്ടിക്കളയാമെന്നാണ് അദ്ദേഹത്തിന്റെ വിചാരം. എന്നിട്ട് അദ്ദേഹം പറഞ്ഞൊരു വാചകമുണ്ട്. മകളെക്കുറിച്ച് പറഞ്ഞാൽ ഞാനങ്ങ് കിടുങ്ങിപ്പോകുമെന്ന് വിചാരിച്ചോ; എന്റെ പ്രസംഗത്തിലെവിടെയും ഞാൻ അദ്ദേഹത്തിന്റെ മകളെക്കുറിച്ച് സൂചിപ്പിച്ചതായി ഈ 139 അംഗങ്ങൾക്കും തോന്നിയില്ല. പക്ഷേ

അദ്ദേഹത്തിന് തോന്നി. അദ്ദേഹം ചോദിച്ചു, മകളെക്കുറിച്ച് പറഞ്ഞാൽ കിടുങ്ങിപ്പോകുമെന്ന് വിചാരിച്ചോയെന്ന്; ഇപ്പോഴാണ് കാര്യം മനസ്സിലായത്. യഥാർത്ഥത്തിൽ അന്നദ്ദേഹം കിടുങ്ങിയിരുന്നു. ഞാനന്ന് പറഞ്ഞ കാര്യം അക്ഷരാർത്ഥത്തിൽ പൊതുസമൂഹത്തിനുമുമ്പിൽ ഞാൻ തെളിയിച്ചു. പക്ഷേ അദ്ദേഹത്തിന് അതിനും മറുപടിയുണ്ടായില്ല. അത് നിങ്ങൾ സാങ്കേതികമായി തുടച്ചുമായ്ച്ചുകളഞ്ഞു. ഏറ്റവും ഗൗരവമുള്ള ഒരുകാര്യം ഞാൻ ചോദിക്കാനാഗ്രഹിക്കുകയാണ്. XXXXXXX+ അക്കാര്യം പുറത്തുവന്നപ്പോൾ സ്വാഭാവികമായും ഞങ്ങൾ മറുപടി ചോദിച്ചെങ്കിലും ആരും മറുപടി പറഞ്ഞില്ല. എന്നാൽ ഇതിന് മറുപടിയുമായി മുന്നോട്ടുവന്നത് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടേറിയറ്റാണ്. അവരുടെ പ്രസ്താവനയാണ് എന്റെ കയ്യിലുള്ളത്. XXXXXXXX+ അതായത് അതിന്റെ പ്രവർത്തനങ്ങളെല്ലാം സുതാര്യമാണെന്നും ആ രണ്ട് കമ്പനികൾ തമ്മിലുള്ള ഇടപാടിൽ നൽകിയ പണമാണെന്നുമാണ് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടേറിയറ്റ് പറയുന്നത്. സി.പി.ഐ. (എം) എന്ന പാർട്ടിക്ക് ഒരു

+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം(ഫയൽ നമ്പർ 15332/ഇ.ബി/2022/നി.സെ തീയതി 12-09-23) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം(ഫയൽ നമ്പർ 15332/ഇ.ബി/2022/നി.സെ തീയതി 12-09-23) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

ചരിത്രവും പാരമ്പര്യവുമില്ലേ? XXXX+ അങ്ങനെ കാവൽ നിൽക്കുന്ന ഒരു പാർട്ടിയായി സി.പി.ഐ.(എം) അധഃപതിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റിൽ ഇത് സുതാര്യമായി നടക്കുന്നതാണെന്ന് നിങ്ങൾ പറഞ്ഞല്ലോ; ഫൈൻഡിംഗ് ഓർഡറിലെ പ്രധാനപ്പെട്ട ഒരു കാര്യം പറയാം. അതിലെ പാരാ നമ്പർ 7.4-ൽ പറയുന്നത്, XXXXX+ കൊടുത്ത സേവനത്തിന് നൽകിയ പണമാണെന്നാണ് നിങ്ങൾ പറയുന്നത്. ഒരു സേവനവും വാങ്ങിയിട്ടില്ലെന്ന് എത്രയോ പ്രാവശ്യം സാക്ഷാൽ ശ്രീ. ശശിധരൻ കർത്ത പറഞ്ഞിരിക്കുന്നു. ഒരു സേവനവും നൽകാതെ ഒരു കോടി എഴുപത്തി രണ്ട് ലക്ഷം രൂപയുടെ ഇന്നത്തെ സ്റ്റാറ്റസ് എന്താണെന്ന് നിങ്ങൾക്കറിയാമോ; 'These are illegal payments in the hands of the company M/s Exalogic has not provided any services as per the contemporaneous evidence gathered during the search....,' എന്നാണ് പറഞ്ഞിരിക്കുന്നത്. XXXX+

+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം(ഫയൽ നമ്പർ 15332/ഇ.ബി/2022/നി.സെ തീയതി 12-09-23) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം(ഫയൽ നമ്പർ 15332/ഇ.ബി/2022/നി.സെ തീയതി 12-09-23) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം(ഫയൽ നമ്പർ 15332/ഇ.ബി/2022/നി.സെ തീയതി 12-09-23) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

(.....ബഹളം......) അത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? അതായത്, ഒരു കോടി എഴുപത്തിരണ്ട് ലക്ഷം രൂപ അനധികൃതമായി കൈപ്പറ്റി ഇന്ന് സി.പി.ഐ.(എം) എന്ന പാർട്ടി അതിന് പരിച തീർക്കുകയാണ്. (.....ബഹളം......) ശരാശരി കമ്മ്യൂണിസ്റ്റുകാരൻ ഇന്ന് ആഗ്രഹിക്കുകയും പറയുകയും ചെയ്യുന്നത്, ഇതുപോലൊരു സംഭവമുണ്ടായശേഷം പാർട്ടിക്കുള്ളിൽ ഇതിനെക്കുറിച്ച് ഒരു വാചകംപോലും പറയാൻ ഒരു നേതാവുമില്ലല്ലോയെന്നാണ്. അത് ഓർത്ത് സങ്കടപ്പെടുന്ന ഒരുപാട് കമ്മ്യൂണിസ്റ്റുകാരുണ്ട്. (.....ബഹളം......) XXXX[+]ഞങ്ങൾക്ക് ഇതുപറയാൻ മടിയും ഭയവുമില്ല. ഭയമുള്ളത് നിങ്ങൾക്കാണ്. നിങ്ങളുടെ മുഖ്യമന്ത്രിയുടെ മുഖത്തുനോക്കി സി.പി.ഐ.(എം) എന്ന പാർട്ടിക്ക് ഭയമാണെങ്കിൽ സാധാരണ കമ്മ്യൂണിസ്റ്റുകാർക്കുവേണ്ടി ആ ദൗത്യമേറ്റെടുക്കാൻ ഞങ്ങൾ തയ്യാറാണ്.(.....ബഹളം......) നിങ്ങൾ അഴിമതിക്കാരനാണെന്ന് മുഖത്തുനോക്കി പറയാനുള്ള ചങ്കൂറ്റവും തന്റേടവും ഇന്ത്യൻ നാഷണൽ

---

+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം(ഫയൽ നമ്പർ 15332/ഇ.ബി/2022/നി.സെ തീയതി 12-09-23) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

കോൺഗ്രസിനുണ്ട്.(.....ബഹളം......) ഞാൻ ഇത് അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്......പ്ലീസ് കൺക്ലൂഡ്.... സമയം കഴിഞ്ഞു. It is not allowed...

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എം. ബി. രാജേഷ്: സർ, ഈ സഭയിൽ അംഗമല്ലാത്ത ഒരാളെക്കുറിച്ച് അടിസ്ഥാനരഹിതമായ, ഒരു തരത്തിലും വസ്തുതകളുമായി പുലബന്ധമില്ലാത്ത ആരോപണം ആവർത്തിക്കുകയാണ്. ഈ സഭയിൽ അംഗമല്ലാത്ത ഒരു വ്യക്തിയുടെ പേര് പറഞ്ഞ് അദ്ദേഹം ഉന്നയിക്കുകയാണ്. ഇദ്ദേഹത്തിന്റെ ശിൽബന്ദികളും അനുയായികളും കോടതിയിൽപ്പോകുകയും കോടതി വലിച്ച് കീറി ചവറ്റുകുട്ടയിലിടുകയും ചെയ്ത ഒരാരോപണം സഭാതലത്തെ ദുരുപയോഗിച്ചുകൊണ്ട് ഉന്നയിക്കുകയാണ്. ഞാൻ വീണ്ടും പറയുന്നു, ഒരു ഉപതെരഞ്ഞെടുപ്പിലെ സീറ്റ് നിലനിർത്തിയതിന്റെ

ധാർഷ്ട്യത്തിൽ ഈ സഭാതലത്തെ രാവിലെ മുതൽ ദുരുപയോഗിക്കുകയാണ് പ്രതിപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത്. ആ പരാമർശങ്ങൾ രേഖയിൽനിന്നും നീക്കം ചെയ്യണം. സഭയിൽ അംഗമല്ലാത്ത/ഹാജരല്ലാത്ത ഒരാളെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന പരാമർശങ്ങൾ ഒഴിവാക്കണം.

മി. സ്പീക്കർ: റൂൾസ് ഓഫ് പ്രോസീജ്യർ പ്രകാരം പരിശോധിക്കും. ചട്ടവും ക്രമവും പാലിക്കാത്ത ഒരു കാര്യവും സഭാ രേഖയിലുണ്ടാകില്ല.

ശ്രീ. എം. ബി. രാജേഷ്: സർ, ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് പരിശോധിച്ചാൽ രേഖയിലുൾപ്പെടുത്താൻ സാധിക്കില്ലെന്ന് അവർക്കും എല്ലാവർക്കുമറിയാം. പക്ഷേ മാധ്യമങ്ങളുടെ തലക്കെട്ടിനുവേണ്ടി വസ്തുതാ വിരുദ്ധമായ പരാമർശങ്ങളാണ് ഈ സഭയിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. സഭയെ ദുരുപയോഗിക്കാൻ ബഹുമാനപ്പെട്ട ചെയർ അനുവദിക്കരുതെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീമതി ശാന്തകുമാരി കെ: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷത്തിലെ ഒരംഗം വസ്തുതയുമായി യാതൊരു ബന്ധവുമില്ലാത്ത ചില കാര്യങ്ങൾ കഴിഞ്ഞ നിയമസഭാ സമ്മേളന സമയത്തും ഈ സമ്മേളന സമയത്തും ഉന്നയിക്കുകയാണ്. സഭയിൽ ആർത്തലച്ച് വർത്തമാനം

പറയുകായെന്നത് ഒരു പൊതുമുഖമുദ്രയായി അദ്ദേഹം ഏറ്റെടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട കോടതിപോലും ചവച്ചുതുപ്പിയിട്ടുള്ള ഈ ന്യായവാദം സഭാതലങ്ങളിൽ മാധ്യമ ശ്രദ്ധയ്ക്കുവേണ്ടി മാത്രം ഉന്നയിക്കുന്നതാണ്. യഥാർത്ഥത്തിൽ ഇപ്പോൾ കോൺഗ്രസിന്റെ നേർച്ചക്കാളയാണ് ഡോ. മാത്യു കുഴൽനാടനെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. (.........ബഹളം........) എന്തും ഏതും വിളിച്ച് പറയുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരായി ആക്ഷേപങ്ങൾ ഉന്നയിക്കുകയും കമ്മ്യൂണിസ്റ്റുകാരെ ഇല്ലാതാക്കാമെന്ന് വ്യാമോഹിക്കുകയും ചെയ്തുകൊണ്ടാണ് ഈ സഭാതലത്തിൽ ഇത്തരം ഒരു അഭിപ്രായം രേഖപ്പെടുത്താൻ നേർച്ചക്കാളയായി ഡോ. മാത്യു കുഴൽനാടനെ ചുമതലപ്പെടുത്തിയത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും നിരവധി തവണ തുടർച്ചയായി മുഖ്യമന്ത്രിയുടെ കുടുംബത്തിനെതിരായി ആരോപണമുന്നയിക്കുകയും കമ്മ്യൂണിസ്റ്റുകാരെ ഇല്ലാതാക്കാമെന്ന് വ്യാമോഹിക്കുകയും ചെയ്യുന്ന ആളുകൾ നടത്തുന്ന ഒരു പ്രസംഗമായി മാത്രമേ ഇതിനെ കണക്കാക്കാൻ കഴിയുകയുള്ളൂ. ഇടുക്കി ജില്ലയിൽ ഡോ. മാത്യു കുഴൽനാടൻ വീട് നിർമ്മിക്കാനെന്ന വ്യാജേന അവിടെ വാങ്ങിയിട്ടുള്ള

ഭൂമിയെ റിസോർട്ടിനെ സംബന്ധിച്ച രേഖകൾ പുറത്തുവന്നിട്ടുണ്ട്. അത് പരിശോധനാ വിധേയമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ...... ഇവിടെ ഡോ. മാത്യു കുഴൽനാടൻ ചട്ടം 285 അനുസരിച്ചുള്ള അഴിമതിയാരോപണമാണ് ഉന്നയിച്ചത്. എന്നാൽ ബഹുമാനപ്പെട്ട അംഗം ശാന്തകുമാരി കെ. ചട്ടം 285 പ്രകാരം മുൻകൂർ നോട്ടീസ് നൽകാതെയാണ് അദ്ദേഹത്തിനെതിരെ ആരോപണം ഉന്നയിച്ചിരിക്കുന്നത്. അത്തരത്തിൽ മുൻകൂർ നോട്ടീസ് നൽകാതെ ആരോപണം ഉന്നയിക്കാൻ പാടില്ല. അങ്ങത് രേഖയിൽനിന്നും നീക്കം ചെയ്യണം. ചട്ടം 285 അനുസരിച്ച് ഏതെങ്കിലും അംഗത്തിനെതിരെ ആരോപണം ഉന്നയിക്കണമെങ്കിൽ മുൻകൂർ നോട്ടീസ് നൽകിയശേഷം മാത്രമേ ഉന്നയിക്കാൻ പാടുള്ളൂ. അല്ലാതെ ഉന്നയിച്ചാൽ അത് സഭാ രേഖയിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീമതി ശാന്തകുമാരി കെ.: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത് കേട്ടാൽ പ്രതിപക്ഷത്തുനിന്ന് ഒരു ആരോപണവും നാളിതുവരെ

ഈ സഭതലത്തിൽ ഉന്നയിച്ചിട്ടില്ലെന്ന് തോന്നും. ഈ സഭയിലില്ലാത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകളുടെ പേരിൽ......

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ചട്ടം 285 അനുസരിച്ച് മറ്റേതൊരു വ്യക്തിക്കുമെതിരെ ഇങ്ങനെ ആരോപണം ഉന്നയിക്കാൻ കഴിയുന്നതല്ല. ചട്ടം 285 ഇതിനുമുമ്പും ബാധകമാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, സഭയ്ക്കകത്തില്ലാത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകളുടെ പേര് പരാമർശിച്ചുകൊണ്ട് നിരവധി തവണയായി ടാർഗറ്റ് ചെയ്യപ്പെടുകയാണ്. അഴിമതി ആരോപണം സംബന്ധിച്ച് രേഖാമൂലം നോട്ടീസ് കൊടുക്കണം. അതിൽ പറയാത്ത കാര്യങ്ങൾ പറയാൻ നിയമസഭയുടെ റൂൾസ് ഓഫ് പ്രൊസീജ്വർ അംഗീകരിക്കുന്നില്ല. അതുകൊണ്ട് ആ നിലയിലുള്ള ചർച്ചകൾ അവിടെ വരട്ടെ. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. അതിന്റെ ഭാഗമായി കേന്ദ്രം ഇന്ന് കേരളത്തോട് അനുവർത്തിക്കുന്ന നീതികേടിനെതിരായി ഒരക്ഷരംപോലും സഭാതലത്തിൽ പ്രതികരിക്കാൻ കഴിയാത്ത പ്രതിപക്ഷമേ.... നിങ്ങൾ ഇവിടെ കമ്മ്യൂണിസ്റ്റുകാർക്കെതിരായി മാത്രം

ശബ്ദമുയർത്തുന്നത് ഈ നാട്ടിലെ ജനങ്ങൾ കാണുന്നുണ്ടെന്ന് തിരിച്ചറിയേണ്ടതുണ്ട്. കേന്ദ്രം കേരളത്തെ സാമ്പത്തികമായി ഞെക്കിപ്പിഴിയുകയാണ്. കേരളത്തോട് കേന്ദ്രം കാണിക്കുന്ന ഇരട്ടത്താപ്പിനും രാഷ്ട്രീയ പകപോക്കലിനും കടുത്ത സാമ്പത്തിക ഞെരുക്കത്തിനുമെതിരെ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും എത്രതവണയാണ് കോൺഗ്രസ് എം.പി.-മാരോട് അപേക്ഷിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി.-മാരുടെ യോഗം വിളിച്ചുചേർത്തപ്പോൾ നിങ്ങൾ തലയാട്ടി സമ്മതിച്ചു. പ്രസ്തുത യോഗത്തിൽ മുഖ്യമന്ത്രി മര്യാദ കാണിച്ചതുകൊണ്ട് ചായയും സൽക്കാരങ്ങളും സ്വീകരിച്ചു. അതിനുശേഷം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ സന്ദർശിക്കാൻ തീയതി നിശ്ചയിക്കുകയും അതുമായി ബന്ധപ്പെട്ട നിവേദനം യു.ഡി.എഫ്.-ന്റെ എം.പി.-മാർക്ക് വിതരണം ചെയ്തപ്പോൾ ആ നിവേദനത്തിൽ ഒപ്പിടാനോ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കാണാനോ യു.ഡി.എഫ്.-ന്റെ എം.പി.-മാർ തയ്യാറാകാത്തത് കേരളത്തിലെ പാവപ്പെട്ട മനുഷ്യരോട് കാണിക്കുന്ന അവഗണനയും വഞ്ചനയുമാണ്. ബി.ജെ.പി.-ക്കുവേണ്ടി നിങ്ങൾ കുഴലൂത്ത് നടത്തുകയാണ്. അത്തരത്തിലുള്ള ആളുകൾ ഇവിടെയുണ്ട്. അതിനെക്കുറിച്ച്

ഞാൻ പരാമർശിക്കുന്നില്ല. ബി.ജെ.പി., ആർ.എസ്.എസ്., സംഘ്പരിവാർ തുടങ്ങിയ കേന്ദ്രഗവൺമെന്റിന്റെ വർഗ്ഗീയ-രാഷ്ട്രീയ സ്വഭാവമുള്ള സംഘടനകൾ മുഖേന ഈ രാജ്യത്തെ ഹിന്ദുത്വ രാഷ്ട്രമാക്കി മാറ്റാൻ ശ്രമിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനെതിരെ ഒരക്ഷരംപോലും മിണ്ടുന്നില്ലെന്നത് അടുത്തകാലത്ത് നമ്മൾ കണ്ടതാണ്. സാമ്പത്തികവുമായി ബന്ധപ്പെട്ട് കേരളത്തിന് ലഭിക്കേണ്ട വിഹിതം ചോദിച്ചുവാങ്ങാൻ എം.പി.-മാർ തയ്യാറാകണ്ടേ; നിയമസഭയിൽ അവരവരുടെ നിയോജകമണ്ഡലങ്ങൾക്ക് ആവശ്യമായ വികസന പ്രവർത്തനങ്ങൾ കൊണ്ടുവരാനല്ലേ സംസാരിക്കേണ്ടത്; ആ നിലയിൽപോലും ഉത്തരവാദിത്തപ്പെട്ട കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭ്യമാകേണ്ട സഹായംപോലും ചോദിച്ചുവാങ്ങാതെ ഇവിടെവന്ന് എന്തും പറയുന്നൊരു സമീപനമാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ബാധകമായ 'ധന ഉത്തരവാദിത്വ നിയമം' കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന് ഒരു നിയന്ത്രണവുമില്ലാതെ അൺറസ്ട്രിക്റ്റഡായി കടം വാങ്ങാനുള്ള അവസ്ഥയിലേയ്ക്ക് മാറുന്നു. സംസ്ഥാനങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരുന്നു.

അതാണിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വികസനത്തിൽ എല്ലാതരത്തിലും മുരടിപ്പ് അനുഭവിക്കുമ്പോഴും നാട്ടിലെ പാവപ്പെട്ട മനുഷ്യർക്കാവശ്യമായ വികസന, ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന പൊതുസമീപനം സ്വീകരിക്കുന്ന ഗവൺമെന്റാണ് കേരളത്തിലുള്ളത്. ഇപ്പോൾ നമ്മളെല്ലാവരും ഓണം സുഭിക്ഷമായി ആഘോഷിച്ചു. സർക്കാർ നൽകിയ ഓണക്കിറ്റ് ചില പ്രതിപക്ഷ എം.എൽ.എ.-മാർ നിരസിച്ചു. വളരെ സന്തോഷം. അതിൽ രാഷ്ട്രീയമുണ്ടായിരിക്കാം. എന്നാൽ ഈ നാട്ടിലെ പാവപ്പെട്ട മനുഷ്യർ കിറ്റുവാങ്ങി ഓണം നന്നായി ആഘോഷിച്ചുവെന്നാണ് പറയാനുള്ളത്. അറുപത്തിനാല് ലക്ഷം ആളുകൾ 3200 രൂപയാണ് ആനുകൂല്യമായി വാങ്ങിയത്. തൊഴിലുറപ്പ് തൊഴിലാളികൾ വരെ ഈ സമയത്ത് ആനുകൂല്യങ്ങൾ കൈപ്പറ്റുകയും അവർക്ക് ഫെസ്റ്റിവെൽ അലവൻസ് നൽകുകയും ചെയ്തു. കുടുംബശ്രീക്കാർ, ആരോഗ്യമേഖലയിൽ പ്രവർത്തിച്ചവർ, ലോട്ടറിതൊഴിലാളികൾ എല്ലാവർക്കും ഈ സമയത്ത് ആനുകൂല്യങ്ങൾ നൽകി. അതോടൊപ്പം 140 എം.എൽ.എ.-മാർക്കും ചെറിയ കിറ്റ് സർക്കാർ നൽകി. ഞങ്ങളത് വാങ്ങുകയും അതുപയോഗിച്ച് ഇത്തവണത്തെ ഓണം ആഘോഷിക്കുകയും ചെയ്തു. പക്ഷേ പ്രതിപക്ഷ

എം.എൽ.എ.-മാർ കിറ്റ് നിരസിച്ചുകൊണ്ട് വലിയ മാധ്യമ വാർത്തയുണ്ടാക്കാനുള്ള ശ്രമമാണ് നടത്തിയത്. ധന ഉത്തരവാദിത്വ നിയമത്തിന്റെ ഭാഗമായി കേന്ദ്രം കേരളത്തിനോട് കാണിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട അവഗണന എല്ലാ ഘട്ടങ്ങളിലും ചർച്ച ചെയ്തതാണ്. പത്തുവർഷം കൊണ്ട് സംസ്ഥാനങ്ങളുടെ റവന്യൂകമ്മി പലഘട്ടങ്ങളിലും ഇല്ലാതായിട്ടുണ്ട്. ചില സംസ്ഥാനങ്ങൾ റവന്യൂ മിച്ച സംസ്ഥാനമായി മാറിയിട്ടുണ്ട്. പക്ഷേ 2.5-3.5 എന്ന നിലയിൽ കേന്ദ്രത്തിന്റെ റവന്യൂ കമ്മി ഇപ്പോഴും തുടരുകയാണ്. കഴിഞ്ഞ അഞ്ചുവർഷമായി അനുവദിക്കപ്പെട്ട പരിധിയിൽ സംസ്ഥാനങ്ങൾക്ക് മൂന്ന് ശതമാനത്തിന് താഴെ മാത്രമാണ് പല ഘട്ടങ്ങളിലും ധനക്കമ്മി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഒരു ഘട്ടത്തിൽ രണ്ട് ശതമാനത്തിനും താഴെയായി. എന്നാൽ കേന്ദ്രത്തിന്റെ ധനകമ്മി 5.0-3.5 എന്ന അടിസ്ഥാനത്തിൽ ഉയർന്നിരിക്കുകയാണ്. കേന്ദ്രത്തിന് ഭൂരിപക്ഷമുണ്ടെങ്കിൽ എന്ത് ധാർഷ്ട്യവും സ്വീകരിക്കാം, ജനങ്ങളുടെ മേൽ എങ്ങനെയും കുതിരകയറാം എന്ന നയം സാമ്പത്തിക മേഖലയിൽ സ്വീകരിച്ചുവരികയാണ്. ഇങ്ങനെ സംസ്ഥാനങ്ങളുടെ കടബാധ്യത 25 ശതമാനമായി താഴ്ന്നപ്പോഴും 50 ശതമാനത്തിന് മുകളിൽ കടബാധ്യതയുമായി

മുടിച്ചൂടാമന്നനാണ് ഞങ്ങൾ എന്ന രീതിയിൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുന്നു. ഈ നാട്ടിലെ പാവപ്പെട്ട മനുഷ്യർക്ക് സാമൂഹ്യക്ഷേമ/പുരോഗമന/വികസന ആശയങ്ങൾ നൽകാൻ വളരെ വിവേചനപരമായ സമീപനം സ്വീകരിച്ച് മുന്നോട്ടുപോകുന്ന സാഹചര്യമാണ് നമ്മുടെ മുന്നിലുള്ളത്. ഉത്തേജക പാക്കേജുകൾ കേരളത്തിന് നൽകി, പാവപ്പെട്ട എല്ലാ മനുഷ്യരെയും പരിഗണിച്ചുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തീർച്ചയായും ആ ഗവൺമെന്റിന്റെ എല്ലാമേഖലയിലുമുള്ള പ്രവർത്തനങ്ങൾ ജനങ്ങൾ വളരെയധികം ആഗ്രഹിക്കുന്നു, അനുഭവിക്കുന്നു. എല്ലാ മേഖലകളിലും നേർസാക്ഷ്യമായി മാറിക്കൊണ്ടിരിക്കുന്നു. ആ നിലയിൽ മുന്നോട്ടുപോകുകയാണ്. ഇതെല്ലാം പ്രത്യേകമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. വികസനത്തിന്റെ പുതിയ പന്ഥാവ് സൃഷ്ടിച്ച കിഫ്ബിയോടും പെൻഷൻ ബോർഡിനോടും കേന്ദ്ര ഗവൺമെന്റും ഇ.ഡി.-യും സ്വീകരിക്കുന്ന നയത്തിനെതിരായി കോൺഗ്രസ് ഉൾപ്പെടെ ഒരു രാഷ്ട്രീയ പ്രവർത്തകരും ഒന്നും പറയുന്നില്ല. മണിപ്പൂരിലെ സംഭവങ്ങളെക്കുറിച്ച് നമുക്ക് അറിയാവുന്നതാണ്. പാവപ്പെട്ട സ്ത്രീകൾ ഈ സമൂഹത്തിൽ അപമാനിക്കപ്പെട്ട സ്ഥിതി വിശേഷമുണ്ടായിട്ടുണ്ട്. ലൈംഗിക

വൈകൃതങ്ങൾ, വർഗ്ഗീയ കലാപത്തിന്റെ പേരിൽ പാവപ്പെട്ട അമ്മമാർ, സ്ത്രീകൾ, സഹോദരിമാർ അനുഭവിക്കുന്ന ഏറ്റവും ഭയാനകമായ ഒരു സാമൂഹ്യ സാഹചര്യത്തിനെതിരെ കേന്ദ്ര ഗവൺമെന്റും ബി.ജെ.പി.-യും കോൺഗ്രസും ഒരു വാക്കുപോലും മിണ്ടുന്നില്ല. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരള നിയമസഭയിൽ എം.എൽ.എ.-മാർക്ക് സംസാരിക്കാനും കാര്യങ്ങൾ അവതരിപ്പിക്കാനുമുള്ള അവകാശം വിനിയോഗിച്ചുകൊണ്ട് ബഹുമാന്യനായ മൂവാറ്റുപുഴ അംഗം ചില ആരോപണങ്ങൾ കുറച്ചുനാളുകളായി പരക്കെ ഉന്നയിക്കുകയാണ്. അദ്ദേഹം നിരവധി പത്രസമ്മേളനങ്ങൾ നടത്തുകയും ആരോപണ പ്രത്യാരോപണങ്ങൾ തലങ്ങും വിലങ്ങും ഉന്നയിക്കുകയുമാണ്. കേരളത്തിലെ ജനങ്ങൾക്കത് എത്രത്തോളം ബോധ്യമാകുന്നുവെന്നുപോലും തിരിച്ചറിയാനുള്ള ശേഷി ഇപ്പോൾ അദ്ദേഹത്തിനില്ല. അദ്ദേഹം നിരന്തരമായി ഫ്ലോറിൽവന്ന് കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനുമെതിരെ തെറ്റായ ആരോപണങ്ങൾ

ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം വാർത്തകൾ നിരന്തരം കേൾക്കുന്ന ഒരു അംഗമെന്ന നിലയിൽ ഞാൻ ചില സംശയങ്ങൾ ഇവിടെ സൂചിപ്പിക്കുകയാണ്. എന്ത് ആധികാരികതയുടെ പിൻബലത്തിലാണ് ഇദ്ദേഹം ഈ നിലയിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നത്; പത്ര സമ്മേളനങ്ങളിൽ ചില കാര്യങ്ങൾ ഉന്നയിക്കുകയും പിന്നീട് മറുപടി പറയുകയും ചെയ്യാമെന്ന് പറഞ്ഞ് പത്ര സമ്മേളനം അവസാനിപ്പിക്കുകയുമാണ് ചെയ്യുന്നത്. അടുത്ത പത്രസമ്മേളനം വീണ്ടും വിളിച്ചുചേർക്കും. പിന്നീട് മറുപടി പറയാമെന്ന് പറഞ്ഞ് പത്രസമ്മേളനം വീണ്ടും അവസാനിപ്പിക്കും. അതിനുശേഷം നവ മാധ്യമത്തിലൂടെ ലൈവിൽ വരികയും ഒരു വീഡിയോ തയ്യാറാക്കി, ചില വിശദീകരണങ്ങൾ നടത്തി പോസ്റ്റ് ചെയ്യുകയും അങ്ങനെ എവിടെയോ ആരംഭിച്ച ആരോപണം കഴമ്പില്ലാതെ എവിടെയോ അവസാനിക്കുന്ന കാഴ്ചയാണ് കാണാൻ സാധിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ കുടുംബത്തെ ആക്രമിക്കുക എന്നതാണ് പ്രധാനപ്പെട്ട ലക്ഷ്യം. ഇതാണോ കോൺഗ്രസിന്റെ രാഷ്ട്രീയ പ്രവർത്തനം; ഇതാണോ മൂവാറ്റുപുഴ അംഗത്തിന്റെ പരമപ്രധാനമായ ഉത്തരവാദിത്വം; കേരളത്തിന്റെ മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനുമെതിരെ

തെറ്റായ ആരോപണങ്ങൾ ഉന്നയിച്ച് ഒരു തരത്തിലുമുള്ള ആധികാരികമായ വിവരം ഇല്ലാത്ത വിധത്തിലാണ് അദ്ദേഹത്തെ അവഹേളിച്ചുകൊണ്ടിരിക്കുന്നത്.

ബഹുമാന്യനായ തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് ഇടപെട്ട് സംസാരിച്ച വളരെ പ്രധാനപ്പെട്ടൊരു കാര്യമുണ്ട്. ഇതിൽ കഴമ്പുണ്ടെന്നോ കഴമ്പില്ലെന്നോ എന്നുള്ള കാര്യം കോൺഗ്രസിനെ സംബന്ധിച്ച് പ്രശ്നമില്ല. മൂവാറ്റുപുഴ അംഗത്തെ സംബന്ധിച്ച് ഞാൻ പറയുന്ന കാര്യങ്ങൾ കഴമ്പുള്ള കാര്യങ്ങളാണോ കഴമ്പില്ലാത്ത കാര്യങ്ങളാണോ എന്ന് മനസ്സിലാക്കി വിശകലനം ചെയ്യേണ്ട ഒരു ഉത്തരവാദിത്വവും അദ്ദേഹത്തിനില്ല. താൽക്കാലികമായി മാധ്യമങ്ങളിൽ ചില വാർത്തകൾ സൃഷ്ടിക്കുകയാണ്. ചില ആളുകൾ ഇപ്പോൾ അങ്ങനെ ഇറങ്ങിയിട്ടുണ്ട്. മാധ്യമങ്ങളിൽ അവർക്ക് സ്വീകാര്യത ലഭിക്കുന്നുവെന്നതുകൊണ്ട് ആർക്കെതിരെയും ഒരു രേഖയുമില്ലാതെ ഒരു ആധികാരികതയുമില്ലാതെ എന്തും പ്രസംഗിക്കാം, എന്തും പത്രസമ്മേളനത്തിൽ വിളിച്ചുപറയാം എന്ന ധാരണ വച്ചുപുലർത്തുന്ന ചില കോൺഗ്രസുകാരെ ഈ കാലയളവിൽ കാണാൻ സാധിക്കുകയാണ്.

നിങ്ങൾ നോക്കൂ, ഇതിലെ പ്രശ്നമെന്നത്, രണ്ട് കമ്പനികൾ തമ്മിൽ നിയമാനുസൃതമുണ്ടാക്കിയ കരാർ പ്രകാരം നടത്തിയ ഇടപാടാണിത്, അത് അല്ലെന്ന് പറയാൻ സാധിക്കുമോ; ഡോ. മാത്യു കുഴൽനാടൻ അറിയപ്പെടുന്ന അഭിഭാഷകനാണെന്നാണ് കോൺഗ്രസ്സുകാർ പറയുന്നത്. ഏതായാലും അങ്ങനെ തന്നെയാകട്ടെ, ഞാൻ നിയമ പഠനം നടത്തിയ ഒരാളാണ്. എന്താണ് കോൺട്രാക്റ്റ് എന്നാണ് ആദ്യം പഠിക്കുന്നത്. 'Contract is an agreement between to persons enforceable by law'. എന്നാണ് നമ്മൾ പറയുന്നത്. രണ്ട് വ്യക്തികൾ തമ്മിലുള്ള നിയമാനുസൃതമായ എഗ്രിമെന്റാണ് കോൺട്രാക്റ്റ്. ആ കോൺട്രാക്റ്റ് പ്രകാരം രണ്ട് കമ്പനികൾ നിയമാനുസൃതമായി ബാങ്ക് അക്കൗണ്ട് വഴി നടത്തിയ ഇടപാടാണിത്. ബാങ്ക് അക്കൗണ്ട് വഴി നിയമാനുസൃതമായ ഒരു ഇടപാട് നടത്തിയപ്പോൾ ആ ഇടപാടിനെ സംബന്ധിച്ചാണ് ഡോ. മാത്യു കുഴൽനാടൻ ഉൾപ്പെടെയുള്ളവർ വലിയ രൂപത്തിൽ കാര്യങ്ങൾ വക്രീകരിച്ച് അവതരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ഞാനൊരു ചെറിയ സംശയമുന്നയിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുപ്പിൽ

മത്സരിക്കുമ്പോൾ ഇലക്ഷൻ കമ്മീഷന്റെ മുന്നിൽ നൽകിയ വരുമാനം സംബന്ധിച്ച് ചില വിവരങ്ങളുണ്ട്. 2016-17 കാലയളവിൽ 7,31,030/- രൂപ, അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന പണത്തിന്റെ നികുതി അടച്ചിട്ടുമുണ്ട്. 2017-18 കാലയളവിൽ 19,85,000/- രൂപ, 2018-19 കാലയളവിൽ 25,01,290/- രൂപ, 2020-21 കാലയളവിൽ 6,30,880/- രൂപ ഇങ്ങനെയാണ് വരുമാനം സംബന്ധിച്ച് അദ്ദേഹം കഴിഞ്ഞ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുന്നിൽ നൽകിയ വിവരങ്ങൾ. ഇങ്ങനെയൊരു വിവരം വരുമ്പോൾ ചില സംശയങ്ങൾ നമ്മളെപ്പോലുള്ള രാഷ്ട്രീയ വിദ്യാർത്ഥികൾക്കുണ്ടാകുന്നുണ്ട്. ഇവിടെ ഒരു സംശയമുയർന്നുവരികയാണ്. ഇത്ര വാർഷിക വരുമാനം മാത്രമുള്ള ഒരാൾ എങ്ങനെയാണ് 1,92,60,000/- രൂപ സ്വന്തം അക്കൗണ്ടിൽനിന്നും ട്രാൻസ്ഫർ ചെയ്ത് വസ്തുവും കെട്ടിടവും വാങ്ങി ആധാരം ചെയ്തിട്ടുള്ളത്. ഇതൊരു ന്യായമായ സംശയമല്ലേ? ഇലക്ഷൻ കമ്മീഷന്റെ മുന്നിൽ നൽകിയ സത്യവാങ്മൂലം പരിശോധിച്ച് അദ്ദേഹത്തിന്റെ വരുമാനമെത്രയാണെന്ന് തീർച്ചപ്പെടുത്തി, അത് മനസ്സിലാക്കിയശേഷം അദ്ദേഹം നടത്തിയ സാമ്പത്തിക ഇടപാട് സംബന്ധിച്ച് ആധികാരികമായി, പ്രാഥമികമായൊരു പഠനം നടത്തിയാൽ

സാമാന്യം ബോധമുള്ള ഒരാൾക്ക് തിരിച്ചറിയാൻ കഴിയുന്നൊരു കാര്യമാണ്. ഇതിന് വലിയ എൽ.എൽ.ബി.-യോ അതിനപ്പുറമുള്ള വലിയ വിദ്യാഭ്യാസമോ യു.ജി.-യോ പി.ജി.-യോ ഒന്നും ആവശ്യമില്ല. എങ്ങനെയാണ് അദ്ദേഹത്തിന് ഇത്രയധികം പണം ലഭിച്ചിട്ടുള്ളതെന്നത് സംബന്ധിച്ചാണ് നമുക്ക് സംശയമുയരുന്നത്. ഇദ്ദേഹം ആ സംശയത്തിനൊന്നും മറുപടി പറയുന്നില്ല. എല്ലാ കാര്യങ്ങൾക്കും പത്രസമ്മേളനം നടത്തി മറുപടി പറയുന്ന ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടനോട് അടിയന്തരമായി എനിക്ക് ചോദിക്കാനുള്ളത്, ഇക്കാര്യത്തെ സംബന്ധിച്ച് വളരെപെട്ടെന്നുതന്നെ ആധികാരികമായി പത്രസമ്മേളനം നടത്തിയോ അല്ലാതെയോ നിങ്ങൾക്ക് പൊതുജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കാവുന്നതല്ലേ എന്നാണ്. ഇവിടെ ആധാരത്തിൽ കാണിച്ചിരിക്കുന്ന കാര്യങ്ങളാണ് ഞാൻ പറയുന്നത്. ഇത്ര വലിയ തുകയിലേയ്ക്ക്, ഇത്ര പെട്ടന്നൊരു സാമ്പത്തിക വളർച്ച, കേരളത്തിൽ അത്യപൂർവ്വമായി ആർക്കെങ്കിലുമുണ്ടോയെന്നറിയില്ല. എന്റെ ശ്രദ്ധയിൽ ഇത്രയും പെട്ടെന്ന് വളർന്ന് വന്ന ഒരു വ്യക്തി ഇപ്പോൾ ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ മാത്രമേയുള്ളൂ. അദാനി വലിയൊരു

കോടീശ്വരനാണല്ലോ; അതുകൊണ്ട് ഞാൻ ഡോ. മാത്യു കുഴൽനാടനെ വിശേഷിപ്പിക്കുന്നത് ജൂനിയർ അദാനി എന്നാണ്. വലിയ ടേൺ ഓവറുള്ള ബിസിനസ് നടത്തി, വർഷങ്ങളോളം സാമ്പത്തികമായി പിടിച്ചുനിൽക്കുന്ന വലിയ ബിസിനസ്സുകാരെക്കാളും വെല്ലുന്ന വിധത്തിലാണ് അഭിഭാഷകനും എം.എൽ.എ.-യുമായ ഒരു വ്യക്തി ഇത്രയും വളർന്നത്. ഇവിടെ അദ്ദേഹം മാത്രമല്ല പലയാളുകളും അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന് ഇത്ര പെട്ടന്നൊരു സാമ്പത്തിക വളർച്ചയുണ്ടായത് ഒരുപക്ഷെ എന്നെപ്പോലെയുള്ള ആളുകൾക്ക് അത്ഭുതമാണ്. അങ്ങനെ വരുമ്പോഴാണ് ചിന്നക്കനാലിലെ വിഷയത്തിലേയ്ക്ക് പോകേണ്ടിവരുന്നത്. ചിന്നക്കനാലിലെ ലൈസൻസ് സംബന്ധിച്ച് ആധികാരികമായി എന്തെങ്കിലും അദ്ദേഹം പറഞ്ഞോ? ഏത് ആവശ്യത്തിനാണ് അദ്ദേഹം കെട്ടിടം നിർമ്മിച്ച് നമ്പർ വാങ്ങി നിയമാനുസൃതം ലൈസൻസ് നേടിയതെന്ന് വ്യക്തമാക്കിയിട്ടുണ്ടോ? ലൈസൻസ് വാങ്ങി, എല്ലാം ശരിയാണ്. എല്ലാം ഞങ്ങൾ ചെയ്തിട്ടുണ്ടെന്ന നിലയിൽ ചില കാര്യങ്ങൾ പറയുന്നു. ഈ ആരോപണങ്ങൾ ഉന്നയിച്ചുകഴിഞ്ഞാൽ ഞാൻ ലോണെടുത്ത തുകയാണെന്ന് അദ്ദേഹം തിരിച്ച് ഉന്നയിക്കാൻ സാധ്യതയുണ്ട്. സാധാരണഗതിയിൽ നമ്മുടെ നാട്ടിൽ

എല്ലാവരും ലോണെടുക്കാറുണ്ട്. ഒരു ബിസിനസ് സ്ഥാപനം തുടങ്ങുമ്പോൾ, ഏതെങ്കിലും നിലയിൽ പണം അത്യാവശ്യമായി വരുമ്പോൾ ലോൺ എടുത്ത് കാര്യങ്ങൾ നിർവ്വഹിക്കുന്ന രീതി സാധാരണ നമ്മുടെ നാട്ടിലുണ്ട്. ലോണെടുക്കുന്നത് സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുന്നിൽ അദ്ദേഹം വ്യക്തമാക്കിയൊരു രേഖയുണ്ട്. ആ രേഖയിൽ 16 ലക്ഷം രൂപ, കുറച്ചുകൂടി പൈസയുണ്ട് അതുൾപ്പെടെ പതിനേഴുലക്ഷത്തിന് താഴെ മാത്രം എനിക്ക് ലോണുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. പതിനേഴുലക്ഷം രൂപയുടെ താഴെമാത്രം ലോണുള്ള ഒരാൾ എങ്ങനെയാണ് ഒരുകോടി രൂപയിലധികം വരുന്ന തുക ഒരുഘട്ടത്തിൽ ആർജ്ജിച്ചെടുക്കുന്നത്. ഇത് ഒരു ശരാശരി പൗരന്റെ സ്വാഭാവികമായ സംശയമാണ്. ഡോ. മാത്യൂ കുഴൽനാടനെപ്പോലെ വലിയ പത്രസമ്മേളനം വിളിച്ച് പ്രസംഗിക്കേണ്ട പ്രശ്നം ഇവിടെ വരുന്നില്ല. ഇതൊരു സ്വാഭാവിക പ്രശ്നമാണ്. ഇതിന് മറുപടി പറയാൻ നിങ്ങൾക്ക് കഴിയുമോയെന്ന ന്യായമായ ചോദ്യമാണ് ഞാൻ ഈ അവസരത്തിൽ ഉന്നയിക്കുന്നത്. ഡോ. മാത്യൂ കുഴൽനാടൻ ഒരു കാര്യം മനസ്സിലാക്കേണ്ടത് ഇത് അങ്ങനെയൊന്നും തീരുന്ന വിഷയമല്ല. ഡോ. മാത്യൂ കുഴൽനാടൻ നിയമസഭയിൽ രണ്ട് പ്രസംഗവും നാല്

പത്രസമ്മേളനവും നടത്തിക്കഴിഞ്ഞാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയും സി.പി.ഐ.(എം.)-ഉം അത്ര പെട്ടെന്ന് അങ്ങ് അവസാനിച്ചുപോകുന്നൊരു പ്രതിഭാസമാണെന്ന് നിങ്ങൾ കരുതേണ്ട. ഇതിനെക്കാൾ വലിയ നിരന്തരമായ ആരോപണങ്ങളെ അതിജീവിച്ചുവന്നതാണ് കേരളത്തിലെ ഇടതുപക്ഷം, കേരളത്തിലെ സി.പി.ഐ.(എം.). കേരളത്തിലെ മുഖ്യമന്ത്രിയെ ലക്ഷ്യമിടുന്നതിന് കാരണം അദ്ദേഹം കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിനും ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും നേതൃത്വം കൊടുക്കുന്ന വ്യക്തിയാണ്. കേരളത്തിൽ 5 വർഷം കൂടുമ്പോൾ മാറിമാറി വരുന്ന ഭരണരീതിയെത്തന്നെ മാറ്റി വലിയ ജനസ്വീകാര്യതയാർജ്ജിച്ച് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഏറ്റവും ശക്തമായി മുന്നോട്ടുപോയൊരു മുഖ്യമന്ത്രിയാണ് അദ്ദേഹം. ആ മുഖ്യമന്ത്രിയിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിക്കുന്നു. അങ്ങനെ വിശ്വാസം വർദ്ധിക്കുമ്പോൾ മാധ്യമങ്ങളെ കൂട്ടുപിടിച്ച് നാല് പത്ര സമ്മേളനം നടത്തി, ശരിയാണെങ്കിലും തെറ്റാണെങ്കിലും ആരോപണങ്ങളുന്നയിച്ച് സംശയങ്ങൾ ഉയർത്തുകയെന്നുള്ളതാണ് നിങ്ങൾ ചെയ്യുന്നത്. ആ സംശയങ്ങൾ കേരളത്തിലെ ജനങ്ങൾ വച്ചുപൊറുപ്പിക്കില്ല. അത് ശക്തമായി നേരിടാനുള്ള

കരുത്ത് ഇടതുപക്ഷ പ്രസ്ഥാനത്തിനുണ്ടെന്ന് മാത്രമാണ് ഈ അവസരത്തിൽ പറയുന്നത്. പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ വർഷങ്ങളായി വിജയിച്ച് വരുന്നൊരു സീറ്റ് ഒരു തവണകൂടി ജയിച്ചതിൽ ചില കാര്യങ്ങളുണ്ട്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ഞാൻ ഈ ഉപധനപാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ സുരക്ഷിതത്വം, സാമ്പത്തിക ഭദ്രത എന്നിവ ഉൾക്കൊള്ളുന്ന ബഹുമുഖമായ പരിപാടികൾക്ക് ഈ ഉപധനാഭ്യർത്ഥനകൾ അംഗീകരിക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ സംസ്ഥാനം ഗുരുതരമായ വെല്ലുവിളികൾ നേരിടേണ്ടിവരുന്നത് കേന്ദ്രഭരണകൂടത്തിൽ നിന്നാണ്. പ്രകൃതിക്ഷോഭത്തെക്കാളേറെ മാരകമായ സാംക്രമിക രോഗത്തെക്കാളേറെ അതിവിഷലിപ്തമായ സമീപനംകൊണ്ട് കേരളത്തെ ശ്വാസംമുട്ടിക്കാനും കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് തടസ്സമുണ്ടാക്കാനുമുള്ള ശ്രമങ്ങൾ നടത്തുകയാണ്. അത് വിസ്മരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ നമുക്ക് കഴിയില്ല.

ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സാമ്പത്തിക മേഖലയിൽ 22.11 ശതമാനം വളർച്ച തനത് നികുതിയിലുണ്ടായിട്ടുണ്ട്. നികുതിയേതര വരുമാനത്തിൽ 44.83 ശതമാനം വളർച്ച. സമ്പദ്ഘടനാപരമായ സുസ്ഥിരതയ്ക്ക് അടിത്തറ ഭദ്രമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. അതാണ് കേന്ദ്രം കാണിക്കുന്ന അസഹിഷ്ണുതയുടെയും കേരളത്തെ തകർക്കണമെന്ന താൽപ്പര്യത്തിന്റെയും അടിസ്ഥാനപരമായ മറ്റൊരു ഘടകം. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ നികുതി വരുമാനം 18.5 ശതമാനമായി വർദ്ധിച്ചു. മറ്റ് പല സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ 3 ശതമാനം കൂടുതലാണ്. കാരണം, തനത് നികുതിയിലെ 22.11 ശതമാനം വളർച്ചാ നിരക്ക് ദേശീയ ശ്രദ്ധ നേടിയിട്ടുള്ളതാണ്. കേരളത്തിന്റെ പരിമിതമായ പല സാഹചര്യവും നിലനിർത്തിക്കൊണ്ടുതന്നെ ദേശീയ തലത്തിൽ ശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞു. തനത് നികുതി വരുമാനം 2021-22-ലെ 63,000/- കോടി രൂപയിൽനിന്നും ഈ വർഷം 77,000/- കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ നേട്ടത്തിൽ മഹാരാഷ്ട്രയും ഗുജറാത്തുമാണ് സംസ്ഥാനങ്ങളുടെ ഇടയിൽ മുന്നിട്ടുനിൽക്കുന്ന മറ്റ് സംസ്ഥാനങ്ങൾ.

നികുതിയേതര വരുമാനത്തിൽ 44.83 ശതമാനം വളർച്ചയുണ്ടായിട്ടുണ്ട്. കഴിഞ്ഞവർഷം റവന്യൂ ചെലവ് നിയന്ത്രണത്തിൽ പതിനായിരം കോടി രൂപയിൽനിന്ന് പതിനയ്യായിരം കോടി രൂപയോളം ലഭിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം റവന്യൂ ചെലവ് നിയന്ത്രണത്തിൽ വിജയിച്ച ഏക സംസ്ഥാനവും നമ്മുടെ കേരളമാണ്. ഇതൊന്നും പരിഗണിക്കാതെയാണ് കേരളത്തിന്റെ കടമെടുപ്പ് അവകാശങ്ങൾ കഴിഞ്ഞവർഷം 47 ശതമാനം വെട്ടിക്കുറയ്ക്കാൻ ഏകപക്ഷീയമായി കേന്ദ്രഗവൺമെന്റ് തീരുമാനിച്ചത്. കിഫ്ബിക്കുവേണ്ടിയെടുത്ത വായ്പകളും ക്ഷേമപെൻഷൻ വിതരണം ചെയ്യാനുള്ള തുകയുമുൾപ്പെടെ സർക്കാർ വായ്പയായി കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തിന്റെ കടം ആനുപാതികമായി വെട്ടിക്കുറയ്ക്കാനും തടസ്സപ്പെടുത്താനുമുള്ള നടപടി സ്വീകരിച്ചു. കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 3 ശതമാനം കടമെടുക്കാം. പക്ഷെ, കോവിഡ്, വെള്ളപ്പൊക്കക്കെടുതി ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ കണക്കിലെടുക്കാതെ അഞ്ച് ശതമാനം വരെ ഉയർത്തി. പടിപടിയായി വീണ്ടും ഉയർത്തി. ഇതാണ് കേന്ദ്രം വെട്ടിക്കുറച്ചത്. അങ്ങനെ പടിപടിയായി ഉയർത്താനുള്ള നടപടികളെ യാതൊരു ന്യായീകരണവുമില്ലാതെയാണ് കേന്ദ്രഗവൺമെന്റ്

വെട്ടിക്കുറച്ചത്. കേന്ദ്ര പദ്ധതികൾക്ക് ലഭിച്ചിരുന്ന 80 ശതമാനം കേന്ദ്രവിഹിതം 60 ശതമാനത്തിന് താഴെയായി. വിവിധ കേന്ദ്രസഹായത്തോടെ തിരിച്ചടവ് കാലാവധി മൂന്നുവർഷം വരെയുണ്ടായിരുന്നു. ഇത്തരത്തിലാണ് നമ്മുടെ സാമ്പത്തിക സാഹചര്യം. വെള്ളപ്പൊക്ക കെടുതികളുടെ കാര്യം പറഞ്ഞു, വിവിധ പ്രകൃതിക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങൾ അതിജീവിക്കാൻ, അതിജീവനത്തിന്റെ കരുത്തുമായി മുന്നോട്ടുപോകാൻ ഈ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നത് ഒരു വസ്തുതയാണ്. ഈ സാമ്പത്തികമായ പരിമിതികളും കേന്ദ്രത്തിന്റെ അതിരൂക്ഷമായ രാഷ്ട്രീയ വൈരാഗ്യത്തിൽ നിറഞ്ഞ വിഷലിപ്തമായ സമീപനങ്ങളും കൊണ്ടാണ് കേരളം ഇങ്ങനെ സാമ്പത്തികമായി വീർപ്പുമുട്ടേണ്ടിവരുന്നതെന്നത് ഒരു യാഥാർത്ഥ്യമാണ്. അതിനെതിരായ പോരാട്ടത്തിൽ നമ്മുടെ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ പാർലമെന്റിനകത്ത് സ്വീകരിച്ച നിലപാടുകൾ വാസ്തവത്തിൽ നിരാശാജനകമാണ്. കേരളത്തിന് ആ പോരാട്ടം തുടരേണ്ടതായിട്ടുണ്ട്. ഇത് നിലനിൽപ്പിന്റെ ഭാഗമാണ്. ആ പരിപാടികളുമായി മുന്നോട്ടുപോകുന്നതിന് സുസ്ഥിരമായി നിലപാടുകൾ

സ്വീകരിക്കാം. ആ നിലപാടുകളെ രാഷ്ട്രീയമായി മാത്രം കണ്ടുകൊണ്ട് കേരളത്തോട് കാണിക്കുന്ന വിവേചനപരമായ നിലപാടുകൾ. അതെല്ലാം നമുക്കറിയാം. ഇന്ത്യയിൽ ഒരു ദേശീയ ബദൽ സംവിധാനത്തിന്റെ പ്രതീകമായി വർത്തിക്കുന്നതും കേരളമാണ്. ബി.ജെ.പി. ഭരണകൂടത്തിനെതിരായി ഓരോ കാര്യങ്ങളിലും സുശക്തമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. എന്റെ സംസ്ഥാനത്ത് പൗരത്വഭേദഗതി നിയമം നടപ്പാക്കുകയില്ലെന്ന് പറയാൻ ആത്മധൈര്യം പ്രകടിപ്പിച്ച മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ. ഇപ്പോൾ പല നിയമങ്ങളും കൊണ്ടുവരാൻ പോകുന്നതിന്റെ ആകാംക്ഷയും ഉത്കണ്ഠയുമുണ്ട്. രാജ്യത്തിന്റെ മതേതരത്വത്തിനും ജനാധിപത്യബോധത്തിനും സൗഹാർദ്ദതയ്ക്കും വിഘാതമായി നിൽക്കുന്ന നിരവധി നയങ്ങൾ കേന്ദ്രസർക്കാർ സ്വീകരിക്കുമ്പോൾ, അത്തരം നയങ്ങൾക്കെതിരെ പ്രതിരോധത്തിന്റെ കരുത്തും ശക്തിയുമായി നിൽക്കാൻ കേരളത്തിന് സാധിക്കുന്നതിനാൽ കേരളത്തെ ഏതെല്ലാം നിലയിൽ ദ്രോഹിക്കാൻ കഴിയുമോ അത്തരം നിലപാടുകൾ സ്വീകരിക്കുന്ന ഒരു സർക്കാരാണ് കേന്ദ്രത്തിലുള്ളതെന്നത് യാഥാർത്ഥ്യമാണ്. ഇവിടെ സുസ്ഥിരമായൊരു ഭരണകൂടമുള്ളതുകൊണ്ട്

മറ്റൊന്നും അവരുടെ കണ്ണിൽ കരട് ആയിട്ടില്ല. അതിനാവശ്യമായ നിർദ്ദേശങ്ങളും നേതൃത്വവും നൽകാൻ കഴിവും കരുത്തുമുള്ള മുഖ്യമന്ത്രി ഉൾപ്പെട്ട സംസ്ഥാനമാണ് നമ്മുടേത്. അതുപോലെ ജനങ്ങളെ സഹകരിപ്പിച്ചുകൊണ്ട് പുരോഗതിയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിൽ സർക്കാരിന് പ്രതിബന്ധതയുണ്ട്. വാഗ്ദാനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ സ്വീകരിച്ച ശുഷ്ക്കാന്തിയും ആത്മാർത്ഥതയുംകൊണ്ടാണ് ഈ സർക്കാരിന് ഒന്നാം ഭരണകാലം പൂർത്തിയാക്കി രണ്ടാമത് തുടർഭരണത്തിലെത്താൻ സാധിച്ചത്. വാഗ്ദാനങ്ങളും പ്രകടനപത്രികകളും അലമാരയിൽ സൂക്ഷിക്കേണ്ടതല്ലെന്നും അത് പ്രാവർത്തികമാക്കേണ്ടതാണെന്നും തെളിയിക്കാൻ ഈ സർക്കാരിന് സാധിച്ചു. കേരളത്തിൽ വീണ്ടും വീണ്ടും അധികാരത്തിലെത്തണമെന്ന ആഗ്രഹത്തിന്റെ ഭാഗമായാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തോടെ ഈ സർക്കാരിന് അധികാരത്തിലെത്താൻ സാധിച്ചത്. അത് യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യം നിലനിൽക്കുമ്പോഴാണ് കേരളത്തെ ദുർബലമാക്കാനുള്ള ശ്രമങ്ങൾ കേന്ദ്രം പരസ്യമായും പരോക്ഷമായും സ്വീകരിക്കുന്നത്. അതിന് സഹായകരമായ

നിലപാടുകൾ സ്വീകരിക്കുന്ന രാഷ്ട്രീയ കക്ഷികളുമുണ്ട്. നിലപാടുകളിൽ രാഷ്ട്രീയമായി വ്യത്യസ്തതകളുണ്ടാകുമെങ്കിലും കേരളത്തിന്റെ പൊതുവായ താല്പര്യങ്ങൾക്ക് വിഘാതമായി നിൽക്കുന്ന കാര്യങ്ങൾ ചെയ്യുന്നത് രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും താല്പര്യത്തിന് വിരുദ്ധമാണെന്നറിയാൻ അവരുടെ സങ്കുചിതമായ കാഴ്ചപ്പാടുകൊണ്ട് സാധിക്കുന്നില്ലെന്നതാണ് നിർഭാഗ്യകരമായ കാര്യം. അത് മാറ്റിവച്ചുകൊണ്ട്, കേരളം പോലുള്ള ഒരു കൊച്ചുസംസ്ഥാനം, അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ തുടങ്ങിയ നിരവധി പ്രശ്നങ്ങളുണ്ട്, എന്നിരുന്നാലും കേരളമൊരു വ്യാവസായിക-സമാധാന സംസ്ഥാനമായി മാറിയതിപ്പോഴാണ്. വിദേശ നിക്ഷേപം ഉൾപ്പെടെയുള്ള കാര്യങ്ങൾ എടുത്തുപറയേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉത്തരവാദപ്പെട്ട മന്ത്രിമാരും കൂടിച്ചേർന്ന് വിദേശരാജ്യങ്ങളിൽ നടത്തിയ ശ്രമങ്ങൾ വെറുതേയായിട്ടില്ല. സമാധാന ഭദ്രതയുണ്ടാക്കി മുന്നോട്ടുപോകാനും സാമ്പത്തികമായും സാമൂഹികമായും ഭരണപരമായും നേട്ടങ്ങളുണ്ടാക്കാൻ കഴിയുന്ന ഭരണകൂടമായി മുന്നോട്ടുപോകാനും കഴിയണമെന്ന ശ്രമത്തിന്റെ ഭാഗമായാണ് ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നത്. ബാംഗ്ലൂർ ആസ്ഥാനമായി

പ്രവർത്തിക്കുന്ന പബ്ലിക് അഫയേഴ്സ് സെന്ററിന്റെ പഠനത്തിലാണ് രാജ്യത്ത് ഏറ്റവും മികച്ച ഭരണം കാഴ്ച വയ്ക്കുന്ന സംസ്ഥാനം കേരളമാണെന്ന അംഗീകാരം നമുക്ക് ലഭിച്ചത്. നമ്മുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ, ക്രമസമാധാന പരിപാലനം തുടങ്ങിയവയിലെ പ്രധാനപ്പെട്ട പത്ത് ഘടകങ്ങൾ പരിഗണിച്ചാണ് ഈ അംഗീകാരം ലഭിച്ചത്. ഇക്കാര്യങ്ങളിൽ നമ്മുടെ കൊച്ചുസംസ്ഥാനത്തിന് ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞെന്നത് ഭരണപരമായ നിർവ്വഹണത്തിന്റെ വിശുദ്ധിയും ലക്ഷ്യബോധത്തിൽ സമർപ്പിതമായ ഭരണസംവിധാനവുമാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാന സർക്കാരിന്റെ വാഗ്ദാനങ്ങൾ നിറവേറ്റാൻ സാമ്പത്തികമായ വലിയ ബാധ്യതകളുണ്ട്. കേന്ദ്രത്തിന്റെ നിരുത്തരവാദപരമായതും നിസ്സഹായമായതും വളരെ ആപത്കരവുമായ നിലപാടുകൾകൊണ്ട് കേരളത്തിന് പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. അത് രാഷ്ട്രീയത്തിൽ അസ്ഥിരതയുണ്ടാക്കാൻ വേണ്ടിയാണ്. പക്ഷെ, നമുക്ക് പിടിച്ചുനിൽക്കാൻ കഴിയണം.

<u>മി.സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്..

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, അതുകൊണ്ടുതന്നെ നമ്മുടെ ഈ ഉപധനാഭ്യർത്ഥനകൾ പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണെന്ന് കരുതിക്കൊണ്ട് ഞാൻ ഇതിനെ അനുകൂലിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിൽ സഹതാപം കൊണ്ടാണ് കോൺഗ്രസ് വിജയിച്ചതെന്ന് ഇന്നിവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ സി.പി.ഐ.(എം.) പ്രവർത്തകരോട് ചോദിക്കട്ടെ. പത്തിരുപത്തിയഞ്ച് വർഷം നിങ്ങൾ ത്രിപുര ഭരിച്ചിരുന്നല്ലോ. അവിടെ നിങ്ങളുടെ ഒരു എം.എൽ.എ. മരണപ്പെട്ടതിനെ തുടർന്നുണ്ടായ ഉപതെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ മകനെയല്ലേ നിങ്ങൾ മത്സരിപ്പിച്ചത്. എന്നിട്ട് നിങ്ങൾക്ക് സഹതാപം കിട്ടിയോ? കയ്യിലിരുപ്പ് നന്നായാലേ ജനങ്ങൾ വോട്ട് ചെയ്യൂ. നിങ്ങൾ ഒന്ന് ആലോചിച്ചുനോക്കൂ.... ഞാൻ സംസാരിക്കട്ടെ... ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി താങ്കൾ അവിടെ ഇരിക്കൂ, ഞാൻ വഴങ്ങാം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ത്രിപുരയിൽ ബൂത്ത് പിടിത്തം നടന്നെന്നും തെരഞ്ഞെടുപ്പ് അട്ടിമറിച്ചെന്നും 90% വോട്ടും ഒരു മണ്ഡലത്തിൽ ബി.ജെ.പി.-ക്ക് കിട്ടിയത്

അങ്ങനെയാണെന്നും കോൺഗ്രസ്സ് ഉൾപ്പെടെ എല്ലാവരും പ്രസ്താവനയിറക്കിയതാണ്. മുസ്ലീംലീഗ് ഇതിൽ ബി.ജെ.പി. നിലപാടിന്റെ കൂടെയാണോ? കൗണ്ടിംഗ് എല്ലാവരും ബഹിഷ്കരിച്ചതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, തോൽക്കുമ്പോൾ എല്ലാവരും അങ്ങനെതന്നെയാണ് പറയുന്നത്. തോറ്റുകഴിഞ്ഞാൽ പിന്നെ അതുതന്നെയല്ലേ പറയുകയുള്ളൂ. അതെല്ലാം നിങ്ങളുടെ പാർട്ടിയുടെ പരിപാടി തന്നെയാണ്. അതൊക്കെ നിർത്തണം. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് പത്തിരുപത്തിയഞ്ച് ദിവസം പ്രചരണവും നടത്തി 25 കൊല്ലം ഭരിച്ച ഒരു കേഡർ പാർട്ടിക്ക്, അതും അമ്പും വില്ലുമൊക്കെ കൈകാര്യം ചെയ്ത നിങ്ങൾക്ക് അത് നേരിടാൻ കഴിയാത്തത് നിങ്ങളുടെ പോരായ്മയല്ലാതെ എന്നോട് പറഞ്ഞിട്ടെന്താണ് കാര്യം. അതിന് ലീഗ് എന്താ ചെയ്യേണ്ടത്, ഞങ്ങൾ അവിടെയില്ലല്ലോ. 67% മുസ്ലീം വോട്ടർമാരുള്ള ഒരു മണ്ഡലത്തിൽ ന്യൂനപക്ഷങ്ങളുടെ കാര്യങ്ങളെന്ന് പറയുന്ന നിങ്ങൾ... നിങ്ങളുടെ സ്ഥാനാർത്ഥിക്ക് മൂവായിരം വോട്ടുമാത്രമേ കിട്ടിയിട്ടുള്ളൂ.... നിങ്ങൾ ഞാൻ പറയുന്നതുകേൾക്കു.. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നിങ്ങളൊക്കെ വന്നുകൂടിയ കമ്മ്യൂണിസ്റ്റാണ്, ദയവായി സീറ്റിലിരിക്കണം. ഞാൻ

സംസാരിച്ചോട്ടെ... ഇതിലെ വിഷയമെന്താണെന്നുവച്ചാൽ, ബംഗാളിൽ നിങ്ങൾക്ക് സംഭവിച്ച പ്രശ്നമെന്താണെന്ന് ചിന്തിച്ചുനോക്കൂ. 2010-ൽ കൽക്കട്ട കോർപ്പറേഷനിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നപ്പോൾ തൃണമൂൽ കോൺഗ്രസ് വിജയിച്ചു. നിങ്ങളുടെ കൗണ്ട് ഡൗൺ അവിടെ തുടങ്ങി. ഇവിടെ കോൺഗ്രസ്സും ബി.ജെ.പി.-യുമാണെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ; എന്നാൽ അവിടെ നിങ്ങൾക്ക് ആരാണ്? അവിടെ തൃണമൂൽ കോൺഗ്രസ്സല്ലേ നിങ്ങളെ തോൽപ്പിച്ചത്. പിന്നെ അതിജീവനത്തിനുവേണ്ടി നിങ്ങൾ കോൺഗ്രസ്സിനൊപ്പം കൂടി. തുടർന്ന് കോൺഗ്രസ്സിന് 10-ഉം നിങ്ങൾക്ക് 2 സീറ്റും കിട്ടി. അതിന് ഞങ്ങൾ എന്തുചെയ്യാനാണ്; നിങ്ങൾ ഇങ്ങനെയൊന്നും പറയരുത്. ഞങ്ങൾക്ക് നിങ്ങളുടെ അവസ്ഥ വിചാരിച്ച് വലിയ സങ്കടമുണ്ട്. പക്ഷെ പറഞ്ഞിട്ട് കാര്യമില്ല. ജനം നിങ്ങളെ കൈവിടുകയല്ലേ? നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. കേഡർ പാർട്ടിയെന്നുപറയുന്ന നിങ്ങൾ തൃക്കാക്കരയിൽ മുഖ്യമന്ത്രിയും പത്തൊമ്പത് മന്ത്രിമാരും സർവ്വസന്നാഹങ്ങളും പ്രചരണം നടത്തിയിട്ടും 25000 വോട്ടുകൾക്കാണ് ശ്രീമതി ഉമ തോമസിനോട് പരാജയപ്പെട്ടത്. രണ്ടാമത് ജെയ്ക്ക്...ജെയ്ക്ക്...ജെയ്ക്ക്... എന്നുപറഞ്ഞുകൊണ്ടാണ് പുതുപ്പള്ളിയിൽ പോയത്.

അവിടെ 37000 വോട്ടുകൾക്കാണ് പരാജയപ്പെടുന്നത്. സർക്കാരിന്റെ വിലയിരുത്തലായിരിക്കും ഈ തെരഞ്ഞെടുപ്പെന്നാണ് സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇതേക്കുറിച്ച് അഭിപ്രായപ്പെട്ടത്. തെരഞ്ഞെടുപ്പ് പരാജയപ്പെട്ടപ്പോൾ സഹതാപവോട്ട് എന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹത്തെ പറഞ്ഞിട്ട് കാര്യമില്ല. അദ്ദേഹം പ്രത്യയശാസ്ത്ര വിശാരദനാണ്. അദ്ദേഹത്തിന് ഒരു പ്രശ്നമുണ്ട്, മർമ്മം അറിയുന്നവന് തല്ലാൻ സ്ഥലമില്ലെന്ന് പറഞ്ഞതുപോലെയാണ് അദ്ദേഹത്തിന്റെ അവസ്ഥ. പറയുന്നതെന്തും അദ്ദേഹത്തിന് പ്രത്യയശാസ്ത്രപരമായിട്ടാകണം. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് കുറച്ച് ബുദ്ധിമുട്ടുണ്ട്. അത് നമ്മൾ മനസ്സിലാക്കണം. കൂടാതെ നിങ്ങളുടെ നേതാക്കൾ... ഉദാഹരണമായി ശ്രീ. വി. എൻ. വാസവൻ മിനിസ്റ്റർ നല്ല കമ്മ്യൂണിസ്റ്റുകാരനും വായനക്കാരനും എല്ലാ വിഷയങ്ങളെക്കുറിച്ച് അറിവുമുള്ള ആളാണ്. എന്നാൽ അദ്ദേഹത്തിന്റെ ബൂത്തിൽനിന്നും കോൺഗ്രസിന് 241 വോട്ടാണ് കൂടുതൽ ലഭിച്ചത്. അദ്ദേഹത്തെ വിചാരിച്ചെങ്കിലും ജനങ്ങൾ വോട്ടുചെയ്യണ്ടേ. അവരവരുടെ നാട്ടിൽ അവരവർക്ക് ബലമില്ലെങ്കിൽ അതും മനസ്സിലാക്കണം. സ്വന്തം ബൂത്തിലാണ്

നിങ്ങളുടെ സ്ഥാനാർത്ഥി 146 വോട്ടുകൾക്ക് പിന്നിൽപ്പോയത്. നിങ്ങൾ ആരോടാണ് ഇതൊക്കെപ്പറയുന്നത്. എസ്.എഫ്.ഐ.-യുടെ കുട്ടികൾക്ക് ക്ലാസെടുക്കുന്നതുപോലെയാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിൻ പ്രസംഗിച്ചത്. തുടർന്ന് ഡോ. മാത്യൂ കുഴൽനാടനുമായുള്ള സംവാദമാണ്.. ധനകാര്യ ചർച്ച.. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. നിങ്ങളുടെ രണ്ടാം വരവ് നിങ്ങളുടെതന്നെ നാശത്തിന്റെ ആരംഭമാണെന്നതിൽ യാതൊരുവിധ സംശയവുമില്ല. നിങ്ങളുടെ സോഷ്യൽ മീഡിയയെക്കുറിച്ച് പറയാതിരിക്കുന്നത് ശരിയല്ല. മറ്റുള്ളവരെക്കുറിച്ച് പറയുമ്പോൾ കുറച്ചൊക്കെ മാന്യതയുണ്ടാകണമെന്ന് നിങ്ങളുടെ പോരാളി ഷാജി തുടങ്ങിയവരോടൊക്കെ ഒന്ന് പറയണം. പുതുപ്പള്ളിയിൽ കോൺഗ്രസ്സ് വിജയിച്ചപ്പോൾ നിങ്ങൾ പറഞ്ഞത് പുതുപ്പള്ളിക്കാർ കഴുതയെ ജയിപ്പിച്ചെന്നാണ്. അപ്പോൾ നിങ്ങൾ കുതിരയായിരുന്നോ; നിങ്ങൾ കുതിരയെയും കഴുതയെയും വച്ച് താരതമ്യം ചെയ്യുകയാണോ? നിങ്ങൾ പഴയ കമ്മ്യൂണിസ്റ്റല്ലേ, കുറച്ചൊക്കെ മാന്യത വേണ്ടേ? ഇ. കെ. നായനാർ ഭരിച്ച ഒരു പാർട്ടിയല്ലേ, അദ്ദേഹം കൊണ്ടുനടന്ന ഒരു പാർട്ടിയല്ലേ, ചടയൻ ഗോവിന്ദൻ കൊണ്ടുനടന്ന ഒരു പാർട്ടിയല്ലേ. നിങ്ങൾ ചെറുപ്പക്കാരോട്

പറയേണ്ടത് കമ്മ്യൂണിസം പഠിക്കണമെന്നാണ്. അതുപോലെ ലാ പഠിക്കുന്നുണ്ടെങ്കിൽ കോൺട്രാക്ട് ലാ തന്നെ പഠിക്കണം. ബാക്കി കമ്മ്യൂണിസം പഠിക്ക്.

ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം ചോദിക്കട്ടെ. കേന്ദ്രസർക്കാരിനെക്കുറിച്ച് ഞങ്ങളൊന്നും പറയുന്നില്ലെന്ന് പറഞ്ഞു. 2016-ൽ നിങ്ങൾ അധികാരത്തിലെത്തിയപ്പോൾ ഇറക്കിയ ധവളപത്രത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് കേന്ദ്രത്തെക്കുറിച്ച് പറയുന്നുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് വായിക്കണം. അതിൽ കേന്ദ്രസർക്കാരിന്റെ നയങ്ങളെക്കുറിച്ച് ഒരു പരാമർശവും നടത്തിയിട്ടില്ല. ഞാൻ വെല്ലുവിളിക്കുകയാണ്. ഞാനത് വായിച്ചുനോക്കി. നിങ്ങൾ പ്രസിദ്ധീകരിക്കുന്ന കാര്യങ്ങൾ ഞങ്ങളും വായിക്കുന്നുണ്ടെന്ന് നിങ്ങൾ ദയവായി മനസ്സിലാക്കണം. നിങ്ങൾ ഇതൊന്നും ശരിക്കും വായിക്കില്ല. ഓരോരുത്തരും എഴുതുന്നത് അച്ചടിക്കും. ഇത് പാർട്ടിയിൽ ചർച്ച ചെയ്തിട്ടെന്താണ് കാര്യം. ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട ഒരു കാര്യം സൂചിപ്പിക്കുകയാണ്. അത് മുടങ്ങാത്തത് നിങ്ങളുടെ കഴിവ് കൊണ്ടല്ല. അത് കൊടുക്കുന്നത് അധ്യാപകർക്ക് കുട്ടികളോടുള്ള സ്നേഹം കൊണ്ടാണ്. കുട്ടികൾ

പട്ടിണിയാകാതിരിക്കാൻ അധ്യാപകർ രൂപ പിരിച്ചാണ് ഇത് നടത്തുന്നത്. അല്ലാതെ അത് നിങ്ങളുടെ പത്രാസ് കൊണ്ടല്ല. ഇപ്പോൾ എന്താണ് അതിന്റെ സ്ഥിതി? ഇപ്പോൾ സ്കൂളുകളിൽ അതിന്റെ ചാർജ്ജ് കൈമാറി ഏറ്റെടുക്കാൻ പലരും തയ്യാറാവുന്നില്ല. കടം ആരു വീട്ടുമെന്നത് ഓർത്തിട്ടാണത്. അതിന്റെ കണക്ക് കേന്ദ്രത്തിന് കൊടുക്കണം. ഇതുസംബന്ധിച്ച് ഞങ്ങളുടെ എം.പി.മാർ ചോദിച്ചപ്പോൾ കണക്ക് നൽകിയിട്ടില്ലെന്നാണ് കേന്ദ്രം പറയുന്നത്. ഞങ്ങൾക്ക് എന്തെങ്കിലും പറയാൻ സാധിക്കുമോ? അതുകൊണ്ട് നിങ്ങൾ കണക്ക് കൊടുക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ദയവായി ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. പി. കെ. ബഷീർ: സർ, ഒരു ഉഷാർ വരണമെങ്കിൽ അങ്ങോട്ട് നോക്കണം. ചെയറിനെ നോക്കി സംസാരിക്കാൻ എനിക്കറിയാം. ഇതിനുമുമ്പും പറഞ്ഞിട്ടുള്ളതാണ്. കുടുംബശ്രീ ഹോട്ടലുകളെക്കുറിച്ച് സൂചിപ്പിക്കുകയാണെങ്കിൽ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതേക്കുറിച്ച് വളരെ വാചാലമായാണ് പറഞ്ഞിരുന്നത്. 20 രൂപയ്ക്ക് ചോറും കറികളും നൽകുന്ന പദ്ധതിയാണ്. അവരുടെ സ്ഥിതി ദയവായി നിങ്ങൾ

ആലോചിക്കണം. കുടുംബശ്രീയിലെ സ്ത്രീകൾ ലോൺ എടുത്തിട്ടാണ് ഇത് നടത്തുന്നത്. നിങ്ങൾ ഇതേക്കുറിച്ച് ഒന്നും സംസാരിക്കില്ല. നിങ്ങൾക്ക് ഒരു ന്യായീകരണവുമില്ല. സബ്സിഡിയൊക്കെ അവസാനിപ്പിച്ച് 30 രൂപ നിരക്കിൽ വില്പന നടത്താൻ പറയുന്നത് അവർക്ക് വളരെയധികം സഹായകരമാകും. ഇത്തരത്തിലൊരു പ്രായോഗിക സമീപനമാണ് സ്വീകരിക്കേണ്ടതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ ലൈഫ് മിഷന്റെ സ്ഥിതിയെന്താണ്? അന്ന് ഞാൻ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ എല്ലാവർക്കും തുക ലഭ്യമാക്കിയെന്ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞു. പക്ഷേ എന്റെ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് രണ്ടാമത്തെയും മൂന്നാമത്തെയും ഗഡു ലഭ്യമാക്കിയിട്ടില്ല. ബാക്കിയുണ്ടായിരുന്നത് കൊടുത്തു, പുതിയതായി കൊടുക്കാൻ പൈസയില്ല. അതുപോലെ നിലവിൽ പെൻഷൻകാർക്ക് നൽകാനുള്ള കുടിശ്ശിക ഇരുപത്തിമൂവായിരം കോടി രൂപയാണ്. നിങ്ങൾ ഘട്ടംഘട്ടമായിയെങ്കിലും അത് നൽകണമെന്നാണ് പറയാനുള്ളത്. ഇക്കാര്യത്തിൽ നിങ്ങളുടെ സർവ്വീസ് സംഘടനകൾക്കൊന്നും മിണ്ടാട്ടമില്ല. ബക്കറ്റ് പിരിവുമായി കുറച്ച് നേതാക്കന്മാർ നടക്കുന്നുണ്ട്. ഓരോ വർഷം

കഴിയുന്തോറും കുടിശ്ശിക തുക കൂടിക്കൂടി വരികയല്ലേ; ഘട്ടംഘട്ടമായി നൽകിയാൽ ആ തുക മാർക്കറ്റിൽ വരില്ലേ? നിങ്ങൾ അതിനെക്കുറിച്ച് ചിന്തിക്കണം. എനിക്ക് കമ്മ്യൂണിസ്റ്റുകാരോട് പറയാനുള്ളത്, നിങ്ങൾ കുറച്ചുകൂടി പ്രായോഗിക സമീപനം സ്വീകരിക്കണം. ഇന്ത്യാ മുന്നണിയിൽ ലീഗിന്റെ കൂടെ നിങ്ങളുള്ളതുകൊണ്ട് ഞാൻ അധികമായിട്ടൊന്നും പറയുന്നില്ല. അവിടെ ശ്രീ. രാഹുൽ ഗാന്ധിയും ശ്രീ. കെ. സി. വേണുഗോപാലും സംസാരിക്കുന്നത് ശ്രീ. സീതാറാം യെച്ചൂരിയുമായിട്ടാണ്. അക്കാര്യം നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് നന്നാവുക, ഭരണം നന്നാക്കുക എന്നുപറഞ്ഞുകൊണ്ട് ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് അഭിമാനിക്കാവുന്ന നിലയിലേയ്ക്ക് കേരളം വളരുകയാണ്. സാമൂഹ്യനീതി അധിഷ്ഠിതവും സർവ്വസ്പർശിയും നാടിന്റെ ഭാവിയും കണ്ടുകൊണ്ട് സർക്കാർ കൊണ്ടുവരുന്ന വികസനപദ്ധതികൾ നാടിന്റെ സാമൂഹിക-സാമ്പത്തിക-വൈജ്ഞാനിക മേഖലകളിൽ അഭൂതപൂർവ്വമായ മാറ്റങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന്

പൊതുസമൂഹം അംഗീകരിച്ചിരിക്കുകയാണ്. കടന്നുപോയ വർഷം എല്ലാ മേഖലകളിലും മുന്നേറ്റം നടത്തിയ വർഷമാണ്. കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന ഗവൺമെന്റിനോടുള്ള നിഷേധകരമായ സമീപനങ്ങളെയെല്ലാം മാറ്റിവച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കാൻ കേരളത്തിന് കഴിഞ്ഞതെന്ന കാര്യം നാം മറക്കരുത്. അതോടൊപ്പം കേരളത്തിൽനിന്നുള്ള എം.പി.-മാരുടെ നിഷേധപരമായ സമീപനവും ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ കേരളത്തോട് അവഗണന കാണിക്കുമ്പോൾ ഇങ്ങനെ കാണിക്കരുതെന്ന് പറയാൻ ഒരു എം.പി.-പോലും യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും ഉണ്ടായില്ലെന്ന പരിതാപകരമായ അവസ്ഥയും നമുക്ക് സംജാതമായി. ദേശീയപാതയായാലും ഗെയിൽ പൈപ്പ് ലൈൻ പദ്ധതി ആയാലും ഇടമൺ-കൊച്ചി പവർ ഹൈവേ ആയാലും മലയോര ഹൈവേ ആയാലും ജലപാതയായാലും 2016-ന് ശേഷമാണ് ആരംഭിക്കാൻ സാധിച്ചതും അതിൽ ചിലത് പൂർത്തീകരിക്കാൻ സാധിച്ചതും. ഈ കഴിഞ്ഞ മേയ് മാസം 25-ന് രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഇ-ഗവേണൻസ് സംസ്ഥാനമായി കേരളം മാറി. അഴിമതിരഹിത സംസ്ഥാനമെന്ന നിലയിലേയ്ക്ക് തീവ്രശ്രമത്തിലൂടെ കേരളം മുന്നേറുകയാണ്. അതിന്

സഹായകരമാണ് ഇ-ഗവേണൻസ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച കേരളം. ഈ ലക്ഷ്യം മുൻനിർത്തിയാണ് കെ-ഫോൺ പദ്ധതി ആരംഭിച്ചിട്ടുള്ളത്. അതിദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അറുപത്തിനാലായിരം കുടുംബങ്ങളാണ് പരമദരിദ്രരായി സംസ്ഥാനത്തുള്ളത്. 2025-ഓടെ പരമദരിദ്രരില്ലാത്ത ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്നതാണ് പ്രഖ്യാപിത ലക്ഷ്യം. 270000 നിയമനങ്ങൾ പി.എസ്.സി. വഴി നടത്തി. പുതിയ 30000 തസ്തികകൾ സൃഷ്ടിച്ചു. ആയിരത്തി അറുന്നൂറ് രൂപ നിരക്കിൽ സാമൂഹ്യ പെൻഷൻ അറുപത്തിയഞ്ച് ലക്ഷം പേർക്ക് ലഭിക്കുന്നു. നാൽപ്പത്തിമൂന്ന് ലക്ഷം കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തി. അതിൽതന്നെ മുപ്പത് ലക്ഷത്തോളം പേർക്ക് മെഡിസെപ്പിന്റെ സൗകര്യങ്ങൾ ലഭിക്കുന്നു. രാജ്യത്തെ ആദ്യ ഡിജിറ്റൽ സർവ്വകലാശാല, ആദ്യ ഗ്രാഫിക് സെന്റർ, ആദ്യ വാട്ടർ മെട്രോ എന്നിവ കേരളത്തിലാണുള്ളത്. വ്യാവസായിക രംഗത്ത് 140000 പുതിയ സംരംഭകർ വന്നു. ഇത് സർവ്വകാല റിക്കാർഡ് ആണ്. തൊഴിലില്ലായ്മ നിരക്കിൽ വലിയ കുറവുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. തൊഴിലില്ലായ്മ നിരക്ക്

2016-ൽ 12 ശതമാനമായിരുന്നുവെങ്കിൽ ഇന്ന് 5 ശതമാനമായി കുറഞ്ഞുവെന്ന യാഥാർത്ഥ്യം നാം കാണാതെ പോകരുത്. രണ്ടാം വർഷത്തിന്റെ നൂറാം ദിനത്തിൽ 12759 കോടി രൂപയുടെ പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ചത്. ലോകത്ത് ഏത് കോണിലിരുന്നും റവന്യൂ-സർവ്വേ വകുപ്പുകളുമായി ബന്ധപ്പെട്ട സേവനങ്ങൾ പ്രവാസികൾക്ക് ഓൺലൈനായി ലഭിക്കുന്നുയെന്നത് ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളിലില്ലാത്ത കാര്യമാണ്. നേരത്തെ പ്രവാസികൾക്കായി പതിമൂന്ന് സർക്കാർ പദ്ധതികൾ ഉണ്ടായിരുന്നത് ഇപ്പോൾ ഇരുപത്തിരണ്ടാക്കി ഉയർത്തി. സംസ്ഥാന ജി.ഡി.പി.-യുടെ മൂന്നര ശതമാനമാണ് കേരളത്തിന് കടമെടുക്കാൻ കഴിയുന്ന പരിധി. ഇതുപ്രകാരം 33,420 കോടി രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിൽ എടുക്കാൻ കഴിയുന്നത്. എന്നാൽ അത് പകുതിയായി വെട്ടിക്കുറച്ചു. അതിദരിദ്രരായവർക്ക് റേഷൻ കാർഡ് കൊടുക്കാൻ തീരുമാനമെടുത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നു. പതിനെട്ടിനും അമ്പത്തിയഞ്ചിനും ഇടയ്ക്ക് പ്രായമുള്ള തൊഴിലുറപ്പ് തൊഴിലാളികളെ ക്ഷേമനിധി ബോർഡിന് കീഴിലാക്കി. തൊഴിലുറപ്പ് തൊഴിലാളികൾക്ക് അറുപതുവയസ്സ് മുതൽ

പെൻഷൻ ലഭിക്കുന്ന പദ്ധതി ആവിഷ്കരിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. തൊഴിലുറപ്പുരംഗം അഴിമതിരഹിതമാക്കാൻ സോഷ്യൽ ആഡിറ്റ് സംവിധാനം പൂർത്തിയാക്കിയ ആദ്യ സംസ്ഥാനം കേരളമായി മാറി. രാജ്യത്ത് ആകെ 6.54 കോടി ആളുകളാണ് ചേരികളിൽ താമസിക്കുന്നത്. അതിൽ ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ ഇതുവരെ ജനകീയമായി നടപ്പിലാക്കിയ സംവിധാനങ്ങളുടെ ഭാഗമായുണ്ടായ വലിയൊരു മാറ്റമാണ് നിലവിലുള്ളത്. തലസ്ഥാനമായ ഡൽഹി ഉൾപ്പെടെയുള്ള പല മേഖലകളിലും ചേരി നിവാസികളുടെ വീടുകൾ ഇടിച്ച് തകർത്ത് അവരെ റോഡിന്റെ ഇരുവശങ്ങളിലേയ്ക്കും മാറ്റി പാർപ്പിക്കുന്ന നിലയാണുള്ളത്. ആ സാഹചര്യത്തിലാണ് അത്തരം ചേരി നിവാസികളില്ലാത്ത കേരളമാക്കി മാറ്റാനുള്ള ശ്രമം നടക്കുന്നത്. ആഗോള പട്ടിണി സൂചികയിൽ ഏറ്റവും മുന്നിലാണ് ഇന്ത്യ. 82 ശതമാനം അസംഘടിതരാണ് നമ്മുടെ രാജ്യത്തുള്ളത്. പത്ത് ലക്ഷം തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു. റെയിൽവെയിൽ മാത്രം രണ്ടരലക്ഷം തൊഴിലവസരങ്ങളാണ് ഇന്ത്യയിലുള്ളത്. അവിടെയാണ് കേരളത്തിന്റെ ഈ ബദൽ, അതാണ് നാം കാണേണ്ടത്. അതുകൊണ്ടുതന്നെയാണ് ഈ

ബദലിനെ തകർക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് യു.ഡി.എഫ്.-ഉം, ബി.ജെ.പി.-യും ഒരുമിച്ചുനിന്നുകൊണ്ട് കേരളത്തിൽ പോരാടുന്നത്. അതുകൊണ്ടാണ്, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പാർലമെന്റിനകത്ത് കേരളത്തിനുവേണ്ടി, മലയാളിക്കുവേണ്ടി സംസാരിക്കാൻ യു.ഡി.എഫ്.-ന്റെ എം.പി.-മാർ തയ്യാറാകാത്തത്. ഇപ്പോൾ കേരളം സുസ്ഥിര വികസനത്തിന്റെ ശരിയായ പാതയിലാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ ചികിത്സ സൗജന്യമായി ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. രാജ്യത്തിന് മാതൃകയായി ഐ.ടി. മേഖലയിൽ സുസ്ഥിര മുന്നേറ്റം കേരളത്തിനുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിലെ 70500 ജീവനക്കാരിൽ 45 ശതമാനവും സ്ത്രീകളാണ്. കൊച്ചി ഇൻഫോപാർക്കിൽ 64900 ജീവനക്കാരിൽ 40 ശതമാനവും സ്ത്രീകളാണ്. 30 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വാഴൂർ സോമൻ)

ഈ വർഷത്തെ ഓണത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. സർവ്വകാല റെക്കോർഡാണ്. ഓണത്തോടനുബന്ധിച്ച് എല്ലാ മേഖലകളിലും ആബാലവൃദ്ധം ജനങ്ങളും ഓണം ആഘോഷിക്കുന്ന നിലയിലേയ്ക്ക് നമ്മുടെ

സംസ്ഥാനത്തും ലോകത്താകമാനമുള്ള മലയാളികളും മറ്റ് ജനവിഭാഗങ്ങളും വരുന്ന രീതിയിൽ യഥാർത്ഥ ഉത്സവമാക്കി മാറ്റുന്ന രീതിയിലേയ്ക്ക് വന്നു. 19,000 കോടി രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് മാത്രം ആ ഇനത്തിൽ വ്യാപാരത്തിലൂടെ ഉണ്ടായിട്ടുള്ളത്. നെല്ല് സംഭരണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 116 കോടി രൂപ കൊടുക്കാനുണ്ട്. എന്നാൽ കേന്ദ്ര വിഹിതം ലഭിക്കാത്തതിനെക്കുറിച്ച് ഒരക്ഷരം പറയാൻ അല്ലെങ്കിൽ അത് കേരളീയർക്ക് നൽകണമെന്ന് പറയാൻ ഒരു എം.പി.-യും ഉണ്ടായില്ല. നെല്ലിന്റെ സപ്പോർട്ട് പ്രൈസ് മൂപ്പതുശതമാനം വർദ്ധിപ്പിച്ചുകൊണ്ടാണ് കേരളം അത് നൽകാൻ തീരുമാനിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏഴ് വർഷമായി വിവിധ സാമൂഹ്യപെൻഷനുകൾ നൽകുന്നതിനുള്ള കുടിശ്ശിക തുക കേന്ദ്രസർക്കാർ നൽകുന്നില്ല. കേരളത്തിൽ ഇങ്ങനെയൊരു പ്രശ്നമുണ്ടെന്ന് ഇവിടെ നിന്നുള്ള എം.പി.മാർ ഒരക്ഷരം മിണ്ടിയോ? കേരളത്തോട് നിങ്ങൾക്ക് താൽപ്പര്യമില്ല, നിങ്ങൾക്ക് താൽപ്പര്യം ഈ ബദലിനെ തകർക്കുകയെന്ന രാഷ്ട്രീയ നിലപാടാണെന്നതാണ് യാഥാർത്ഥ്യം. നെല്ല് സംഭരണത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നത് ഈ സംസ്ഥാനമാണ്. അതിലാണ് നേരത്തെ

സൂചിപ്പിച്ചതുപോലെ കേന്ദ്രത്തിൽനിന്നും ലഭ്യമാകേണ്ട പണം നമുക്ക് ലഭ്യമാക്കാത്തത്. കഴിഞ്ഞ കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് ഇതേ നിലപാട് തന്നെയാണ് ഉണ്ടായിരുന്നത്. ബി.ജെ.പി. അത് ആവർത്തിച്ച് മുന്നോട്ടുപോകുകയാണ്. 2020-23 സീസണിൽ 250373 കർഷകരിൽനിന്നും ആകെ സംഭരിച്ച 730154 ടൺ നെല്ലിന്റെ വിലയായി 2070.71 കോടി രൂപയിൽ 19603 കർഷകർക്ക് 1638 കോടി രൂപ വിതരണം ചെയ്തു. ബാക്കി 54339 കർഷകർക്ക് 433 കോടി രൂപ കുടിശ്ശിക നൽകാനുള്ള സാഹചര്യമുണ്ടായി. അതിൽ 116 കോടി രൂപ നൽകാനുണ്ട്. കേന്ദ്രത്തിന്റെ ഫണ്ടുകൂടി ലഭിച്ചാൽ നിഷ്പ്രയാസം അത് നൽകാൻ സാധിക്കുന്നതാണെന്ന കാര്യത്തിൽ തർക്കമില്ല. ബദൽ സംവിധാനമെന്ന നിലയ്ക്ക് ബാങ്കുകളുമായി സഹകരിച്ച് അത് നൽകുന്നതിനുള്ള സമീപനമാണ് സ്വീകരിച്ചത്.

121640 പട്ടയം നൽകി. അതിനായി പ്രത്യേക ഡാഷ് ബോർഡ് രൂപീകരിച്ചു. ഭൂരഹിതരില്ലാത്ത കേരളം എന്ന നിലയിലേയ്ക്ക് കേരളം മാറുകയാണ്. അതിന് പട്ടയ മിഷൻ നാളിതുവരെയുള്ള ചരിത്രം തിരുത്തുന്ന രീതിയിലേയ്ക്ക് വരുന്നു. സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകൾ

അതിനുവേണ്ടിയിട്ടുള്ള തയ്യാറെടുപ്പുകളിൽ എത്തിയിരിക്കുകയാണ്. ഭൂമി വിതരണം ദ്രുതഗതിയിൽ നടക്കുന്നു. ഭൂമി തരംമാറ്റുന്നതിന് അപേക്ഷ സമർപ്പിക്കുന്നത് ഓൺലൈനായി മാറ്റിയിരിക്കുകയാണ്. ഡിജിറ്റൽ സർവ്വെ അതിവേഗം മുമ്പോട്ട് പോയിക്കൊണ്ടിരിക്കുകയാണ്.

മി. ചെയർമാൻ: സമയം കഴിഞ്ഞു.

ശ്രീ. ഇ. കെ. വിജയൻ: സർ, പ്രതിപക്ഷത്തിന്റെ ശത്രുതാപരമായ സമീപനത്തിൽനിന്നും യു.ഡി.എഫ്, ബി.ജെ.പി. ഉൾപ്പെടെ പിന്മാറാൻ തയ്യാറായില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ നിങ്ങളോട് പ്രതികാരം ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. അതിന്റെ ഭാഗമായാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ, ഇതുപോലെ സമീപനങ്ങൾ കൈക്കൊണ്ടുകൊണ്ട് വീണ്ടും ഈ ഗവൺമെന്റിന്റെ തുടർച്ച ഞങ്ങൾക്കുണ്ടായതെന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്. ഞാൻ എന്റെ പ്രസംഗം നീട്ടാൻ ആഗ്രഹിക്കുന്നില്ല. സമയം കഴിഞ്ഞുവെന്ന ചെയറിന്റെ അഭ്യർത്ഥന മാനിച്ച് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു; ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. പ്രിയങ്കരനായ ചാണ്ടി ഉമ്മൻ സത്യപ്രതിജ്ഞ ചെയ്തു

ദിവസമാണ് ഇന്ന്. കേരളത്തിലെ പ്രതിപക്ഷ എം.എൽ.എ.-മാരുടെ സംസാരവും മനോഭാവവും കണ്ടാൽ കേരളത്തിൽ ആദ്യമായി ഒരു ഉപതെരഞ്ഞെടുപ്പ് നടന്നതുപോലെയും ഏറ്റവും മികച്ചൊരു വിജയം കേരളത്തിൽ കിട്ടിയതുപോലെയും തോന്നിപ്പോകും. എന്നുമാത്രമല്ല ഇന്നത്തെ ദിവസംതന്നെ ഒരു അടിയന്തരപ്രമേയം കൊണ്ടുവന്ന് അതിന്റെ വെട്ടിലും കിടക്കുകയാണ്. ഈ മാനസികാവസ്ഥ ഇന്നിവിടെ കൃത്യമായി പ്രതിഫലിക്കപ്പെടാൻ പോകുകയാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ സഭയിൽ എനിക്ക് തോന്നുന്നത് മുപ്പതിനായിരം വോട്ടിന് മുകളിൽ ഭൂരിപക്ഷം കിട്ടിയ ഏകദേശം പതിമൂന്നോളം അംഗങ്ങളുണ്ടെന്നാണ്. അതിൽ ഞങ്ങൾതന്നെ പതിനൊന്ന് പേരുണ്ട്. പ്രിയപ്പെട്ട ചാണ്ടി ഉമ്മന്റെ ഇരട്ടി ഭൂരിപക്ഷം കിട്ടിയത്, അതിന്റെ തൊട്ടടുത്ത് അൻപത്തിയൊന്നായിരം ഭൂരിപക്ഷം കിട്ടിയ മുഖ്യമന്ത്രിയും ഇവിടെയുണ്ട്. അതുകൊണ്ട് ഭൂരിപക്ഷം കണ്ട് നിങ്ങൾ ഇങ്ങനെ അഹങ്കരിക്കരുതെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. യഥാർത്ഥത്തിൽ ഈ തെരഞ്ഞെടുപ്പിൽ എന്താണ് നടന്നതെന്നുള്ളത് പറഞ്ഞതിൽ ഞാൻ അദ്ദേഹത്തെ ആദരിക്കുന്നു. എന്റെ അപ്പയുടെ പതിമൂന്നാമത്തെ വിജയമാണെന്നാണ് അദ്ദേഹം പറഞ്ഞത്.

അതിന്റെ അർത്ഥം എന്താണ്? പരേതനായ ഉമ്മൻ ചാണ്ടിയുടെ ദീപ്തമായ ഓർമ്മകൾക്കാണ് ഇത്തവണത്തെ വോട്ട് കിട്ടിയത്, അത് എനിക്കല്ല എന്നല്ലേ ശ്രീ. ചാണ്ടി ഉമ്മൻ പറഞ്ഞതിന്റെ അർത്ഥം. അദ്ദേഹം അത് ഓർമ്മപ്പെടുത്തുവാനും ഇവിടെ നിങ്ങൾക്ക് ഇത്രയും വോട്ടിന്റെ ഭൂരിപക്ഷം കിട്ടിയെന്ന് പറയുമ്പോൾ ആ സാഹചര്യത്തെ/സന്ദർഭത്തെ...... ഉമ്മൻ ചാണ്ടിയുടെ കല്ലറയിൽ കെ.എസ്.ആർ.ടി. ജീവനക്കാർ പോയി ശമ്പളം കിട്ടണേയെന്ന് പ്രാർത്ഥിച്ചുവെന്ന് എന്റെ സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് പറയുന്നതുകേട്ടു. എനിക്ക് അത് കേട്ടപ്പോൾ ചിരിയാണ് വന്നത്. കാരണം എന്താണ്; ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ക്ഷേമപെൻഷനുകൾ പത്തും പതിനെട്ടും മാസം കിട്ടാതെ അപേക്ഷ കൊടുത്തിട്ട്, അതിന് പരിഹാരം ഉണ്ടാക്കാൻ കഴിയാതിരുന്ന അദ്ദേഹത്തിന് എങ്ങനെയാണ് കല്ലറയിൽ നിന്ന് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കാൻ ഫണ്ട് അനുവദിക്കാൻ കഴിഞ്ഞതെന്നത് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഞാൻ ഇത് പറഞ്ഞത് വേറെയൊന്നും കൊണ്ടല്ല. തെരഞ്ഞെടുപ്പുകളുടെ വിജയത്തെമാത്രം കണ്ടുകൊണ്ട് കേരളത്തിന്റെ രാഷ്ട്രീയത്തെ അങ്ങനെയാണോ വിലയിരുത്തേണ്ടത്; ഇവിടെ

ഇടതുപക്ഷത്തിനായാലും വലതുപക്ഷത്തിനായാലും സ്ഥിരമായി ജയിക്കാൻ കഴിയുന്ന ചില മണ്ഡലങ്ങളുണ്ട്. ആ മണ്ഡലത്തിന്റെ പട്ടികയിൽ തന്നെ വരുന്നതല്ലേ ഈ മണ്ഡലവും; ഒരു പ്രത്യേക സാഹചര്യമല്ലേ; ഞങ്ങളുടെ അടിത്തറ തകർന്നുപോയിരിക്കുന്നു, ഇനി കേരളത്തിലെ ഗവൺമെന്റ്തന്നെ..... എന്തായാലും രാജി വയ്ക്കണമെന്ന് പറഞ്ഞില്ല. പക്ഷെ നിങ്ങൾ അക്കാര്യത്തിൽ ഇത്രയധികം സന്തോഷിക്കാനൊന്നുമില്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ഉപധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയിൽ മൂവാറ്റുപുഴ അംഗം, ഈ ചർച്ചയിൽ മാത്രമല്ല ഏതെങ്കിലും ഒരു വിഷയവുമായി ബന്ധപ്പെട്ട കാര്യത്തിൽ ഊന്നി നിൽക്കാനാണ് പലപ്പോഴും തയ്യാറാകുന്നത്. അദ്ദേഹത്തിന്റെ ലക്ഷ്യമെന്താണ്? അദ്ദേഹത്തെ ഒറ്റപ്പെട്ട് ആക്രമിക്കുന്ന ഒരാളായി കാണുന്നില്ല. എന്തുകൊണ്ട്; കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ എങ്ങനെ ദുർബ്ബലനാക്കണം; അദ്ദേഹത്തിനുള്ള ജനസമ്മിതി എങ്ങനെ കുറയ്ക്കണം; അദ്ദേഹത്തെ തകർത്തെങ്കിൽ മാത്രമേ തങ്ങൾക്കൊരു തിരിച്ചുവരവ് കേരളത്തിൽ സാധ്യമാകൂവെന്ന് നിങ്ങൾ വല്ലാതെ ചിന്തിക്കുകയാണ്, നിങ്ങളെ ചിന്തിപ്പിക്കുകയാണ്. ആരാണ് നിങ്ങളെ

ചിന്തിപ്പിക്കുന്നത്; ഇപ്പോൾ നിങ്ങൾ കർണ്ണാടകയിൽ ജയിച്ചതിൽ ഞങ്ങൾക്ക് സന്തോഷമാണ്. അത് എന്തുകൊണ്ടാണെന്ന് അറിയാമോ; അവിടെ ബി.ജെ.പി. പരാജയപ്പെട്ടു. കർണ്ണാടകയിൽ നിങ്ങൾക്ക് തിരിച്ചുവരാനുള്ള തെരഞ്ഞെടുപ്പ് തന്ത്രങ്ങളുമെല്ലാം തയ്യാറാക്കിതന്ന വലിയൊരു ഏജൻസിയുണ്ടല്ലോ; 700 കോടി രൂപയാണ് കേരളത്തിൽ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ വിജയിക്കുന്നതിനുവേണ്ടി, തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുവേണ്ടി നൽകിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സുനിൽ കനഗോലു എന്ന ഒരു തെരഞ്ഞെടുപ്പ് വിദഗ്ദ്ധനെ ഇതിന്റെ ചുമതല കൊടുത്ത് ആ ചുമതലയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ ആവിഷ്കരിച്ച് എങ്ങനെയെങ്കിലും നിങ്ങൾക്ക് കേരളത്തിൽ തിരിച്ചുവരാൻ കഴിയുമെന്നാണ് നിങ്ങൾ ധരിക്കുന്നത്. അതിനുള്ള ഏറ്റവും നല്ല മാർഗ്ഗമായാണ് നിങ്ങൾ അതിനെ കണ്ടെത്തിയിട്ടുള്ളത്. വരുന്ന 25 വർഷക്കാലം നവകേരളത്തെ സൃഷ്ടിക്കാൻവേണ്ടിയുള്ള പരിശ്രമത്തോടുകൂടി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ, ആ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന കേരളത്തിന്റെ ചരിത്രം തിരുത്തിക്കുറിച്ച് രണ്ടുതവണ തുടർച്ചയായി

മുഖ്യമന്ത്രി സ്ഥാനത്ത് കടന്നുവരാൻ കഴിഞ്ഞ ശ്രീ. പിണറായി വിജയനെ വ്യക്തിഹത്യ നടത്താനാണല്ലോ നിങ്ങൾ ആഗ്രഹിക്കുന്നത്.

മാസപ്പടിയുമായി ബന്ധപ്പെട്ട് ഇവിടെ ആക്ഷേപങ്ങൾ ഉന്നയിച്ചു. ആ ആക്ഷേപങ്ങൾ കുറെ നാളുകളായി നമ്മുടെ അന്തരീക്ഷത്തിൽ നിൽക്കുകയാണ്. എന്തെങ്കിലും നിങ്ങൾ ചെയ്തോ; വിജിലൻസ് കോടതി കേസ് തള്ളി. നിങ്ങൾ ഹൈക്കോടതിയിൽ പോയില്ലേ; ഏറ്റവും അവസാനം ഹൈക്കോടതി പറഞ്ഞിരിക്കുന്നത് എന്താണ്; നിങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങൾക്ക് തെളിവുണ്ടോയെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഹർജിക്കാരനോട് ചോദിക്കുന്നത്. തെളിവിന്റെ അടിസ്ഥാനത്തിലായിരിക്കണം ആരോപണം ഉന്നയിക്കേണ്ടതെന്നും ഹൈക്കോടതി വ്യക്തമാക്കി. അതിന്റെ അടിസ്ഥാനത്തിൽ പരാതി തിരിച്ച് അയയ്ക്കുകയല്ലേ ഉണ്ടായത്. ഇവിടെ കാണേണ്ടത് എന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ/അദ്ദേഹത്തിന്റെ കുടുംബത്തെ എങ്ങനെ തേജോവധം ചെയ്യാൻ സാധിക്കും. ഇന്നോ ഇന്നലെയോ തുടങ്ങിയതാണോ? ഇതിനെയെല്ലാം നേരിട്ട് കൊണ്ടല്ലേ ഇടതുപക്ഷ ജനാധിപത്യ മുന്നണി 2016-ലെ തെരഞ്ഞെടുപ്പിൽ കിട്ടിയതിനെക്കാൾ വലിയ ഭൂരിപക്ഷത്തിൽ അതേ

നേതാവിന്റെ നേതൃത്വത്തിൽ വീണ്ടും അധികാരത്തിൽ വന്നത്. നിങ്ങൾ മെനഞ്ഞെടുത്ത, നിങ്ങൾ ഉയർത്തിയ കഥകളെല്ലാം കേരളത്തിലെ ജനങ്ങൾ വിശ്വസിച്ചിരുന്നെങ്കിൽ ഞങ്ങൾ പപ്പടം പൊടിയുന്നതുപോലെ പൊടിഞ്ഞു പോകില്ലേ; അതുകൊണ്ട് നിങ്ങൾ സ്വപ്നങ്ങളൊന്നും കാണേണ്ട. ഞങ്ങൾക്ക് ഈ അപവാദങ്ങളെയെല്ലാം തരണം ചെയ്യാനുള്ള ജനകീയ ശക്തിയുണ്ട്. ഞങ്ങൾ ആ ശക്തിയുമായി ജനങ്ങളുടെ മുമ്പിലിരുന്നാണ് പ്രവർത്തിക്കുന്നത്. കേരളത്തിൽ ഒന്നും നടക്കില്ല കേരളം തകർന്നുപോകും അങ്ങനെയായിരുന്നല്ലോ ഒരുകാലത്തെ പ്രചരണം. എന്നാൽ ഇവിടെ എല്ലാം നടക്കും, കേരളം മുന്നോട്ടുപോകും. കേരളത്തിന്റെ അനന്തമായ സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കുവാൻ ധീരതയോടുകൂടി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ അത് നിങ്ങളെ വല്ലാതെ അലോസരപ്പെടുത്തുന്നുണ്ടെന്ന് ഞങ്ങൾക്കറിയാം. നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലോ, ഏറ്റവും അവസാനം എന്തെല്ലാമാണ് നിങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നത്; മാസപ്പടിയല്ലേ, കമല ഇന്റർനാഷണൽ എത്രയോ തവണ ചർച്ച ചെയ്തിട്ടുള്ളതാണ്? സിംഗപ്പൂരിലെ കമ്പനി, വലിയ

മണിമാളിക, വലിയ ബാങ്ക് അക്കൗണ്ട് എല്ലാം പറഞ്ഞില്ലേ? എന്നിട്ട് എന്തായി; മഴയത്ത് ചീറ്റിപ്പോയ പടക്കം പോലെ ആയില്ലേ? ശ്രീ. പിണറായി വിജയന്റെ മണിമാളിക കാണിക്കാമോ, കമല ഇന്റർനാഷണൽ കാണിക്കാമോയെന്ന് ഞാൻ പ്രതിപക്ഷത്തെ വെല്ലുവിളിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മുസ്ലീം ലീഗിന്റെ ബഹുമാനപ്പെട്ട നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ബഹുമാനപ്പെട്ട പി. ഉബൈദുള്ള പറഞ്ഞത് അംഗീകരിക്കുകയില്ലെന്ന് എനിക്ക് തോന്നുന്നു. കാരണം അദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കുന്നയാളാണ്. നിങ്ങൾ ഇത്തരത്തിൽ പലതരത്തിലുള്ള ആക്ഷേപങ്ങളും ആരോപണങ്ങളും ഓരോ ഘട്ടത്തിലും ഉയർത്താൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ അതുകൊണ്ടൊന്നും ഇടതുപക്ഷ ജനാധിപത്യമുന്നണി തകരാൻ പോകുന്നില്ലെന്നത് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിനെതിരായി മാത്രം സംസാരിക്കുന്ന പ്രതിപക്ഷത്തിനോട് ഞങ്ങൾക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത് നമ്മളെല്ലാം ഈ നാട്ടിലെ ജനങ്ങൾ തെരഞ്ഞെടുത്ത ജനപ്രതിനിധികളല്ലേ; നമ്മുടെ മണ്ഡലങ്ങളിൽ വികസനം നടക്കണ്ടേ; നമ്മുടെ മണ്ഡലങ്ങളിൽ വികസനം നടക്കണമെങ്കിൽ

പണം ഉണ്ടാകണ്ടേ; ആ പണത്തിന്റെ കാര്യത്തിൽ കേന്ദ്രം സ്വീകരിക്കുന്ന നിലപാട് എന്താണ്; ആ നിലപാടുകൾക്കെതിരായി നിങ്ങളുടെ അഭിപ്രായം എന്താണെന്ന് അറിയുവാൻ ഈ നാട് ആഗ്രഹിക്കുകയാണ്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന യോഗത്തിൽ പങ്കെടുത്ത് തിരിച്ചുപോയി നമ്മുടെ എം.പി.-മാർ സ്വീകരിക്കുന്ന നിലപാടുകളടക്കം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി.

കേരളം ഇന്ന് ഏറ്റവും വലിയ സാമ്പത്തിക ഞെരുക്കത്തിലാണെന്ന വലിയ പ്രചാരവേല ചിലർ അഴിച്ചുവിടാൻ ശ്രമിക്കുകയാണ്. സാമ്പത്തിക ഞെരുക്കമുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. എന്നാൽ കേരളത്തിന്റെ ഏത് കാര്യങ്ങളാണ് മുടങ്ങിയത്; തിരുവോണത്തിനടക്കം 19,000 കോടി രൂപ കേരളത്തിലെ സാധാരണക്കാർക്ക്/ജനങ്ങൾക്ക്,എല്ലാ വിഭാഗത്തിനുംവേണ്ടി ഈ ഗവൺമെന്റ് കൊടുത്തില്ലേ; ആരെയെങ്കിലും വിഷമിപ്പിച്ചോ; എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായോ; നെൽകർഷകരുടെ പ്രശ്നമാണല്ലോ ഉയർന്നുവന്നത്. അക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് നൽകാനുള്ള 687 കോടി രൂപ വാങ്ങിക്കൊടുക്കുന്നതിന് കേരളം

ഒറ്റക്കെട്ടായി നിൽക്കണമെന്ന കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയെപ്പോലും മാനിക്കാൻ നിങ്ങൾ തയ്യാറായോ?

മി.സ്പീക്കർ: പ്ലീസ്, പ്ലീസ്...

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഒരു കാര്യം, കേരളത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രം എല്ലാ നിലയിലും ഞെരുക്കുവാൻ ശ്രമിച്ചിട്ടും കേരളത്തിന്റെ അടിസ്ഥാന-പശ്ചാത്തല വികസനം, വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല തുടങ്ങി എല്ലാ മേഖലകളിലും അഭൂതപൂർവ്വമായ വളർച്ചയാണ് കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞത്... (മൈക്ക് ഓഫ്).

(അടിയന്തരപ്രമേയ ചർച്ച)

(ഉപധനാഭ്യർത്ഥനകളുടെ ചർച്ച... തുടർച്ച)

ശ്രീ. റോജി എം. ജോൺ: സർ, ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗത്തിന്റെ അവസാനഭാഗത്തിൽ അദ്ദേഹം പറഞ്ഞൊരു കാര്യമുണ്ട്. ഉമ്മൻ ചാണ്ടിയെ എൽ.ഡി.എഫ്.-ഉം സി.പി.ഐ.(എം.)-ഉം വേട്ടയാടിയിട്ടില്ലായെന്നും കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നാണ് അദ്ദേഹത്തെ വേട്ടയാടിയതെന്നും അതെല്ലാം ജനങ്ങൾ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ടെന്നാണ് അദ്ദേഹം അവസാനം

പറഞ്ഞത്. അദ്ദേഹം അവസാനം പറഞ്ഞ വാക്ക് വളരെ സത്യമാണ്. ഉമ്മൻ ചാണ്ടിയെ കേരളരാഷ്ട്രീയത്തിൽ വ്യക്തിപരമായും രാഷ്ട്രീയപരമായും വേട്ടയാടിയത് ആരാണെന്നുള്ളത് കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ട്. പുതുപ്പള്ളിയിലെ ജനങ്ങൾ അത് മനസ്സിലാക്കിയതുകൊണ്ടാണ് പുതുപ്പള്ളിയിലെ ചരിത്രത്തിലെ ഏറ്റവും വലിയ റിക്കാർഡ് ഭൂരിപക്ഷത്തിൽ പ്രിയപ്പെട്ട ചാണ്ടി ഉമ്മനെ വിജയിപ്പിച്ച് കേരള നിയമസഭയിലേയ്ക്ക് അയച്ചത്. അതിന് ഞാൻ ആദ്യമേ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ഉമ്മൻ ചാണ്ടിയെ ജീവിച്ചിരുന്ന കാലത്ത് മാത്രമല്ല എൽ.ഡി.എഫ്. വേട്ടയാടിയിട്ടുള്ളത്. അദ്ദേഹത്തിന്റെ മരണശേഷവും ആ വേട്ടയാടൽ തുടർന്നു. അതിനുള്ള മറുപടി പുതുപ്പള്ളിയിലെ ജനങ്ങൾ നൽകിയത് തെരഞ്ഞെടുപ്പ് ഫലത്തിന്റെ രൂപത്തിലാണ്. അല്ലെങ്കിൽ ഇത്രയും വലിയ ഭൂരിപക്ഷത്തിലേയ്ക്ക്, ഈ സർക്കാരിനെതിരെയുള്ള ഒരു വിധിയെഴുത്തായി, ഈ വേട്ടയാടലിനെതിരായുള്ള മറുപടിയായി പുതുപ്പള്ളിയിലെ ജനങ്ങൾ വിധിയെഴുതുകയായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഞങ്ങൾ പുതുപ്പള്ളിയിലെ ജനങ്ങളോട് പറഞ്ഞ ഒരു കാര്യമുണ്ട്. ഈ വേട്ടയാടലിനെക്കുറിച്ചും ഈ സർക്കാരിന്റെ അഴിമതികളെക്കുറിച്ചും

ഒന്നിനുപുറകെ ഒന്നായി അക്കമിട്ട് പുതുപ്പള്ളിയിലെ ജനങ്ങളോട് പറഞ്ഞിട്ടുണ്ട്. അഴിമതിയുടെ കാര്യങ്ങൾ പൊതുസമൂഹത്തോട് വിളിച്ചുപറയുമെന്നും നിയമസഭയ്ക്ക് അകത്തും ഈ വിഷയങ്ങൾ കൊണ്ടുവരുമെന്നും തെരഞ്ഞെടുപ്പ് വേളയിൽ പുതുപ്പള്ളിയിലെയും കേരളത്തിലെയും ജനങ്ങൾക്ക് ഞങ്ങൾ കൊടുത്ത വാക്കാണ്. ആ വാക്ക് പുതുപ്പള്ളിയിലെ ജനങ്ങൾ അംഗീകരിച്ചതുകൊണ്ടാണ് വലിയ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്.-ന് വിജയിക്കാൻ സാധിച്ചത്. ശ്രീ. പി. സി. വിഷ്ണുനാഥ് എ.ഐ. (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ക്യാമറയുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങളും ഡോ. മാത്യു കുഴൽനാടൻ, മാസപ്പടിയുമായി ബന്ധപ്പെട്ട കാര്യങ്ങളും പുതുപ്പള്ളിയിലെ ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിച്ച വിഷയങ്ങൾ തന്നെയാണ് അദ്ദേഹം ഇന്ന് രാവിലെ ഇവിടെ ഉന്നയിച്ചത്. അതുപോലെയുള്ള മറ്റൊരു വിഷയമാണ് ഞാൻ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. അതുസംബന്ധിച്ച് ഞാൻ രേഖാമൂലം ബഹുമാനപ്പെട്ട ചെയറിന് കത്ത് നൽകിയിട്ടുണ്ട്. കേരളത്തിൽ കൊട്ടിഘോഷിച്ച് നടപ്പിലാക്കിയ കെ-ഫോൺ (കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്) പദ്ധതിയുടെ മറവിൽ ഈ സർക്കാരിന്റെ ആളുകൾ

നടത്തിയിട്ടുള്ള കോടികളുടെ അഴിമതിയുടെ കഥ. അതും ഞങ്ങൾ പുതുപ്പള്ളിയിലെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. ഞങ്ങൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾക്കോ ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിനോ എതിരല്ല. എന്നാൽ മാസപ്പടിക്ക് ഞങ്ങൾ എതിരാണ്. ഈ രണ്ട് പദ്ധതികളുടെയും മറവിൽ കോടികളുടെ അഴിമതിക്കെതിരെയുള്ള ശക്തമായ പ്രതിഷേധം, പ്രതിരോധം ഞങ്ങൾ തീർക്കുക തന്നെ ചെയ്യും. കെ-ഫോണുമായി ബന്ധപ്പെട്ട് എന്താണ് സംഭവിച്ചത്? 2017-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് അഥവാ കെ.-ഫോൺ. 2017-ൽ ആരംഭിച്ച ഈ പദ്ധതി 18 മാസത്തിനുള്ളിൽ 20 ലക്ഷം വീടുകളിൽ സൗജന്യ ഇന്റർനെറ്റ് കണക്ഷനും 30000 സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് ശൃംഖലയും സജ്ജമാക്കുമെന്നാണ് വാഗ്ദാനം ചെയ്തത്. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഒടുവിൽ കെ.-ഫോൺ എന്ന ഈ ശൃംഖല 18 മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും 1,000 കോടി

രൂപ മൂലധനമായി കിഫ്ബി വഴി ലഭ്യമാക്കുമെന്നുമാണ് പറഞ്ഞത്. അത് 18 മാസംകൊണ്ട് പൂർത്തിയായോ? അക്കാര്യത്തിലേയ്ക്ക് ഞാൻ പിന്നെ വരാം. 2017 മേയ് 18-ന് പുറത്തിറക്കിയ സർക്കാർ ഉത്തരവുപ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. അതിനുശേഷം KSITIL ഇതിന്റെ നടത്തിപ്പിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സർക്കാരിന്റെയും പങ്കാളിത്തത്തോടുകൂടി കെ-ഫോൺ ലിമിറ്റഡ് എന്ന എസ്.പി.വി. രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്കായി അന്ന് തയ്യാറാക്കിയ എസ്റ്റിമേറ്റും ഭരണാനുമതിയും എന്നുപറയുന്നത് 1,028.20 കോടി രൂപയുടേതായിരുന്നു. 1,028.20 കോടി രൂപയുടെ (പദ്ധതിയുടെ) ടെണ്ടർ നടപടികൾ ആരംഭിക്കുന്നത് 2018 ജൂൺ 14-നാണ്. ടെണ്ടറിൽ പങ്കെടുത്ത രണ്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും രണ്ട് സ്വകാര്യ സ്ഥാപനങ്ങളും അടങ്ങുന്ന കൺസോർഷ്യം ടെണ്ടർ തുകയുടെ 58.5 ശതമാനം അധികമായി 1,628.35 കോടി രൂപയ്ക്ക് ക്വാട്ട് ചെയ്യുകയും ഈ നാല് കമ്പനികളുടെ കൺസോർഷ്യത്തെ L1 ആയി തെരഞ്ഞെടുക്കുകയും ചെയ്തു. ഏതെങ്കിലും ഒരു സർക്കാർ പ്രവൃത്തിയിൽ സർക്കാർ അനുവദിച്ചിട്ടുള്ള

ഭരണാനുമതി ലഭിച്ച തുകയെക്കാൾ അധികമായി ടെണ്ടറിൽ L1 ആയി ആരെങ്കിലും ക്വാട്ട് ചെയ്തിട്ടുണ്ടെങ്കിൽ അതിൽ എന്ത് നടപടിക്രമമാണ് സ്വീകരിക്കേണ്ടതെന്നത് സംബന്ധിച്ച് വ്യക്തമായ സർക്കാർ ഉത്തരവുണ്ട്. അന്നത്തെ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയും ഇന്നത്തെ കിഫ്ബിയുടെ സി.ഇ.ഒ.-യുമായ ശ്രീ. കെ. എം. എബ്രഹാമിന്റെ ഉത്തരവ് എന്റെ കയ്യിലുണ്ട്. അതിന്റെ പ്രസക്തഭാഗങ്ങൾ മാത്രം വായിക്കാം. ഈ ഉത്തരവുപ്രകാരം എസ്റ്റിമേറ്റ് തുകയുടെ 10 ശതമാനത്തിൽ കൂടുതലാണ് ടെണ്ടറിൽ ക്വാട്ട് ചെയ്തതെങ്കിൽ അത് വീണ്ടും ടെണ്ടർ ചെയ്യണം. എന്നിട്ടും കമ്പനികൾ എസ്റ്റിമേറ്റ് തുകയുടെ 10 ശതമാനത്തിലാണ് വീണ്ടും ക്വാട്ട് ചെയ്തതെങ്കിൽ ആ ടെണ്ടർ റദ്ദ് ചെയ്യണം. അതിനുശേഷം വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കി വീണ്ടും ടെണ്ടർ ചെയ്യണമെന്നാണ് ഇത്തരം പദ്ധതികളെക്കുറിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ്. ആ ഉത്തരവ് അങ്ങനെയായിരിക്കെ 1,028 കോടി രൂപയുടെ പദ്ധതിക്ക് 1,628 കോടി രൂപ ക്വാട്ട് ചെയ്ത കമ്പനിക്ക് റീ-ടെണ്ടർ കൂടാതെ, ഉത്തരവുകളും കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളുമെല്ലാം കാറ്റിൽപറത്തി 1,531 കോടി രൂപയ്ക്ക് കരാർ നൽകിയത് ആരുടെ താല്പര്യം സംരക്ഷിക്കാൻ വേണ്ടിയാണ്? 1,028 കോടി

രൂപയുടെ പദ്ധതിക്ക് 1,531 കോടി രൂപയ്ക്ക് കരാർ ഉറപ്പിക്കുക വഴി നൂറുകണക്കിന് കോടി രൂപയുടെ അഴിമിതിയാണ് കെ-ഫോൺ പദ്ധതി വഴി ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്രയും വലിയ അഴിമതി ഇതിനുമുമ്പ് കണ്ടിട്ടുണ്ടോ? അതുസംബന്ധിച്ച് കുറേയധികം കാര്യങ്ങൾ വിശദീകരിക്കാനുണ്ട്. ഇവിടെക്കൊണ്ട് മാത്രം ഈ അഴിമതി അവസാനിക്കുന്നില്ല. അതിനെത്തുടർന്ന് അതിന്റെ മാസ്റ്റർ സർവ്വീസ് എഗ്രിമെന്റ് ഒപ്പിട്ടു. മാസ്റ്റർ സർവ്വീസ് എഗ്രിമെന്റ് പ്രകാരം രണ്ട് വർഷംകൊണ്ട് പദ്ധതി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ആ പദ്ധതി പൂർത്തിയായിട്ടില്ല. കരാർ നേടിയ കൺസോർഷ്യത്തിന്റെ ഭാഗമായിട്ടുള്ള എസ്.ആർ.ഐ.റ്റി. കമ്പനിക്കാണ് കേബിൾ വലിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാനുള്ള ചുമതല. എന്നാൽ എസ്.ആർ.ഐ.റ്റി. കമ്പനി ഈ ജോലി ഏൽപ്പിച്ചിരിക്കുന്നത് എ.ഐ. ക്യാമറ ടെണ്ടറിൽ പങ്കെടുത്തിരുന്ന അശോക ബിൽഡ്കോൺ എന്ന സ്ഥാപനത്തെയാണ്. അശോക ബിൽഡ്കോൺ ഏറ്റെടുത്ത ഈ ഉപകരാർ കെ-ഫോണിന്റെ ഭാഗമായിട്ടുള്ള പോയിന്റ് ഓഫ് പ്രസന്റ്സിന്റെ നിർമ്മാണക്കരാർ നൽകിയിരിക്കുന്ന, എ.ഐ.ക്യാമറ വിവാദവുമായി

ബന്ധപ്പെട്ട് ആരോപണത്തിൽ നിൽക്കുന്ന മുഖ്യമന്ത്രിയുടെ കുടുംബവുമായി ബന്ധമുള്ള പ്രസാഡിയ കമ്പനിക്കുതന്നെയാണ് നൽകിയിരിക്കുന്നത്. ഇതോടനുബന്ധിച്ച് മറ്റൊരുകാര്യംകൂടി സൂചിപ്പിച്ചിരുന്നു. ഇതിനാവശ്യമായിട്ടുള്ള ഒ.പി.ജി.ഡബ്ല്യൂ. കേബിളുകൾ ഇന്ത്യയിൽ നിർമ്മിച്ചിട്ടുള്ള കേബിളുകളായിരിക്കണമെന്ന് സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. പക്ഷേ ഇവിടെ നൽകിയ കമ്പനി ഈ കൺസോർഷ്യത്തിന്റെതന്നെ ഭാഗമായിട്ടുള്ള മറ്റൊരു കമ്പനിക്കാണ് അതും നൽകിയിരിക്കുന്നത്. ഈ കേബിളുകളുടെ യാതൊരു ഗുണനിലവാരവും പരിശോധിക്കാതെ ചൈനയിൽനിന്നും ഇറക്കുമതി ചെയ്തിരിക്കുകയാണ്. അങ്ങനെ എല്ലാ ടെണ്ടർ നടപടികളും എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപറത്തിക്കൊണ്ടും കെ-ഫോൺ പദ്ധതിയിൽ തങ്ങളുടെ ഇഷ്ടക്കാർക്കുവേണ്ടി എ.ഐ. ക്യാമറയിൽത്തന്നെ ബന്ധമുള്ള പ്രസാഡിയ കമ്പനിയുൾപ്പെടെയുള്ളവർക്ക് ലഭ്യമാകുന്നതിനുവേണ്ടിയുള്ള ഗൂഢാലോചന നടത്തിയും ഈ സർക്കാരിന്റെ ഖജനാവിൽ കോടികളുടെ നഷ്ടം വരുത്തുന്ന ഒരു വലിയ അഴിമതിയാണ് കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഈ സർക്കാരിന്റെ നേതൃത്വത്തിൽ നടന്നിരിക്കുന്നത്. ഇതിനെതിരെ ശക്തമായ പ്രതിഷേധം

രേഖപ്പെടുത്തുന്നു. ഇതിനെതിരെയുള്ള സമഗ്രമായിട്ടുള്ള അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ, ബഹുമാന്യനായ അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് സഭയിൽ എഴുതിക്കൊടുത്ത ഒരാരോപണം ഉന്നയിക്കുകയുണ്ടായി. ഉന്നയിച്ച ആരോപണത്തിൽ ഈ കാലഘട്ടത്തിൽ നടന്ന ഒരു വ്യവസായ വകുപ്പുമന്ത്രിക്കെതിരെയുള്ള ആരോപണമെന്നാണ് അദ്ദേഹം കത്തിൽത്തന്നെ എഴുതിയിരിക്കുന്നത്. ഗവൺമെന്റ് കണ്ടിന്യൂഷനാണല്ലോ? അദ്ദേഹം ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെല്ലാം പൂർണ്ണമായും അടിസ്ഥാനരഹിതമായിട്ടുള്ളവയാണ്. അദ്ദേഹം സൂചിപ്പിച്ചത്, യഥാർത്ഥത്തിൽ മോഷ്ടിക്കാൻവേണ്ടി ക്യാമറ സ്ഥാപിച്ച ലോകത്തിലെ ആദ്യത്തെ ഒരു സ്ഥലമാണ് കേരളമെന്നുള്ളതാണ്. യഥാർത്ഥത്തിൽ ഇപ്പോൾ വന്നിരിക്കുന്ന റിപ്പോർട്ടുകളനുസരിച്ച്..., നേരത്തെ ഒരു പുകമറ സൃഷ്ടിക്കാൻ ഇങ്ങനെയൊക്കെ പറഞ്ഞെന്നുവരാം. എന്നാൽ ഇപ്പോൾ ഈ ക്യാമറ സ്ഥാപിച്ചതിനുശേഷമുള്ള കേരളത്തിന്റെ ഒരു ചിത്രം നമുക്കെല്ലാവർക്കും അഭിമാനിക്കാൻ കഴിയുന്നതാണ്. കഴിഞ്ഞ വർഷം

ജൂലൈ മാസം വരെ 3316 അപകടങ്ങൾ വരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യുകയും ഇത് സ്ഥാപിച്ചതിനുശേഷമുള്ള കണക്കനുസരിച്ച് അത് 1177 ആയി കുറയുകയും ചെയ്തിട്ടുണ്ട്. അതായത് 2199 അപകടങ്ങൾ കുറഞ്ഞതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ വർഷം ജൂലൈ മാസം വരെ 313 മരണങ്ങൾ റിപ്പോർട്ട് ചെയ്തു. അതിനുമുമ്പുള്ള വർഷവും ശരാശരി കണക്കുകൾ ഇതുതന്നെയാണ്. ഇപ്പോഴത് 63 ആയി കുറഞ്ഞു. അതായത് 250 മനുഷ്യ ജീവൻ ..

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ....(മൈക്ക് ഓഫ്)...

<u>ശ്രീ. പി. രാജീവ്</u>: സർ, അത് ഞാൻ പറയാം, നിങ്ങൾക്ക് ആളെ കൊല്ലണമെന്നുണ്ടെങ്കിൽ..... അതല്ല ഞാൻ പറയുന്നത്, മനുഷ്യരുടെ ജീവൻ രക്ഷപ്പെട്ടതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. അത് അംഗീകരിക്കണം, ബാക്കി കാര്യങ്ങളിൽ നിങ്ങൾ എതിർത്തോളൂ, പക്ഷേ ഇക്കാര്യങ്ങൾ നിങ്ങൾക്ക് അംഗീകരിക്കാമല്ലോ; നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിലും കർണ്ണാടകയിൽനിന്നുള്ളയാളുകൾ ഈ പദ്ധതിയെ സംബന്ധിച്ച് പഠിക്കാൻ ഇവിടെ വന്നിരിക്കുകയാണ്. ആ ഗവൺമെന്റിനെ നയിക്കുന്ന പാർട്ടിയുടെ പേര് കോൺഗ്രസ്സെന്നാണല്ലോ; അവർ ഇത്തരം സംവിധാനം

നടപ്പിലാക്കാനായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കർണ്ണാടക, മഹാരാഷ്ട്ര, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും പ്രസ്തുത പദ്ധതി പഠിക്കുന്നതിനുവേണ്ടി ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ച കാര്യം തുടർച്ചയായി ആവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. 70 കോടി രൂപയ്ക്ക് പൂർത്തിയാകേണ്ട പദ്ധതി 232 കോടി രൂപയുടേതാക്കി കെൽട്രോൺ മാറ്റിയതാണ് അഴിമതിക്ക് ആധാരമെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ ബഹുമാന്യനായ മുൻ മന്ത്രിയും മുൻ പ്രതിപക്ഷനേതാവുമായിട്ടുള്ള ശ്രീ. രമേശ് ചെന്നിത്തലയുടെ കാലഘട്ടത്തിലാണ് ഇതുസംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയുടെ ആദ്യത്തെ തുടക്കം. അദ്ദേഹം തന്നെ ചില കാര്യങ്ങൾ ഓർക്കാതെ പറഞ്ഞിട്ടുണ്ട്. എവിടെനിന്നോ, അന്തരീക്ഷത്തിൽനിന്നുവന്ന സുനിൽ ബാബുവിന്റെ റിപ്പോർട്ട് എന്താണ്? 2015-ൽ ശബരിമല സെയ്ഫ് സോണിന്റെ അടിസ്ഥാനത്തിൽ ആകെ പഠിക്കുന്നതിനുവേണ്ടി സുപ്രീംകോടതിയുടെ ശിപാർശകൂടിവച്ച് അന്തരീക്ഷത്തിൽനിന്നുവന്നതും പബ്ലിക്ക് ഡൊമൈനിൽ ഇദ്ദേഹത്തിന്റെ എക്സ്പർട്ടൈസേഷൻ എന്താണെന്നറിയില്ലായെന്നും ആധികാരികമായി

രേഖയിൽ പരാമർശിക്കുകയും ചെയ്തിട്ടുള്ളത്..... പ്രതിപക്ഷനേതാവിന്റെ പേരുകൂടി ഔദ്യോഗികമായി വരുന്നതുകൊണ്ട് മുൻ പ്രതിപക്ഷ നേതാവ് ചിലപ്പോൾ ഓർത്തിട്ടുണ്ടാവില്ല. അദ്ദേഹത്തിന്റെ കാലത്താണ് ഇതിന്റെ ആദ്യത്തെ റിപ്പോർട്ട് വന്നത്. ഈ പദ്ധതി രണ്ടുതരത്തിൽ നടപ്പിലാക്കാമെന്ന് ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. CapEX model-79 കോടി രൂപ, BOOT (Build, Own, Operate, Transfer)annuity model costing- 150 കോടി രൂപ (with guaranteed quarterly payment for five years). അന്നത്തെ റിപ്പോർട്ട് കെൽട്രോണല്ല ആദ്യം കൊടുക്കുന്നത്. കാപ്പെക്സ് എന്നുപറഞ്ഞാൽ ക്യാപ്പിറ്റൽ എക്സ്പെന്റീച്ചർ, അത് പൂർണ്ണമായും ഗവൺമെന്റ് നൽകുകയാണ് ചെയ്യുന്നത്. അപ്പോൾ അതിന്റെ താരതമ്യവും ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ നടത്തിയിട്ടുണ്ട്. ആ താരതമ്യത്തിൽ 75 കോടി രൂപയും ഗവൺമെന്റ് ആദ്യംതന്നെ മുടക്കണം. അതാണ് കാപ്പെക്സ്. ഇതുകൂടാതെ നടത്തിക്കൊണ്ടുപോകലും ഗവൺമെന്റ് ഉത്തരവാദിത്വമാണ്. നൂറിലധികം എഞ്ചിനീയർമാരെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റുതന്നെ ഇതിനുവേണ്ടി നിയോഗിക്കണം. അതിനുള്ള എക്സ്പർട്ടൈസേഷൻ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിനില്ല. അതുകൊണ്ട്

കാപ്പെക്സാണോ......., ശ്രീ. രമേശ് ചെന്നിത്തലയുടെ കാലഘട്ടത്തിലെ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ തുടർച്ചയിൽ സെയ്ഫ് കേരള സമർപ്പിച്ച ഈ രണ്ട് പദ്ധതികളും താരതമ്യം ചെയ്തിട്ട് കണ്ടെത്തിയത് കാപ്പെക്സല്ല ഗവൺമെന്റിന് ആദായകരമായ പദ്ധതിയെന്നാണ്. 2022 ജൂൺ മാസത്തിൽ കെൽട്രോണിത് സ്ഥാപിച്ചെങ്കിലും 2023 ജൂലൈയിലാണ് പദ്ധതിക്ക് തുടക്കം കുറിക്കാൻ സാധിച്ചത്. അപ്പോൾ തന്നെ വാറന്റി പിരീഡ് കഴിഞ്ഞു. കാപ്പെക്സ് ആയിരുന്നെങ്കിൽ എ.എം.സി. ഉൾപ്പെടെ ഗവൺമെന്റ് വീണ്ടും എറ്റെടുക്കണം. അത് അധിക ബാദ്ധ്യതയ്ക്ക് കാരണമാകും. പൊതുവെ ആളുകൾക്ക് പെട്ടെന്ന് 232 കോടി രൂപ എന്നുപറയുമ്പോൾ മനസ്സിലായെന്ന് വരില്ല. ഇതിൽ രണ്ടുഭാഗങ്ങളാണുള്ളത്. ഒന്ന്, കാപ്പെക്സ് മോഡൽ മാറി ബൂട്ട് മോഡലിൽ നേരത്തെ പണം മുടക്കുക, കെൽട്രോൺ അതിന്റെ സംവിധാനത്തിന് പണം മുടക്കുക, അതിന്റെ തുടർച്ചയിൽ ഗവൺമെന്റ് അഞ്ചുവർഷമായി 20 തവണയായി തിരിച്ചുകൊടുക്കുക. ഇതാണ് 162 കോടി രൂപ. 66 കോടി രൂപ അതിന്റെ മറ്റ് നടത്തിപ്പിനുവേണ്ടിയുള്ളതാണ്. ഇത് റിപ്പോർട്ട് ചെയ്യും, 20 രൂപയോളം വരുന്ന സ്റ്റാമ്പൊട്ടിച്ച് അയയ്ക്കുന്നതിനും മറ്റുമുള്ള ചെലവുകളുമായി ബന്ധപ്പെട്ട്

ഉപയോഗിക്കുന്നതാണ് ഓപ്പെക്സ് (ഓപ്പറേഷൻ എക്സ്പെൻറീച്ചർ) എന്നുപറയുന്നത്. അതാണ് 66 കോടി രൂപ. ഈ 162 കോടി രൂപ കാപ്പെക്സും 66 കോടി രൂപ ഓപ്പെക്സിലും 37.25 കോടി രൂപ ജി.എസ്.ടി.-യുമാണ്. അതിൽ കാപ്പെക്സിന്റെ 25.63 കോടി രൂപയുടെ ജി.എസ്.ടി. ഇപ്പോൾ അടച്ചുകഴിഞ്ഞു. ഗവൺമെന്റ് ഇതുവരെ പണം ചെലവഴിച്ചിട്ടില്ല. ഓപ്പെക്സ്, ഓപ്പറേഷൻ പോലെയാണ്. കൂടുതൽ തുക വന്നാൽ അതിനനുസരിച്ച് പരിശോധിക്കേണ്ട സംവിധാനവുമുണ്ട്. ഇതാണ് യഥാർത്ഥ്യം. അതുകൊണ്ട് അദ്ദേഹം പറഞ്ഞ ആ ഭാഗം പൂർണ്ണമായും വസ്തുതയ്ക്ക് നിരക്കുന്നതല്ല. ഇപ്പോൾ ഇതിന്റെ പോർട്ടൽ രൂപീകരിച്ചു, എസ്.ഐ.ആർ.റ്റി. വന്നു, ഒ.ഇ.എം. വെണ്ടറെല്ലാംതന്നെ നേരത്തെതന്നെയുണ്ട്. കാരണം ഗവൺമെന്റിന്റെ പോർട്ടലിനകത്താണ് ഇ-ടെണ്ടർ സംവിധാനങ്ങളെല്ലാം വരുന്നത്. ആ ഘട്ടത്തിലുള്ള എല്ലാ രേഖകളും അതുസംബന്ധിച്ചുള്ള പബ്ലിക്ക് ഡൊമൈനിൽ ലഭ്യമാകും. എസ്.ആർ.ഐ.റ്റി കമ്പനി എം.എ.എഫ് നൽകിക്കഴിഞ്ഞിട്ടുണ്ട്. അത് അതിനകത്തു നേരത്തെയുണ്ട്. ഏതെങ്കിലും കമ്പനികൾക്ക് ഇ-ടെണ്ടറിൽ പോർട്ടൽ രൂപീകരിച്ചോ, അല്ലെങ്കിൽ പ്രീ-ക്വാളിഫിക്കേഷനില്ലാത്തവരെ പങ്കെടുപ്പിച്ചോ അതുസംബന്ധിച്ച് ഇതുമായി

ബന്ധപ്പെട്ട ഏത് കമ്പനിക്കും കേസ് കൊടുക്കാനുള്ള സംവിധാനമുണ്ട്. ഇപ്പോൾ ആറ് വർഷമായി, ഇത് നടപ്പിലാക്കുന്നതുവരെ ഇതുസംബന്ധിച്ചുള്ള ഒരു പരാതിയും ഒരു കോടതിയുടെ മുമ്പിലും വന്നിട്ടില്ല. പിന്നെ ചിലർ പറയും ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അൽഹിന്ദ് കമ്പനിയുടെ ഒരു കത്ത് കിട്ടിയത്. ആ കത്തിന്റെ മുകളിൽ നിങ്ങൾ അടയിരുന്നില്ലേയെന്ന് ചിലർ ചോദിക്കുന്നുണ്ട്. ഞങ്ങൾ അടയിരുന്നില്ല. അവർ കൊടുത്ത സെക്യൂരിറ്റി ഡെപ്പോസിറ്റ് അവർക്ക് തിരിച്ചുതരുന്നതിന് ഗവൺമെന്റ് ഇടപെടണമെന്നതാണ് അവരുടെ ആവശ്യം. ആ കത്തിന്റെ കോപ്പി എന്റെ കൈവശമുണ്ട്. ആ കത്ത് അവർ ഗവൺമെന്റിന് നൽകുന്നത് 23-10-2021-ലാണ്. അത് ഉടൻതന്നെ ഫയലായി. ആ കത്ത് എന്റെ മുമ്പിലല്ല വരുന്നത്. ഒരുകാര്യം കൂടി പറയാം, വ്യവസായ വകുപ്പിന്റെ മുമ്പിൽ ഇതുമായി ബന്ധപ്പെട്ട് ഒരു ഫയലും വരില്ല. വ്യവസായ വകുപ്പിന്റെ മുമ്പിൽ വരുന്നത് എല്ലാവകുപ്പിലും ലഭിക്കുന്നതുപോലെ ക്യാബിനറ്റിൽ വരുന്ന ഫയലുകൾ മാത്രമേ വരികയുള്ളൂ. കാരണം ഇതിന്റെ എ.ഡി. ഗതാഗത വകുപ്പാണ്. കെൽട്രോൺ ഒരു കമ്പനിയാണ്. അവരുടെ കാര്യങ്ങൾ വകുപ്പിലേയ്ക്ക് വരേണ്ട

ആവശ്യമേയില്ല. ഇത് പ്രിൻസിപ്പൽ സെക്രട്ടറിക്ക് 23-10-2021-ന് കിട്ടിയിട്ട് ........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒന്നാമത് ഇതിന്റെ മാതൃവകുപ്പ് ഗതാഗത വകുപ്പാണ്. ഇതിലൊരു ട്രൈപാർട്ടി എഗ്രിമെന്റല്ലേ ഉണ്ടാകേണ്ടത്. അതിനുപകരം കെൽട്രോൺ എസ്.ആർ.ഐ.ടി.-യുമായി കരാറിലേയ്ക്ക് വരികയല്ലേ ചെയ്തത്; പാരന്റ് ഡിപ്പാർട്ട്മെന്റ് ഗതാഗത വകുപ്പാണെന്നിരിക്കെ ഒരു ട്രൈപാർട്ടി എഗ്രിമെന്റ് എന്തുകൊണ്ടുണ്ടായില്ല?

ശ്രീ. പി. രാജീവ്: സർ, എന്തുകൊണ്ട് അങ്ങ് ഗതാഗത വകുപ്പിനെതിരെ കൊടുത്തില്ല; പ്രാഥമികമായ ധാരണയെന്താണ്; ആർക്കെതിരെയാണ് കത്ത് കൊടുക്കേണ്ടത്; എന്നീ ചോദ്യങ്ങൾ എന്നോടാണോ ചോദിക്കേണ്ടത്? അത് പ്രാഥമികമായ ധാരണയുടെ പ്രശ്നമല്ലേ. എന്റെ കയ്യിൽ വിവരങ്ങളുള്ളതിനാൽ അതിൽ മറ്റ് പ്രശ്നങ്ങളൊന്നുമില്ല. ഈ കത്ത് കിട്ടി ഒരു മാസത്തിനകംതന്നെ കെൽട്രോണിലെ മാനേജിംഗ് ഡയറക്ടറോട് ഗവൺമെന്റ് വിശദീകരണം ചോദിച്ചു. ഗവൺമെന്റ് 2-12-2021-ന് അവർക്ക് മറുപടി നൽകി. എ.എം.സി. കഴിയുമ്പോഴാണ് നമ്മൾ എസ്.ആർ.ഐ.ടി.-ക്ക് ഇത്

തിരിച്ചുകൊടുക്കുകയുള്ളൂവെന്ന് ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി പറഞ്ഞു. " Since Keltron has not entered into any direct agreement with Alhind group, you are requested to approach SRIT for the refund of security deposit" . ഇത് നമ്മൾ 2-12-2021-ന് കൊടുത്തു. 23-10-2021-ന് കിട്ടിയ കത്ത് പ്രിൻസിപ്പൽ സെക്രട്ടറി തന്നെ ഫോർവേർഡ് ചെയ്ത് 12-11-2021-ന് കെൽട്രോണിന് കൊടുത്തു. അതിൽ ഞങ്ങളാരും അടയിരുന്നില്ല. ഗവൺമെന്റിന്റെ മറുപടി 2-12-2021-ൽ അണ്ടർ സെക്രട്ടറി അവർക്ക് കൊടുത്തിട്ടുണ്ട്. ചില തർക്കങ്ങളിൽ നമ്മൾ ഓരോരുത്തരേയും സമീപിച്ചെന്നുവരും.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നിങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതിനെ beating around the bush എന്ന് പറയും. അതായത്, യഥാർത്ഥത്തിലുള്ള അലിഗേഷന്റെ അകത്തേയ്ക്ക് വരാതെ പുറത്തുനിന്നാണ് അങ്ങ് സംസാരിക്കുന്നത്. അതാണ് വ്യവസായ വകുപ്പിലേയ്ക്ക് കൊടുത്തത്. കെൽട്രോണിന് ഇത് കിട്ടിയശേഷം നടത്തിയ ടെണ്ടർ ഇടപാടുകളും വർക്ക് അവാർഡ് ചെയ്തതും ഇതിന്റെ quality of the camera, (Out dated ആയിട്ടുള്ള ക്യാമറ) ഇതിനേക്കാൾ

അഡ്വാൻസ്ഡായുള്ള ക്യാമറ ഇതിനേക്കാൾ ചെലവ് കുറഞ്ഞ് കിട്ടും എന്ന് പറഞ്ഞു. അതുകൊണ്ടാണ് പ്രധാനപ്പെട്ട രണ്ട് കമ്പനികൾ ഈ എഗ്രിമെന്റിൽനിന്നും മാറിപോകുകയും പുറത്തുനിന്നുള്ള ആളുകൾ ഇതിനകത്തേയ്ക്ക് പ്രവേശിക്കുകയും ചെയ്തത്. ടെണ്ടർ ഡോക്യുമെന്റിൽ പറയുന്ന മുഴുവൻ കാര്യങ്ങളേയും കാറ്റിൽ പറത്തിയതിനാൽ നമുക്ക് വലിയ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. കാരണം, out dated ആയിട്ടുള്ള ക്യാമറ വന്നു, advanced ആയിട്ടുള്ള ക്യാമറ വന്നില്ല. ഇതിനേക്കാൾ വില കുറവുള്ള ഏറ്റവും മോഡേണായുള്ള ക്യാമറയുണ്ട്. അതാണ് മറ്റ് രണ്ട് കമ്പനികളുടെയും പരാതി. പണം കൊടുക്കാൻവേണ്ടി മാത്രമാണ് ആ രണ്ട് കമ്പനികളെ വച്ചത്. മാത്രമല്ല, SRIT എന്ന കമ്പനി 6 ശതമാനം കമ്മീഷൻ വാങ്ങിയിട്ട് നോക്കി നിൽക്കുകയാണ്. അക്കാര്യം ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞിട്ടുണ്ട്. 9 കോടി രൂപ വാങ്ങിയശേഷം അതിന്റെ പ്രോഫിറ്റ് ആർക്കാണ് പോകുന്നത്; ആരാണ് ഇത് ചെയ്യുന്നത്? ഏറ്റവും അവസാനത്തെ നിങ്ങളുടെ തീരുമാനം വളരെ ക്ലിയറാണ്. ഇത്രയും ആയതുകൊണ്ട് ഇത് നടപ്പാക്കാമെന്നാണ്. സാമ്പത്തിക ക്രമക്കേട് ഇതിൽ നടന്നിട്ടുള്ളതിനാൽ ഒരന്വേഷണത്തിന് നിങ്ങൾ തയ്യാറാണോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് പറഞ്ഞ കാര്യങ്ങളല്ല ശ്രീ. പി. സി. വിഷ്ണുനാഥ് ചോദിച്ചത്. ഞാൻ ആ പോയിന്റുകളെല്ലാം എഴുതിവച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ കുറച്ച് കാര്യങ്ങൾ കോടതിയുടെ മുന്നിലുള്ളതിനാൽ കോടതി തീർപ്പ് കൽപ്പിക്കട്ടെ; അങ്ങും മുൻ പ്രതിപക്ഷനേതാവും സംയുക്തമായാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചത്. അതുസംബന്ധിച്ച് ഗവൺമെന്റിന് പറയേണ്ട കാര്യങ്ങൾ കോടതിയുടെ മുന്നിലെത്തിയിട്ടുണ്ട്. അത് സ്വീകരിക്കണോ വേണ്ടയോയെന്നുള്ള കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതി പരിശോധിക്കട്ടെ; അത് നമുക്കും പരിശോധിക്കാമല്ലോ; ഇത് ഞങ്ങൾ അന്നും പറഞ്ഞു. ക്വാളിറ്റി ഇത്രയും കൊടുക്കാവുന്ന കമ്പനിയും ഇതിനെക്കാൾ കുറഞ്ഞ കാശിന് കൊടുക്കുന്ന കമ്പനിയും ടെണ്ടർ നടത്തിയിട്ട് ആറ് കൊല്ലമായി. ടെണ്ടർ ഓപ്പൺ ഇ-ടെണ്ടർ പ്ലാറ്റ്ഫോമിൽ നടത്തിയിട്ട് ഏതെങ്കിലും ഏജൻസിയുടെ മുന്നിൽ ഒരു ഒബ്ജക്ഷനും എന്തുകൊണ്ട് നൽകിയില്ല; മറ്റ് സാങ്കേതികത്വങ്ങൾ നോക്കേണ്ടതില്ല. സാങ്കേതികത്വം പറയുമ്പോൾ കുറച്ചൊക്കെ ആശങ്കകളുണ്ടായെന്ന് വരും. ഇത്രയും കമ്പനികളുടെ കാര്യം അങ്ങ് ഇവിടെ പറഞ്ഞല്ലോ; ഇതിനെക്കാൾ ഹൈലി അഡ്വാൻസായ, ഇതിനെക്കാൾ ചീപ്പ്

വിലയ്ക്ക് ഇതിനെക്കാൾ നന്നായി നിർവ്വഹിക്കാൻ കഴിയുന്ന കമ്പനികൾ നമ്മുടെ നാട്ടിലുണ്ടെങ്കിൽ അവരൊക്കെ ഈ ടെണ്ടറിൽ പങ്കെടുത്തിട്ടില്ല. പങ്കെടുക്കാനുള്ള കണ്ടീഷനുകൾ വ്യത്യസ്തമാണെങ്കിൽ അവർക്ക് കോടതിയെ സമീപിക്കാൻ സാധിക്കും. ഒരു സംവിധാനത്തിന് മുമ്പിലും എന്തുകൊണ്ടാണ് ഒരു പരാതിപോലും നൽകാതിരുന്നത്; കെൽട്രോൺ ഔട്ട് ഡേറ്റഡല്ല. എൻ.എച്ച്.എ.പോലും ഇവരുടേതാണല്ലോ; കെൽട്രോണിന് ഇതുസംബന്ധിച്ച് യാതൊരു ധാരണയുമില്ലെന്ന് ബഹുമാന്യനായ അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് പറയുകയുണ്ടായി. ഇന്ത്യയിലും കേരളത്തിലുമായി 11 വർക്കുകൾ നടത്തിയതിന്റെ കണക്കുകൾ ഇപ്പോൾത്തന്നെ എന്റെ മുന്നിലുണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഐ.ഐ. ക്യാമറ സംവിധാനം നമ്മൾ ഇവിടെ നടപ്പിലാക്കിയത്. നിങ്ങൾക്കൊക്കെ താൽപ്പര്യമില്ലാത്ത ഒരുകാര്യംകൂടി ഞാൻ പറയാം. അൽഹിന്ദിന്റെ ഒരു കത്ത് വന്നിരിക്കുകയാണ്. അവർക്ക് ഇതുമായി ബന്ധപ്പെട്ട് ഒരു ക്ലെയിമുമില്ലെന്നാണ് അതിൽ പറയുന്നത്. ഞങ്ങൾക്ക് തരാനുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിനാണ് ഗവൺമെന്റ് നേരത്തെ...... നിങ്ങളിൽ പലർക്കും രണ്ട് കമ്പനിയാണ് വിവരങ്ങൾ കൊടുത്തുകൊണ്ടിരുന്നത്. അതിൽ ഒരു

കമ്പനിയാണ് അൽഹിന്ദ്. കിട്ടാത്തവർ എപ്പോഴും പ്രതിപക്ഷത്തിരിക്കുന്നവരുടെ അടുത്ത് വരുമല്ലോ; അൽഹിന്ദിന് ആകെ ഒരു തർക്കമാണുണ്ടായിരുന്നത്. ഗവൺമെന്റിന്റെ മുമ്പിൽ വന്ന തർക്കമെന്താണ്; അവർ നേരത്തെ കൊടുത്ത മൂന്ന് കോടി രൂപയായ അഡ്വാൻസ് തുക തിരിച്ചുകിട്ടിയില്ലേ; ഇതുമാത്രമാണ് ഗവൺമെന്റിന്റെ മുന്നിൽ വന്നത്. അതനുസരിച്ചുകൊണ്ട് ഇപ്പോൾ പറഞ്ഞിരിക്കുന്നത്, ഞങ്ങൾക്ക് തുകകിട്ടിയെന്നും ഇതുസംബന്ധിച്ച് മറ്റൊരു ക്ലെയിമുമില്ലെന്നുള്ള അൽഹിന്ദിന്റെ കത്ത് കെൽട്രോണിന് ലഭിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ചില ക്വറികളൊക്കെ വരുന്നുണ്ട്. അതെല്ലാം വച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ കൺകറൻസോടുകൂടിയാണ് ആദ്യത്തെ കോംപ്രിഹെൻസീവ് എ.എസ്. ഇറക്കിയത്. അത് കാബിനറ്റിലേയ്ക്ക് വരുന്നത് ഫിനാൻസിന്റെ കൺകറൻസോടുകൂടിയാണ്. യഥാർത്ഥത്തിൽ ഇതുസംബന്ധിച്ചുള്ള കാര്യങ്ങളിൽ സർക്കാരിന് നഷ്ടമുണ്ടായി. സർക്കാർ ഇതുവരെ ഒരു രൂപപോലും കൊടുത്തിട്ടില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അദ്ദേഹം തെറ്റിദ്ധരിപ്പിക്കുകയാണ്. കാരണം, ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒബ്ജക്ഷനുകളെ ബൈപ്പാസ് ചെയ്തുകൊണ്ടാണ് പല തീരുമാനങ്ങളും എടുത്തിരിക്കുന്നത്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒബ്ജക്ഷൻ വളരെ ക്ലിയറാണ്. അൽഹിന്ദിന് പരാതിയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞു. അൽഹിന്ദ് കൂടി റെസ്പോണ്ടന്റാണ് ഈ കേസിൽ. മറ്റ് കമ്പനികളും സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. മറ്റ് കമ്പനികളുടെ കള്ളത്തരങ്ങളൊക്കെ കണ്ടെത്തിയിട്ടുണ്ട്. അതായത്, കെൽട്രോൺ എസ്.ആർ.ഐ.ടി.-ക്ക് കൊടുത്തതിന്റെ കള്ളത്തരം കണ്ടുപിടിച്ച് ടെണ്ടർ നടക്കില്ലായെന്ന് പറഞ്ഞ് രണ്ട് കമ്പനികളും പിന്മാറിയതാണ്. അവരുടെ പണം കിട്ടാൻവേണ്ടിയാണ് ഞങ്ങൾക്ക് വേറെ പരാതിയില്ല പൈസ തന്നാൽ മതിയെന്ന് പറഞ്ഞത്.

<u>ശ്രീ. പി. രാജീവ്</u>: സർ, അവർക്കെല്ലാം കോടതിയെ സമീപിക്കാൻ അന്നേ അവകാശമുണ്ടായിരുന്നു. അവർക്ക് ഇതിൽ വകുപ്പൊന്നുമില്ലാത്തതിനാൽ നിങ്ങളിൽ ചിലരെയൊക്കെ കണ്ടുപിടിച്ച് നിങ്ങൾ കൊടുത്തതിന്റെ പുറകെ അഫിഡവിറ്റ് കൊടുക്കുന്ന സൂത്രപ്പണിയിൽ

നിങ്ങളറിയാതെ വീണുപോയി എന്നുള്ളതാണ്. കിട്ടാത്ത കമ്പനികൾക്ക് നേരിട്ട് കോടതിയിൽ പോകാൻ വകുപ്പൊന്നുമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, കിട്ടാത്ത കമ്പനിയല്ല, നിങ്ങൾ തെറ്റിദ്ധരിപ്പിക്കുകയാണ്. സാധാരണ ടെണ്ടറിനുവേണ്ടി കോംപീറ്റ് ചെയ്യുവെന്ന് പറയാറുണ്ട്. അതിൽ ഒരു കമ്പനിക്ക് കിട്ടിയില്ലെങ്കിൽ അവർ നമ്മുടെ അടുത്ത് വരുന്നത് സാധാരണയാണ്. ഞങ്ങൾ ആ കേസുമായി വരുന്ന ആളുകളല്ല. ഇത് അങ്ങനെയല്ല. ഇവർക്ക് കൊടുത്തു, ടെണ്ടർ കിട്ടിയ കമ്പനികൾ ഇത് നടപ്പാക്കാൻ കോംപീറ്റന്റല്ലായെന്ന് നിങ്ങൾ മനസ്സിലാക്കണം. കൺസോർഷ്യം വച്ചിട്ടുള്ള കമ്പനികൾ ഇത് നടത്താൻ കേപ്പബിളും കോംപീറ്റന്റുമല്ല. അതുകൊണ്ടാണ് അവർ വേറെ കമ്പനികളെ വിളിച്ചത്. ആ കമ്പനികൾ ഇവരുമായി കൂടിയാലോചന നടത്തിയപ്പോൾ മുഴുവൻ തട്ടിപ്പാണെന്ന് മനസ്സിലായതുകൊണ്ടാണ് അവർ പുറത്തേയ്ക്ക് പോയത്. അല്ലാതെ ടെണ്ടർ കിട്ടാത്തതല്ല. മാത്രമല്ല, 1, 2, 3 എന്ന് പറയപ്പെടുന്ന മൂന്ന് കമ്പനികളെക്കൂടി കാർട്ടലുണ്ടാക്കിയാണ് ടെണ്ടർ പിടിച്ചത്. ടെണ്ടർ പ്രൊസീജ്യറിൽ മുഴുവൻ ശുദ്ധതട്ടിപ്പാണ് നടത്തിയിരിക്കുന്നത്. കാർട്ടൽ ഫോർമേഷനിലാണ് ഈ മൂന്ന് കമ്പനികൾ

വന്ന് പ്രൂവ് ചെയ്യുന്നത്. അതായത്, നമ്മൾ മൂന്നുപേരുംകൂടി ആർക്കാണ് ടെണ്ടറെന്ന് തീരുമാനിച്ച് വലിയ തുക ക്വാട്ട് ചെയ്യുകയാണ്. അതൊക്കെയാണ് ഇതിന്റെ ക്രൈക്സ്. അങ്ങ് അതല്ല പറയുന്നത്.

ശ്രീ. പി. രാജീവ്: സർ, കാർട്ടൽ എന്ന് പറയാൻ തുടങ്ങിയിട്ട് കുറെ നാളായി. എന്താണ് കാർട്ടൽ? ഏതെങ്കിലും കാര്യത്തിൽ പരസ്പര ധാരണയോടുകൂടി കൊടുക്കുന്നതാണ് കാർട്ടൽ. ഏതെങ്കിലും പദ്ധതിയിൽ പരസ്പര ധാരണയുള്ള ഏതെങ്കിലും വർക്ക് സബ്കോൺട്രാക്ട് ചെയ്ത ആളുകൾ വേറെ കൊടുക്കുന്നതിന് ലോകത്ത് കാർട്ടലിനെ കുറിച്ച് അറിയുന്ന ആളുകൾ ഇതിനെ കാർട്ടലെന്ന് പറയില്ല. എന്നാൽ ആശയക്കുഴപ്പമുണ്ടാക്കുന്നതിൽ ടെർമിനോളജിയുണ്ടാക്കുന്നതിൽ അസാമാന്യമായ വൈദഗ്ധ്യമുള്ള ആളുകൾ ഇങ്ങനെ പറഞ്ഞുകൊണ്ടേയിരിക്കും. അങ്ങ് കേസ് കൊടുത്തിട്ടുള്ളതിനാൽ അക്കാര്യം കോടതി പരിശോധിക്കും. ഈ കാര്യങ്ങളെല്ലാം അങ്ങ് മുന്നോട്ട് വച്ചിട്ടുണ്ടല്ലോ; എസ്.ആർ.ഐ.ടി.-യുടെ ഇരുപത്തിനാല് വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള കമ്പനിക്കാണ് അവർ കൊടുത്തത്. എല്ലാ ടെണ്ടറിലെ കണ്ടീഷൻസുകളെല്ലാം പാലിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച എല്ലാ കാര്യങ്ങളും ഗവൺമെന്റ് പ്ലാറ്റ്ഫോമിലാണ്, അല്ലാതെ സ്വകാര്യ

പരിപാടിയല്ല. വളരെ ട്രാൻസ്പാരന്റായ ടെണ്ടർ പ്രോസസ്സാണ്. CVC (Central Vigilance Commission) ഗൈഡ്‌ലൈൻ അനുസരിച്ചാണ് കെൽട്രോൺ നടത്തുന്നത്. അതുസംബന്ധിച്ച് ഒരു പരാതിയും ഒരാളും നടത്തിയിട്ടില്ല. ഹൈക്കോടതിയിൽ പോകുന്നതിനുമുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനത്തിന് മുമ്പിൽ ഒരു പരാതിയുമായി വന്നിട്ടില്ല. ഇപ്പോൾ ഇത് പുകമറ സൃഷ്ടിക്കാനായി മാത്രം കണക്കുകൾ പറയുന്നതല്ലാതെ പ്രയോജനമില്ല. മറ്റ് അധികം കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അദ്ദേഹം ഇവിടെ അൽഹിന്ദിന്റെ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരുമായി ബന്ധപ്പെടുത്തി ഒരു കമ്പനിയുടെ കാര്യം പറയുകയുണ്ടായി. അവരാണ് കമ്പനിയുടെ മുഴുവൻ ലാഭം തട്ടുന്നതെന്ന് പറഞ്ഞതിനാൽ അതുസംബന്ധിച്ച് അങ്ങ് അറിഞ്ഞിരിക്കുന്നത് നല്ലതാണ്. കമ്പനിയുടെ പേര് പ്രസാഡിയോ എന്നാണ്. ആ കമ്പനിക്ക് ആകെ കൊടുത്തിരിക്കുന്ന വർക്ക് ഓർഡർ എത്ര രൂപയ്ക്കെന്ന് അറിയാമോ; അവർ എന്ത് വർക്കാണ് ചെയ്യുന്നത്? അവർ കൺട്രോൾ റൂമിന്റെ നിർമ്മാണവും മറ്റുകാര്യങ്ങളുമാണ് വർക്ക് ചെയ്യുന്നത്. ആകെ 13.85 കോടി

രൂപയുടെ വർക്ക് ഓർഡർ മാത്രം കിട്ടിയ കമ്പനിയാണ് പ്രസാഡിയോ. അതിൽ 11.74 കോടി രൂപ ബേസിക് വാല്യൂവും 2.11 കോടി രൂപ ജി.എസ്.ടി.-യുമാണ്. 11 കോടി രൂപയുടെ വർക്ക് കിട്ടിയ കമ്പനിയെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. ഈ അവസരത്തിലാണ് പ്രസ്തുത കമ്പനി 75 കോടി രൂപ  കൊണ്ടുപോയെന്ന് നിങ്ങൾ പറയുന്നത്. ഞാൻ പറയുന്ന കാര്യങ്ങൾ വസ്തുതകളുൾപ്പെടെ രേഖയിലുണ്ടാകും. 75 കോടി രൂപ ഇവർക്കാണ് കൊടുത്തിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. അതുപോലെ മുൻ പ്രതിപക്ഷനേതാവ് 75 കോടി രൂപ അവർക്ക് കൊടുത്തിരിക്കുന്നുവെന്ന് പറയുന്നു.  ഇത് രണ്ടും രണ്ട് ഓർഡറാണ്. പ്രതിപക്ഷനേതാവ് ഒരു ഓർഡറിന്റെ കാര്യമാണ് പറഞ്ഞത്. മറ്റേ ഓർഡർ കണ്ടിട്ടില്ല. മുൻ പ്രതിപക്ഷനേതാവ് മറ്റേ ഓർഡറാണ് പറയുന്നത്. ഇത് കണ്ടിട്ടില്ല.  ഇത് രണ്ടും കൂടി കൂട്ടുമ്പോൾ 150 കോടി രൂപയായി. അതെല്ലാം കോടതി പരിശോധിക്കും. ഇവിടെ തീർത്തും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പുറത്തുപറയുകയാണ്. അവസാനം ശ്രീ. റോജി എം. ജോൺ പറഞ്ഞതുപോലെ, ഞങ്ങൾ ഇവിടെ ഉന്നയിക്കാമെന്ന് അവിടെ പറഞ്ഞതുപോലെ ഉന്നയിച്ചതാണ്. അതുകൊണ്ട് ഇതൊക്കെ പൂർണ്ണമായും

അടിസ്ഥാനരഹിതമായതിനാൽ തള്ളിക്കളയേണ്ടതാണ്. എല്ലാ കാര്യങ്ങളും കോടതിയുടെ മുന്നിലുള്ളതിനാൽ കേരളീയ സമൂഹം ഇത് അംഗീകരിക്കില്ല. ഇക്കാര്യങ്ങളെല്ലാം ഞങ്ങളും പ്രതിപക്ഷനേതാവുൾപ്പടെയുള്ളവർ കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ കോടതിയിൽനിന്നുള്ള തീരുമാനം വരണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്നത് കേന്ദ്രസർക്കാരിന്റെ പ്രതിരോധമന്ത്രാലയത്തിന് കീഴിലുള്ള Bharat Electronics Limited (BEL) ആണ്. BEL, RailTel, SRIT, LS Cables എന്നിവയുടെ കൺസോർഷ്യം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പ്രാഥമിക സർവ്വേ നടപടികളും വിശദമായ പ്രോജക്ട് അവലോകനങ്ങളും നടത്തി ആവശ്യമായ അനുമതി ലഭ്യമാക്കിയശേഷം മാത്രമാണ് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് അടങ്ങുന്ന കൺസോർഷ്യവുമായി 2019 മാർച്ച് 8-ന് കരാർ ഒപ്പുവച്ചത്. സംസ്ഥാനത്തെ മുപ്പതിനായിരത്തിലധികം വരുന്ന സർക്കാർ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനുവേണ്ടി ഒപ്റ്റിക്കൽ നെറ്റ്‌വർക്ക് ശൃംഖല ഒരുക്കുന്നതിനാണ് കരാർ. അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി

അടുത്ത ഘട്ടത്തിൽ പ്രത്യേക ടെണ്ടർ നടപടികളിലൂടെ പാവപ്പെട്ട 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ ഇന്റർനെറ്റ് കണക്ഷൻ നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നു. സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും കോവിഡ് വ്യാപനം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളെ രണ്ടുവർഷത്തോളം പ്രതികൂലമായി ബാധിച്ചു. ദേശീയപാത വികസന പ്രവർത്തനങ്ങളും റൈറ്റ് ഓഫ് വേ ലഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് സാങ്കേതിക തടസ്സങ്ങളുമുണ്ടായെങ്കിലും കഴിഞ്ഞ രണ്ട് വർഷത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമായ ഇടങ്ങളിൽ 97% പൂർത്തീകരണം നടത്താനായിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള ചെലവും ഒരു വർഷത്തെ പരിപാലന ചെലവായ 104 കോടി രൂപയും ഉൾപ്പെടെ 1028 കോടി 20 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. എന്നാൽ 7 വർഷത്തെ നടത്തിപ്പും പരിപാലന ചെലവുംകൂടി ഉൾപ്പെടുത്തിയാണ് ടെണ്ടർ നടപടി സ്വീകരിച്ചത്. ഇതുപ്രകാരം 7 വർഷത്തെ പരിപാലന ചെലവ് 728 കോടി രൂപ വരും. എന്നാൽ BEL ഇതിനായി 363 കോടി രൂപയാണ് ക്വാട്ട് ചെയ്തത്. ഇതും ജി.എസ്.ടി.യുംകൂടി ഉൾപ്പെട്ട തുകയായ 1628 കോടി 35 ലക്ഷം രൂപയ്ക്കാണ് പദ്ധതി നടപ്പാക്കുന്നതിന്

കൺസോർഷ്യത്തിന് അനുമതി നൽകിയത്. ഏഴ് വർഷത്തെ പരിപാലന ചെലവിന്റെ സ്ഥാനത്ത്, ഒരു വർഷത്തെ പരിപാലന ചെലവിന്റെ തുകകൂടി ഉൾപ്പെടുത്തിയാണ് ഇത്തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന ആരോപണം ഉന്നയിച്ചിരിക്കുന്നത്. പരിപാലന ചെലവിനുള്ള തുക കെ-ഫോണിന്റെ ബിസിനസ്സ് പ്രവർത്തനങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ് കണ്ടെത്തേണ്ടത്. കിഫ്ബി വായ്പയും നടത്തിപ്പ് വരുമാനത്തിൽനിന്നും തിരിച്ചടയ്ക്കും. സംസ്ഥാന സർക്കാരിന് പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകില്ല. ആയതിനാൽ സംസ്ഥാന സർക്കാരിന് 500 കോടി രൂപയുടെ നഷ്ടമുണ്ടെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. നടപടിക്രമങ്ങളെല്ലാം പൂർണ്ണമായും പാലിച്ചാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത്. 55 ശതമാനം ഘടകങ്ങൾ ഇന്ത്യൻ നിർമ്മിതമായിരിക്കണമെന്ന വ്യവസ്ഥ പാലിച്ചാണ് ഓപ്റ്റിക്കൽ ഗ്രൗണ്ട്‌വയർ കേബിളുകൾ കരാറുകാർ നൽകിയിട്ടുള്ളതെന്ന് ടെക്നിക്കൽ കെ-ഫോൺ കമ്മിറ്റി ഉറപ്പുവരുത്തിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കെ-ഫോണുമായി ബന്ധപ്പെട്ട് ഉന്നയിച്ച ആരോപണങ്ങൾക്കൊന്നുമല്ല അങ്ങ്

മറുപടി പറയുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം മെയിന്റനൻസ് നടത്തുന്നതിനെന്ന് പറഞ്ഞ് 500 കോടി രൂപ രണ്ടാമത് കൂട്ടിക്കൊടുത്തുവെന്നതാണ് ഉന്നയിച്ച ആരോപണം. 1000 കോടി രൂപയുടെ പദ്ധതിയാണ് ആദ്യം പ്ലാൻ ചെയ്തത്. പിന്നീടത് 1528 കോടി രൂപയായി. അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം. ശിവശങ്കർ അയച്ച ഒരു കത്തിന്റെ അടിസ്ഥാനത്തിലാണ് 500 കോടി രൂപ കൂട്ടിക്കൊടുക്കുന്നത്. രണ്ടാമത്, എ.ഐ. ക്യാമറയിൽ ഉന്നയിച്ച ആക്ഷേപംപോലെ അവിടെതന്നെയുള്ള കമ്പനികൾ, കറക്ക് കമ്പനികളുടെ റാക്കറ്റാണ്, കാർട്ടൽതന്നെ ഫോം ചെയ്തിട്ടാണ്....... ടെണ്ടർ കിട്ടിയ കമ്പനികൾക്കൊന്നും ഇത് നടത്തിക്കൊണ്ടുപോകുന്നതിനുള്ള കപ്പാസിറ്റിയില്ല. കെ-ഫോൺ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എസ്.ആർ.ഐ.ടി.ക്ക് ടെണ്ടർ കിട്ടി. എന്നാൽ എസ്.ആർ.ഐ.ടി.ക്ക് ഇത് നടത്താൻ അറിയില്ല. നേരത്തെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി എസ്.ആർ.ഐ.ടി.-യുടെ 24 വർഷത്തെ പാരമ്പര്യത്തെക്കുറിച്ച് പറഞ്ഞു. എ.ഐ. ക്യാമറയുടെ കാര്യത്തിൽ എസ്.ആർ.ഐ.ടി. 6 ശതമാനം കമ്മീഷൻ (9 കോടി രൂപ) വാങ്ങിയതിനുശേഷം മാറി നിൽക്കുകയാണ് ചെയ്തത്. നടപ്പാക്കുന്നത്

വേറെയാളാണ്, ടെണ്ടർ കൊടുത്ത ആളല്ല പണി ചെയ്യുന്നത്. അതുതന്നെയാണ് കെ-ഫോണുമായി ബന്ധപ്പെട്ട് നടക്കുന്നതും വേറെയാളുകൾക്ക് കൊടുക്കുകയാണ്. ടെണ്ടർ ഡോക്യുമെന്റ്സിലെ പ്രൊവിഷൻസ് മുഴുവൻ വയലേറ്റ് ചെയ്തുകൊണ്ടാണ് ഈ ടെണ്ടർ പ്രൊസിഡ്യുവർ നടക്കുന്നത്. ചൈനീസ് കേബിൾ ഇറക്കുമതി ചെയ്യാൻ പാടില്ലെന്ന് ഇലക്ട്രിസിറ്റി ബോർഡ് കൃത്യമായി പറഞ്ഞിരിക്കുകയാണ്. ഇന്ത്യൻ കേബിളാണ് ഏറ്റവും നല്ല കേബിൾ, അത് കണ്ടീഷനാണ്. ഇന്ത്യൻ നിർമ്മിത കേബിളാണ് ഇറക്കേണ്ടതെന്ന് ഇലക്ട്രിസിറ്റി ബോർഡ് തന്നെയാണ് പരാതിപ്പെട്ടത്. കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതിലെ ഒരു പാർട്ടിയാണ് ഇലക്ട്രിസിറ്റി ബോർഡ്. ഗുരുതരമായ ക്രമക്കേടാണ് ഈ രണ്ട് കേസ്സിലും നടന്നിരിക്കുന്നത്. ഈ രണ്ട് കേസ്സിലും ബന്ധപ്പെട്ടിരിക്കുന്നത് ഒരുപോലത്തെ കമ്പനികളാണ്. ഈ രണ്ട് വിഷയത്തെക്കുറിച്ചും ഒരു അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ ടെക്നിക്കൽ കെ-ഫോൺ കമ്മിറ്റിയുണ്ടെന്ന് നേരത്തെതന്നെ ഇവിടെ പറയുകയുണ്ടായി.

കെ-ഫോണുമായി ബന്ധപ്പെട്ട് 55 ശതമാനം ഘടകങ്ങൾ ഇന്ത്യൻ നിർമ്മിതമായിരിക്കണമെന്ന വ്യവസ്ഥയാണുള്ളത്. അത് പാലിച്ചുകൊണ്ടാണ് ഒപ്റ്റിക്കൽ ഗ്രൗണ്ട്വയർ കേബിളുകൾ കരാറുകാർ നൽകിയിട്ടുള്ളത് എന്നതാണ് എന്റെ കയ്യിലുള്ള റിപ്പോർട്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഞാനത് പറഞ്ഞിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഓപ്റ്റിക്കൽ ഫൈബർ കേബിളിൽ തന്നെ ഇന്ത്യൻ നിർമ്മിത ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഉപയോഗിക്കണമെന്നുണ്ട്, അല്ലാതെ 55 ശതമാനം ഘടകങ്ങൾ അല്ല. എന്നാൽ വില കുറഞ്ഞ ചൈനീസ് കേബിൾ ഇറക്കുമതി ചെയ്തശേഷം ഇവിടത്തെ സീൽ അടിച്ചാണ് കൊടുത്തിരിക്കുന്നത്. ഇത് ഞാൻ പറഞ്ഞതല്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ അലിഗേഷനാണ്. വളരെ ഗൗരവമുള്ള അലിഗേഷനാണ്. കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് നടന്നിരിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ഇതിന്റെ സാങ്കേതിക കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടിയുള്ളതാണ് ടെക്നിക്കൽ കെ-ഫോൺ കമ്മിറ്റി. അവർ ഇത് പൂർണ്ണമായി അംഗീകരിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ രണ്ടാമത്തെ

കാര്യം, അത് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അതായത്, നേരത്തെ 1028 കോടി 20 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരുന്നത്. അന്ന് പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള ചെലവും, ഒരു വർഷത്തെ പരിപാലന ചെലവിനുവേണ്ടത് 104 കോടി രൂപയാണ്. അത് പിന്നെ മാറി 7 വർഷത്തെ നടത്തിപ്പും പരിപാലന ചെലവുംകൂടി ഉൾപ്പെടുത്തിയാണ് ടെണ്ടർ നടപടി സ്വീകരിച്ചത്. അങ്ങനെ വരുമ്പോൾ 7 വർഷത്തെ പരിപാലന ചെലവ് 728 കോടി രൂപയാണ് യഥാർത്ഥത്തിൽ വരേണ്ടത്. പക്ഷേ BEL ക്വാട്ട് ചെയ്തത് 363 കോടി രൂപയാണ്. ഇതും ജി.എസ്.ടി.യുംകൂടി ഉൾപ്പെട്ട തുകയായ 1628 കോടി 35 ലക്ഷം രൂപയ്ക്ക് പദ്ധതി നടപ്പാക്കുന്നതിനാണ് ഈ കൺസോർഷ്യത്തിന് അനുമതി നൽകിയത്. ഏഴ് വർഷത്തെ പരിപാലന ചെലവിന്റെ സ്ഥാനത്ത് ഒരു വർഷത്തെ പരിപാലന ചെലവിന്റെ തുക നേരത്തെ പറഞ്ഞതാണ് ഈ തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിട്ടുള്ളത്. പ്രയോഗത്തിൽ വന്നപ്പോൾ ഏഴ് വർഷത്തെ പരിപാലന ചെലവാണ് വന്നത്. പരിപാലന ചെലവിനുള്ള തുക കെ-ഫോണിന്റെ ബിസിനസ്സ് പ്രവർത്തനങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ് കണ്ടെത്തേണ്ടത്. കിഫ്ബി വായ്പയും നടത്തിപ്പ്

വരുമാനത്തിൽനിന്ന് തിരിച്ച് അടയ്ക്കുകയാണ് ചെയ്യുന്നതെന്ന് നേരത്തെ പറയുകയുണ്ടായി. അതുകൊണ്ട് സംസ്ഥാന സർക്കാരിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു സാമ്പത്തിക ബാദ്ധ്യതയുമുണ്ടാകില്ല. അതുകൊണ്ട് 500 കോടി രൂപ നഷ്ടമുണ്ടാകുമെന്ന് പറയുന്നത് അടിസ്ഥാനരഹിതമായ കാര്യമാണ്. ഇവിടെ ഉന്നയിച്ച മറ്റൊരു കാര്യത്തിനുകൂടി മറുപടി പറയാം. Cochin Minerals and Rutile Limited (CMRL) കമ്പനിയുടെ ആദായ നികുതി നിർണ്ണയത്തിൽ ഇന്ററിം സെറ്റിൽമെന്റ് ബോർഡ് പുറപ്പെടുവിച്ച ഉത്തരവിന്റെ മാധ്യമങ്ങളിൽ ലഭ്യമായ ചില പകർപ്പുകളിൽനിന്നും പൊതുമണ്ഡലത്തിൽ ചില കാര്യങ്ങൾ പ്രചരിക്കുന്നുണ്ട്. റിപ്പോർട്ടിന്റെ ഔദ്യോഗിക പകർപ്പ് കാണാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ലഭ്യമായ വിവരം വച്ചുകൊണ്ടാണ് ഈ മറുപടി പറയുന്നത്. ഒരു ആദായ നികുതിദായകന് സാധാരണ അപ്പീൽ പ്രക്രിയയ്ക്ക് ബദലായി ജീവിതത്തിലൊരിക്കൽ full and true disclosure (പൂർണ്ണവും സത്യസന്ധവുമായ വെളിപ്പെടുത്തൽ) നടത്തി ആദായ നികുതി നിയമം 245 (ഡി) വകുപ്പുപ്രകാരം സെറ്റിൽമെന്റ് കമ്മീഷനെ സമീപിക്കാവുന്നതാണ്. ഇതൊരു ഒത്തുതീർപ്പിന് തുല്യമാണ്. ഇതിന്മേൽ അപ്പീൽ ഇല്ല. ഇത്

നികുതിദായകനും ആദായ നികുതി വകുപ്പും തമ്മിലുള്ളൊരു ഒത്തുതീർപ്പാണ്. 2021-ൽ കേന്ദ്ര ഫിനാൻസ് ആക്ട് സെറ്റിൽമെന്റ് കമ്മീഷൻ ഉടൻ പ്രാബല്യത്തിൽ നിർത്തലാക്കുകയും അതുവരെ രാജ്യത്തെ വിവിധ സെറ്റിൽമെന്റ് കമ്മീഷൻ മുമ്പാകെ തീർപ്പാകാതെ കിടന്നിരുന്ന അപേക്ഷകൾ തീർപ്പാക്കാനായി ഇന്ററിം സെറ്റിൽമെന്റ് ബോർഡുകൾ രൂപീകരിക്കുകയും ചെയ്തു. ഈ ബോർഡിലെ അംഗങ്ങൾ ആദായ നികുതി വകുപ്പിലെ മൂന്ന് ഉദ്യോഗസ്ഥരാണ്. സിവിൽ കോടതിയുടെ അധികാരമുള്ള ബോർഡിന്റെ അർദ്ധജുഡീഷ്യൽ ഓർഡർ എന്ന് പറയുമ്പോഴും ഈ ഉത്തരവ് എഴുതുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 3 ഉദ്യോഗസ്ഥരാണ് എന്ന വസ്തുത ഓർക്കേണ്ടതുണ്ട്. CMRL ആദായ നികുതി വകുപ്പുമായി നിയമ യുദ്ധത്തിനില്ലായെന്നും തങ്ങളുടെ ആദായ നികുതി സെറ്റിൽ ചെയ്യാൻ തയ്യാറാണെന്നും അപേക്ഷ സമർപ്പിച്ചപ്പോൾ ആദായ നികുതി വകുപ്പിന്റെ അഭിപ്രായം തേടിയശേഷം പാസ്സാക്കിയ ഉത്തരവാണ് വിവാദ വിഷയമാക്കുന്നത്. ഈ സെറ്റിൽമെന്റിൽ എക്സാലോജിക് കമ്പനിയോ അതിന്റെ ഡയറക്ടറോ കക്ഷിയല്ല. അവരുടെ ഒരു വിഷയവും സെറ്റിൽമെന്റിന് വിധേയമായിട്ടുമില്ല. സെറ്റിൽമെന്റ് ഉത്തരവിലെ ഒരു

പരാമർശത്തിന്മേലാണ് ആരോപണമുന്നയിക്കുന്നത്. CMRL-ൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 132 പ്രകാരം 25-01-2009-ന് ഒരു പരിശോധന നടന്നിരുന്നുവെന്നും ആ പരിശോധനയിൽ എക്സാലോജിക്കുമായി ഏർപ്പെട്ടിട്ടുള്ള ഒരു കരാർ കണ്ടെത്തിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് കമ്പനിയുമായി ബന്ധപ്പെട്ടവർ ആദായനികുതി നിയമം 132(4) പ്രകാരം ഒരു സത്യപ്രസ്താവന നൽകിയിട്ടുണ്ടെന്നും ആദായ നികുതി വകുപ്പ് സെറ്റിൽമെന്റ് ബോർഡിനെ അറിയിച്ചതായി കാണുന്നു. ഇവിടെ എടുത്തുപറയേണ്ട ചില കാര്യങ്ങളുണ്ട്. ഒന്ന്, എക്സാലോജിക് കമ്പനി അതിന്റെ ബിസിനസ്സിന്റെ ഭാഗമായി പല സ്ഥാപനങ്ങളുമായും സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് ബിസിനസ്സ് നടത്തിയിട്ടുണ്ട്. അതിൽ ഒന്നാണ് CMRL. രണ്ട്, സി.എം.ആർ.എൽ. കമ്പനിയുമായി നിയമപരമായ കരാറിന്റെ ഭാഗമായാണ് എക്സാലോജിക്കിന് പ്രതിഫലം ലഭിച്ചിട്ടുള്ളത്. ഇത് സ്രോതസ്സിൽ ആദായനികുതി കിഴിച്ചും ജി.എസ്.ടി. അടച്ചുമാണ് നൽകിയിട്ടുള്ളത്. എക്സാലോജിക് കമ്പനിയുടെ ആദായനികുതി റിട്ടേണിൽ ഇത് വെളിപ്പെടുത്തിയിട്ടുണ്ടെന്നുമാണ് മനസ്സിലാക്കുന്നത്. മറിച്ച് പരിശോധനയിലോ അന്വേഷണത്തിലോ കണ്ടെത്തിയ വസ്തുതയല്ല ഇത്.

മൂന്ന്, വകുപ്പിലെ 132 (4)-ലെ സത്യപ്രസ്താവനയിലെ തെളിവുമൂല്യം അപരിമിതമല്ല, നികുതി നിർണ്ണയം നടത്തുന്ന ഉദ്യോഗസ്ഥർക്കുമുമ്പാകെയോ സെറ്റിൽമെന്റ് ബോർഡിനുമുമ്പാകെയോ ഈ പ്രസ്താവന ഉദ്ധരിച്ചുകൊണ്ടുമാത്രം ഒരു നിഗമനത്തിൽ എത്തിച്ചേരുന്നത് നിയമപരമായി ശരിയല്ല. ഒരു പരിശോധനയുടെ ഭാഗമായി മറ്റൊരു വ്യക്തിക്കെതിരെ ഒരു സത്യപ്രസ്താവനയിൽ പരാമർശമുണ്ടെങ്കിൽ ആ വ്യക്തിയുടെ ഭാഗം കേൾക്കാനുള്ള പ്രാഥമികമായ ഉത്തരവാദിത്വം സ്വാഭാവിക നീതി നടപ്പാക്കാൻ ബാധ്യസ്ഥരായ ജുഡീഷ്യൽ, അർദ്ധ ജുഡീഷ്യൽ, അഡ്മിനിസ്ട്രേറ്റീവ് അധികാരികളുടെ മേൽ നിക്ഷിപ്തമാണ്. അതിവിടെ നടന്നിട്ടില്ല. തെളിവ് നിയമത്തിന്റെ അടിസ്ഥാന തത്വങ്ങൾ പ്രകാരം മറുഭാഗം കേൾക്കാതെ നടക്കുന്ന നിരീക്ഷണങ്ങൾക്ക് ഒരു ജുഡീഷ്യൽ മൂല്യം കൽപ്പിക്കാനാകില്ല. നാല്, മേൽപ്പറഞ്ഞ സത്യപ്രസ്താവന, പ്രസ്താവന നൽകിയവർ പിന്നീട് സ്വമേധയാ പിൻവലിച്ചിട്ടുണ്ടെന്ന വസ്തുത ഇന്ററിം സെറ്റിൽമെന്റിന്റെ ഉത്തരവിൽത്തന്നെ പറഞ്ഞിട്ടുള്ളതായി മനസ്സിലാക്കുന്നു. ഈ പിൻവലിക്കൽ നിലനിൽക്കില്ലെന്ന ആദായ നികുതി വകുപ്പിന്റെ വാദഗതി യാതൊരു വിശകലനവും കൂടാതെ സെറ്റിൽമെന്റ് ബോർഡിന്റെ

ഉത്തരവിൽ സ്വീകരിച്ചതായയാണ് കാണുന്നത്. അഞ്ച്, സത്യപ്രസ്താവന നൽകുന്ന വ്യക്തിക്ക് ആദായനികുതി പരിശോധനാ സമയത്ത് അതിന്റെ പകർപ്പ് ലഭ്യമാകുന്നില്ല. പരിശോധനയ്ക്ക് മധ്യേ പലവിധ സമ്മർദ്ധങ്ങളാലും നൽകപ്പെടുന്ന പ്രസ്താവനകൾ പിന്നീട് പിൻവലിക്കപ്പെടുന്നുണ്ട്. പകർപ്പ് ലഭ്യമായപ്പോൾ അത് വായിച്ച് മനസ്സിലാക്കി പിൻവലിച്ച പ്രസ്താവനയെയാണ് ആത്യന്തിക സത്യമായി (ultimate truth) അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. ഇക്കാര്യങ്ങൾ നിലനിൽക്കെതന്നെ അഴിമതി നിരോധന നിയമത്തെപ്പറ്റി ആരോപണത്തിൽ പറയുകയാണ്. ഒരു സംരംഭക, അവർ ഒരു രാഷ്ട്രീയ നേതാവിന്റെ ബന്ധുത്വമുണ്ടെന്ന ഒറ്റക്കാരണത്താൽ കരാറിൽ ഏർപ്പെടുകയോ ബിസിനസ്സ് നടത്തുവാനോ പാടില്ലെന്ന് ഏതെങ്കിലും നിയമമോ ചട്ടമോ നിലവിലുണ്ടോ? ഇവിടെ കരാറിൽ ഏർപ്പെട്ട കമ്പനികൾക്ക് അധികാരത്തിലിരിക്കുന്ന ഏതെങ്കിലും ഒരു പൊതുസേവകൻ (Public Servant) എന്തെങ്കിലും ഒരു വഴിവിട്ട സഹായം ചെയ്യുകയോ നിയമപരമായി നിറവേറ്റേണ്ട ഒരു ബാധ്യതയിൽ വീഴ്ചവരുത്തുകയോ ചെയ്തതായി ഒരു ചുണ്ടനക്കം (whisper), പരിശോധന

നടത്തിയ ആദായ നികുതി വകുപ്പിന്റെ റിപ്പോർട്ടിലോ ഇന്ററിം സെറ്റിൽമെന്റ് ഓർഡറിലോ ഉള്ളതായി പറയാൻ കഴിയുമോ?

സർക്കാരിന് പങ്കുള്ള കമ്പനിയെന്നാണ് മറ്റൊരു ആരോപണം പത്രമാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിപ്പിച്ചത്. കെ.എസ്.ഐ.ഡി.സി.-ക്ക് സി.എം.ആർ.എൽ.-ൽ ഓഹരിയുള്ളതിനെ അടിസ്ഥാനമാക്കിയാണ് ഈ പ്രചരണം. കെ.എസ്.ഐ.ഡി.സി.-ക്ക് സി.എം.ആർ.എൽ.-ൽ മാത്രമല്ല 40-ഓളം കമ്പനികളിൽ ഓഹരിയുണ്ട്. സി.എം.ആർ.എൽ.-ൽ കെ.എസ്.ഐ.ഡി.സി. ഓഹരി നിക്ഷേപം നടത്തിയത് 32 വർഷങ്ങൾക്കുമുൻപ് 1991-ലാണ്. അന്ന് ഞാനോ ഇന്നത്തെ മന്ത്രിസഭയിലെ അംഗങ്ങളോ സർക്കാർ സംവിധാനത്തിന്റെ ഭാഗങ്ങളായിരുന്നില്ല. സി.എം.ആർ.എൽ.-ന്റെ നയപരമായ കാര്യങ്ങളിൽ കെ.എസ്.ഐ.ഡി.സി.-ക്ക് യാതൊരു പങ്കുമില്ല എന്നതും ഇവിടെ കാണേണ്ടതുണ്ട്. 'മാസപ്പടി' എന്ന പേരിട്ടാണ് ചില മാധ്യമങ്ങൾ പ്രചരണം നടത്തുന്നത്. ഒരു സംരംഭക നടത്തുന്ന കമ്പനി മറ്റൊരു കമ്പനിയുമായി കരാറിലേർപ്പെട്ട് നികുതി അടച്ച് നികുതി റിട്ടേണിൽ വെളിപ്പെടുത്തി പ്രതിഫലം കൈപ്പറ്റുന്നത് മാസപ്പടി ആണെന്ന് പറയുന്നത് ഒരു പ്രത്യേക

മനോനിലയുടെ പ്രതിഫലനമാണ്. സേവനം ലഭ്യമാക്കിയില്ലെന്ന് സി.എം.ആർ.എൽ. കമ്പനിക്ക് പരാതിയില്ല. പരിശോധനയുടെ ഭാഗമായി ഇതിനെപ്പറ്റി അറിയില്ലെന്ന് പറഞ്ഞ പ്രസ്താവന പിന്നീട് തിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. സേവനം ലഭ്യമാക്കിയ കമ്പനിയുടെ ഭാഗം കേൾക്കാതെയും അവർക്ക് ആരോപണമുന്നയിക്കാൻ അടിസ്ഥാനമാകുന്ന പിൻവലിക്കപ്പെട്ട സത്യപ്രസ്താവനയുടെ പകർപ്പ് നൽകാതെയും ആരോപണമുന്നയിക്കുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ, ചിലരുടെ കാര്യത്തിൽ പറയുന്ന വേട്ടയാടലിന്റെ മറ്റൊരു രൂപംതന്നെയാണ്. രാഷ്ട്രീയ മുതലെടുപ്പ് നടത്താനായി പൊതുരംഗത്തില്ലാത്ത ഒരു സംരംഭകയുടെ പേര് വലിച്ചിഴച്ചുകൊണ്ട് തുടരെ നടത്തുന്ന അപവാദ പ്രചരണങ്ങളുടെ ആവർത്തനംകൂടിയാണ് ബഹുമാനപ്പെട്ട അംഗം ഇന്ന് നിയമസഭയിലുന്നയിച്ച ആരോപണം. ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമപ്രകാരം കേസ്സെടുക്കണമെന്ന ഹർജി മൂവാറ്റുപുഴ വിജിലൻസ് കോടതി തള്ളിയിട്ടുണ്ട്. പ്രഥമദൃഷ്ട്യാ അടിസ്ഥാനമില്ലെന്ന നിരീക്ഷണത്തോടെയാണ് കേസ് തള്ളിയിരിക്കുന്നത്.

ഇതും ഇവിടെ പ്രസക്തമാണ്. യാതൊരു അടിസ്ഥാനവുമില്ലാത്ത ഈ പ്രചരണത്തെയും ആരോപണത്തെയും ശക്തമായി നിഷേധിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതുസംബന്ധിച്ച പ്രധാനപ്പെട്ട അലിഗേഷൻ... അങ്ങ് സമ്മതിച്ചതുപോലെ ഇതൊരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. എന്നാൽ ഈ മറുപടി റിപ്പോർട്ട് വായിച്ച് വിശദമായി തയ്യാറാക്കിയതാണ്. നേരത്തെ സി.ബി.ഐ.-യുടെ റിപ്പോർട്ട് കിട്ടിയില്ലായെന്ന് പറഞ്ഞതുപോലെ, സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടില്ലായെന്ന് പറഞ്ഞെങ്കിലും ആ റിപ്പോർട്ടിലെ ഓരോ ഫൈൻഡിംഗിലുമുള്ള പാരാവൈസ് റിപ്ലൈയാണ് അങ്ങ് ഇവിടെ പറഞ്ഞത്. കമ്പനിയും എക്സാലോജിക് കമ്പനിയും തമ്മിൽ ഒരു എഗ്രിമെന്റുണ്ടെന്ന് പറഞ്ഞത് ശരിയാണ്. ആ എഗ്രിമെന്റിന്റെ ഭാഗമായി ഇവിടെ സോഫ്റ്റ്‌വെയർ സർവ്വീസ് പ്രൊവൈഡ് ചെയ്യാമെന്ന് പറഞ്ഞിരിക്കുകയാണ്. പക്ഷെ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ മുന്നിൽ സി.എം.ആർ.എൽ. കമ്പനിയുടെ ഉദ്യോഗസ്ഥർ മൊഴി കൊടുത്തിരിക്കുന്നത് എക്സാലോജിക് കമ്പനി ഒരു സർവ്വീസും പ്രൊവൈഡ് ചെയ്തിട്ടില്ലെന്നാണ്. മാത്രമല്ല, ഇവരുടെ സോഫ്റ്റ്‌വെയർ

സൊല്യൂഷനും എക്സാലോജിക്കിലുള്ള സോഫ്റ്റ്‌വെയർ സൊല്യൂഷനും തമ്മിൽ യാതൊരു ബന്ധവുമില്ല. രണ്ടും പരസ്പരവിരുദ്ധമാണ്. അതുകൊണ്ട് ആ സർവ്വീസ് ചെയ്യാനും പറ്റില്ല. സർവ്വീസ് ചെയ്യാതെ ഒരു ട്രാൻസാക്ഷൻ നടന്നിരിക്കുന്നുവെന്നാണ് സ്റ്റാറ്റ്യൂട്ടറി ബോഡിയുടെ ഫൈൻഡിംഗ്. അതിൽ പ്രധാനപ്പെട്ട ആളുമായി ബന്ധം എന്നൊരു സ്റ്റേറ്റ്മെന്റുകൂടി സ്റ്റാറ്റ്യൂട്ടറി ബോഡിയുടെ ഫൈൻഡിംഗിലുണ്ട്. ഈ ഗുരുതരമായ വിഷയമാണ് ഞങ്ങൾ ഉന്നയിച്ചത്. ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച വിഷയമതാണ്. ആ ഫൈൻഡിംഗിൽ സി.എം.ആർ.എൽ. കമ്പനിയിലെ ഫിനാൻസ് നോക്കുന്ന ആളുകൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ടവരുടെ മൊഴിയാണ് പറഞ്ഞിരിക്കുന്നത്. ഒരു സർവ്വീസും എക്സാലോജിക് കമ്പനി സി.എം.ആർ.എൽ.-ൽ ചെയ്തിട്ടില്ല. പക്ഷെ എഗ്രിമെന്റ് പ്രകാരം ഒരു ട്രാൻസാക്ഷൻ നടന്നിട്ടുണ്ട്. അതിൽ രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന്, ബ്ലാക്ക് മണി വൈറ്റ് ആക്കാൻ വേണ്ടി, ലീഗലൈസ് ചെയ്യാൻ വേണ്ടി നടന്നിരിക്കുന്ന ശ്രമമാണ്. രണ്ട്, പ്രധാനപ്പെട്ട അധികാരസ്ഥാനത്തിലിരിക്കുന്ന ഒരാളുടെ സ്വാധീനവുമായി ബന്ധപ്പെട്ട കാര്യമാണ്. ആദ്യത്തേതാണെങ്കിൽ Prevention of Money Laundering

Act-ന്റെ പ്രൊവിഷൻസ് അട്രാക്ട് ചെയ്യപ്പെടും. രണ്ടാമത്തേതാണെങ്കിൽ Prevention of Corruption Act (PC Act) അട്രാക്ട് ചെയ്യപ്പെടും. ഈ രണ്ട് പ്രശ്നവുമുണ്ട്. അങ്ങ് അതിൽ നിരപരാധിത്വം പറയുകയാണെങ്കിൽ, ഒരു അന്വേഷണം ഏർപ്പെടുത്താൻ പടില്ലേയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ അങ്ങേയ്ക്കുവേണ്ടിയാണ് ഇത്തരം വിഷയങ്ങൾ സഭയിൽ ഉന്നയിക്കുന്നതെന്ന് എനിക്കറിയാം. അത്തരത്തിൽ തന്നെയാണ് അക്കാര്യങ്ങൾ ഞാൻ കാണുന്നതും. ഇവിടെ കാണേണ്ട ഒരു വസ്തുത, ഇത് ഇവർ ആരെങ്കിലും കണ്ടെത്തിയ ഒരു കാര്യമല്ല. സർവ്വീസ് കൊടുത്തതിന്റെ ഭാഗമായി കിട്ടിയ പ്രതിഫലം, സർവ്വീസ് കൊടുത്തവർ അത് അവരുടെ കണക്കിൽ കാണിച്ചിട്ടുണ്ട്. ഇൻകം ടാക്സിന്റെ ഭാഗമായി അവർ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണോ അതെല്ലാം ചെയ്തിട്ടുമുണ്ട്. അതായത്, നേരത്തെ ഇത് കണക്കിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. രണ്ട് കമ്പനികൾ പരസ്പരം നടത്തിയിട്ടുള്ള ഒരു കാര്യമാണിത്. നിങ്ങൾ കാണേണ്ട ഒരു കാര്യം, ഇപ്പോൾ CMRL-ന്റെ കാര്യമാണല്ലോ പറയുന്നത്......

ഇവർ കൊടുത്ത സർവ്വീസിന്റെ കാര്യത്തിൽ ഒരു കാര്യം ഞാൻ നേരത്തേ കേട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി  മറ്റൊരു കഥ ഞാൻ ഇവിടെ പറയുകയാണ്. ആ സർവ്വീസ് കൊടുത്തത് കോഴിക്കോട് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. അവർ അന്വേഷിച്ചത് എന്താണെന്ന് അറിയാമോ.... ഇത് തീവ്രവാദ ബന്ധമാണ്, ഈ സ്ഥാപനത്തിന്റെ ആൾക്ക് തീവ്രവാദ ബന്ധത്തിന്റെ ഭാഗമായി തുക ലഭിച്ചിട്ടുണ്ട്. കാരണം ഇവർ തീവ്രവാദികളാണ്. എന്താണ് അത് പറയാൻ കാരണം അതൊരു മുസ്ലീം സ്ഥാപനമാണ് എന്നുവച്ചാൽ, മുസ്ലീങ്ങൾ നടത്തുന്ന ഒരു സ്ഥാപനമാണ്. പലതരത്തിലുള്ള സംഭാവനയുടേയും ഭാഗമായി വളരെ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. അതിനെ സംബന്ധിച്ച് ഇങ്ങനെയൊരു കേസുണ്ടല്ലോയെന്ന് ഒരാൾ എന്നോട് സൂചിപ്പിക്കുകയുണ്ടായി... അതെല്ലാം എടുത്താൽ നിങ്ങൾ വിഷമിച്ചുപോകുമെന്ന് ഞാനപ്പോൾ മറുപടിയും നൽകി. ആ സ്ഥാപനത്തിന്റെ ചരിത്രവും ഞാൻ പറഞ്ഞുകൊടുത്തു. ഇങ്ങനെയുള്ള ഒരു രീതി നേരത്തെ ഇതിനെതിരെ തുടർന്നുവരുന്നുണ്ട്. CMRL-ന്റെ കാര്യത്തിൽ മാത്രമാണ്

ഉണ്ടായതെന്ന് കാണണ്ട. ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ തുടങ്ങിയ ഒരു കാര്യമാണ്.

ഒരു ക്വാസി ജുഡീഷ്യൽ സ്വഭാവമുള്ള ഉത്തരവ് പാസ്സാക്കുന്നത് മൂന്ന് കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരാണ്. അതിന്റെ ഭാഗമായാണ് ബന്ധുത്വം എന്നൊക്കെ അതിൽ പറയുന്നത്. അല്ലാതെ ബന്ധുത്വം സൂചിപ്പിക്കുന്നതെന്തിനാണ്; രണ്ട് കമ്പനികൾ തമ്മിലുള്ള കാര്യം മാത്രമാണല്ലോ. അതിനകത്ത് ബന്ധുത്വം പറയേണ്ട കാര്യമില്ലല്ലോ? ആരോപണം ഉന്നയിച്ച നിയമസഭാംഗത്തിന്റെ പാർട്ടിയിലെ അഖിലേന്ത്യാ നേതൃനിരയിൽപ്പെട്ട രണ്ട് പേർക്കെതിരെ ഇത്തരത്തിൽ ചില ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ആദായ നികുതി വകുപ്പും അപ്പലേറ്റ് ട്രിബ്യൂണലുകളും ഉത്തരവുകൾ പാസ്സാക്കിയില്ലേ; അവരുടെ ഭാഗം കേട്ട ശേഷമാണ് അത് പാസ്സാക്കിയിട്ടുള്ളത്. ഇത് അങ്ങനെ കേൾക്കാതെയാണ്. അതിന്റെ സ്വഭാവം കുറേക്കൂടി ക്വാസി ജുഡീഷ്യൽ ആണെന്ന് പറയാം. ഇവിടെ മറുഭാഗം കേൾക്കാതെ, വിശകലനം നടത്താതെ, നടത്തിയ നിരീക്ഷണങ്ങൾക്ക് എങ്ങനെയാണ് നമ്മൾ ദിവ്യത്വം കൽപ്പിക്കുന്നത്; അങ്ങനെ ദിവ്യത്വം കൽപ്പിക്കാൻ നിങ്ങളുടെ രാഷ്ട്രീയം അനുവദിക്കുമോ?

കേന്ദ്രത്തിലെ ഭരണകക്ഷി, പ്രതിപക്ഷ രാഷ്ട്രീയ നേതാക്കളെ കേസുകളിൽപ്പെടുത്തി വേട്ടയാടുന്നുവെന്ന ആരോപണം, നിങ്ങളും ഞങ്ങളും എല്ലാവരും ഉന്നയിക്കുകയാണ്. ആ ഘട്ടത്തിൽ ഞങ്ങൾ അതിൽ നിന്ന് മാറി നിന്നോ; ഞങ്ങൾ അതിനെ ശക്തമായി പിന്തുണയ്ക്കുകയല്ലേ ചെയ്തത്. ശ്രീ. രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയ കോടതി ഉത്തരവ് വന്നല്ലോ; അത് ജൂഡീഷ്യൽ ഓർഡറാണെന്ന പാവനത്വം പറഞ്ഞ് ഞങ്ങളത് ന്യായീകരിക്കാൻ ശ്രമിച്ചോ; ഞങ്ങൾ അതിനെ എതിർത്തല്ലേ നിന്നത്. അദ്ദേഹത്തിനെതിരെ നടക്കുന്ന രാഷ്ട്രീയ നീക്കങ്ങളെ തുറന്നുകാട്ടാനല്ലേ ഞങ്ങൾ പരിശ്രമിച്ചത്. ദേശീയ തലത്തിൽ അന്വേഷണ ഏജൻസികളെ ഭരണകക്ഷികളായ ബി.ജെ.പി., സഖ്യകക്ഷികളാക്കുന്നുവെന്ന് നിങ്ങൾ ആക്ഷേപിക്കുന്നുണ്ട്. അതേ അഭിപ്രായം തന്നെയാണല്ലോ ഞങ്ങൾക്കുമുള്ളത്. അതൊക്കെ വാളയാർ ചുരത്തിന് അപ്പുറമാണ്. ഇപ്പുറത്തേയ്ക്ക് കടന്നാൽ ബി.ജെ.പി.-യു.ഡി.എഫ്. സഖ്യത്തിന് കേന്ദ്ര അന്വേഷണ ഏജൻസികൾകൂടി കക്ഷികളാകുന്ന നിലയല്ലേ; അതല്ലേ നിങ്ങൾക്ക് ഒരു പ്രത്യേക ആവേശം ചിലപ്പോൾ വരുന്നത്. ആ ഒരു പരിഹാസ്യമായ വസ്തുത നിങ്ങൾ കാണേണ്ടതായിട്ടുണ്ട്. ഇവിടെ നികുതി

റിട്ടേണിൽ കാണിച്ച തുക എങ്ങനെയാണ് ബ്ലാക്ക് മണിയായി മാറുന്നത്. അതൊക്കെ വളരെ അപഹാസ്യമെന്നാണ് പറയേണ്ടത്, പക്ഷെ അങ്ങായതുകൊണ്ട് ഞാനങ്ങനെ പറയുന്നില്ല. അങ്ങനെയൊരു നില സ്വീകരിക്കുന്നത് ശരിയായ രീതിയല്ല. അതാണ് നാം കാണേണ്ട വസ്തുത.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ, കെ-ഫോൺ, ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട മൂന്ന് സുപ്രധാനമായ ആരോപണങ്ങളാണ് ഞങ്ങൾ ഇന്നിവിടെ എഴുതികൊടുത്ത് ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് നടത്തിയ നിരീക്ഷണങ്ങൾക്ക് ദിവ്യത്വമൊന്നും കല്പിക്കേണ്ട കാര്യമില്ലെന്നാണ്. ദിവ്യത്വം കൊടുക്കേണ്ട കാര്യമില്ല. അത് സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. The Income-tax Act, 1961 അനുസരിച്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത ഒരു ക്വാസി ജുഡീഷ്യൽ ബോഡിയുടെ ഫൈൻഡിംഗ് ആണ്. അതാണ് ഞങ്ങളിവിടെ സൂചിപ്പിച്ചത്. ഈ മൂന്ന് കാര്യങ്ങളിൽ.... ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് കാര്യങ്ങളിലെങ്കിലും മറുപടി പറഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. ഈ ആക്ഷേപമുണ്ടായി ഇത്രയുംനാളായിട്ടും

അദ്ദേഹം അതിനെക്കുറിച്ച് സംസാരിച്ചിട്ടുപോലുമില്ല. നിയമസഭയിലെങ്കിലും ആദ്യമായി അതിന് മറുപടി പറഞ്ഞതിൽ സന്തോഷമുണ്ട്. പക്ഷെ ഗവൺമെന്റിന്റെ നിലപാടെന്താണ്; ഒരു അന്വേഷണവും ഏർപ്പെടുത്തില്ലായെന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്. മൂന്ന് ഗുരുതരമായ ആരോപണങ്ങളാണ് ഞങ്ങൾ ഉന്നയിച്ചിരിക്കുന്നത്. ആ മൂന്ന് കാര്യത്തിലും അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകാത്തതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച ആരോപണങ്ങളിന്മേൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-24 സാമ്പത്തിക വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയാണിത്. ഇതുസംബന്ധിച്ച് കാര്യമായ ചർച്ചയില്ല. പൊതുവിൽ 44 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകൾ അംഗീകരിക്കുന്നുണ്ട്. പ്രതിപക്ഷം ഇരുന്നാൽ, ഞാൻ പറയുന്ന ചില കാര്യങ്ങൾക്ക് അവർക്ക് മറുപടി പറയേണ്ടിവരും. അവർ ജനങ്ങളോട് മറുപടി പറയേണ്ട വിഷയമാണ്. രാവിലെതന്നെ

നിയമസഭയിൽനിന്നും ഇറങ്ങിപ്പോകാനാണ് പ്രതിപക്ഷാംഗങ്ങൾ എത്തിയത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ കാര്യങ്ങൾ വിശദീകരിച്ചു. അതിനുശേഷവും പ്രതിപക്ഷം ഇറങ്ങിപ്പോകുന്നത് ശരിയല്ല. സഭയോടും ജനങ്ങളോടും ചില കാര്യങ്ങളിൽ അവർക്ക് മറുപടി പറയേണ്ടതുണ്ട്. അവരത് കേൾക്കാൻ തയ്യാറാകുന്നില്ല. യു.ഡി.എഫ്. എന്നുപറഞ്ഞാൽ ബി.ജെ.പി.-ക്കുവേണ്ടി കേരളത്തിൽ പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ടാണ് അവർ ഇന്ത്യൻ പാർലമെന്റിലുൾപ്പെടെ കേരളത്തിനുവേണ്ടി ഒരുകാര്യവും സംസാരിക്കാൻ തയ്യാറാകാത്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ അനുയായികളും ഇറങ്ങിപ്പോകുന്നത് കേരളത്തിനകത്ത് അവർ ബി.ജെ.പി.യെ സഹായിക്കാനെടുക്കുന്ന നിലപാടുകൾ കൊണ്ടുതന്നെയാണ്. ആ നിലപാടുകൾ തുടരുന്നതിന്റെ ഭാഗമാണിത്. പ്രതിപക്ഷം സൂചിപ്പിച്ച ചില കാര്യങ്ങളിൽ മറുപടി പറയാതിരിക്കാൻ കഴിയില്ല കാരണം ഇതെല്ലാം സഭാരേഖകളിൽ വരുന്നതാണ്. ഉപധനാഭ്യർത്ഥന സംബന്ധിച്ച്, കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ അവർ പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; ഓണക്കാലത്ത് വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകുമെന്ന്

പറഞ്ഞിരുന്നു. വാസ്തവത്തിൽ അവർ പറഞ്ഞ കാര്യങ്ങൾ ഇവിടെ പറയാൻ പാടില്ല. 'കോണകം വിറ്റായിരിക്കും ഓണം ഉണ്ണുന്നത്' എന്നാണ് അവരുടെ ഉയർന്ന നേതാക്കൾ പറഞ്ഞത്. അവർ പറഞ്ഞ കാര്യങ്ങളാണ് ഞാൻ ഇവിടെ പറയുന്നത്. ഇപ്രാവശ്യം ഓണം നടത്തുന്നത് അങ്ങനെയായിരിക്കുമെന്നാണല്ലോ പ്രതിപക്ഷം പറഞ്ഞത്. അവർക്കൊപ്പം ചില പത്രമാധ്യമങ്ങളും ഇതേ കാര്യങ്ങൾ എഴുതി. ഓണം എല്ലാ മേഖലയിലും വളരെ നന്നായി ആഘോഷിച്ചെന്ന് മാത്രമല്ല, ഓണത്തിന് എല്ലാ കാര്യങ്ങളും വളരെ സുഭിക്ഷമായിരുന്നുവെന്ന് മാധ്യമങ്ങളുൾപ്പെടെ എല്ലാവരും പറയുകയുണ്ടായി. പത്രമാധ്യമങ്ങളും ടി.വി.ചാനലുകളും വിലക്കയറ്റത്തിന്റെ കാര്യം അന്വേഷിക്കാൻ പലകടകളിലും പോയി. പല ആളുകളും സാധനങ്ങൾ വാങ്ങുന്നിടത്ത് പോയി. എല്ലാ ചാനലുകളും പോയി. സാധനങ്ങൾക്ക് വളരെയേറെ വിലക്കുറവുണ്ടെന്നാണ് ചാനലുകളുടെ ചോദ്യത്തിന് ആളുകളിൽനിന്നും മറുപടി ലഭിച്ചത്. കച്ചവടക്കാരുടെ അടുത്ത് പോയപ്പോൾ അവർ പറഞ്ഞു, സപ്ലൈകോയിലും കൺസ്യൂമർ ഫെഡ്ഡിലും പച്ചക്കറി മാർക്കറ്റിലും ഇഷ്ടംപോലെ സാധനങ്ങളുള്ളതുകൊണ്ട് ഞങ്ങളുടെ കച്ചവടത്തെ അത് ബാധിച്ചിട്ടുണ്ടെന്നാണ്. കച്ചവടം ഇഷ്ടംപോലെയുണ്ട്

പക്ഷെ വലിയതോതിൽ ഗവൺമെന്റ് ഇടപെടലുണ്ട്. ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ, ജനങ്ങൾക്ക് എല്ലാ മേഖലയിലും ഗുണകരമായി വരുന്നുണ്ടെന്നതിന് ധാരാളം കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്.

ഇന്ത്യാ ഗവൺമെന്റിന്റെ പ്ലാനിംഗ് കമ്മീഷനുപകരം ഇപ്പോൾ പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഏജൻസിയായ നീതി ആയോഗിന്റെ പഠനത്തിൽ 24 ഇനങ്ങളിൽ ഒന്നാം സ്ഥാനം കേരളത്തിനാണ് എന്നാണ് പറയുന്നത്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി എല്ലാ മേഖലകളിലും നേട്ടങ്ങളുണ്ട്. ആർ.ബി.ഐ.-യുടെ പഠനമനുസരിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ ധനമാനേജ്മെന്റ്, സാമ്പത്തിക വളർച്ച, ധനദൃഢീകരണത്തിന്റെ പാതയിലാണെന്നാണ് ആർ.ബി.ഐ.-യുടെ ഏറ്റവും ഒടുവിലത്തെ പഠന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. ആർ.ബി.ഐ.-യുടെ പഠന റിപ്പോർട്ടിൽ പറയുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ധന ധ്രുവീകരണത്തിന്റെ പാതയിലാണെന്നാണ്. വിലകയറ്റം, പണപ്പെരുപ്പം എന്നിവ സംബന്ധിച്ച പഠന റിപ്പോർട്ടും ഈ അടുത്തകാലത്ത് വന്നിരുന്നു. ഇന്ത്യയിൽ വിലക്കയറ്റവും പണപ്പെരുപ്പവും കുറവുള്ള സംസ്ഥാനമാണ് കേരളമെന്ന് ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇന്ത്യയിൽ

ഈ കണക്കനുസരിച്ച് ശരാശരി 8.50 ശതമാനത്തോളമാണ് വിലക്കയറ്റത്തിന്റെ നിരക്കുണ്ടായത്, കേരളത്തിൽ 6.50 ശതമാനമാണ്. എന്നാൽ കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിൽ 8.50 ശതമാനത്തിനെക്കാളും അധികമാണ് വിലക്കയറ്റമെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. കർണ്ണാടകത്തിലും കേരളത്തെക്കാളും രണ്ട് ശതമാനത്തോളം അധികം വിലക്കയറ്റം നിൽക്കുകയാണ്. സാധനങ്ങളുടെ വില നിയന്ത്രിക്കാൻ ചെയ്തതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടും വന്നിട്ടുണ്ട്. അടുത്തിടെ ആസ്ട്രേലിയൻ ബേസ്ഡ് ആയിട്ടുള്ള ഇന്റർനാഷണൽ ഏജൻസിയായ Fitch Ratings-ൽ കേരളം സാമ്പത്തിക രംഗത്ത് നെഗറ്റീവിൽനിന്നും പോസിറ്റീവിലേയ്ക്കാണെന്ന് അവരുടെ പഠന റിപ്പോർട്ടിൽ പറയുന്നുണ്ട്. കോവിഡ് കാലത്ത് ചില പ്രതിസന്ധികൾ ഉണ്ടായിരുന്നു. അതിനുശേഷം വലിയ തോതിലുള്ള മുന്നേറ്റം എല്ലാ കാര്യത്തിലും ഉണ്ടായിട്ടുണ്ട്. ഓണക്കാലത്ത് സപ്ലൈകോയ്ക്കും മിൽമയ്ക്കും വലിയ രീതിയിൽ റെക്കോർഡ് കച്ചവടം ഉണ്ടായി. കുടുംബശ്രീ ഓണച്ചന്തകൾക്കും സർവ്വകാല റെക്കോർഡ് കച്ചവടം ഉണ്ടായി. എല്ലാ മേഖലയിലും 18,000 കോടിക്കും 19,000 കോടിക്കും ഇടയ്ക്കുള്ള തുക

ജനങ്ങളുടെ അടുത്തേയ്ക്ക് എത്തിച്ചുകൊടുക്കുവാൻ കഴിഞ്ഞു. സർക്കാരിനെ സംബന്ധിച്ച് പൊതുപ്രവർത്തനം നോക്കുമ്പോൾ എല്ലാ മേഖലയിലും നേട്ടങ്ങൾ വന്നു. ആ നേട്ടങ്ങൾ വന്നതിന്റെ ഭാഗമായി പൊതുവിൽ എല്ലാ കാര്യങ്ങളും വന്നു. ഇപ്പോൾ ചില പത്രങ്ങളിൽ വരുന്ന വാർത്ത ഓണത്തിനെല്ലാം ചെലവാക്കിയതുകൊണ്ട് ഇനി അങ്ങോട്ട് ബുദ്ധിമുട്ടായിരിക്കും എന്നാണ്. ഈ സർക്കാരിനെ വിലയിരുത്തുമ്പോൾ സാമ്പത്തികരംഗത്ത് നല്ലതുപോലെ പെർഫോം ചെയ്തിട്ടുണ്ടെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ അതിശക്തമായ നിലപാടുകൾ കാരണം കിട്ടാനുള്ള പണം ലഭിക്കാത്തതു കാരണം നമ്മൾ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട കാര്യം സർക്കാരിനെ അല്ലെങ്കിൽ ഏതൊരു പ്രസ്ഥാനത്തെയും വിലയിരുത്തുമ്പോൾ അവരുടെ സാമ്പത്തിക കാര്യങ്ങളിൽ വരുമാനം വർദ്ധിച്ചോ എന്നുള്ളതാണ് ഒന്നാമതായി നമ്മൾ നോക്കുന്നത്. രണ്ടാമതായി ചെലവ് നിയന്ത്രിക്കാൻ ശ്രമിച്ചിട്ടുണ്ടോയെന്ന് നോക്കും. മൂന്നാമതായി നന്നായി അഡ്മിനിസ്ട്രേഷൻ ചെയ്യുന്നുണ്ടോയെന്ന് നോക്കും. അങ്ങനെ നോക്കുമ്പോൾ കേരളത്തിലെ ഗവൺമെന്റാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ

വരുമാനം വർദ്ധിപ്പിച്ച സംസ്ഥാനങ്ങളിൽ ഒന്നെന്ന് ഇന്ത്യൻ പാർലമെന്റിലെ കണക്കുകൾ സൂചിപ്പിക്കുന്നു. നമ്മൾ 2021 മുതലുള്ള കണക്കുകൾ നോക്കിയാൽ വ്യത്യാസം മനസ്സിലാകും. ഗവൺമെന്റ് ഏറ്റവും കൂടുതൽ പ്രതിസന്ധികളിൽ കൂടി കടന്നുപോയത് 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിലാണ്. 38,000 കോടി രൂപ മാത്രമായിരുന്നു ഗവൺമെന്റിന്റെ അക്കാലത്തുള്ള തനതു നികുതി വരുമാനം. അഞ്ചു വർഷക്കാലം കോവിഡും പ്രളയവും മറ്റു പ്രശ്നങ്ങളും കാരണം നെഗറ്റീവ് ഗ്രോത്തിലേക്കുവരെ ഗവൺമെന്റിന് പോകേണ്ടിവന്നു. മുൻ ഗവൺമെന്റിന്റെ കാലാവധി കഴിയുമ്പോൾ 47,000 കോടി രൂപ മാത്രമായിരുന്നു നമ്മുടെ വരുമാനം. അതായത് ഒരു വർഷം ശരാശരി എട്ട് ശതമാനം വളർച്ച, എന്നാൽ അഞ്ചു വർഷംകൊണ്ട് നാൽപ്പതു ശതമാനം വർദ്ധിച്ചു. 2021-ൽ വന്ന ഗവൺമെന്റ് 2022-2023-ൽ രണ്ട് വർഷം പൂർത്തീകരിച്ചപ്പോൾ കോവിഡ് പ്രതിസന്ധി കാരണം ഏകദേശം അഞ്ചു വർഷം കൊണ്ട് എണ്ണായിരം കോടി രൂപയുടെ വരുമാനം മാത്രമെ വർദ്ധിച്ചുള്ളൂ. എന്നാൽ അതിനുശേഷം രണ്ടു വർഷം കൊണ്ട് ഈ സംസ്ഥാനത്തെ വരുമാനം അതിന്റെ മൂന്നിരട്ടി, 24,000 കോടി രൂപയായി വർദ്ധിച്ചു. കേരളത്തിലെ ഏറ്റവും വലിയ റെക്കോർഡാണിത്.

കേരളത്തിൽ ഇത്രയും വലിയ വരുമാനം മുമ്പ് ഉണ്ടായിട്ടില്ല. രണ്ടു വർഷംകൊണ്ട് അമ്പതു ശതമാനമാണ് വർദ്ധിച്ചത്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റിന്റെ റിപ്പോർട്ടിലും റിസർവ് ബാങ്കിന്റെ അഭിപ്രായത്തിലും കേരളത്തിൽ മാറ്റം ഉണ്ടായിട്ടുണ്ടെന്ന് പറയുന്നത്. എന്നാൽ ആ വരുമാന വർദ്ധനവ് ഉണ്ടാകുന്നതിനനുസരിച്ച് കേന്ദ്രം നമുക്ക് അർഹമായ തുക നൽകുന്നതിന്റെ തോത് വർദ്ധിപ്പിക്കുന്നില്ലെന്ന് മാത്രമല്ല വലിയ തോതിലുള്ള വെട്ടികുറവാണ് നിലവിൽ വരുത്തിയത്. ആ വെട്ടികുറയ്ക്കലിന്റെ കണക്കുകൾ പലതവണ ഇവിടെ പറഞ്ഞിട്ടുള്ളതാണ്. നമുക്ക് ലഭിക്കേണ്ട 50,000 കോടിയോളം രൂപയാണ് പലഘട്ടങ്ങളിലായി കേന്ദ്രം വെട്ടികുറച്ചത്. നേരത്തെതന്നെ നമ്മുടെ കോമ്പൻസേഷന്റെ അളവ് കുറച്ച കാര്യത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളതാണ്. അതുപോലെ ജി.എസ്.ടി.-യുടെ ഭാഗമായ നഷ്ടങ്ങൾക്ക് പകരം തന്ന റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിന്റെ അളവ് 19,000 കോടി രൂപ ആയിരുന്നത് ഈ വർഷം 4,000 കോടി രൂപയായി രണ്ട് വർഷം കൊണ്ട് കുറച്ചു. നേരത്തെയുള്ള കണക്ക് അനുസരിച്ച് കേരളത്തിന്റെ ജനസംഖ്യ 1971-ലെ ജനസംഖ്യാനുപാതികമായി കണക്കുകൂട്ടുകയാണെങ്കിൽ 3.9-നു പകരം 1.92 ആക്കിയതിന്റെ ഭാഗമായി

ഏകദേശം 18,000 കോടി രൂപയാണ് ഒരു വർഷം കുറഞ്ഞത്. ഇത് കേവലം ഒരു പ്രശ്നമല്ല. ഈ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനസംഖ്യ നിയന്ത്രിച്ച, വളർച്ച ഉണ്ടാക്കിയ സ്റ്റേറ്റുകളെയെല്ലാം ബാധിക്കുന്ന നിലപാടാണ് എടുത്തത്. ഇതിന്റെ ഭാഗമായുണ്ടായ സാമ്പത്തിക കുറവിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തിന് 2021 വരെ ഒരു വർഷം ആകെയുള്ള റവന്യൂ വരുമാനത്തിന്റെ 55 ശതമാനത്തോളം സംസ്ഥാനവും 45-46 ശതമാനത്തോളം കേന്ദ്രവുമാണ് നൽകിയിരുന്നതെങ്കിൽ ഈ വർഷം മുപ്പതുശതമാനത്തിൽ താഴെയാണ് കേന്ദ്ര സർക്കാർ നൽകുന്നത്. ഇത് കേരളത്തിലെ ജനങ്ങളെ ബാധിക്കും. എന്നിട്ടും ഇവിടെ കാര്യങ്ങൾ നടത്തുന്നതിന് തടസ്സം ഉണ്ടാവാതെ ചെയ്യുന്നുയെന്നത് പ്രധാനമാണ്. ചില മേഖലകളിൽ പണം കൊടുത്തിട്ടില്ലെന്നും പറഞ്ഞ് പ്രതിപക്ഷം ബഹളം ഉണ്ടാക്കാറുണ്ട്. ഇന്നു രാവിലെ ഇവിടെ പ്രസംഗിക്കുമ്പോൾ യു.ഡി.എഫ്.-ന്റെ നേതാവ് പറഞ്ഞു, ഉമ്മൻചാണ്ടി സാറിന്റെ കല്ലറയിൽ പോയി ഞങ്ങൾക്ക് ശമ്പളം തരണേയെന്ന് കെ.എസ്.ആർ.ടി.സി.-ക്കാർ പ്രാർത്ഥിച്ചുയെന്ന്. ഞാൻ അദ്ദേഹത്തെ അങ്ങേയറ്റം ബഹുമാനിക്കുന്നു, പ്രത്യേകിച്ച് അന്തരിച്ച അദ്ദേഹത്തെപറ്റി വേറൊരു വിമർശനം പറയുന്നത്

ശരിയല്ല. എങ്കിലും അവർ പോയപ്പോൾ ഒരു കാര്യംകൂടി പറഞ്ഞുകാണും. യു.ഡി.എഫ്.-ന്റെ 2011-2016 കാലത്ത് 1,543 കോടി രൂപയാണ് ആകെ അഞ്ചു വർഷം കൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയത്. ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത് പതിനെട്ട് മാസക്കാലം സാമൂഹ്യക്ഷേമ പെൻഷൻപോലും കൊടുത്തിട്ടില്ല. അവരുടെ കാലത്ത് സാമൂഹ്യക്ഷേമ പെൻഷൻ കൊടുത്തില്ലെന്ന് മാത്രമല്ല കെ.എസ്.ആർ.ടി.സി. തൊഴിലാളികളും പെൻഷൻകാരിൽപ്പെട്ടവരും ചിലർ ആത്മഹത്യ ചെയ്ത സംഭവങ്ങൾവരെ ഉണ്ടായി. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം സ്ഥിരമായി കിട്ടാത്ത അവസ്ഥയുണ്ടായി. അങ്ങനെ അഞ്ചു വർഷം കൊണ്ട് ഏകദേശം മൂന്നൂറ് കോടി രൂപ വച്ച് അവർ ആകെ കൊടുത്തത് 1,543 കോടി രൂപയാണ്. 2016 മുതൽ 2021-വരെ ഒന്നാം പിണറായി സർക്കാരിന്റെ ഗവൺമെന്റ് കൊടുത്തത് 4924 കോടി രൂപയാണ്; എന്നുവച്ചാൽ ഏകദേശം 5000 കോടി രൂപയാണ്. ഉമ്മൻചാണ്ടി ഗവൺമെന്റ് കൊടുത്തതിന്റെ മൂന്നിരട്ടിയാണ് അഞ്ചുവർഷം കൊണ്ട് പിണറായി സർക്കാർ നൽകിയത്. കെ.എസ്.ആർ.ടി.സി. തൊഴിലാളികൾ ഉൾപ്പെടെയുള്ള ജനങ്ങൾ കഴിഞ്ഞ രണ്ടു വർഷക്കാലമായി കാണുന്ന ചർച്ച ആയതുകൊണ്ട് പറഞ്ഞതാണ്. ഈ

ഗവൺമെന്റ് വന്നതിനുശേഷം 2021-2022-ൽ 2,124 കോടി രൂപ നൽകി. കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ടി ഒന്നും ചെയ്യുന്നില്ല എന്നാണല്ലോ പറയുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് 2022-2023-ൽ എത്ര രൂപയാണ് നൽകിയത്; 1,498 കോടി രൂപയാണ് കോവിഡിന്റെ സമയത്ത് നൽകിയത്. ഈ വർഷം ഇതുവരെ 879 കോടി രൂപ നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 4,300 കോടി രൂപയോളം കൊടുത്തു. ഈ സർക്കാർ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് കൊടുത്തത് അയ്യായിരം കോടി രൂപ ആണെങ്കിൽ രണ്ടരവർഷം കൊണ്ട് നാലായിരം കോടിയോളം രൂപ കൊടുത്തു. എന്നിട്ടും ദിവസവും ഈ സർക്കാരിനെ വിമർശിക്കുകയാണ്. യു.ഡി.എഫ്., INTUC എന്നിവയുടെ സംഘടന നേതാക്കന്മാരും ബി.ജെ.പി. ഉൾപ്പെടെയുള്ളവരും മനസ്സിലാക്കേണ്ട കാര്യമുണ്ട്, മുൻ സർക്കാർ ആകെ അഞ്ചു വർഷം കൊണ്ട് 1,543 കോടി രൂപ മാത്രമെ നൽകിയുള്ളൂ. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ സമയത്ത് അയ്യായിരം കോടി രൂപയാണ് നൽകിയത്. രണ്ടാം പിണറായി സർക്കാരിന്റെ സമയത്ത് ഇതുവരെ ഏകദേശം കൊടുത്തത് നാലായിരം കോടി രൂപയാണ്. ഇനിയും കൊടുക്കും, കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുക എന്നത് സർക്കാരിന്റെ

ഉത്തരവാദിത്വമാണ്. കെ.എസ്.ആർ.ടി.സി. എപ്പോഴും കൃത്യമാകണമെന്ന അഭിപ്രായം പറഞ്ഞുകൊണ്ടേയിരിക്കും എന്നതിന് യാതൊരു തർക്കവുമില്ല. അവിടെയുള്ള INTUC-യുടെ പ്രവർത്തകർ അടക്കം ബി.എം.എസ്. പ്രവർത്തകർക്ക് രാഷ്ട്രീയം ഉണ്ടോയെന്ന് പറയാൻ പറ്റില്ല. കെ.എസ്.ആർ.ടി.സി. നിലനിൽക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുള്ളതുകൊണ്ടാണെന്ന് ഓർത്തുകൊണ്ടായിരിക്കും ഉമ്മൻചാണ്ടി സാറിന്റെ കല്ലറയിൽ പോയി യു.ഡി.എഫ്.-കാരും കോൺഗ്രസ്സുകാരും ഐ.എൻ.ടി.യു.സി.-ക്കാരും പ്രാർത്ഥിച്ചത്. നമ്മൾ രണ്ടു വർഷം കൊണ്ട് നാലായിരം കോടി രൂപ കൊടുത്തുയെന്ന് എത്രപേർക്ക് അറിയാം. ഏഴ് വർഷം കൊണ്ട് 9,427 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.-ക്ക് മാത്രം ഈ ഗവൺമെന്റ് നൽകിയത്. സർക്കാർ ഒന്നും ചെയ്യുന്നില്ല എന്നുപറയുന്നവർ അറിയാനാണ് ഞാൻ ഇവിടെ ഇക്കാര്യം പറയുന്നത്. ഉച്ചഭക്ഷണത്തിന്റെ കാര്യത്തിൽ കേന്ദ്രസർക്കാർ എന്ത് വഞ്ചനയാണ് കാണിച്ചതെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നേരത്തെ പറഞ്ഞു. 2020-2021 മുതൽ ഉച്ചഭക്ഷണത്തിനാവശ്യമായ പണം പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. 2023 മാർച്ച് 31-ന് നമുക്ക് കിട്ടാനുള്ളതിന്റെ ഒരു

ഭാഗം റീഇംബേഴ്സ്മെന്റായി 132 കോടി രൂപ അനുവദിച്ചു. ഉച്ചഭക്ഷണത്തിന്റെ പണം കേന്ദ്ര സർക്കാർ നൽകാത്തതുകൊണ്ട് കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കാൻ പറ്റില്ലെന്ന് പറയാൻ സാധിക്കുമോ; ഞാൻ ഈ ഉത്തരവാദിത്തത്തിൽ നിന്നും മാറുകയാണെന്ന് ഒരു ഹെഡ്മാസ്റ്റർ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കത്ത് എഴുതിയിരിക്കുന്നുവെന്ന് പറഞ്ഞ് ചില പത്രങ്ങളിൽ വാർത്ത വന്നുവല്ലോ; കോൺഗ്രസ്സ് സംഘടനയിലുള്ള ഒരാൾക്ക് വേണമെങ്കിൽ കത്തെഴുതാം. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്ന ഉത്തരവാദിത്തത്തിൽ നിന്ന് കേരളത്തിലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോ ഉത്തരവാദിത്വമുള്ള ഒരു അധ്യാപകനോ ഒഴിഞ്ഞു മാറില്ല. ഉച്ചഭക്ഷണം നൽകുന്നതിനാവശ്യമായ പണം സംസ്ഥാന സർക്കാർ അഡ്വാൻസ് എടുത്ത് നൽകി. ആ പണം തിരിച്ചു ചോദിക്കുമ്പോൾ അവർ പറയുന്നത് എന്താണെന്ന് അറിയാമോ; എസ്.എൻ.എ. അക്കൗണ്ടിൽ ഇട്ടിട്ടില്ലെന്നാണ് പറയുന്നത്. അതുകൊണ്ട് എസ്.എൻ.എ. അക്കൗണ്ടിൽ ഇട്ട് അഡ്ജസ്റ്റ് ചെയ്യാൻ കഴിഞ്ഞ ദിവസം 209 കോടി രൂപ ഇവിടെനിന്നും വീണ്ടും റിലീസ് ചെയ്തു. എവിടെയാണ് ഇത് സംഭവിക്കുന്നത്; സംസ്ഥാനത്തിന് തരാനുള്ള പണം, ആകെയുള്ള റവന്യൂ വരുമാനത്തിന്റെ 45

ശതമാനത്തിൽനിന്നും 30 ശതമാനത്തിന് താഴെയാക്കി 20,000/-, 18,000 കോടി രൂപ കുറച്ച ഒരു സർക്കാർ, യു.പി.-ക്കും ബീഹാറിനും ആന്ധ്രാപ്രദേശിനും മറ്റു സംസ്ഥാനങ്ങൾക്കുമൊക്കെ 50 ശതമാനത്തിലധികം കൊടുക്കുന്ന ബി.ജെ.പി. ഗവൺമെന്റ് കേരളത്തിലെ ഗവൺമെന്റിനെ, ഇവിടത്തെ കുട്ടികളുടെ ഉച്ചഭക്ഷണത്തിലും കഞ്ഞിയിലും മണ്ണ് വാരിയിടാൻ ശ്രമിക്കുമ്പോൾ കേരളത്തിലെ യു.ഡി.എഫ്.-ന്റെ നേതൃത്വം അതിനെ സപ്പോർട്ട് ചെയ്യുന്നു. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ചില പത്രങ്ങളും അതിനെ സപ്പോർട്ട് ചെയ്ത് എഴുതുകയാണ്. കേരളത്തിലെ ജനങ്ങളുടെ പ്രശ്നമാണിത്.

നെല്ല് സംഭരണത്തിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം വളരെ വിശദമായി പറഞ്ഞു. കർഷകരുടെ അറിവിലേയ്ക്കായി പറയുകയാണ്, കേരളത്തിൽ നെൽ കൃഷിക്കാർക്ക് കൊടുക്കുന്ന പണത്തിന്റെ $^{1}/_{3}$ ഭാഗം സംസ്ഥാന സർക്കാർ നൽകുന്ന പ്രത്യേക ഗ്രാന്റാണ്. 20 രൂപയ്ക്കടുത്ത് കേന്ദ്രസർക്കാരും ബാക്കി സംസ്ഥാന ഗവൺമെന്റും നൽകും. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത്, 2006-ലെ സർക്കാരിന് തൊട്ടുമുമ്പ് ഒരു കിലോ നെല്ലിന് 7/- രൂപ വിലയുണ്ടായിരുന്നപ്പോൾ 7.50 രൂപ വേണമെന്ന് പറഞ്ഞ്

അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ നിരാഹാരസമരം കിടന്നു. അന്ന് യു.ഡി.എഫ്. ആയിരുന്നു ഭരിച്ചിരുന്നത്. അന്ന് നിരാഹാരം കിടന്ന കുറച്ച് ആളുകൾ ഇവിടെ ഇരിപ്പുണ്ട്. 50 പൈസ കൂട്ടാൻ തയ്യാറാകാത്ത സ്ഥിതിയുണ്ട്. അതിനുശേഷം വന്ന ഗവൺമെന്റാണല്ലോ 7/- രൂപയിൽ നിന്ന് 7.50 രൂപയാക്കിയും അവസാനം 14 രൂപ വരെയാക്കിയും വർദ്ധിപ്പിച്ചത്. അങ്ങനെ നെൽക്കൃഷിക്കാരെ സംരക്ഷിക്കാൻ തീരുമാനമെടുക്കുന്നൊരു സർക്കാരുള്ളപ്പോൾ ചെറിയ ചെറിയ കുറ്റങ്ങൾ പറഞ്ഞ് നെൽക്കൃഷിക്കാരുടെ മനസ്സിലും വിഷം കുത്തിവയ്ക്കാൻ ശ്രമിക്കുകയാണ്. പക്ഷെ നടക്കില്ല. ഇവിടെ എന്താണ് സംഭവിച്ചത്; ഇവിടെ നെല്ലിനുള്ള പണം ആദ്യം തന്നെ സർക്കാർ നൽകും. അതിനുശേഷമാണ് അത് (ആറ് മാസം, എട്ട് മാസം) സെറ്റിൽ ചെയ്യുന്നത്. ഇത് നമ്മൾ കടം എടുത്ത് അഡ്ജസ്റ്റ് ചെയ്യുകയാണ്. ബാങ്കുകളുടെ കൺസോർഷ്യത്തിന്റെ സമീപനം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയം അനുസരിച്ച് ഇവർ വല്ലാതെ തടസ്സമുണ്ടാക്കുന്നു. എങ്കിലും ആ പണം എടുത്ത് അഡ്വാൻസ് കൊടുക്കും എന്നിട്ട് റീഇംബേഴ്സ് ചെയ്യുകയാണ് ചെയ്യുന്നത്.

കേന്ദ്രത്തിൽ നിന്നും വരുന്ന പണത്തിന്റെ കാര്യത്തിൽ തടസ്സങ്ങൾ പറഞ്ഞപ്പോൾ സംസ്ഥാന ഗവൺമെന്റ് അഡ്വാൻസ് എടുത്ത് നൽകാൻ പറഞ്ഞു. അഡ്വാൻസ് എടുത്ത് നൽകിയിട്ടും കേന്ദ്രസർക്കാർ പണം നൽകുന്നതിൽ താസമുണ്ടാക്കി. കേന്ദ്രസർക്കാർ നൽകേണ്ട പണം സമയത്ത് നൽകുന്നില്ലെന്നത് ചെറിയൊരു കാര്യമല്ല. ഇത് ആർക്കാണ് അവിടെപ്പോയി പറയാൻ സാധിക്കുന്നത്? ഇവിടത്തെകാര്യം അവിടെപ്പോയി പറയാൻ സാധിക്കുന്ന 18 പേരുണ്ടല്ലോ. അവർ അവിടെ കൈ പൊക്കാനും താഴ്ത്താനുമായിട്ടാണ് പോകുന്നത്. ഇവിടെ നിന്നുള്ള ബഹുമാനപ്പെട്ട ലോക്സഭാ എം.പി.-മാർ പാർലമെന്റിൽ ഇതുസംബന്ധിച്ച് ഒരക്ഷരം വായ് തുറന്ന് പറഞ്ഞോ; പാലക്കാട്, കുട്ടനാട് എന്നിവിടങ്ങളിലെ കൃഷിക്കാരുടെയും തൃശ്ശൂരിലെ കോൾ നില കൃഷിക്കാരുടെയും മധ്യത്ത് കിടന്ന് ഡാൻസ് നടത്തി കള്ളത്തരം കാണിക്കുകയാണോ അവർ ചെയ്യേണ്ടത്; പുതുപ്പള്ളി ബൈഇലക്ഷൻ സമയത്ത് നെല്ലിന് പണം നൽകുന്നില്ലെന്ന് പറഞ്ഞപ്പോൾ കേന്ദ്രസർക്കാർ ഒന്നും തരാനില്ല, സംസ്ഥാന സർക്കാരിന്റെ കുഴപ്പമാണെന്നാണ് കെ.പി.സി.സി. പ്രസിഡന്റും എം.പി.-യുമായ ശ്രീ. കെ. സുധാകരൻ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ

സഭയിൽ നിന്നും ഇറങ്ങിപ്പോയെങ്കിലും സത്യത്തിൽനിന്നും ഓടിപ്പോകാൻ അവർക്ക് സാധിക്കുകയില്ല. കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ സത്യം പറയാൻ അവർ നിർബന്ധിതരാകും. അതുകൊണ്ടാണിത് പറയുന്നത്.

റേഷൻ വിതരണം ചെയ്തതിൽ 300 കോടി രൂപയോളം ലഭിക്കാനുണ്ടെന്നാണ് എന്റെ ധാരണ. റേഷൻ വിതരണം ചെയ്ത വകയിൽ പണം കൊടുക്കാതിരിക്കാൻ സാധിക്കുകയില്ല. റേഷൻ വിതരണം ചെയ്യേണ്ട സമയത്ത് വിതരണം ചെയ്യാതിരിക്കാൻ സാധിക്കുമോ; കിട്ടിക്കഴിഞ്ഞാൽ എന്തെങ്കിലും ന്യായം പറഞ്ഞ് പണം തടസ്സപ്പെടുത്തുകയാണ്. ഇങ്ങനെ ഒന്നുരണ്ട് കാര്യത്തിലല്ല. നെല്ലിന്റെ കാര്യത്തിൽ അതുതന്നെയാണ് ചെയ്തത്.

ആരോഗ്യമേഖലയിൽ എൻ.എച്ച്.എം. പ്രവർത്തനവുമായി ബന്ധപ്പെട്ട് വലിയ തോതിൽ പണം ലഭിക്കാനുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെയും മറ്റും പേര് വച്ച് ബ്രാൻഡിംഗ് ഇല്ല; എല്ലായിടത്തും ഒരുപോലെ വന്നിട്ടില്ലെന്ന് പറഞ്ഞ് പണം അനുവദിക്കുന്നില്ല. കാരുണ്യ ചികിത്സയ്ക്കുവേണ്ടി വളരെ ചെറിയ തുകയാണ് കേന്ദ്രം അനുവദിക്കുന്നത്. സംസ്ഥാന സർക്കാർ കാരുണ്യ പദ്ധതിക്കുവേണ്ടി 800 കോടി രൂപ

ചെലവഴിക്കുമ്പോൾ കേന്ദ്രസർക്കാർ 8 കോടി രൂപപോലും നൽകുന്നില്ല. 539 കോടി രൂപ ഇതിനകം തന്നെ അനുവദിച്ചു കഴിഞ്ഞു. അതിൽ 75 കോടി രൂപയാണ് ഇതുവരെ ലഭിച്ചത്. കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭിക്കുന്നില്ല.

60 ലക്ഷത്തിലധികം ആളുകൾക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ നൽകുന്നുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ സംസ്ഥാന സർക്കാർ 1,600 രൂപാ വച്ച് കൊടുക്കുമ്പോൾ അഞ്ച് ലക്ഷത്തിലധികം പേർക്ക് 200/- രൂപ 300/- രൂപ വച്ച് മാത്രമെ കേന്ദ്ര സർക്കാർ പണം അനുവദിക്കുന്നുള്ളൂ. സാമൂഹ്യ സുരക്ഷ പെൻഷന്റെ നാലഞ്ച് വർഷത്തെ കണക്ക് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. എസ്.എൻ.എ. അക്കൗണ്ട് ഉണ്ടാക്കിയില്ലെന്നാണ് നേരത്തെ പറഞ്ഞത്. ഇപ്പോൾ എസ്.എൻ.എ. അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നിട്ടും 580 കോടി രൂപ കേന്ദ്ര സർക്കാർ നൽകാനുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി വഴി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന തുക പലതിലും വെട്ടിക്കുറച്ചുവെന്ന് സഭയിൽ ഇന്ന് പങ്കെടുക്കുന്നവരും പുറത്തുള്ളവരും അറിയേണ്ടതാണ്. 100 ശതമാനം കേന്ദ്ര വിഹിതം ലഭിച്ചുകൊണ്ടിരുന്ന 18 പദ്ധതികളുണ്ടായിരുന്നു. ഇപ്പോൾ അത് 60 ശതമാനമായി ചുരുക്കിയിരിക്കുകയാണ്. വേറെ രണ്ട് പദ്ധതികളുടെയും തുക 50

ശതമാനമായി ചുരുക്കിയിട്ടുണ്ട്. അതുപോലെ 90 ശതമാനം വിഹിതം നൽകിക്കൊണ്ടിരുന്ന പദ്ധതികളിലും കുറവുവരുത്തിയിട്ടുണ്ട്. കേന്ദ്രപദ്ധതികൾക്ക് മുമ്പ് ലഭ്യമാക്കിക്കൊണ്ടിരുന്ന വിഹിതം വൻതോതിൽ വെട്ടിക്കുറച്ച് കേന്ദ്രത്തിന്റെ ശരാശരി വിഹിതം ഇപ്പോൾ പകുതിയാക്കുന്ന തരത്തിലേയ്ക്ക് കുറച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ പല പദ്ധതികളും (വാത്സല്യ പദ്ധതി, സ്കൂളിലെ സ്പെഷ്യൽ ടീച്ചേഴ്സിനുള്ള പദ്ധതി) പിൻവലിച്ചു. സാക്ഷരത പദ്ധതി നേരത്തെ പിൻവലിച്ചു. ഇങ്ങനെ പണം പിൻവലിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന് വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. സ്കൂളിലെ പാചകത്തിന് അനുവദിച്ചിരുന്ന തുകയും കേന്ദ്ര സർക്കാർ ഇപ്പോൾ നൽകുന്നില്ല. ഇതിന്റെ ഭാഗമായി ഈ വർഷം 4,572 കോടി രൂപ നൽകേണ്ടതായിരുന്നു. അതിൽ 992 കോടി രൂപയേ ലഭ്യമാക്കിയിട്ടുള്ളൂ. യു.ജി.സി. സ്കെയിലിൽ ശമ്പളവും ബാക്കി ആനുകൂല്യങ്ങളും നൽകി കഴിഞ്ഞു. അതിൽ 750.93 കോടി രൂപ ഇനിയും ലഭിക്കാനുണ്ട്. മൂന്നുനാല് വർഷമായി ലഭിക്കാനുള്ള പണമാണ്. ഹെൽത്ത് ഗ്രാന്റ് 174 കോടി രൂപയും വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ അടക്കം 580 കോടി രൂപ ലഭിക്കാനുണ്ട്. യു.എൽ.ബി. മില്ല്യൻ

പ്ലസ് സിറ്റി ഗ്രാന്റ് പദ്ധതിക്ക് 190 കോടി രൂപയും ആർ.എൽ.ബി. പദ്ധതിക്ക് 1,260 കോടി രൂപയും നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് അനുസരിച്ച് ലഭിക്കാനുള്ള 417 കോടി രൂപയും ഡിസാസ്റ്റർ ഫണ്ട് 138 കോടി രൂപയും ചേർത്ത് 5,506 കോടി രൂപ ലഭിക്കാനുണ്ട്. ഇതിൽ പലതിന്റെയും ഫണ്ട് ചെലവാക്കിക്കഴിഞ്ഞതാണ്. കേരളത്തിന് ലഭിക്കാനുള്ള ഫണ്ടിന്റെ കണക്കുകളാണിത്. ഇങ്ങനെ ഓരോ മേഖലയിലും പണം ലഭിക്കാനുണ്ട്. ഇതുകൂടാതെ വലിയ വെട്ടിക്കുറവ് വരുത്തിയിരിക്കുന്നു. ഈ അവസ്ഥയിലാണ് ഈ പ്രശ്നം ഉന്നയിക്കണമെന്ന് തീരുമാനിച്ചത്. സാധാരണ പാർലമെന്റ് സമ്മേളനത്തിന് മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എം.പി.-മാരുടെ യോഗം വിളിക്കാറുണ്ട്. എം.പി.-മാരുടെ യോഗത്തിലെ ആദ്യത്തെ അജണ്ട ധനകാര്യമായിരുന്നു. ടി യോഗത്തിൽ ഈ കണക്കുകകളെല്ലാം അവതരിപ്പിച്ചപ്പോൾ ഞങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു തർക്കവുമില്ലെന്നും ഒരുമിച്ചുനിൽക്കുമെന്നും കണക്കുകളുടെ വിശദാംശം കുറച്ചുകൂടി വേണമെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും ബഹുമാനപ്പെട്ട മന്ത്രിമാരെയും കാണാൻ ഒരുമിച്ച് പോകാമെന്നുമാണ് ശ്രീ. ബെന്നി ബെഹനാനും മറ്റുള്ളവരും പറഞ്ഞത്.

ബാക്കി വിശദാംശങ്ങൾ കൂടി നൽകാമെന്ന് അപ്പോൾ ഞാൻ പറഞ്ഞു. നേരത്തെ രാജ്യസഭാംഗം ആയിരുന്ന ഒരാളാണ് ഞാൻ. അന്ന് കേരളത്തിന്റെ പൊതുപ്രശ്നത്തിന് പരിഹാരമുണ്ടാക്കാനായി കേന്ദ്രത്തിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒരുമിച്ച് പോകാറുണ്ട്. റബ്ബറിന്റെ വിലയുടെയും മെട്രോയുടെയും കസ്തൂരി രംഗൻ കമ്മീഷൻ റിപ്പോർട്ടിലെ പശ്ചിമഘട്ടം സംബന്ധിച്ച കാര്യങ്ങൾക്കും മുല്ലപ്പെരിയാർ വിഷയങ്ങൾക്കും കേരളത്തിലെ എം.പി.-മാർ ഒരുമിച്ച് പോയിട്ടുണ്ട്, ഒരുമിച്ച് സമരം നടത്തിയിട്ടുണ്ട്. ഇവിടെ എല്ലാ വിശദാംശങ്ങളും നൽകി. അതിൽ രാഷ്ട്രീയമില്ല, കേരളത്തിന് ലഭിക്കാനുള്ള തുകയുടെ കാര്യങ്ങളാണ്. പക്ഷെ യു.ഡി.എഫ്.-ന്റെ 18 ലോക്സഭാ എം.പി.-മാരും രാജ്യസഭാ എം.പി.-മാരും പറഞ്ഞ സമയത്ത് പോയില്ലെന്ന് മാത്രമല്ല, മെമ്മോറാണ്ടം ഒപ്പിടാൻ പോലും അവർ തയ്യാറായില്ല. ഇവർ എന്താണ് കേരളത്തിനുവേണ്ടി ചെയ്യുന്നത്; ഇവർ എന്തിനാണ് അവിടെ പോകുന്നത്; ബഹുമാന്യനായ രാഹുൽഗാന്ധി അടക്കമുള്ളവർ കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളാണെന്ന കാര്യം ആലോചിക്കണം. അവരുൾപ്പെടെ കേരളത്തിനുവേണ്ടി ഒരു ചെറുവിരൽ അനക്കാൻപോലും കഴിയുന്നില്ലെങ്കിൽ എന്തിനാണ്

ഇത്രയുംപേരെ തെരഞ്ഞെടുത്ത് അങ്ങോട്ട് അയയ്ക്കുന്നത്; അവരെ അവിടെ അയച്ചിട്ട് കേരളത്തിന് ഒരു കാര്യവുമില്ല. കേരളത്തിലെ ജനങ്ങളോട് അവർ മറുപടി പറയേണ്ടവരാണ്. ഇനിയും ഒരു പാർലമെന്റ് തെരഞ്ഞെടുപ്പ് വരാൻ പോകുകയല്ലേ; ഇത് പറയുമ്പോൾ പ്രതിപക്ഷം അപ്പുറത്ത് ഇരിക്കേണ്ടതാണ്. ഇത് പറയുമെന്നുള്ളതുകൊണ്ടാണ് അവർ ഇറങ്ങി പോയത്. ഇതൊന്നും അവരെ ബാധിക്കേണ്ട കാര്യമില്ലല്ലോ; എന്താണ് പാർലമെന്ററി പ്രവർത്തനം; ഇക്കാര്യം സംസാരിക്കാൻ അവർ അപ്പുറത്തില്ല. അവർ തയ്യാറാകുന്നില്ല.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, പബ്ലിക് ഡെബ്റ്റുമായി ബന്ധപ്പെട്ട്, കേന്ദ്ര ഗവൺമെന്റിന്റെ നിലവിലെ നിലപാടിനെതിരെ സംസ്ഥാന ഗവൺമെന്റ് ജുഡീഷ്യറിയെ സമീപിക്കാനുള്ള നീക്കമുണ്ടെന്ന് മനസ്സിലാക്കുന്നു. മുൻകാലങ്ങളിലെടുത്തിരുന്ന നിലപാടുകളിൽനിന്നും വിരുദ്ധമായി കിഫ്ബി ഉൾപ്പെടെ കടമെടുക്കുന്നതെല്ലാംതന്നെ സംസ്ഥാനത്തിന്റെ കടത്തിന്റെ ഭാഗമായി മാറുന്നു. യഥാർത്ഥത്തിലിത് ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ കൊണ്ടുവരുന്നത് നിയമപരമായി സാധുതയില്ലാത്ത കാര്യമാണെന്ന് മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ

സംസ്ഥാന ഗവൺമെന്റിന്റെ നിലപാടെന്താണ്? ഇത്തരം കേന്ദ്ര നിലപാടിനെതിരെ സംസ്ഥാനം ഗവൺമെന്റ് കോടതിയെ സമീപിക്കാനുള്ള ഉദ്ദേശമുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ് പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. ഇന്നുവരെയില്ലാത്ത തരത്തിലേയ്ക്കാണ് സംസ്ഥാനത്തിന്റെ കടമെടുക്കുന്ന അവകാശങ്ങളിലേയ്ക്ക് കേന്ദ്രം കടന്നുവന്നിട്ടുള്ളത്. സാമ്പത്തികരംഗത്ത് വലിയ പുരോഗതിയുണ്ടായിയെന്നാണ് എ.ജി.-യുടെ ഏറ്റവും ഒടുവിലത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാലും നമ്മുടെ കടമെടുക്കാനുള്ള അവകാശങ്ങൾ വെട്ടിക്കുറക്കുന്ന സമീപനവുമായി തന്നെയാണ് കേന്ദ്രഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. നിലവിൽ നമ്മുടെ ആഭ്യന്തര വരുമാനം 11 ലക്ഷം കോടി രൂപയാണ്. അതിന്റെ മൂന്ന് ശതമാനമാണ് നിലവിലെടുക്കാവുന്ന കടം. എന്നാൽ കഴിഞ്ഞവർഷം എ.ജി.-യുടെ ഫൈനലൈസ് ചെയ്ത കണക്കനുസരിച്ച് 2.5 ശതമാനം മാത്രമെ എടുക്കാൻ സമ്മതിച്ചിട്ടുള്ളൂ. എന്നുപറഞ്ഞാൽ കിഫ്ബിയും മറ്റും ഇതിൽ ഉൾപ്പെടുത്തിയെന്ന കാര്യം നേരത്തെ ചർച്ച ചെയ്തതാണ്.

കേന്ദ്രഗവൺമെന്റിന് അങ്ങനെയുള്ള തടസ്സങ്ങളൊന്നുമില്ല. അങ്ങനെ കടമെടുക്കാൻ സമ്മതിക്കുന്നില്ല. ഇപ്പോൾ ആകെയുള്ള വരുമാനത്തിൽ വലിയ കുതിച്ചുചാട്ടം നമ്മളുണ്ടാക്കി. പെർസന്റേജ്-വൈസ് ഇത്രയും വരുമാനവർദ്ധനവുണ്ടാക്കിയ സംസ്ഥാന സർക്കാർ കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല. ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ആ പ്രവർത്തനം നടത്തി. ഇനിയും കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അവിടെയും നമ്മളെ ശ്വാസംമുട്ടിക്കാൻവേണ്ടി പണം തരുന്നത് കുറയ്ക്കുന്നു. സാധാരണ കൈകൾ കെട്ടിയെന്ന് പറയാറുണ്ട്, എന്നാൽ ഇവിടെ കൈകൾ മാത്രമല്ല വിരലുകൾപോലും കെട്ടിയിരിക്കുകയാണ്. അതിന്റെ ഫലമായി നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ നിയമപരമായി നീങ്ങാൻ നമ്മൾ തീരുമാനിച്ചിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, കേന്ദ്ര ഗവൺമെന്റ് എൻ.എച്ച്.എ.ഐ. ഉൾപ്പെടെ കടമെടുക്കുന്ന കാര്യത്തിൽ യാതൊരു തടസ്സങ്ങളും രേഖപ്പെടുത്തിയിട്ടില്ല. കിഫ്ബിയുടെ കാര്യത്തിൽ മാത്രമാണ് ഈ തടസ്സം കേന്ദ്രഗവൺമെന്റ് ഉന്നയിക്കുന്നത്. അതൊരു വിവേചനപരമായ തീരുമാനമല്ലേ? ലക്ഷക്കണക്കിന് കോടി രൂപ

കേന്ദ്രഗവൺമെന്റിന് അത്തരം ഏജൻസികൾ മുഖാന്തരം കടമെടുക്കാമെന്നിരിക്കെ കിഫ്ബിയുടെ കാര്യത്തിൽമാത്രം സ്റ്റേറ്റിന്റെ അവകാശവും നമ്മൾ കടമെടുക്കുന്ന കാര്യങ്ങളും തമ്മിൽ ബന്ധപ്പെടുത്തി സംസാരിക്കുന്ന വിവേചനപരമായ നടപടിയല്ലേ കേന്ദ്രം സ്വീകരിച്ചുവരുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തീർച്ചയായും കേന്ദ്രം വിവേചനപരമായ നടപടിയാണ് സ്വീകരിക്കുന്നത്. കേന്ദ്രം എൻ.എച്ച്.എ.ഐ.-യുടെ പേരിൽ വലിയ തോതിൽ കടമെടുക്കുന്നു. എന്നാൽ സംസ്ഥാനം അങ്ങനെ എടുക്കാൻ പാടില്ലെന്ന് പറയുന്നത് അങ്ങേയറ്റം വിവേചനപരമാണ്. കേരളത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം പദ്ധതിക്ക് ഹഡ്കോ പോലുള്ള ഏജൻസികളിൽനിന്നും കടമെടുക്കുന്നതിനുപോലും നിയന്ത്രണം കൊണ്ടുവരികയാണ്. ഇതൊരു വാണിജ്യ പദ്ധതിയാണ്. വിഴിഞ്ഞം എന്നത് കടമെടുത്ത് ചെയ്യുന്ന പദ്ധതിയല്ലെങ്കിൽപോലും അതിനും നിയന്ത്രണം കൊണ്ടുവരുന്ന സമീപനമുണ്ട്. ബഡ്ജറ്റ് വഴി ചെലവഴിക്കുന്ന തുകയുടെ 40 ശതമാനത്തിലധികവും കടമെടുത്താണ് ചെലവാക്കുന്നതെന്നാണ് ഈ

സാഹചര്യത്തിലും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി രാജ്യസഭയിൽ പറഞ്ഞത്. അക്കാര്യം അവർതന്നെ സമ്മതിച്ചിട്ടുണ്ട്. 45 ലക്ഷം കോടി രൂപ ബഡ്ജറ്റുള്ള കേന്ദ്രം 17.99 ലക്ഷം കോടി രൂപയും കടമെടുത്താണ് ഈ വർഷം ചെലവാക്കുന്നത്. മാസംതോറും വലിയതോതിൽ കടമെടുക്കുന്നു. ജി.എസ്.ടി.പി.-യുടെ മൂന്ന് ശതമാനമാണ് നമ്മുടെ നിയന്ത്രണമെന്നുള്ളപ്പോൾ കേന്ദ്ര സർക്കാർ 6.4 ശതമാനം, അർഹമായതിന്റെ ഇരട്ടിയിലധികം എടുക്കുന്നുണ്ട്. അവർക്ക് എഫ്.ആർ.ബി.എം. ആക്ടും മറ്റ് ആക്ടുകളൊന്നും ബാധകമല്ല. കടത്തിന്റെ വർദ്ധനവ് സംബന്ധിച്ച് ആശങ്കയുണ്ടാക്കുന്ന തരത്തിലുള്ള മാതൃഭൂമി, മലയാള മനോരമ തുടങ്ങിയ ദിനപത്രങ്ങളിൽ വാർത്ത വരുന്നുണ്ട്. ധനഉത്തരവാദിത്ത നിയമത്തിൽ കേരളം കൈവരിച്ചത് ചരിത്രപരമായ നേട്ടമാണെന്നാണ് എ.ജി.-യുടെ റിപ്പോർട്ടിൽ കാണുന്നത്. കടവും കമ്മിയും ആഭ്യന്തര വരുമാനത്തിന്റെ അനുപാതത്തിൽ വലിയതോതിൽ കുറഞ്ഞിട്ടുണ്ട്. 2020-21-ൽ 2.6 ശതമാനമായിരുന്ന റവന്യൂ കമ്മി 2021-22-ൽ 2.3 ശതമാനവും 2022-23-ൽ ഒരു ശതമാനത്തിൽ കുറവായും വന്നിട്ടുണ്ട്. ഇത്തരത്തിൽ റവന്യൂ കമ്മിയുടെ കാര്യത്തിൽ വലിയ

പുരോഗതിയാണുണ്ടായിട്ടുള്ളത്. 2020-21-ൽ 4.6 ശതമാനമായിരുന്ന ധനകമ്മി 2021-22-ൽ 4.1 ശതമാനവും 2022-23-ൽ 2.5 ശതമാനവുമായി കുറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ ധനകമ്മിയുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളത്തിനർഹമായ 3 ശതമാനം തുകപോലും എടുക്കാൻ അനുവദിക്കാതെ, റിസർവ് ബാങ്കിന്റെ നിയന്ത്രണം ഏർപ്പെടുത്തിയതുകൊണ്ടാണ് ധനകമ്മി കുറഞ്ഞത്. നിയമമനുസരിച്ച് മൂന്ന് ശതമാനമാണ് നിലവിൽ കടമെടുക്കാൻ അർഹമായ തുകയെങ്കിലും ഇത്തരത്തിൽ സംസ്ഥാനത്തെ ശ്വാസംമുട്ടിക്കുകയാണ്. അതുകൊണ്ട്, ഞങ്ങൾക്ക് ഒരു സ്പെഷ്യൽ പാക്കേജ് അനുവദിക്കണം, ഇല്ലെങ്കിൽ ഒരു ശതമാനം അഡ്ഹോക്ക് ബോറോയിംഗിന് അനുവാദം തരണം. അല്ലെങ്കിൽ ഇപ്പോഴത്തെ സ്ഥിതിയിൽ മുന്നോട്ടുപോകാൻ വളരെ ബുദ്ധിമുട്ടാണെന്ന് ഇപ്പോൾ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ മന്ത്രിയെകണ്ട് റിക്വസ്റ്റ് ചെയ്തിരുന്നു. വർദ്ധിപ്പിക്കാവുന്നതിന്റെ പരമാവധി വരുമാനം ഞങ്ങൾ വർദ്ധിപ്പിച്ചു. 25 ശതമാനം വീതം ഒരു വർഷം വരുമാനമുണ്ടാക്കുകയെന്നാൽ, സ്വപ്നതുല്യമായ വർദ്ധനവാണ്. എന്നിട്ടും മറുവശത്തുകൂടി സാമ്പത്തികമായി കുറയ്ക്കുന്നതുകൊണ്ട് നമുക്ക് നിലനിൽക്കാൻ സാധിക്കുന്നില്ല. ഇക്കാര്യത്തിൽ

നല്ല മുന്നേറ്റമുണ്ടായി. മറ്റൊരുകാര്യംകൂടി ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആഭ്യന്തര വരുമാനത്തിൽ, 4 ലക്ഷം കോടി രൂപയായിരുന്ന സംസ്ഥാനത്തിന്റെ ആകെ കടമെന്ന് ഇന്ന് ഇവിടെ സൂചിപ്പിച്ചു. അത് 2020-21-ൽ 38.5 ശതമാനമായും 2021-22-ൽ 37 ശതമാനമായും 2022-23-ൽ 34 ശതമാനമായും ചുരുങ്ങി. ഇക്കാര്യങ്ങളിലൊക്കെ നല്ല മാറ്റം വന്നെങ്കിലും ഇതൊന്നും അംഗീകരിക്കാതെ ശ്വാസംമുട്ടിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിലും പാചകമേഖലയിലും സ്കൂൾ മേഖലയിലും തുടങ്ങി എല്ലാമേഖലയിലെയും ജീവനക്കാർക്കും പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെയും തോട്ടങ്ങളിലെയും തൊഴിലാളികൾക്കും കശുവണ്ടി, കയർ, പരമ്പരാഗത മേഖലയിലുൾപ്പെടെയുള്ളവർക്കും കൊടുക്കേണ്ട പ്രത്യേക ആനുകൂല്യങ്ങൾ കൊടുക്കാൻ സർക്കാർ തയ്യാറായിട്ടുണ്ട്. ഓണസമയത്ത് ഒരു ബുദ്ധിമുട്ടുംവരാതെ എല്ലാവർക്കും ഏറ്റവും സംതൃപ്തികരമായിരുന്നു. ഈ സഭ കേരളത്തിലെ പൊതുതാൽപ്പര്യത്തിനുവേണ്ടി കേരളത്തിലെ എല്ലാവരും ശബ്ദമുയർത്തണമെന്ന പ്രശ്നം ഉന്നയിക്കണം. കാരണം ഇതെല്ലാം

ചെയ്യുമ്പോഴും ഇത് ഇല്ലാതാക്കാനുള്ള ശ്രമം നടക്കുന്നു. ബംഗാളിന്റെയും ത്രിപുരയുടെയും ഉദാഹരണം രണ്ട് നേതാക്കന്മാർ ഇവിടെ സന്തോഷത്തോടുകൂടി സംസാരിച്ചിരുന്നു. അവർ പറഞ്ഞു, ത്രിപുരയിൽ ഇപ്പോൾ ഒരു സീറ്റിൽ തോറ്റല്ലോ എന്ന്. അത് സാധാരണ സീറ്റല്ല, അവിടെ ബി.ജെ.പി. സ്ഥാനാർത്ഥിക്കാണ് കൂടുതൽ വോട്ടുകിട്ടിയത്. അദ്ദേഹത്തിന്റെ പേരൊന്നും ഞാൻ പറയുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സടക്കം എല്ലാവരും പിന്തുണച്ച ഒരു മുന്നണി സ്ഥാനാർത്ഥിപോലെയായിരുന്നു ഇടതുപക്ഷ സ്ഥാനാർത്ഥി, അവിടെ സിറ്റിംഗ് സീറ്റായിരുന്നു. മുസ്ലീം ജനസംഖ്യ 70 ശതമാനമുണ്ടായിരുന്ന അവിടെനിന്നും ബി.ജെ.പി.-ക്ക് 88 ശതമാനം വോട്ടുകിട്ടി. ആ ഇലക്ഷൻ മുഴുവൻ അട്ടിമറിച്ചതും ബൂത്തുപിടിച്ചെടുത്തതുമാണെന്ന ആരോപണം വന്നതുകൊണ്ട് അവിടത്തെ സംയുക്തപ്രതിപക്ഷം ഞങ്ങൾ കൗണ്ടിംഗിനുപോലും കയറുന്നില്ലെന്ന് പറഞ്ഞു. കാരണം മൊത്തം ബൂത്തും മിഷണറികളും പിടിച്ചെടുത്തു. കോൺഗ്രസ്സിന്റെ പ്രമുഖനായ നേതാവ് ശ്രീ. പി. സി. വിഷ്ണുനാഥ് ഈ പ്രവൃത്തിയെ അത് കൊള്ളാമെന്നുപറഞ്ഞ് കയ്യടിക്കുകയാണ്. ഇതാണ് അവരുടെ സമീപനം. ത്രിപുരയിലെ കാര്യം മാത്രമല്ല, ഇവിടെ ബംഗാൾ

പോലെയാവുമെന്നാണ് ശ്രീ. പി. കെ. ബഷീർ പറഞ്ഞത്, എന്താണ് അദ്ദേഹത്തിന്റെ സംസാരത്തിനുപിന്നിലുള്ള സ്വഭാവമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബംഗാളിന്റെ ഇപ്പോഴത്തെ അവസ്ഥയും എങ്ങനെയാണ് അവിടെ വർഗ്ഗീയമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും അറിയാമല്ലോ? ഒരു കാലത്ത് ബംഗാളിൽ ഏറ്റവും വലിയ അദ്ധ്യാപക സംഘടനയും വിദ്യാർത്ഥികളുണ്ടായിരുന്നു. അവിടെ ഇരുപതിനായിരത്തിലധികം സ്കൂളുകളുണ്ടായിരുന്നു. അതിൽ 8300 സ്കൂൾ രണ്ട് മാസംമുമ്പ് അടച്ചുപൂട്ടാൻ തീരുമാനിച്ചതിനാൽ കുട്ടികളെയും അദ്ധ്യാപകരെയും പിരിച്ചുവിട്ടു. അവിടെ പതിനായിരത്തിൽ താഴെ ആളുകൾക്ക് മാത്രമെ കഴിഞ്ഞ പന്ത്രണ്ട് വർഷമായി പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകിയിട്ടുള്ളൂ. കേരളവും ബംഗാളുപോലെയാകണമെന്ന് ആഗ്രഹിക്കുന്ന ശ്രീ. പി. സി. വിഷ്ണുനാഥിന്റെയും കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ലെ പ്രധാനപ്പെട്ട നേതാക്കന്മാരുടെയും സമീപനം, ഈ നാട്ടിലെ സാധാരണക്കാരായ തൊഴിലാളികളും ജീവനക്കാരും സമ്മതിക്കുമോ? പ്രതിപക്ഷം ഇക്കാര്യങ്ങളെല്ലാം കേൾക്കേണ്ടതാണ്. ഞാനിവിടെ പറയുന്നത് സഭവഴി

ജനങ്ങളിലെത്തണം. എവിടെയെല്ലാം ഇടതുപക്ഷം തകർന്നിട്ടുണ്ടോ; പുരോഗന ആശയങ്ങൾ ഒരുമിച്ചിരിക്കുന്നത് തകർന്നിട്ടുണ്ടോ അവിടെയെല്ലാം സാധാരണക്കാർക്ക് ജീവിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ബംഗാളിൽ ജോലിയിൽനിന്നും ആളുകളെ പിരിച്ചുവിടുന്നു, പി.എസ്.സി.-യിൽനിന്നും ആളുകളെ നിയമിക്കുന്നില്ല. വർഗ്ഗീയ ലഹളകളും കലാപങ്ങളുമുണ്ടാകുന്നു. ഈ സാഹചര്യങ്ങളിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെയും എത്തിക്കുമെന്നാണ് പ്രതിപക്ഷം പറയുന്നത്. അവരുടെ ആ സമീപനം ദുഃഖകരവും സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കെതിരുമാണ്. അതുകൊണ്ട് യു.ഡി.എഫ്. നേതാക്കന്മാരെടുക്കുന്ന സമീപനം.... വന്ദേ ഭാരത് ട്രെയിൻ വരുമ്പോൾ പുറത്തുനിന്നും ആരോ കല്ലെറിയുന്നുവെന്ന് വാർത്ത വരുന്നുണ്ടല്ലോ..., അതുപോലെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ കാര്യങ്ങളും കേരളത്തിന്റെ വികസന കാര്യങ്ങളും ചർച്ച ചെയ്യുമ്പോൾ ഇവിടെ ഇരിക്കാനോ കേൾക്കാനോ മറുപടി പറയാനോ തയ്യാറാകാതെ യു.ഡി.എഫ്. പ്രശ്നങ്ങളിൽനിന്നും ഒളിച്ചോടുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങൾ മനസ്സിലാകുമെന്ന് പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. കൂടുതൽ കാര്യങ്ങൾ

ഏറ്റെടുക്കാൻ കേന്ദ്രത്തിനെതിരായി അതിശക്തമായ സമരം കേരളത്തിൽ കെട്ടഴിച്ചുവിട്ടേ കഴിയൂ എന്നകാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി നടത്തുന്ന പ്രവർത്തനങ്ങൾക്കൊപ്പം യു.ഡി.എഫ്. പങ്ക് ചേരുമോയെന്നതാണ് പ്രധാന പ്രശ്നം. കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ, ഫാഷനുവേണ്ടി രണ്ട് വർത്തമാനം പറയുന്നതിനുപകരം ഈ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിച്ച് ഇന്ത്യയിലെ ബി.ജെ.പി. ഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങളെയും ഒരുപോലെ കാണണമെന്ന് പറഞ്ഞുകൊണ്ടുള്ള വലിയ പ്രക്ഷോഭത്തിനും വലിയ തോതിലുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള മുന്നേറ്റത്തിനും യു.ഡി.എഫ്. തയ്യാറാകുമോയെന്ന പ്രശ്നംകൂടി ഉന്നയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ..............

പ്രമേയം സഭ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,00,63,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..............

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..............

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..............

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..............

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..............

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

(നിയമനിർമ്മാണകാര്യം)